നീണ്ടൂർ
ഗ്രാമപഞ്ചായത്ത്
വികസനരേഖ

49-6

നീണ്ടൂർ ഗ്രാമ പഞ്ചായത്ത്





വികസന രേഖ

ഒമ്പതാം പദ്ധതി ജനകീയപദ്ധതി




വടക്ക്
മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്
കോതകുളങ്ങര
കോതനല്ലൂർ
മാഞ്ഞൂർ സൗത്ത്
കൊണ്ണക്കാരി
കുളപ്പാറ
വേദഗിരി
കല്ലും, വൈക്കം
മുക്കാലി
കാണക്കാരി ഗ്രാമപഞ്ചായത്ത്
കല്ലറ ഗ്രാമപഞ്ചായത്ത്
വെണ്ണിക്കുളം
തൈക്കൂഴ കാരി
വടക്കേ താഴത്തെ കുഴി
വേദഗിരി
താഴത്ത് പാടം
വേദഗിരി
ചോഴിയക്കാവ്
ചോഴിയടവ്
കുളത്തോട്ടം
അതിരമ്പുഴ
അതിരമ്പുഴ ഗ്രാമപഞ്ചായത്ത്
കുഴിപടവ്
വിരിപ്പുപടവ്
ശ്രീകണ്ഠമംഗലം
അതിരമ്പുഴ
അതിരമ്പുഴ
വെച്ചൂർ തുരുത്തിക്കടവ്
ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്
കൈപ്പുഴ കാരി
വെള്ളാൻ തോട്
മാന്നാനം, കോട്ടയം
തുരുത്തിക്കാട്
ഓഫീസുകൾ. 4
ആശുപത്രി. 6
കുടുംബക്ഷേമകേന്ദ്രം
ബാലവാടി 3
സ്കൂൾ. 9
സഹകരണസ്ഥാപനം 5
പമ്പ്. 6
ക്ഷേത്രം 9
ഗ്രന്ഥശാല 3
ബാങ്കുകൾ. 2
റേഷൻ കടകൾ. 9
കോളനി. 7
പ്രധാന റോഡ്
പഞ്ചായത്ത് ചരൽ റോഡ്
തോട്
പാലം.
പഞ്ചായത്ത് അതിർത്തി
വാർഡ് അതിർത്തി.

മുൻ ഭരണ സാരഥികൾ

വില്ലേജ് അപ് ലിഫ്റ്റ് കമ്മിറ്റി
1945 ൽ

1. എം.വി . നീലകണ്ഠൻ നമ്പൂതിരി (പ്രസിഡൻറ്)
2. കെ.പി. പരമേശ്വരൻ പിള്ള
3. വി. എൻ . കേശവൻ വൈദ്യർ
4. കെ. ശിവരാമൻ നായർ
5. ഉതുപ്പാൻ തൊമ്മി
6. എൻ. വേലായുധൻ പിള്ള
7. ചാക്കോ ഉലഹന്നാൻ
8. മിസ് . കെ.എൻ . പത്മാക്ഷി

വില്ലേജ് യൂണിയൻ

1948 ൽ

1. റവ.ഫാ. ജോസഫ് കണ്ടാരപ്പള്ളിൽ (പ്രസിഡൻറ്)
2. തൊമ്മി കുര്യൻ പതിയിൽ പ്ലാച്ചേരിൽ (വൈ. പ്രസിഡൻറ്)
3. കുര്യാക്കോ ലൂക്കോ പുത്തൻ പുരക്കൽ
4. തോമാ ലൂക്കാ മരങ്ങാടിൽ
5. ഗോവിന്ദൻ നായർ ചെറുമുട്ടത്ത് കളപ്പുരയിൽ
6. കെ. എൻ. പത്മാക്ഷി കാരിക്കൽ

ആദ്യ പഞ്ചായത്ത് കമ്മിറ്റി 1953 ൽ

1. റവ. ഫാ. ജോസഫ് കണ്ടാരപ്പള്ളിൽ (പ്രസിഡൻറ്)
2. വാസുദേവൻ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്
3. അയ്യപ്പൻ നീലകണ്ഠൻ
4. പി. കെ . ശ്രീധരൻ പ്ലാക്കാളിൽ (വൈ. പ്രസിഡൻറ്)
5. ലൂക്കാ പി .കെ പുത്തൻപുരക്കൽ
6. പി.കെ. വേലപ്പൻ നായർ പുളിക്കൽ
7. കെ. വേലപ്പൻ നായർ
8. തൊമ്മി മലയിൽ
9. മാത്തൻ ചാക്കോ വഞ്ചിയിൽ
10. കൊച്ചോക്കൻ അബ്രാഹം പറയൻകാല

2 -ാം മത് പഞ്ചായത്ത് കമ്മറ്റി.

1. ഇട്ടിക്കുഞ്ഞ് മാന്തുരുത്തിൽ (പ്രസിഡൻറ)
2. പി.കെ . ലൂക്കാ, പുത്തൻപുരക്കൽ (വൈ. പ്രസിഡൻറ്0
3. വി. എൻ. ഭാസ്കരൻ , തൊട്ടിയിൽ
4. സി. എം. ജോസഫ് ചെമ്മാശേരിൽ
5. എ. എസ്. ത്രിവിക്രമൻ നായർ ആമന്നൂർ
6. കെ. കുട്ടൻ- ഹരിജൻ കോളനി
7. പി. കെ. ജാനകിയമ്മ
8. ജോബ് തൊടിയിൽ

3-ാം മത് പഞ്ചായത്ത് കമ്മിറ്റി. 1979 -ൽ

1. ഇട്ടിക്കുഞ്ഞ് മാന്തുരുത്തിയിൽ (പ്രസിഡന്റ്)
2. വി. കെ . ശിവരാമൻ നായർ(വൈ. പ്രസിഡന്റ്)
3. വ. നാരായണൻ നമ്പൂതിരി
4. വി. എം. മാണി
5. ടി. എൻ . പ്രഭാകരൻ
6. പി.എൻ . ജേക്കബ്
7. അന്നമ്മതോമസ്സ്
8. ടി.കെ . ശിവശങ്കരൻ
9. കെ.കെ. രാഘവൻ

4-ാം മത് പഞ്ചായത്ത് കമ്മറ്റി 1987 -ൽ

1. വി .നാരായണൻ നമ്പൂതിരി (പ്രസിഡൻറ്)
2. ടി.എൻ .രത്നമ്മ (വൈസ് . പ്രസിഡൻറ്)
3. വി.എൻ . മധുസൂദനൻ നായർ
4. വി. എം. മാണി
5. ശാന്തമ്മ ഗോപാലൻ
6. പി.എൽ .ജേക്കബ്
7. ഇ.എൻ. ബാലകൃഷ്ണൻ
8. സി.എൽ. ലൂക്കോസ്
9. റ്റി.കെ. ശിവശങ്കരൻ
10. ലൂക്കോസ് തോമസ്സ്

ഉള്ളടക്കം

1. ആമുഖം
2. ചരിത്ര പശ്ചാത്തലം
3. ഭൂപ്രകൃതി ജനപ്രകൃതി
4. കൃഷിയും ജലസേചനവും
5. മൃഗസംരക്ഷണം മത്സ്യ ബന്ധനം
6. വ്യവസായം
7. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്
8. വിദ്യാഭ്യാസം
9. കുടിവെള്ളം പൊതുജനാരോഗ്യം
10. വനിതാക്ഷേമം
11. പാർപ്പിടം സാമൂഹ്യക്ഷേമം
12. സഹകരണം
13. സംസ്ക്കാരം
14. വിഭവസമാഹരണം
15. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
16. പദ്ധതി അവലോകനം
17. ഉപസംഹാരം

ആമുഖം

ഓരോ ഗ്രാമവുംസ്വാശ്രിതവും വികേ ന്ദ്രീകൃതമായ രാഷ്ട്രീയാധികാരങ്ങളുള്ളതായി രിക്കണം എന്നതായിരിന്നു രരാഷ്ട്രപിതാവ് ഗാന്ധി ജിയുടെ കാഴ്ചപ്പാട്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ സങ്കല്പത്തിലെ ഭാവി ഭാരതത്തിന്റെ ഒരു പ്രധാന ഘടകമായിരുന്നു പഞ്ചായത്ത്രാജ്. "ഭരണഘടനയുടെ ആദ്യത്തെ കരടു രൂപത്തിൽ പഞ്ചായത്ത്രാജിനെക്കുറിച്ച് പരാമർശിച്ചിട്ടില്ലായെന്നു മനസ്സിലാക്കിയ മഹാത്മാഗാന്ധി പുതുക്കിയ കരടിൽ അതുൾ പ്പെടുത്തണമെന്ന് നിർബന്ധിച്ചു. സസ്വതന്ത്ര ഇന്ത്യയിൽ ജനങ്ങളുടെ ശബ്ദം പഞ്ചായ ത്തുകളിലൂടെ പ്രതിഫലിക്കണമെന്നദ്ദേഹം ആഗ്രഹിച്ചിരുന്നു. ഭരണഘടനയുടെ 40-ാം ഖണ്ഡികയിൽ ഇങ്ങനെ പറയുന്നു". "ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുവാൻ രാഷ്ട്രം നടപടി സ്വീകരിക്കണം. ആവശ്യമെങ്കിൽ ഒരു സ്വയം ഭരണ യൂണിറ്റ് പോലെ പ്രവർത്തിക്കുവാൻ കഴിയുന്ന വിധത്തിലുള്ള അധികാരവും അവകാശവും അതിന് ലഭ്യമായിരിക്കണം".

കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളും ആയതിന്റെ അനുഭവപാഠങ്ങളും 1996 - ൽ നിയമിതമായ പുതിയ പ്ലാനിംഗ് ബോർഡിനെകൊണ്ട്, അധികാരം ജനങ്ങൾക്ക് എന്ന മുദ്രാവാക്യവുമായി ജനകീയാസൂത്രണം എന്ന ആശയത്തിലേക്ക് കൊണ്ടെത്തിച്ചത് യാദൃശ്ചികമല്ല. വികസനമെന്നാൽ സാമ്പത്തിക വളർച്ചയുടെ ഒരു പര്യായപദമല്ല. സാമ്പത്തിക വളർച്ചയെന്നത് വികസന പ്രക്രിയയുടെ ഒരു അടിസ്ഥാന ഘടകമാണന്ന കാര്യം തർക്കമറ്റതാണ്. എന്നാൽ സമ്പത്തിന്റെ വവളർച്ചമ്രാതമല്ല, അതിന്റെ നീതിപൂർവ്വമായ വിതരണവും പ്രധാനമാണ്. സാമ്പത്തിക വളർച്ച ഉണ്ടായാൽ മ്രാതം പോരാ, അത് ബഹുഭൂരിപക്ഷം ജനങ്ങളുടെ

താൽപര്യങ്ങൾക്ക് അനുസൃതവും കൂടിയായാരിക്കണം. അവരുടെ സർവ്വതോന്മുഖമായ വളർച്ചക്ക് ഉപകരിക്കണം. ജനങ്ങളുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിയാണ് വികസനം.

മനുഷ്യവിഭവശേഷിയും ഭൗതീകവിഭവങ്ങളും നല്ലപോലെ മനസ്സിലാക്കി അവയെ സമഞ്ജസിപ്പിച്ചുകൊണ്ടല്ലാതെ ആസൂത്രണം നടപ്പാകില്ല പ്രകൃതി വിഭവങ്ങളെ ആസൂത്രിതമായ കരുതലോടുകൂടി ആഘാത പ്രത്യാഘാതങ്ങളെ കണക്കിലെടുത്തുകൊണ്ടുവേണം ഉപയോഗിക്കാൻ. സൂത്രണം ശാസ്ത്രീയമല്ലെങ്കിൽ സാമ്പത്തിക വളർച്ചക്കു പകരം തളർച്ചയാണുണ്ടാകുക.

നമ്മുടെ നാടിന്റെ ഏറ്റവും വലിയ സമ്പത്ത് ജനങ്ങളുടെ അദ്ധ്വാനശേഷിയാണ്. ആ അദ്ധ്വാനശേഷിയെ ഫല്രപദമായി ഉപയോഗപ്പെടുത്തുന്ന വിധമുള്ള വിദ്യാഭ്യാസരീതി നമുക്കുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. നമ്മുടെ വെള്ളക്കോളർ മനോഭാവം കായികാദ്ധ്വാനത്തോട് വിരക്തി വളർത്തിയിരിക്കുന്നു. ഗ്രാമ പുനഃനിർമ്മാണത്തിന് താന്താങ്ങളുടെ പങ്ക് വഹിക്കണമെന്ന ഒരു പുത്തൻ ചിന്തയും അതിലൂടെ രൂപം കൊള്ളുന്ന ജീവിതശൈലിയും വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. ഏത് പരിപാടിയുടെയും വിജയത്തിന്റെ തോത് സാമൂഹ്യ ഇച്ഛാശക്തിയുടെ തീഷ്ണതയ്ക്ക് ആനുപാതീകമാണ്. സാമൂഹ്യ ഇച്ഛാശക്തി രാഷ്ട്രീയ ഇച്ഛാശക്തിയുടെ പ്രതിഫലനവുമാണ്. നമ്മുടേതുപോലുള്ള ജനാധിപത്യ വ്യവസ്ഥയിൽ എന്തിനെയും എതിർക്കുകയാണ് പ്രതിപക്ഷ രപവർത്തനം എന്ന ധാരണ വളർന്ന് വന്നിരിക്കുന്നു. ഈ ചുറ്റുപാടിൽ അനുകൂല സാമൂഹ്യ പശ്ചാത്തലം സൃഷ്ടിക്കുക ഏറെ ശ്രമകരമാണ്.

കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തിലേറെയായി നമ്മുടെ കാർഷീക മേഖലയിലും വ്യവസായ മേഖലയിലും ഉൽപാദനത്തിലും ഉൽപാദന ക്ഷമതയിലും വന്നിരിക്കുന്ന മുരടിപ്പിൽ അടിയന്തിര ശ്രദ്ധ പതിയേണ്ട ഒരു രപശ്നമായി തീർന്നിരിക്കുന്നു. കുടിവെള്ള ക്ഷാമം അതിലും രൂക്ഷമായ പ്രശ്നമായി മാറിയിരിക്കുന്നു. ഈ പ്രതിസന്ധികൾക്ക് കാരണം അന്വേഷിക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുമ്പോഴാണ് നമ്മുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രിതമായി നടന്നില്ലായെന്ന് നാം മനസ്സിലാക്കുന്നത്. 95 % ശതമാനം വരുന്ന സാക്ഷരത, ഒട്ടൊക്കെ സാർവ്വത്രീകമായ വൈദ്യസഹായ സേവനങ്ങൾ, വളരെ താഴ്ന്ന മരണനിരക്ക്, മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ ഇവയൊക്കെയുണ്ടെങ്കിലും സാമ്പത്തികരീതിയും സാമ്പത്തിക വളർച്ചയും ഒരു വിഭാഗത്തിന്റെതായി മ്രാതം നിലനിൽക്കുന്നു. തങ്ങളുടെ ഏറ്റവും വലിയ സ്വപനം സ്വന്തമായി ഒരു വീടുണ്ടാകുക എന്നാണ് എന്ന് പറയുന്നവരുടെ ശതമാനം ഏറിവരുന്നു.കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടു കൂടി ആവിഷ്കരിക്കുന്നതിനു വേണ്ടിയാണ് സംസ്ഥാന സർക്കാരും ആസൂത്രണബോർഡും ചേർന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിനു രൂപം കൊടുത്തത് . വികസനപദ്ധതികൾ ക്രന്ദേത്തിലും സംസഥാന തലത്തിലും തീരുമാനമെടുത്ത് നടപ്പിലാക്കിയിരുന്ന പതിവിൽ നിന്നും വ്യത്യസ്ഥമായി ഒൻപതാം പദ്ധതിയുടെ 30 - 40 ശതമാനം വരുന്ന ഫണ്ടിന്റെ ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകളെ ഏല്പിക്കുന്നതിനാണ് തീരുമാനം . മനുഷ്യവിഭവമടക്കും വൻതോതിൽ വിഭവസമാഹരണം നടത്തി പ്രാദേശികതലത്തിൽ സന്തുലിതവികസനം ഉറപ്പാക്കുകയാണിതിന്റെ ലക്ഷ്യം.

ഓരോ വാർഡിലും മുഴുവൻ വോട്ടർ മാരെയും ക്ഷണിച്ച് പങ്കെടുപ്പിച്ചുകൊണ്ട് നടന്ന വിശേഷാൽ ഗ്രാമസഭകൾ, അവയിൽ ഉരുത്തിരിഞ്ഞ് വന്ന ജനാഭ്രിപായങ്ങൾ, അഭിലാഷങ്ങൾ , സർക്കാർ തലത്തിലും ജനകീയ തലത്തിലും നടത്തിയ വിവര ശേഖരങ്ങൾ, പഠന പര്യടനങ്ങൾ, കേട്ടറിവുകൾ , നാട്ടറിവുകൾ തുടങ്ങി മേൽ പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവധ വിഷയങ്ങളിലുള്ള റിസ്സോഴ്സസ് രഗൂപ്പുകളുടെ കൂട്ടായ യത്നങ്ങൾ വരെ ഈ റിപ്പോർട്ടിന് ആധാരമായിട്ടുണ്ട്. വികസനസെമിനാർ ഈ റിപ്പോർട്ടിലെ പോരായ്മകൾ കണ്ടുപിടിക്കുമെന്ന് ഓരോ വിഷയത്തിലും പദ്ധതികൾ ഉണ്ടാക്കുവാൻ കെല്പുള്ള വിദഗ്ദ്ധ സംഘത്തെ നിയോഗിക്കമെന്നും വിശ്വസിക്കുന്നു. അങ്ങനെ ഉദ്യോഗസ്ഥരും, വിദഗ്ദ്ധരും, ഗ്രാമീണരും ജനപ്രതിനിധികളും ഉൾക്കൊള്ളുന്ന കർമ്മസമിതി അടുത്ത പഞ്ചവത്സര പദ്ധതിയിൽ നമ്മുടെഗ്രാമപഞ്ചായത്തിനാവശ്യമായ വവികസസനപ്രവർത്തനങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കുമെന്നും ആത്മാർത്ഥമായും കരുതുന്നു.

ചരിത്ര പശ്ചാത്തലം

ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിക്കപ്പുറത്ത് ദേശീയ പ്രസ്ഥാനത്തിന്റെയും സാമൂഹ്യിക നവോത്ഥാനപ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങൾ ചെറുതായെങ്കിലും നമ്മുടെ പഞ്ചായത്തിലും കടന്നു വന്നിട്ടുണ്ട്. ശ്രീ. പി.ജെ. എബ്രഹാം പെരുമാമപാടം, ചെറുമുട്ടത്ത് കളപ്പുരയിൽ ശ്രീ. കെ. മാധവൻ പിള്ള തുടങ്ങിയ അന്നത്തെ ചെറുപ്പക്കരുടെ നേതൃത്വത്തിൽ ഗാന്ധി തൊപ്പിയും ധരിച്ച് ഭാരത് മാതാ ഖീ ജയ് എന്ന മുദ്രാവാക്യവുമായി ചെറു ജാഥകളും സാതന്ത്രത്തിന്റെ ആവശ്യകത ഊന്നി പറഞ്ഞിട്ടുള്ള ചെറു സമ്മേളനങ്ങളും ഈ പഞ്ചായത്തിലുണ്ടായിട്ടുണ്ട്. ദേശീയ അടിസ്ഥാനത്തിൽ ദ്ധ പിടിച്ചു പറ്റിയ നേതാക്കൻമാർ നമുക്കുണ്ടായില്ലെങ്കിലും സാതന്ത്ര്യ സമരത്തിന്റെ അലയടികൾ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്.

ഗ്രാമോദ്ധാരണ കാലഘട്ടത്തിലാണ് ഈ പഞ്ചായത്തിന്റെ വികസന പ്രക്രിയയ്ക്ക് തുടക്കമിട്ടത്. മഠത്തിമനയ്ക്കൽ ശ്രീ. എൻ.വി. നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അന്നു സ്ഥായിയായ പല വികസന പ്രവർത്തനങ്ങളും ഗവൺമെന്റിൽ നിന്നും വാങ്ങിച്ചെടുക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കല്ലറ-കൈതക്കനാൽ റോഡ്, ഗ്രാമ പഞ്ചായത്ത് കെട്ടിടം, വായനശാല, പ്രാവട്ടം ചന്ത, വില്ലേജ് ഹാൾ-കുറുമുള്ളൂർ റോഡ് തുടങ്ങിയവ ഇക്കൂട്ടത്തിൽ പെടുന്നു. ആദ്യമായി ഇലക്ട്രിസിറ്റി നീണ്ടൂർ പഞ്ചായത്തിൽ എത്തിയതും ഈ കമ്മറ്റി നിലവിലിരിക്കുമ്പോൾ ആണ്. നമുക്കു ചുറ്റുമുള്ള പഞ്ചായത്തിലും ഇലക്ട്രിസിറ്റി കടന്നത് ഇതിനു ശേഷം മാത്രമാണ്.

പാല-ഭരണങ്ങാനം തുടങ്ങി കിഴക്കു നിന്നുള്ള വ്യാപാരികളും യാത്രക്കാരും നീണ്ടൂരിൽ വന്നാണ് പടിഞ്ഞാറോട്ട് കമ്പനി വള്ളങ്ങളിലും ബോട്ടുകളിലും യാത്ര ചെയ്തിരുന്നത്.

അതുപോലെ തന്നെ കൈപ്പുഴ പള്ളിത്താഴെയുള്ള കാളച്ചന്തയും മീൻചന്തയും ഈ ജില്ലയിലെ പ്രധാന വാണിജ്യ കേന്ദ്രമായിരുന്നു. അക്കാലത്ത് പണിത പള്ളിത്താഴെയുടെ മാളിക കെട്ടിടങ്ങൾ അന്നത്തെ പ്രൗഡി വിളിച്ചു പറയുന്നവയായി ഇന്നും നിലനിൽക്കുന്നു.

പിന്നീടു വന്ന ഫാദർ ജോസഫ് കണ്ടാനപ്പള്ളി അവർകളുടെ നേതൃത്വത്തിലുള്ള പഞ്ചായത്തു കമ്മറ്റിയാണ്. അദ്ദേഹത്തിന്റെ കാലത്ത് നമ്മുടെ വിദ്യാഭ്യാസ മേഖലക്കും ആതുര ചിക്ത്സാരംഗത്തും അദ്ദേഹം പല വിധ വികസനവും ഇന്നാട്ടിൽ കൊണ്ടു വന്നിട്ടുണ്ട്. അതിനുശേഷം ശ്രീ. ശ്രീധരൻ പ്ലാക്കാളിൽ അവർകളും ശ്രീ. ഇട്ടിക്കുഞ്ഞ് മാന്തുരുത്തി അവർകളും നമ്മുടെ പഞ്ചായത്തിന്റെ ഭരണ സാരദ്ധ്യത്തിൽ ഇരുന്നുട്ടുണ്ട്.

മൂന്നിലൊരു ഭാഗത്തോളം പാടശേഖരങ്ങളോടു കൂടി ഈ പ്രദേശം കാർഷിക മേഖലയുടെ ഒരു സമര ഭൂമിയായി മാറിയതും യാദൃശ്ചികമല്ല. 1965 മുതൽ വളർന്നു വന്ന കർഷക തൊഴിലാളി പ്രസ്ഥാനം അതിന്റെ എല്ലാ കരുത്തും വീറും തെളിയിച്ച ഭൂമിയാണ് നീണ്ടൂർ.

ഭൂപരിഷ്കരണത്തിനു മുൻപ് - കൈവിരലിൽ എണ്ണാമായിരുന്ന ഭൂ ഉടമകളുടെ കൈവളമായിരുന്ന ഭൂമി ഇന്ന് അര ഏക്കർ മുതൽ രണ്ട് ഏക്കർ വരെയുള്ള ആയിരങ്ങളുടെ കൃഷി ഭൂമിയായി മാറിയിരിക്കുന്നു. എല്ലാ കാർഷിക വിളകളും ഉൽപാദിപ്പിക്കുന്ന ഭൂമി, എല്ലാ ലഭ്യമായ ഭൂമി, എല്ലാ പ്രദേശങ്ങളിലെ സംസ്ഥാനങ്ങളും സമജ്ജിസിപ്പിക്കുന്ന ഭൂമിയും കൂടിയാണ് നീണ്ടൂർ.

അങ്ങനെ കിടപ്പു കൊണ്ട് വളരെ അധികം വികസന സാദ്ധ്യതകൾ ഉള്ള ഗ്രാമത്തിന്റെ പിന്നിലുണ്ടായ കമ്മറ്റികൾക്ക് ശ്രീ. പി.കെ. ശിവശങ്കരൻ തേനാകര കൈപ്പുഴയും ശ്രീ. നാരായണൻ നമ്പൂതിരിപ്പാട് കറുത്തേടത്ത് മന കുറുമുള്ളൂരും നേതൃത്വത്തം നൽകുകയുണ്ടായി.

ഇപ്പോഴത്തെ ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ സ്രിഡൻറായി ശ്രീ. ടി.കെ. ശിവശങ്കരൻ തേനാകരയിൽ കൈപ്പുഴയും വൈ: പ്രസിഡൻറായും ശ്രീ. പി. സി.ജോസഫ് പട്യാലും സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാനായി ശ്രീ. ലൂക്കോസ് തോമസ് തോട്ടുങ്കലും നിലവിലുണ്ട്.

ഭൂപ്രകൃതി ജനപ്രകൃതി

കോട്ടയം താലൂക്കിൽ ഓണം തുരുത്ത് വില്ലേജും കൈപ്പുഴ വില്ലേജിന്റെ ഒരു ഭാഗവും ചേർന്നതാണ് നീണ്ടൂർ പഞ്ചായത്ത് . ഇത് താലൂക്കലന്റെ വടക്കു പടിഞ്ഞാറെ അതിരായി സ്ഥിതിചെയ്യുന്നു. തെക്ക് ആർപ്പൂക്കര പഞ്ചായത്ത് പടിഞ്ഞാറ് ആർപ്പൂക്കര കല്ലറ പഞ്ചായത്തും വടക്ക് കല്ലറ മാഞ്ഞൂർ പഞ്ചായത്തും കിഴക്ക് കാണക്കാരി അതിരമ്പുഴ പഞ്ചായത്തും സ്ഥിതിചെയ്യുന്നു . വടക്കൻ കുട്ടനാട് എന്നറിയപ്പെടുന്ന വേമ്പനാട് കായലിന്റെ കിഴക്ക് ഭാഗത്തായി സ്ഥതിചെയ്യുന്ന പുഞ്ചപ്പാട ശേഖരങ്ങളാണ് ഈ പഞ്ചായത്തിന്റെ 1/3 ഭാഗം . കടൽ നിരപ്പിൽ ജല നിരപ്പ് സ്ഥിതി ചെയ്യുന്നു . പാടശേഖരങ്ങൾ നാല് കരകളിലായി (നീണ്ടൂർ , കൈപ്പുഴ , കുറുമുള്ളൂർ , ഓണംതുരുത്ത്) ചുറ്റിവളഞ്ഞ് കരപ്പാടങ്ങളുമായി ബന്ധപ്പെട്ട് കുന്നുകളും ചെരിവുകളും സമതലങ്ങളുമായി കിടക്കുന്നു . മഴക്കാലത്ത് കായലോരപ്രദേശങ്ങളിലെ ഈർപ്പം കെട്ടി നിൽക്കുന്ന സ്ഥതിയും വേനൽക്കാലത്ത് വരൾച്ചയും

പിടിപെടുന്നു . പാശേഖരങ്ങൾ ജലനിരപ്പിൽ നിന്ന് അര മീറ്റർ മുതൽ ഒന്നര മീറ്റർ വരെ താഴ്ന്നാണ് നിൽക്കുന്നത് . വെള്ളം വറ്റിച്ച് കൃഷിചെയ്യേണ്ട പാടശേഖരങ്ങളാണ് 95 ശതമാനവും .

മൺതരം

കരപ്രദേശങ്ങളിൽ ഭൂരിഭാഗം സ്ഥലങ്ങളും വെട്ടുകൽ മണ്ണോടുകൂടിയ ചരൽ മണ്ണ് , കരിമണ്ണ് , പൾച്ചിമരാശി മണ്ണ് , ചെളിമണ്ണ് എന്നീ കൃഷിക്കനുയോജ്യമായ മൺതരങ്ങളാണുള്ളത് . നെല്ലും നാളികേരവും സമൃദ്ധിയായി കൃഷിചെയ്തിരുന്ന ഈ പ്രദേശത്ത് റബ്ബർ കൃഷിയും വ്യാപകമായിട്ടുണ്ട് . കിഴക്കിന്റെയും പടിഞ്ഞാറിന്റെയും സാദൃശ്യമുള്ള മൺതരങ്ങൾ ഇവിടുണ്ട് . മണൽ കലർന്ന കഴിമണ്ണ് കരിനിലങ്ങളിൽ കാണുന്ന മരപ്പൊടി കലർന്ന ചെളിമണ്ണ് , കറുത്ത കളിമണ്ണ് എന്നിവയാണ് പാടശേ

ഖങ്ങളിൽ അധികവും . പാറമടകൾ ചില പ്രദേശങ്ങളിൽ ഉണ്ട് . ഉയർന്ന ഈ പ്രദേശങ്ങളിൽ റബ്ബർ കൃഷിക്കനുയോജ്യമായ മൺതരമാണുള്ളത് .

ഭൂവിനിയോഗം

ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തനെ മുഖ്യമായും 5 മേഖലകളാക്കി തിരിക്കാം .

1. പുഞ്ചപ്പാട ശേഖരങ്ങൾ
2. കരപ്പാട ശേഖരങ്ങൾ
3. പാടശേരങ്ങളോട് ചേർന്നുകിടക്കുന്ന സമതലങ്ങൾ
4. ഇടത്തരം ചെരുവുള്ള പ്രദേശങ്ങൾ
5. കുന്നിൻ പുറങ്ങൾ

മെത്തം പഞ്ചായത്തിന്റെ വിസ്തീർണ്ണം 26 ച.കി .മീറ്ററാണ്

ജൈവ വൈവിദ്ധ്യം

പടിഞ്ഞാറൻ പ്രദേശങ്ങളിൽ കായലിനോട് ചേർന്നുകിടക്കുന്ന രപദേശങ്ങളിൽ കാണുന്ന എല്ലായിനം സസ്യജാലങ്ങളും പക്ഷികളും നമ്മുടെ പാടശേഖങ്ങളിൽ കണ്ടുവരുന്നു. തോടുകളിൽ ഫ്രിക്കൻ പായൽ മുതൽ പോളകൾ , കുളവാഴ വരെ നിറഞ്ഞു കിടക്കുന്നു. തേക്ക് , ആഞ്ഞിലി , പ്ലാവ് , മാവ് , പൊങ്ങല്ല്യം , പന , പൂവരശ് മറ്റുപാഴ്മരങ്ങൾ തുടങ്ങി എല്ലാ മരങ്ങളും ഇവിടുണ്ട് . തേക്ക് , മാഞ്ചിയം , മഹാഗണി , തുടങ്ങിയ മരങ്ങൾ നട്ടുവളർത്തുന്ന പുരയിടങ്ങൾ വ്യാപകമുണ്ട് . മത്സ്യ സമ്പത്തായി വരാൽ , കരി മീൻ , ചെമ്മീൻ , കാരി , ചെമ്പല്ലി , പള്ളത്തി , പരൽ , കൂരി , കോല , വയസ്സ് , മുഷി , തുടങ്ങിയ മത്സ്യങ്ങൾ പാടശേഖരങ്ങളിലെ തേണാടുകളിൽ കണ്ടു വരുന്നു . മത്സ്യ രോഗം സാർവ്വത്രികമാണ്

കാലാവസ്ഥ

മഴക്കാലങ്ങളിൽ വെള്ളപ്പൊക്കവും വേനൽക്കാലങ്ങളിൽ രൂക്ഷമായ വരൾച്ചയും , കുടിവെള്ള ക്ഷാമവും ഏറ്റുവാങ്ങുന്ന ഒരു കാലാവസ്ഥയാണ് അനുഭവപ്പെടുന്നത് . മഴക്കാലത്ത് വീശിയടിക്കുന്ന വേഗതകൂടിയ കാറ്റ് പച്ചക്കറി , വാഴകൃഷി , വീടുകൾ , മരങ്ങൾ തുടങ്ങിയവക്ക് നാശം വിതക്കാറുണ്ട് . വേനൽക്കാലങ്ങളിൽ 36 ഡിഗ്രി ചൂടുയരാറുണ്ട് . ജില്ലയിലെ ശരാശരിയോടടുപ്പിച്ച് ഈ പ്രദേശങ്ങളിലും മഴ ലഭിക്കാറുണ്ട് . ഇത് ഉദ്ദേശം 2400 മില്ലീ ലിറ്റർ ആയി കണക്ക് കൂട്ടിയിരിക്കുന്നു .

ജനപ്രകൃതി

ജനസംഖ്യാവിവരം — **6 വയസ്സിനു താഴെ** — **പട്ടികജാതി**

കുടുബങ്ങൾ	ആൺ	പെൺ	മെത്തം	ആൺ	പെൺ	മൊത്തം	ആൺ	പെൺ	മൊ
4227	10197	10092	20289	1113	1057	2170	648	680	1328

ജനസംഖ്യ - ഓണംതുരുത്ത് വില്ലേജ്

ആൺ	പെൺ	മൊത്തം
6523	6467	12990

ജനസംഖ്യ - കൈപ്പുഴ വില്ലേജ്

ആൺ	പെൺ	മൊത്തം
3605	3548	7153

ജനപ്രകൃതി സംസ്ഥാന തലത്തിൽ മിക്ക പഞ്ചായത്തിലും സ്ത്രീ ജനങ്ങൾ മുൻപിൽ നിൽക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ പുരുഷൻമാരാണ് മുൻപന്തിയിൽ. അമേരിക്ക, യൂറോപ്പ് തുടങ്ങിയ വികസിത രാജ്യങ്ങളിൽ ജോലി ചെയ്ത സ്ത്രീ ജനങ്ങളുടെ എണ്ണം കണക്കിൽ പെടാത്തതാണ്. ഈ വ്യത്യാസത്തിന് ഒരു കാരണമായി പറയാനുള്ളത്. അതോടൊപ്പം കന്യാസ്ത്രീ മഠങ്ങളിലെ സിസ്റ്റർ മാരുടെ എണ്ണവും സ്ത്രീ ജനങ്ങളുടെ എണ്ണം കൂട്ടേണ്ടതാണ് (ന്യാസ്ത്രീകളിൽ നല്ലൊരു ശതമാനം മറ്റു പഞ്ചായത്തികളിൽ നിന്നും വന്നിട്ടുള്ളതാണ്). ജനങ്ങളിൽ ഹിന്ദുമതത്തിൽ വിശ്വസിക്കുന്നവരാണ്. കൂടുതൽ അടുത്തത് സ്രതുമതമാണ്. മുസ്ലീം മതത്തിൽപ്പെട്ട ഒരു കുടംബം മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. 1970 കളിലെ സ്ത്രീ തൊഴിലാളികളുടെ എണ്ണവും ഇപ്പോഴത്തെ എണ്ണവും കണക്കിലെടുത്താൽ വളരെ അധികം അന്തരം വ്യക്തമാകുന്നുണ്ട്. കാർഷിക മേഖലയിലെ തൊഴിലവസരമായിരുന്ന സ്ത്രീകൾ പങ്കെടുക്കുന്നതും മുഖ്യതൊഴിൽ മേഖല. ഇപ്പോൾ മൊത്തം സ്ത്രീ ജനസംഖ്യയുടെ 5 ശതമാനം മാത്രമേ കാർഷിക മേഖലയിൽ തൊഴിൽ തേടി എന്നതൊള്ളൂ എന്നത് ശ്രദ്ധേയമാണ്. കാർഷിക മേഖലയോടുള്ള വിരക്തിയും കൂലിക്കുറവും തൊഴിലാളികളും ചൂണ്ടിക്കാട്ടുന്നു. നിർമ്മാണ മേഖലയിൽ തകൃതിയായി നടക്കന്ന പണികളും കൂലിക്കൂടുതലും കാർഷിക മേഖലയിൽ പണിക്ക് ആളുകളെ കിട്ടാനില്ലാത്ത സ്ഥിതിയുണ്ടക്കിയിട്ടുണ്ട്. തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ പുരുഷൻമാരാണ മുൻപന്തിയിൽ. അഭ്യസ്തവിദ്യരാത സ്ത്രീകളുടെയും പുരുഷൻമാരുടെയും മനുഷ്യദ്ധ്വാനം വേണ്ട വിധം ഉപയോഗപ്പെടുത്തുന്നവർ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ എല്ലാ ഗ്രാമസഭകളും മുന്നോട്ടു വച്ച ചർച്ചകൾ ചൂണ്ടിക്കാട്ടിയ കാര്യവും ശ്രദ്ധേയമാണ്. വിദ്യാഭ്യാസം ചെയ്യുന്നതിന് ലഭിച്ച സാഹചര്യം കൂടുതലുള്ളതുകൊണ്ട് സാക്ഷരത 98 ശതമാനത്തിൽ നിൽക്കുന്നു. സാമ്പത്തിക പിന്നോക്കാവസ്ഥയാണ് നിരക്ഷരതയ്ക്കും വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്കും കാരണമായി ചൂണ്ടിക്കാട്ടുന്നത്.

ജനപ്രകൃതി സംസ്ഥാന തലത്തിൽ മിക്ക പഞ്ചായത്തിലും സ്ത്രീ ജനങ്ങൾ മുൻപിൽ നിൽക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ പുരുഷൻമാരാണ് മുൻപന്തിയിൽ. അമേരിക്ക, യൂറോപ്പ് തുടങ്ങിയ വികസിത രാജ്യങ്ങളിൽ ജോലിചെയ്ത സ്ത്രീ ജനങ്ങളുടെ എണ്ണം കണക്കിൽ പെടാത്തതാണ്.

കൃഷിയും ജലസേചനവും

നീണ്ടൂരിന്റെ കാർഷികാഭിവൃദ്ധി സ്ഥല- ജല മാനേജ്മെന്റിൽ ഊന്നിനിൽക്കുന്നുവെന്ന് ഒറ്റ വാക്കിൽ പറയാം. രപാദേശികതലത്തിൽ ലഭ്യമായ അറിവുകളാണ് സ്ഥല- ജല മാനേജ്മെന്റിൽ ഉപയോഗിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ. ജൈവപുനഃസംരകമണത്തിനു പകരം രാസവള - കീടനാശിനി പ്രയേഗത്തെ മാത്രം ആശ്രയിച്ചത് കൃഷി ചെലവുകൾ വർദ്ധിപ്പിക്കുന്നതിനും മണ്ണിന്റെ ഫലഭൂയിഷ്ടത കുറയ്ക്കുന്നതിനും മത്സ്യ രോഗം മുതൽ ആരോഗ്യ പ്രശ്നങ്ങളിലുന്നിയ പരിഃസ്ഥിതി പ്രശ്നം വരെ ഉണ്ടായിട്ടുള്ളതായി കാണാം.

ഇവിടുത്തെ സവിശേഷമായും ഭൂപ്രകൃതി മൂലം നീർമറിയുടെയും സ്ഥല - ജല വിഭവപ്രത്യേകതകളെ കണക്കിലെടുത്തുകൊണ്ടുള്ള സംഘ കൃഷി, ജൈവ പുനഃ സംക്രമണം, സംയോജിത കീടനിയന്ത്രണം , വിള , കന്നുകാലി , മത്സ്യബന്ധന ഉദ്ഗ്രഥിത പ്രവർത്തനങ്ങൾ , കാർഷികസംസ്കരണവ്യവസായങ്ങൾ ഇതായിരിക്കണം കാർഷിക മുന്നേറ്റത്തിനുള്ള കാഴ്ചപ്പാടുകൾ . ഇത്തരം സംയോജിത വികസന പ്രവർത്തനങ്ങൾ വികേന്ദ്രീകൃതമായി നടത്തേണ്ടതാണ്.

ഇവിടുത്തെ സവിശേഷമായും ഭൂപ്രകൃതി മൂലം നീർമറിയുടെയും സ്ഥല - ജല വിഭവപ്രത്യേകതകളെ കണക്കിലെടുത്തുകൊണ്ടുള്ള സംഘ കൃഷി, ജൈവ പുനഃ സംക്രമണം, സംയോജിത കീടനിയന്ത്രണം , വിള , കന്നുകാലി , മത്സ്യബന്ധന ഉദ്ഗ്രഥിത പ്രവർത്തനങ്ങൾ , കാർഷികസംസ്കരണവ്യവസായങ്ങൾ ഇതായിരിക്കണം കാർഷിക മുന്നേറ്റത്തിനുള്ള കാഴ്ചപ്പാടുകൾ . ഇത്തരം സംയോജിത വികസന പ്രവർത്തനങ്ങൾ വികേന്ദ്രീകൃതമായി നടത്തേണ്ടതാണ്.

യോജിത വികസന പ്രവർത്തനങ്ങൾ വികേന്ദ്രീകൃത മായി നടത്തേണ്ടതാണ്.

നെൽകൃഷി

കുട്ടനാട് വകസനാനുഭവങ്ങ ൾ ഏറ്റുവാങ്ങിയ വട ക്കൻ കുട്ടനാട് പ്രദേശങ്ങളിൽ ആണ് നീണ്ടൂർ ഗ്രാ മപഞ്ചായത്തിന്റെറസ്ഥാനം. നെല്ല് ആണ് പ്രധാന വിള . ഒരുപ്പൂനിലങ്ങളെ ഇരുപ്പൂനിലങ്ങളാക്കാ നുള്ള ഒരു പരിശ്രമമായിരുന്നല്ലോ ? കുട്ടനാട് വി കസന പദ്ധതിയുടെ ലക്ഷ്യങ്ങൾ തോട്ടപ്പള്ളി സ്പി ൽവേ , തണ്ണീർമുക്കം ബണ്ട് , ചങ്ങനാശേരി ആല പ്പുഴ റോഡ് ഇവയായിരുന്നു പ്രധാനനിർമ്മാണ രപവർത്തനങ്ങൾ . തണ്ണീർമുക്കം ബണ്ട് നിർമ്മി ക്കുന്നതിനു മുമ്പ് ഓരുവെള്ളം തടയുന്നതിന് വൈക്കം വരെ പല മുട്ടുകൾ ഇട്ടിരുന്നു. കൈപ്പു ഴമുട്ട് , പുത്തൻപാലം മുട്ട് , ഉല്ലലമുട്ട് , പെണ്ണാർ തോട് മുട്ട് , കൊതവറ വലിയ മുട്ട് , വല്ലാലപ്പുഴ മുട്ട് , കോഴിപ്പുഞ്ച മുട്ട് , കവണാറ്റിൻകര മുട്ട് , വടയാർ മുട്ട് , തുടങ്ങിയവ ഈ പ്രദേശത്തെ ഓരുവെള്ളം തടയുന്നതിന് പ്രധാന പങ്ക് വഹിച്ചിരുന്നു . തണ്ണീർമുക്കം ബണ്ടിന്റെറ നിർമ്മാണത്തോടു കൂടി ഈ മുട്ടുകൾ ആവശ്യമില്ലാതെയായിട്ടുണ്ട്. പ്രധാന ഗുണങ്ങളായി

1, ഓര് കുറഞ്ഞു.
2, താമസിച്ചു പുഞ്ചകൃഷിയെടുക്കാനു ള്ള സ്ഥിതി വന്നു
3, രണ്ട് കൃഷിരീതി സാദ്ധ്യമായി
4, ഉൽപാദന വർദ്ധനവുണ്ടായി .

ദോഷങ്ങൾ

1, വെള്ളപ്പൊക്കം ക്കൂടി .
2. പായൽ ഉൾപ്പെടെ കളകൾ വർദ്ധിച്ചു.
3. പുതിയതരം കളകൾ രംഗപ്രവേശം ചെയ്തു .
4. തെങ്ങ് രോഗം വർദ്ധിച്ചു
5. നിലം ഒരുക്കൽ ചെലവ് കൂടി .
6. ജലഗതാഗതം പായൽ മൂലം തടസ്സപ്പെടുന്നു .
7, ഉപ്പിന്റെറ കുറവുകൊണ്ട് അമ്ളത്വം കൂടിയെ ന്നും കുറഞ്ഞുവെന്നും രണ്ട് അഅഭിപ്രായങ്ങളു ണ്ട്.
8. മണ്ണെരയുടെ വംശനാശം മൂലം മണ്ണിന്റെറ ജൈ വാംശം നിലനിർത്താൻ കഴിയാതെവന്നു.

1965 നു മുമ്പ്വരെ 70 ദിവസം മുതൽ 180 ദിവസം വരെ മൂപ്പുള്ള നെൽവിത്തിനങ്ങൾ വിതച്ചിരുന്നു . ഞവര , മുണ്ടുകക്കണ്ണൻ , മുണ്ടുകക്കറുക , ഓരു മുണ്ടകൻ , വൈത്തുവ , ആര്യൻ , ചെമ്പാവ് , ചാര , ചുവന്നാര്യൻ , കൊച്ചുവിത്ത് , കുളപ്പാല , അതി ാലി , കാറ്റാടി , കപ്പചെമ്പാവ് , ഉപയോഗിച്ചു വന്നി രുന്നത് .ഒന്നിട വിട്ടവർഷങ്ങളിലാണ് കൃഷിയിറക്കി യിരുന്നത്. ചക്രം വച്ച് വെള്ളം വറ്റിച്ചും കയറ്റിയും പത്ത് മേനിവരെ പരമാവധി വിള ലഭിച്ചിരുന്നു. 1965 നു ശേഷം അത്യുൽപാദന ശേഷിയുള്ള തൈചു ങ്ങൽ , I .R-8 , ജയ , H-4 ,പാക്കിസ്ഥാൻ വെള്ള തു ടങ്ങിയ നെൽ വിത്തുകൾ ആദ്യം രംഗത്തുവന്നു . പിന്നീട് കൾച്ചർ , തൂവേണി, അശ്വതി , രോഹിണി , കാർത്തിക , ശബരി , ജ്യോതി , ചുവന്ന തൂവേണി എന്നീ ഇനം പൊക്കം കുറഞ്ഞ പുതിയ വിത്തിനങ്ങ ളും ഈ പ്രദേശത്ത് സാർവ്വത്രീകമായി . ഇപ്പോൾ വ്യാപകമായി കൃഷി ചെയ്ത് വരുന്നതും ഈ പ്ര ദേശത്തിന് അനുയോജ്യമായതും ജ്യോതി (1285) ചുവന്ന തൂവേണി എന്നീ വിത്തിനങ്ങളാണ് .

തണ്ണീർമുക്കം ബണ്ട് നിർമ്മാണത്തിനുശേഷം വന്ന പാടശേഖരങ്ങളുടെ വികസനമായി കടന്നു വന്നത് K.L.D.C യുടെ നേതൃത്വത്തിൽ നടന്ന കല്ലുകെട്ടിയുള്ള പുറം ബണ്ട് നിർമ്മാണ പ്രകിയ യാണ് . ഇന്ന് ഭൂരി പക്ഷം പാടശേഖരങ്ങളും കല്ലുകെട്ടി പുറം ബണ്ട് ഉറപ്പിച്ചിട്ടുണ്ടെങ്കിലും ചില ചെറിയ പാട ശേഖരങ്ങൾ കല്ലു കെട്ട് നടത്താത്ത തുമൂലം തരിശായി കിടക്കുന്നു . P.M.P പദ്ധതി പ്ര കാരം 1993 മുതൽ നീണ്ടൂർ കൃഷിഭവൻ അനുവദി ച്ചതുക.



പാടശേഖരങ്ങൾ തുക

1. കക്കാടിച്ചാൽ നെടുംപാൽ	6,64000
2. മാക്കോത്തറ - നൂറുപറ	27,77000
3. ചോഴിയപ്പാറ	34,53000
4. തച്ചാറ - വിശാഖംതറ	3,38000
5. നാനൂറ്റംപടവ്	17,68000
6. ചിറക്കുഴി -	12,15000
7. മണ്ണാർ മൂല	1,55000
8. ചാത്തങ്കരി	3,35000
9. പുത്തഞ്ചാൽ - കൈനക്കരി	1,75000
10. നടുക്കരി	1,65000
11. എഴുപത് - പുത്തങ്കരി	2,45000
12. പുന്നവേലി - പുളിവേലി	1,27000
13. വടക്കെ താഴത്തക്കുഴി	6,10000
14. മൂഴിക്കുളങ്ങര	1,00375
15. കൈപ്പുഴക്കരി - നീണ്ടൂർ	55000
16. കുരുട്ടുകരി	2,20000
17. മൂത്തേടത്തുകരി	82000
18. മുടക്കാലി - മാലിക്കാരി	1,85000
19. ഓണം തുരുത്ത് - കിഴക്കുപുറം	1,65000
20. കൊച്ചുകരി - ഞാവൽപുഞ്ച	1,45000
21. മണ്ണാർമൂല - വല്യച്ചാൽ തുരുത്തി	87000
22. കൈപ്പുഴക്കരി - കൈപ്പുഴ	9,69000
23. കുഴിമറ്റം പുതുശ്ശേരി	1,65000
24. ഉള്ളാട്ടുകരപാടം	2,45000
25. തണ്ടാട്ടുപ്രാ - താമരച്ചാൽ	1,79000
26. ചേലമുട്ടം	2,15000
27. കുരുട്ടുകരി II nd	1.75000
28. വെട്ടിക്കണ്ണി പാടം	2,35000

ആകെ . Rs. 152,49375.00

യാതൊരു ധനസഹായവും ലഭിക്കാത്ത പാടശേഖരങ്ങൾ

പാടശേഖരങ്ങൾ	ഏക്കർ -സെ
1. കളപ്പുരപാടം . കൈപ്പുഴ	2.50
2. മുയർ പാടം.	10.00
3. കോണന്തുകരി.	15.00
4. മണിക്കരിപാടം.	7.00
5. വഞ്ചീപാടം.	30.00
6. വിരുപ്പുകാല.	273.00
7. പുല്ലരിക്കെട്ട് വളവന്ന താഴെ.	23.00
8. തേരാടിപാടം.	15.00
9. പുളിക്കൽതുരുത്തി പടവ്.	18.50
10. പുത്തഞ്ചാൽ കൈതക്കുറ്റി.	21.00
11. വല്യചാൽ പാടം.	14.50
12. ഇളയടത്തുകുഴി.	15.00
13. വാഴച്ചാൽ.	11.75
14. മാനാടിപാടം.	31.50
15. കാപ്പുചാൽ.	10.50
16. ഈര.	10.00
17. കാരിമറ്റം	10.00
ആകെ ഏക്കർ	518.25

ആകെ 207.3 ഹെക്ടർ

കുട്ടനാടൻ പാടശേഖരങ്ങളുടെ അതേ ഭൂപ്രകൃതിയായ മുകളിൽ ജലനിരപ്പും താഴെ കൃഷിഭൂമിയുടെ നിരപ്പും കാണുന്ന ഭൂപ്രകൃതിയാണിവിടെയും. അതിനാൽ വെള്ളം പമ്പ് ചെയ്ത് പുറത്താക്കി പുറം ബണ്ടും ഉറപ്പുള്ളതാക്കിയാൽ മാത്രമെ വേനൽകൃഷി പോലും നടക്കൂ. താഴെ പറയുന്ന പ്രാഥമിക സൗകര്യങ്ങൾ പുഞ്ചക്കൃഷിയുടെ പ്രധാന ഘടകങ്ങളാണ്. ശക്തമായ പമ്പിംഗ് സൗകര്യം,ബലവത്തായ പുറംബണ്ട്, പാടശേഖരത്തിനകത്ത് ശാസ്ത്രീയമായ ജല നിർഗമന-ബഹിർഗമനത്തിന് ഉതുകുന്ന വാചാലുകൾ, തുമ്പുകൾ ആവിശ്യാനുസരണം ഉണ്ടായിരിക്കണം. കാർഷിക സാമഗ്രികൾ കൊണ്ടുവരുന്നതിനും വിളവുല്പന്നങ്ങൾ കൊണ്ടുപോകുന്നതിനും ആവശ്യമായ ഫാം റോഡുകൾ, തോടുകൾ, പാലങ്ങൾ ഇവ ഉണ്ടായിരിക്കണം.

പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 70 ശതമാനത്തിലധികം നെൽക്കൃഷി ചെയ്യുന്ന പാടശേഖരങ്ങളാണ്. മൊത്തം ഭൂവിസ്തൃതി 2067 ഹെക്ടറും അതിൽ പുഞ്ച നിലങ്ങളും കരപ്പാടങ്ങളും കൂടി 1011 ഹെക്ടറും ആണ് . ഭൂരിപക്ഷം ജനങ്ങളും നെൽകൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണ് അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ രംഗപ്രവേശനത്തോടെയും പാടശേഖരങ്ങൾ ബണ്ടുകെട്ടി ജലനിർഗമന ബഹിർഗമനത്തിന് മോട്ടോർ പമ്പിംഗ് സംവിധാനവും വന്നതോടു കൂടി തഴെ പറയന്ന മാറ്റങ്ങൾ വന്നു.

1. ഓരോ വിളയിലുമുള്ള ഉല്പദനം ഗണ്യമായി വർദ്ധിച്ചു.

2. ഇരുപ്പൂവ് കൃഷിക്കുള്ള സാഹചര്യം സംജാതമായി .

എങ്കിലും പ്രശ്നങ്ങൾ ഏറെയാണ്. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ

പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 70 ശതമാനത്തിലധികം നെൽക്കൃഷി ചെയ്യുന്ന പാടശേഖരങ്ങളാണ്. മൊത്തം ഭൂവിസ്തൃതി 2067 ഹെക്ടറും അതിൽ പുഞ്ച നിലങ്ങളും കരപ്പാടങ്ങളും കൂടി 1011 ഹെക്ടറും ആണ് . ഭൂരിപക്ഷം ജനങ്ങളും നെൽകൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണ്.

വരവോടെ പുതിയ ഇനം കീടങ്ങളും കളകളും നിയന്ത്രണാതീതമായി വർദ്ധിച്ചു . ഇതിനുള്ള രപതിവിധിയായി വർദ്ധിച്ചതോതിൽ വിഷാംശമുള്ള കീടനാശിനികളും പ്രയോഗത്തിൽ വന്നു. 1965 നും 1975 നും ഇടയ്ക്ക് കുറച്ചൊക്കെ ലാഭം കിട്ടിയിരുന്ന കർഷകർക്ക് ലാഭം കുറഞ്ഞ് കുറഞ്ഞ് 1980 കളോടെ മുഞ്ഞയുടെ ആക്രമണവും മറ്റു പലവിധ രോഗബാധയും മൂലും നെൽച്ചെടികൾ തീയിട്ട് നശിപ്പിക്കേണ്ട ദുഃസ്ഥിതിയുണ്ടായി . തന്മൂലം നെൽകർഷകർ നിരാശരാകുകയും കൃഷിയോടുള്ള ആഭിമുഖ്യം കുറയുകയും ചെയ്തു. പിന്നീട് 1988 - 89 വർഷങ്ങളിൽ കൂട്ടുകൃഷിസമ്പ്രദായം ഗവൺമെൻറ് ആവിഷ്കരിച്ച് നടപ്പാക്കാൻ കൃഷിക്കാരെ പ്രേരിപ്പിച്ചത് ഈ രംഗത്ത് ഒരു പുത്തൻ ഉണർവ്വ് പകരാൻ പര്യാപ്തമായി.

പാടശേഖരങ്ങൾക്കടുത്ത് ആഗ്രോക്ലിനിക്കുകൾ സർക്കാർ തലത്തിൽ സ്ഥാപിക്കുകയും രഗൂപ്പ് ഫാമിംഗ് സമ്പ്രദായം മിക്ക പാടശേഖരങ്ങളിലും നടപ്പിലാക്കുകയും ചെയ്തു . 256 ഹെക്ടർ വിസ്തൃതി ഉള്ള ചോഴിയപ്പാറ പാടശേഖരം 5 കി . മീറ്റർ നീളത്തിൽ പുതിയ തോടുവെട്ടി മൂന്നായി തിരിച്ചതും ഈ അവസരത്തിലായിരുന്നു. അതോടെ തെക്കെ താഴത്തെക്കുഴി , പുത്തൻകരി , പറിച്ചകരി എന്നീ പാടശേഖരങ്ങൾ വേർതിരിയുകയും ജലനിർഗമന - ബഹിർഗമന മാർഗങ്ങൾ തുറന്നു കിട്ടുകയും ചെയ്തു. പിന്നീട് പ്രധാനനിർമ്മാണ പ്രവർത്തനങ്ങൾ നടന്നത് 1993 മുതൽ വിവധ പാടശേഖരങ്ങൾക്ക് അനുവധിച്ചുകിട്ടിയ ഫ്രൈമിനി സേറ്റഴ്സ് ഫണ്ടായിരുന്നു . രപസ്തുത ഫണ്ട് ഉപയോഗിച്ച് പാടശേഖരങ്ങളിലായി 1.52 കോടിയിലധികം രൂപയുടെ വി

വികസന പ്രവർത്തനങ്ങൾ നീണ്ടൂർ പഞ്ചായത്തിൽ നടത്തുകയുണ്ടായി . പ്രസ്തുത കാലയളവിൽ പഞ്ചായത്തിലെ തൊഴിൽ മേഖലയിലും കാർഷികമേഖലയിലും ഒരു പുത്തൻ ഉണർവ്വ് സംഭാവന ചെയ്തു . ഇതോടുകൂടി ഏതാണ്ട് ഒരുവിഭാഗം പാടശേഖരങ്ങളും ഇരുപ്പൂവ് കൃഷി സാദ്ധ്യമായിതീർന്നു.

എന്നാൽ 93-94 വർഷങ്ങളിലുണ്ടായ അതി ഭയങ്കര ജല പ്രളയം മൂലം രണ്ടാം കൃഷി ഇറക്കിയ പാടശഖരങ്ങൾ മടവീണ് കൃഷിനാശം സംഭവിക്കുകയും ചെയ്തു. അനുഭവത്തിൽനിന്നും ഭൂമിശാസ്ത്രപരമായി പാടശേഖരങ്ങളുടെ ñ/3 ഭാഗമെങ്കിലും അധികജലം കയറി കിടക്കുവാൻ വേണ്ടി തരിശിടേണ്ടതായി വന്നു. കൂടാതെ തോടുകൾ നികന്നതുകാരണവും വീതികൂടിയ ഭാഗങ്ങൾ ആളുകൾ കയ്യേറിയതും വിശാലമായ തോടുകൾ നഷ്ടപ്പെട്ടതും മാടവീഴ്ചക്ക് കാരണമായി.

പ്രസ്തുതപദ്ധതി പ്രകാരം ലഭിച്ച തുകയിൽനിന്നും 5/2 ഏക്കറുള്ള മാക്രതേനൂപറ പാടശേഖരത്തിന്റെ നടുവിലൂടെ ശാസ്താവ് തറയിൽ റോഡിന്റെ തുടർച്ചയായി നൂറുപറ പാടത്തിന്റെ പടിഞ്ഞാറ്റത്ത് എത്തത്തക്കവിധം 8മീറ്റർ വീതിയിൽ 1200 മീറ്റർ നീളം വരുന്ന ഒരു ഫാം റോഡ് തീർത്തിട്ടുണ്ട്. പഞ്ചായത്തിൽ ഇദം പ്രഥമായി നിർമ്മിച്ച ഒരു ഫാം റോഡാണ്. ഈ റോഡുകൊണ്ട് ഉൾ നിലക്കാരായ കൃഷിക്കാർക്ക് ഏക്കറിന് 1000 ത്തിലധികം ലധിക്കം രൂപായോളം സാമ്പത്തിക ലാഭം ലഭിച്ചുവരുന്നു.

നിലവിലുള്ള പമ്പിംഗ് സംവിധാനം ഉപയോഗിച്ച് ഏതാണ്ട് 9 വർഷം മുമ്പ് കക്കാടിച്ചാൽ തൊട്ടും ചാൽ പാടശേഖരകമ്മിറ്റിയിൽ നിന്ന് പാടം ലേലം കൊണ്ട് സ്വന്തം പമ്പിംഗ് ആരംഭിക്കയും കൃഷിക്കാരിൽനിന്നും അധികനേർമ്മവിരിക്കാതെ ഇപ്പോൾ ഒരു ലക്ഷത്തിലധികം രൂപാ മിച്ചം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇത് ആശാവഹമായ നേട്ടം മറ്റുസമിതികൾക്ക് കൂടി അനുകരിക്കാവുന്നതാണ് .

ഇതിലേക്ക് സ്ഥിരം വൈദ്യുതി കണക്ഷൻ, സ്വന്തമായി മോട്ടോർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഗവ : ൽ നിന്ന് അനുവദിക്കയും കൃഷിക്കാർ സ്വന്തമായി പമ്പിംഗ് നടത്തുകയും ചെയ്താൽ ഭാരിച്ച പമ്പിംഗ് ചെലവ് പരിഹരിക്കാം . വളരെ കാര്യമായി പ്രവർത്തിക്കുന്ന ഗ്രൂപ്പ് ഫാമിംഗ് സമിതികൾ ഗവ : ൽ ആനുകൂല്യങ്ങൾ പിടിച്ചുപറ്റുമ്പോൾ ചെറിയ തുണ്ടുകളായി കിടക്കുന്ന പാടശേഖരങ്ങൾ അവഗണനയാൽ പിന്തള്ളപ്പെടുന്നു. അങ്ങനെയുള്ള പാടശേഖരങ്ങൾ കണ്ടുപിടിച്ച് അവക്കാവശ്യമായ പുറംബണ്ട് , മോട്ടോർ , പമ്പിംഗ് ഉപകരണങ്ങൾ എന്നിവയും സ്ഥിരം വൈദ്യുതി കണക്ഷനുള്ള മോട്ടോർതറയും ഏർപ്പെടുത്തി കൊടുത്താൽ ഇപ്പോൾ ഉള്ളതിലും ഏതാണ്ട് 170 170 ഏക്കർ നിലം കൂടി അധിക കൃഷിഇറക്കുവാൻ കഴിയും . 10-15 വർഷങ്ങളിലധികമായി തരിശ് കിടക്കുന്ന പുഞ്ചനിലങ്ങളും കരപ്പാടങ്ങളും ദീർഘകലാടിസ്ഥാനത്തിൽ ലേലം ചെയ്ത് കൃഷി ചെയ്യാൻ തൽപരരായവരെ . ഏല്പിക്കുവാൻ വേണ്ട അധികാരം പഞ്ചായത്ത് സമിതിക്ക് ഉണ്ടായിരിക്കേണ്ടതാകുന്നു.

നെൽകൃഷി വികസനം ഗുണമേന്മയുള്ള വിത്തുൽപാദനത്തിലൂടെ.

വിത്തുഗുണം പത്തുഗുണം എന്നാണല്ലോ ചൊല്ല്. നെൽകൃഷി മേഖലയായ നീണ്ടൂർ പഞ്ചായത്തിലെ ഭൂരിപക്ഷം നെൽകൃഷിക്കാരും ഇന്നനുഭവിക്കുന്ന ഗുരുതര പ്രശ്നമാണ് വേണ്ട സമയത്ത് ഗുണമേന്മയുള്ള വിത്തിന്റെ ദൗർലഭ്യത എന്നത് . ഈ പ്രദേശത്തെ മിക്ക കർഷകരും അയൽപഞ്ചായത്തുകളിലെ കൃഷിക്കാരിൽ നിന്നോ ഉയർന്ന വിലകൊടുത്ത് NSC വിത്തുകൾ വാങ്ങിയോ ആണ് ഈ പ്രശ്നം പരിഹരിക്കുന്നത് . എന്നാൽ ഇപ്രകാരം ലഭിക്കുന്ന വിത്തുകളാകട്ടെ 100 ശതമാനം ഗുണമേന്മ ഉറപ്പു വരുത്തിയതോ കളവിത്തുകൾ ഇല്ലാത്തവയോ നല്ല കിളിർപ്പുള്ളവയൊ ആകണമെന്നില്ല. ഇതിൽ കൃഷിക്കാർ വഞ്ചിക്കപ്പെടുന്നു. തന്മൂലം നിരാശരും സാമ്പത്തിക നഷ്ടത്തിന് കാരണവും ആകുന്നു . അതോടെ നെൽകൃഷിയുടെ പരമപ്രധാനമായ അടിസ്ഥാന തത്വത്തിൽ നിന്നുതന്നെ നാം പാളിപോകുന്നു. ഈ ദു: സ്ഥിതി പരിഹരിക്കാനായി ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് ആവശ്യമായ വിത്തിനങ്ങൾ നമ്മുടെ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിച്ച് എടുക്കാമെന്ന ആശയത്തിനു രപ സക്തിയേറുന്നു.

നമ്മുടെ പഞ്ചായത്തിലാകെ 1011 ഹെക്ടർ നിലം ഉള്ളതിനാൽ 954.75 ഹെക്ടർ കൃഷി

യോഗ്യമാണ്. 32 ഹെക്ടർ കരപ്പാടമുള്ളതിനാൽ 12 ഹെക്ടർ യാതൊരു വിധ കൃഷിയുമില്ലാതെ കാലകാലങ്ങളായി തരിശായികിടക്കുന്നു. ബാക്കിയുള്ള 20 ഹെക്ടർ കരപ്പാടത്ത് നെല്ലും മറ്റുപലതരം കൃഷികളും ചെയ്തുവരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 68.25 ഹെക്ടർ വരുന്ന തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനു വേണ്ട പരിശ്രമങ്ങൾ പഞ്ചായത്തിൽനിന്നും ഉണ്ടാകേണ്ടതാണ്.

പ്രശ്നങ്ങൾ.

1. ചില പാടശേഖരങ്ങളിൽ ആവശ്യത്തിന് പമ്പുസെറ്റില്ല.

2. മിക്ക മോട്ടോർ തറകൾക്കും വൈദ്യുതിയുടെ അപര്യാപ്തത.

3. ആവശ്യത്തിനു തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ.

4. മേൽത്തരം വിത്തുകൾ യഥാസമയം ലഭിക്കുന്നില്ല.

5. സമയ ബന്ധിത കൃഷിയിറക്കൽ സമ്പ്രദായം നിലവിലില്ല.

6. പുറംബണ്ടില്ലാത്ത പാടശേഖരങ്ങൾ തരിശിടുന്നു.

7. പുറംബണ്ടുകളുടെ ബലക്ഷയവും ഉയർന്ന ജലവിതാനത്തിന് അനുസരണമായുള്ള പൊക്കം ഇല്ലായ്മയും മൂലമുണ്ടാകുന്ന മടവീഴ്ച.

8. വിളവെടുപ്പുകാലത്ത് യന്ത്രവൽക്കരണ സംവിധാനമില്ല.

9. ഫാം റോഡുകളുടെ അപര്യാപ്തത.

10. ജലസേചനം കിട്ടാത്തതിനാൽ കരപാടങ്ങൾ തരിശിടേണ്ടിവരുന്നു.

11. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ കാലം തെറ്റി ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന കൃഷിനാശം.

സാദ്ധ്യതകൾ.

1. പമ്പിംഗിനാവശ്യമായ മോട്ടോറുകളും മറ്റുപകരണങ്ങളും ഇല്ലാത്ത പാടശേഖരങ്ങൾക്ക് ആയത് അനുവദിച്ചുകൊടുക്കുക.
2. സ്ഥിരമായ മോട്ടോർ തറകൾ സ്ഥാപിക്കുകയും വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.
3. വിളവെടുപ്പുകാലത്ത് അനുഭവപ്പെടുന്ന തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് യന്ത്രവൽക്കരണം നടപ്പാക്കുക.
4. പഞ്ചായത്തടിസ്ഥാനത്തിൽ ഇവിടെ ആവശ്യമുള്ള മേൽത്തരം വിത്ത് ഉല്പാദിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.
5. പാടശേഖരക്കമ്മറ്റികൾ യോജിച്ച് കൃഷിയിറക്കുന്നതിന് കലണ്ടർ സമ്പ്രദായം സ്വീകരിക്കുകയും ഗ്രൂപ്പ് ഫാമിംഗ് രീതി തുടരുകയും ചെയ്യുക.
6. പുറംബണ്ടില്ലാത്ത പാടശേഖരങ്ങൾ ബണ്ടുകെട്ടി ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.
7. പുറംബണ്ടിന്റെ ബലക്ഷയം പരിഹരിക്കുകയും റിംഗ് ബണ്ടുകൾ കെട്ടുകയും ചെയ്യുക.
8. ഫാംറോഡുകൾ നിർമ്മിച്ച് എല്ലാപാടശേഖരങ്ങളുമായി ബന്ധിപ്പിക്കുക.
9. കരപാടങ്ങൾക്ക് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
10. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ കാലം തെറ്റിച്ച് തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന കൃഷിനാശം ഒഴിവാക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.
11. ഉല്പാദക ബോണസ്സ് കാർഷികചെലവുമായി ബന്ധപ്പെടുത്തി വർദ്ധിപ്പിച്ച് നൽകുക.
12. പുറംബണ്ടിന്റെ വാർഷിക അറ്റകുറ്റപണികൾ ചെയ്യുന്നതിനാവശ്യമായി തുക അനുവദിക്കുക.
13. നിലവിലുള്ള അനിവാര്യ സമ്പ്രദായം പുനഃർ നിർണയം ചെയ്ത് ലളിത വൽക്കരിക്കയും വിള ഇൻഷ്വറൻസു സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുക.
14. എല്ലാവിധ കൃഷി വായ്പകൾക്കും പലിശ സബ്സിഡി അനുവദിക്കുക.
15. പഞ്ചായത്തിന് ഒന്നിലധികം രപദേശങ്ങളിൽ ഡമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിക്കുക.

തെങ്ങുകൃഷി

കല്പ വൃക്ഷമായ തെങ്ങ് കേരളത്തിന്റെ മുഖ മുദ്ര ആയിരുന്നു. തെങ്ങിന്റെ എല്ലാ ഭാഗങ്ങളും ഉപയോഗപ്രദമാണ് . എന്നാൽ ഇന്ന് രോഗഗ്രസ്ഥ ങ്ങളായ , വിളവ് തീരെ ലഭി ക്കാത്ത തെങ്ങുകളുടെ കാഴ്ച വളരെ ശോചനീയമാണ് . തെ ങ്ങുകളെ വേണ്ടവിധത്തിൽ പരി ചരിച്ചാൽ മറ്റേത് കൃഷിയേക്കാൾ ആദായകരമായ ഒന്നാണന്ന് മനസിലാക്കാം . നീണ്ടൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ ഭൂമിശാസത്രപരമായ സ്വഭാവം തെങ്ങുകൃഷിക്ക് അനുയോജ്യ മാണ് . വളരെക്കാലം മുമ്പേത ന്നെ ഈപ്രദേശത്ത് പ്രധാന വൃക്ഷ വിളയിൽ കര കൃഷി വിള യും തെങ്ങ് തന്നെയായിരുന്നു. പടിഞ്ഞാറു വശം വടക്കൻ കുട്ട നാട്ടിൽപ്പെട്ട പാടശേഖരങ്ങൾ (നെൽ- വയലുകൾ) വയൽക്കര യോടു ചേർന്ന പ്രദേശങ്ങൾ , പ്രധാനമായും തെങ്ങിൻ തോപ്പു കളായിരുന്നു. കൂടാതെ വട ക്കും കിഴക്കും കരപ്പാടങ്ങളുണ്ട് അവയുടെ സമീപപ്രദേശങ്ങ ളിലും തെങ്ങുകൃഷി വ്യാപകമാ യിട്ടുണ്ടായിരുന്നു . ഈ പ്രദേശ ത്തെ ആളുകളുടെ പ്രധാന ആദായമാർഗ്ഗം നാളികേരവും നെല്ലുമായിരുന്നു. എന്നാൽ തെങ്ങിന് രോഗബാധ ആരംഭിച്ച തോടെ തെങ്ങുകൃഷിയുടെ പ്രാ മുഖ്യം നഷ്ടപ്പെട്ടു. ശരാശരി 50 നാളികേരം കിട്ടിയിരുന്ന സ്ഥാ നത്ത് ഇപ്പോൾ ഉല്പാദനം 10-ൽ താഴെയാണ്. സ്വാഭാവികമായി തെങ്ങുകൃഷി തുടരാനോ വ്യാ പിപ്പിക്കാനോ കർഷകർ തയ്യാ റാകുന്നില്ല. ഇത് പൊതുവെ യുള്ള സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചു. ഇതി നൊരറുതി വരുത്താൻ തെങ്ങു കൃഷിയെ പ്രോൽസാഹിപ്പിച്ചേ തീരൂ.

ഈ പഞ്ചായത്തിൽ തെങ്ങുകൃഷി ചെയ്യുന്ന തടങ്ങ ളെ മൂന്ന് മേഖലകളായി തിരി ക്കാം. (1) പുഞ്ചപ്പാടങ്ങളുടെ പുറംബണ്ടുകളിലും മറ്റ് തുരു ത്തുകളിലും ഏറ്റവും താണ സ് ഥലങ്ങളാണിവ. കളിമൺ പ്രധാ നമായിട്ടുള്ള മണ്ണാണിവിടെ. ലവണാംശം ഭിന്നതോതിൽ അട ങ്ങിയിരിക്കുന്നു. സമീപത്ത് വെ ള്ളം ഉള്ളതിനാൽ ഈർപ്പത്തി ന്റെ കാര്യത്തിൽ ബുദ്ധിമുട്ടില്ല. പടിഞ്ഞാറുകടലിൽ നിന്നും വരുന്ന കാറ്റ് അനുകൂല ഘടക

നീണ്ടൂർ ഗ്രാമ പഞ്ചായത്ത് വികസന രേഖ

മാണ്.തന്മൂലം കർഷകർക്കും താല്പര്യമുണ്ട്. (2) വയലുകളോട് ചേർന്നുള്ള സാമാന്യം നിരപ്പായ സ്ഥലങ്ങൾ - ചെളികലർന്ന പശിമരാശി മണ്ണാണ്.വേനൽകാലത്ത് ഈർപ്പം കുറയുന്നതിനാൽ ഉൽപാദനത്തെ സാരമായി ബാധിക്കുന്നു. (3) മറ്റ് സ്ഥലങ്ങൾ- കുന്നുകളും താഴ്വാരങ്ങളുമായി (നിമ്നോന്നതഭാവാമുള്ള) കിടക്കുന്ന ഈ പ്രദേശത്ത് പലയിടങ്ങളിലും തെങ്ങുണ്ട്. കരഭൂമി കുറവായിതിനാൽ പലർക്കും കുറഞ്ഞ വിസ്തൃതിയേയുള്ളു. അതുകൊണ്ട് തെങ്ങിൻ തോപ്പുകൾ എന്നുപറയത്തക്ക കൃഷിയിടങ്ങൾ നമ്മുടെ പഞ്ചായത്തിലില്ല. വീട്ടുവളപ്പുകളിൽ കുറെ തെങ്ങുകളുണ്ട്. തെങ്ങ് യാതൊരു വിധമായ തണലും സഹിക്കാത്ത വൃക്ഷമായതിനാൽ ഇതര പല വൃക്ഷങ്ങളുടെയിടയിൽ (മാവ്, പ്ലാവ്) മത്സരിക്കേണ്ടി വരുന്നു.

പ്രശ്നങ്ങൾ.

പ്രധാന പ്രശ്നം രോഗവും കീടബാധയുമാണ്. വേര് ചീയൽ രോഗം ഏറെ വ്യാപകമല്ല. മണ്ടപ്പുഴു (ചെമ്പൻ ചെല്ലി)ശല്യമാണ് നാശം വിതക്കുന്നത്. കാലാകാലങ്ങളിൽ തെങ്ങിന്റെ തലഭാഗം കളകൾ നീക്കി തെളിച്ച് കൂമ്പിൽ ഉപ്പും ചാരവും ചേർത്ത മിശ്രിതം ഇടുന്ന പതിവ് പണ്ടുണ്ടായിരുന്നു. അക്കാലത്ത് തെങ്ങുകൾ നന്നായി വളരുകയും കായ്ഫലം മെച്ചമായി ലഭിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ അത്തരം ശുശ്രൂഷയ്ക്ക് പണിക്കാരെ കിട്ടാനില്ല. ആണ്ടിൽ രണ്ടുതവണയെങ്കിലും എല്ലാതെങ്ങുകളുടെയും തലപ്പ് തെളിച്ച് ഉപ്പും ചാരവും ചേർത്ത മിശ്രിതം, വേപ്പിൻ പിണ്ണാക്ക്, മരോട്ടിക്കുരു ചതച്ചത് അഥവാ മരോട്ടിപിണ്ണാക്ക് എന്നിവയിൽ ഏതെങ്കിലും ഇട്ടുകൊടുത്താൽ മങ്ങപ്പുഴുവിനെ യന്ത്രിക്കാനും എലിശല്യം കുറയ്ക്കാനും കഴിയും. ഇതിന് പഞ്ചായത്ത് തലത്തിൽ കൃമീകരണം ഉണ്ടാകണം.

രോഗങ്ങളൊ കീടബാധയൊ ഉൽപാദനക്ഷമത നഷ്ടപ്പെട്ട തെങ്ങുകൾ വെട്ടിമാറ്റിപകരം പുതിയവ നടുന്നതിനാവശ്യമായ പ്രേരണയും പ്രോത്സാഹനവും നൽകിയാൽ കുറെ പേരെങ്കിലും അതിനുതയ്യാറാകും.

ഏതാണ്ട് ഒരു നൂറ്റാണ്ടിലധികമായി ഈ പ്രദേശങ്ങളിൽ തെങ്ങ് കൃഷി വ്യാപകമാണ്. തന്മൂലം മണ്ണിലെ പോഷകങ്ങൾ വിശിഷ്യാ സൂക്ഷ്മ മൂലകങ്ങൾ കുറഞ്ഞിട്ടുണ്ട്. കാരണം മണ്ണിന്റെ ഘടനയിലും മാറ്റം സംഭവിച്ചുകാണും. ശക്തിയായ മഴയുള്ള പ്രദേശമാകയാൽ, മഗ്നീഷ്യം, കാൽസ്യം മുതലായ സൂക്ഷ്മ മൂലകങ്ങൾ വെള്ളത്തിൽ അലിഞ്ഞ് നഷ്ടപ്പെട്ടിട്ടുണ്ട്. ഈ കുറവ് പരിഹരിച്ച് മണ്ണിനെ സംപുഷ്ടമാക്കുന്നതിന് പരിപാടികൾ ആവശ്യമാണ്. ജൈവപദാർത്ഥങ്ങൾ വിശിഷ്യ പച്ചിലകൾ ധാരാളം മണ്ണിൽ ചേർത്തുകൊടുക്കണം. മണ്ണ് പരിശോധിച്ച് P.H. അറിഞ്ഞ് അതനുസരിച്ച് രകമീകരിക്കണം. കൂടാതെ വെള്ളം പെട്ടെന്ന് ഒഴുകി പോകാതെ അതാതിടങ്ങളിൽ മണ്ണിൽ ഊർന്നിറങ്ങുന്നതിന് മണ്ണ് സംരക്ഷണ പരിപാടികൾ നടപ്പാക്കണം.

വേനലിൽ ഈർപ്പം നിലനിർത്താൻ കഴിവുള്ള ഘടനയല്ല ഈ പ്രദേശത്തെ മണ്ണിനുള്ളത്.

പ്രത്യേകിച്ചും ജനുവരി 15 മുതൽ ഉയർന്ന പ്രദേശങ്ങളിൽ വരൾച്ച അനുഭവപ്പെടും . ജനുവരി ആദ്യം മുതൽ ജൂൺ ആദ്യം വർഷകാലം ആരംഭിക്കുന്നതുവരെ ജലസേചനം നൽകിയാൽ തെങ്ങുകൾ നന്നായി വളരുക

പട്ടിക.

ആകെ തെങ്ങുകളുടെ എണ്ണം	75545
രോഗം പ്രായം എന്നിവയാൽ ഉൽപാദന ക്ഷമത നഷ്ടപ്പെട്ടവ	7554
കായ്ക്കാത്ത ചെറു തെങ്ങുകൾക്ക് പരിചരണം ആവശ്യമുള്ളവ	15208
പകരം വെയ്ക്കാൻ ആവശ്യമുള്ളവ	5288
പുതുതായി വെയ്ക്കാൻ ആവശ്യമായ തെങ്ങിൻ തൈകൾ	26000
പാടശേഖര ബണ്ടുകളിൽ	35000
പുരയിടങ്ങളിൽ	40545

യും ഉല്പാദനക്ഷമത വർദ്ധിക്കുകയും ചെയ്യും . തെങ്ങൊന്നിന് ശരാശരി 50 നിരക്കിൽ എത്തിയില്ലെങ്കിലും 40 ൽ കുറയാത്ത നിരക്കിൽ ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയും . ഏതാനും കേരസംരക്ഷണ സമിതികൾ നിലവിലുണ്ട് . പക്ഷേ പല കാരണങ്ങളാൽ ജലസേചനം വേണ്ടത്ര വിജയിക്കുന്നില്ല . ഈ സ്ഥിതിക്ക് മാറ്റം വരുത്തി രകമമായ ജലസേചനം ഉറപ്പാക്കണം.

തത്വദീക്ഷയില്ലാത്ത രാസവളപ്രയോഗം ഒരു പരിധിവരെ ഇന്നത്തെ ഈ അവസ്ഥക്ക് കാരണമായിട്ടുണ്ട്. ജൈവവളങ്ങൾ , കക്കാ മുതലായവ ചേർത്ത് മണ്ണിന്റെ നഷ്ടപ്പെട്ട വീര്യം വീണ്ടെടുക്കണം. ജൈവവളങ്ങളുടെ ദൗർലഭ്യം അവ കൃഷിയിടങ്ങളിൽ എത്തിക്കാനുള്ള ഭാരിച്ച ചെലവും കർഷകർക്ക് താങ്ങാവുന്നതിലധികമാണ് . അതിനുള്ള മതിയായ സഹായം നൽകിയെ തീരൂ.

തെങ്ങു കൃഷി പരാജയമാണെന്ന കാരണത്താൽ തുണ്ടു ഭൂമികളിൽ പോലും റബ്ബർ കൃഷി ചെയ്യാനുള്ള വ്യഗ്രതയാണ് കാണപ്പെടുന്നത് . റബ്ബർ ഒരു ഏകവിളയാണ് . മറ്റുസസ്യങ്ങളെ നിലനിൽക്കാൻ അനുവദിക്കാത്ത സ്വഭാവമുണ്ട് . തന്മൂലും വീട്ടുവളപ്പിൽ പച്ചക്കറികൾ , ഔഷധ സസ്യങ്ങൾ , എന്നിവ വളർത്താൻ കഴിയാതെ വരുന്നു . പല ചെടികളുടെയും വംശനാശത്തിന് ഇത് കാരണമാകുന്നു. എല്ലാറ്റിനും മാർക്കറ്റിനെ ആശ്രയിക്കേണ്ട ഉപഭോക്തൃസംസ്കാരം വളർന്നു വരുന്നു.

മേൽ വിവരിച്ച പശ്ചാത്തലത്തിൽ തെങ്ങുകൾ കൃഷിക്കാവശ്യമായ പ്രേരണയും പ്രോൽസാഹവും നൽകേണ്ടത് കാലികപ്രധാന്യം ഉള്ള ഒരാവശ്യം ആണന്ന് സിദ്ധിക്കുന്നു . അതിലേക്ക് താഴെ പറയുന്ന സാദ്ധ്യതകൾ ചൂണ്ടിക്കാണിച്ചു കൊള്ളുന്നു.

സാദ്ധ്യതകൾ.

1. ഉൽപാദനക്ഷമത കുറവായ വൃക്ഷങ്ങൾ വെട്ടിമാറ്റി നല്ലയിനും തെങ്ങിൻ തൈകൾ നടുന്നതിന് പ്രേരണയും പ്രോൽസാഹനവും (ധനസഹായം പ്പെടെ) നൽകുക.
2. ആണ്ടിൽ രണ്ടു തവണയെങ്കിലും ഓരോ തെങ്ങിന്റെയും തലപ്പ് തെളിച്ച് ഉപ്പും ചാരവും ചേർത്ത മിശ്രിതം മരോട്ടിക്കുരു അഥവാ പിണ്ണാക്ക് , വേപ്പിൻ പിണ്ണാക്ക് ഇവയിലേതെങ്കിലും ഒന്ന് കൂമ്പിൽ ഇടുക.

കവിളുകളിൽ മണൽ ഇടുന്നത് കൊമ്പൻ ചെല്ലിയെ നിയന്ത്രിക്കാൻ നല്ലതാണ് .

3. മഴവെള്ളം നഷ്ടപ്പെടാതെ ഊർന്നിറങ്ങി ഭൂഗർഭജലവിതാനത്തെ പുഷ്ടി പ്പെടുത്തക്ക വിധം മണ്ണ് സംരക്ഷണ പദ്ധതി നടപ്പാക്കുക .
4. പരമ്പരാഗതപരിചരണ രീതി പുനഃക്രമീകരിച്ച് കാലാവസ്ഥയിലും പരിസ്ഥിതലയിലും വന്ന മാറ്റങ്ങൾക്ക് അനുസരിച്ച് പരിഷ്കരിക്കുക
5. പഞ്ചായത്തിന്റെ ഭൂപ്രകൃതി കണക്കിലെടുത്ത് വിവിധ മേഖലകളായി തിരിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി തെങ്ങുകൾക്ക് ജലസേചനം ഉറപ്പാക്കുക.
6. ജൈവപ്രധാനമായ വളങ്ങൾക്ക് മുൻഗണന നൽകുന്നതിന് കർഷകരെ പ്രേരിപ്പിക്കുകയും ആയതിനു വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക.
7. പുറം വരമ്പുകൾ ബണ്ടുകളാക്കി പണിതിട്ടില്ലാത്ത പാടങ്ങളുടെ വരമ്പുകൾ ബണ്ടുകളാക്കുകയും അവിടെ എല്ലാം തെങ്ങുകൃഷിചെയ്യാൻ പ്രോൽസാഹിപ്പിക്കുക. അങ്ങനെ ചെയ്താൽ തെങ്ങുകളുടെ എണ്ണം 25 ശതമാനത്തിലതികം വർദ്ധിപ്പിക്കാനും കഴിയും. തെങ്ങുകൃഷി വ്യാപിപ്പിക്കാൻ ഉതകുന്ന ഇതുവരെ തെങ്ങുകൃഷി ചെയ്തിട്ടില്ലാത്ത സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്. പരാജയ ഭീതിമൂലം ഭൂഉടമകൾ ഒരുമ്പെടുന്നില്ല. ഇത്തരം പ്രദേശങ്ങൾ കണ്ടുപിടിച്ച് പ്രത്യേകം കൈകാര്യം ചെയ്യേണ്ടതുണ്ട്. നടീലിനും ജലസേചനത്തിനും പരിചരണങ്ങൾക്കും സാങ്കേതിക ഉപദേശവും സാമ്പത്തിക സഹായവും നൽകിയാൽ ഈ പഞ്ചായത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കേര പ്രതാപം വീണ്ടെടുക്കുവാൻ കഴിയും.
8. വിദഗ്ധമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് വാർഡ് തലത്തിൽ കര സമിതികൾ രൂപികരി ക്കുക.

റബ്ബർ കൃഷി

ലഭ്യമായ കണക്കുകൾ പ്രകാരം 295 ഹെക്ടറിൽ റബ്ബർ കൃഷിയുള്ളതായി കാണുന്നു . ഇപ്പോഴത്തെ സ്ഥിതി വെച്ചാണെങ്കിൽ റബ്ബർ കൃഷി ചെയ്യാത്ത ഒരു പ്രദേശവും നമ്മുടെ പഞ്ചായത്തിലില്ല . ചെറിയ തുണ്ടു ഭൂമികൾ പോലും റബ്ബർ കൈയടക്കിയിരിക്കുന്നു . ഇതൊരു ഏകവിളയാണന്ന യാഥാർദ്ധ്യം പലരും വിസ്മയിച്ചു പോകുന്നു . ഈർപ്പം കൂടുതൽ വലിച്ചെടുക്കുന്നതു മൂലം ജലക്ഷാമത്തിന് ഹേതുവായിത്തീരുന്നു . മറ്റുയാതൊരു വിധ ഇടവിളകളും വളരാൻ സാദ്ധ്യതയില്ലതാനും . ഇപ്പോൾ ഇവിടെ മൂന്ന് റബ്ബർ ഉൽപാദക സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട് . ഉൽപാദനവും ഉല്പദക ക്ഷമതയും മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടെ കുറവാണ് . കൂടുതൽ ഭൂമി കൈവശമുള്ളവരും മറ്റു കൃഷികളൊന്നും ചെയ്യാൻ കഴിയാത്ത സ്ഥലങ്ങളിലും റബ്ബർ കൃഷി ചെയ്യുന്നതിനു മാത്രം കർഷകർ തയ്യാറാകണം . റബ്ബർ കൃഷിയിടങ്ങളിലെ ഇടമരങ്ങളുടെ വർദ്ധനവും ശരിയായ പരിചരണക്കുറവും ഉല്പദക ക്ഷമതയെ കാര്യമായി ബാധിക്കുന്നു .

പ്രശ്നങ്ങൾ.

1. തറവില നിശ്ചയച്ചതിന്റെ അപര്യാപ്തത .
2. ടാപ്പിംഗ് തൊഴിലാളികളുടെ അഭാവം .
3 . ഉല്പാദ സംഘങ്ങളുടെ പ്രവർത്തന മാദ്യം .
4. ഉപകരണങ്ങൾക്ക് ലഭിക്കുന്ന സബ്സിഡിയുടെ അപര്യാപ്തത.
5 . റബ്ബർ അധിഷ്ടിത വ്യവസായ സംരംഭങ്ങളുടെ കുറവ് .
6 . ശാസ്ത്രീയ കൃഷിരീതിയിലും പരിചരണത്തിലുമുള്ള പരിജ്ഞാനക്കുറവും വിമുഖതയും.

കൂടുതൽ ഭൂമി കൈവശമുള്ളവരും മറ്റു കൃഷികളൊന്നും ചെയ്യാൻ കഴിയാത്ത സ്ഥലങ്ങളിലും റബ്ബർ കൃഷി ചെയ്യുന്നതിനു മാത്രം കർഷകർ തയ്യാറാകണം . റബ്ബർ കൃഷിയിടങ്ങളിലെ ഇടമരങ്ങളുടെ വർദ്ധനവും ശരിയായ പരിചരണക്കുറവും ഉല്പദക ക്ഷമതയെ കാര്യമായി ബാധിക്കുന്നു .

സാദ്ധ്യതകൾ.

1 . വർദ്ധിച്ചു വരുന്ന കൃഷിചിലവിന് ആനുപാതികമായി റബ്ബറിന്റെ തറവില പുതുക്കി നിശ്ചയിക്കുക .
2 . റബ്ബർ ബോർഡ് നൽകിവരുന്ന ടാപ്പിംഗ് പരിശീലനപരിപാടി പ്രയോജപ്പെടുത്തി , ആവശ്യത്തിന് അനുസരണമായി തൊഴിലാളികളെ ലഭ്യമാക്കുക .
3 . ഉല്പാദക സംഘങ്ങളുടെ രപവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കർഷകർക്കുകൂടുതൽ പ്രയോജനവും ലാഭവും കിട്ടുന്ന മാർഗ്ഗത്തെ പറ്റി അധികൃതരുമായി ആലോചിച്ച് ചെയ്യുക.
4 . കർഷകർക്ക് വേണ്ട ഉപകരണങ്ങൾക്ക് നൽകിവരുന്ന സബ്സിഡി ഉയർത്തുന്നതിന് ബോർഡിൽ സമ്മർദ്ദം ചെലുത്തുക .
5 . റബ്ബർ ഉപയോഗിച്ചുള്ള വിവിധയിനം ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുകിട വ്യവസായസംരംഭങ്ങൾ ആരംഭിക്കന്നതിന് പ്രേരണയും സഹായവും നൽകുക.
6 . റബ്ബർ കൃഷി ശാസ്ത്രീയമായി ചെയ്യുന്നതിനും പരിചരണത്തിനുള്ള പരിജ്ഞാനക്കുറവും വിമുഖതയും കാരണം കൊണ്ടുണ്ടാകുന്ന ഉല്പാദനമാന്ദ്യം പരിഹരിക്കുന്നതിന് വേണ്ട ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക .

കുരുമുളക് കൃഷി

നല്ല നിലയിൽ കുരുമുളക് കൃഷി നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു . ഇതൊരു പ്രധാന വരുമാനമാർഗവുമായിരുന്നു . റബ്ബറിന്റെ രംഗപ്രവേശവും കുരുമുളക് കൊടിയ്ക്ക് പെട്ടെന്നുണ്ടായ ദ്രുതവാട്ടംപോലുള്ള രോഗവും കാരണം ഭൂരിപക്ഷം കുടുംബങ്ങളിൽ നിന്നും ഈ കൃഷി അപ്രത്യക്ഷമായിരിക്കുന്നു . തോട്ടങ്ങളായി കൃഷിയിടങ്ങളുണ്ടായിരുന്നെങ്കിലും ഇന്നത് തീരെ ഇല്ലാതായിക്കുന്നു . കുറെ കുടുംബങ്ങളിൽ പത്തിരുപത് കി. രഗാം കുരുമുളക് വില്ക്കാൻ കഴിയുന്നുണ്ട് . കുരുമുളകിന് അനുയോജ്യമായ മണ്ണാണ് ഇവിടുള്ളത്. കുരുമുളക് കൃഷി പ്രോൽസാഹിപ്പിക്കൻ കൃഷിവകുപ്പ് മുൻകൈയ്യെടുത്ത് ഈയിടെ ഒരു സമിതി രൂപവൽക്കരിച്ചു. അതിന്റെ പ്രവർത്തനം തൃപ്തികരമായി പുരോഗമിക്കുന്നു. കൂടുതൽ ആളുകൾ ഈ കൃഷി ചെയ്ത് തങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ തയ്യാറാകണം ആയതിനുതകുന്ന ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയും വേണം.

റബ്ബറിന്റെ രംഗപ്രവേശവും കുരുമുളക് കൊടിയ്ക്ക് പെട്ടെന്നുണ്ടായ ദ്രുതവാട്ടംപോലുള്ള രോഗവും കാരണം ഭൂരിപക്ഷം കുടുംബങ്ങളിൽ നിന്നും ഈ കൃഷി പ്രത്യക്ഷമായിരിക്കുന്നു. തോട്ടങ്ങളായി കൃഷിയിടങ്ങളുണ്ടായിരുന്നെങ്കിലും ഇന്നത് തീരെ ഇല്ലാതായിക്കുന്നു .

പ്രശ്നങ്ങൾ.

1. ചെറിയ - ചെറിയ തുണ്ടു ഭൂമികളിൽ പോലും റബ്ബർ കൃഷിനടത്തുന്നതിനാൽ സൂര്യപ്രകാശം ലഭിക്കുന്നില്ല .
2. രോഗം മൂലം കൊടികൾ മുഴുവനായും നശിക്കുന്നു .
3. പുതിയ തലമുറക്ക് കുരുമുളക് പരിചരണം അറിയില്ല.
4. ആവശ്യത്തിനുള്ള ജലം ലഭ്യമല്ല .

സാദ്ധ്യതകൾ.

1. നാമമാത്ര ഭൂമിയുള്ളവരെ റബ്ബർ കൃഷി ചെയ്യുന്നത് നിരുൽസാഹപ്പെടുത്തി കുരുമുളക് കൃഷി വ്യാപകമാക്കാൻ പ്രേരിപ്പിക്കുക .

2. രോഗപ്രതിരോധ നടപടികൾ യഥാസമയം സ്വീകരിച്ച് ചെടികളെ സംരക്ഷിക്കുക.

3. ശാസ്ത്രീയമായ രീതിയിൽ കുരുമുളക് കൃഷി ചെയ്യുന്നതിന് കർഷകരെയും പുതിയ തലമുറയെയും ബോധവൽക്കരിക്കുന്നതിനുള്ള നടപടി ഉണ്ടാവുക .

4. വേനൽക്കാലത്ത് ചെടികളെസംരക്ഷിക്കുന്നതിന് ജലസേചന സൗകര്യം ലഭ്യമാക്കുക .

5. മേൽത്തരം കുരുമുളക് വള്ളികൾ ലഭ്യമാക്കുക.

6. ശാസ്ത്രീയ വളപ്രയോഗത്തിനുള്ള ധനസഹായം ഉണ്ടാവണം .

പച്ചക്കറി കൃഷി

ജനങ്ങളുടെ ആരോഗ്യത്തേയും സാമ്പത്തിക വശത്തെയും കാര്യമായി ബാധിക്കുന്ന ഒരു മേഖലയെന്നനിലക്ക് പച്ചക്കറികൃഷി അധികപ്രാധാന്യം അർഹിക്കുന്നു . അയൽ സംസ്ഥാനങ്ങൾ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളെയാണ് നാം നമ്മുടെ ആവശ്യത്തിനായി ആശ്രയിക്കുന്നത് . ഈ ഉൽപന്നങ്ങൾ ഇവിടെ വിറ്റഴിക്കുന്നതിനുവേണ്ടി കേടുവരാതിരിക്കാൻ അമിതമായ കീടനാശിനി പ്രയോഗവും വിളവർദ്ധനക്കായിഅമിത രാസവളപ്രയോഗം മൂലം നമ്മുടെ ആരോഗ്യത്തെയും അനിയന്ത്രമായ വില വർദ്ധന നമ്മുടെ സാമ്പത്തികനിലയേയും പ്രതികൂലമായി ബാധിക്കുന്നണ്ട് ആയതിനാൽ ഗുണമേന്മയുള്ള പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.

> *ജലലഭ്യതക്കുറവും സ്വന്തമായുള്ള ഭൂമിയുടെ വലിപ്പക്കുറവുമുള്ള പഞ്ചായത്തായതുകൊണ്ടും ഓരോ വീട്ടിലും ആവശ്യമുള്ള പച്ചക്കറിഉല്പാദനം എന്ന പരിപാടി പ്രായേഗികമായി നടക്കാൻ ബുദ്ധിമുട്ടുള്ളതായിചൂണ്ടിക്കാണിക്കുന്നു .*

ഈ പഞ്ചായത്തിലെ കരപ്പാട പ്രദേശങ്ങളുള്ള ഓണം തുരുത്ത്, കറുമണ്ണൂർ, നീണ്ടൂർ കൈപ്പുഴയുടെ കിഴക്കൻ പ്രദേശങ്ങിലായി വാണിജ്യാടിസ്ഥാത്തിൽ തന്നെ പച്ചക്കറി കൃഷി ചെയ്തു വരുന്നുണ്ട് . തൊഴിൽ രഹിതരായ ചെറുപ്പക്കാർ തുടങ്ങി പാരമ്പര്യമായി പച്ചക്കറി കൃഷി നടത്തുന്ന പഴയ തലമുറയിൽ പെട്ടവർ വരെ ഈ കൂട്ടത്തിലുണ്ട് . ജീവിതത്തിലെ മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള ഇവർ ഏതാണ്ട് 150 നും 200 നും ഇടയ്ക്കുണ്ട് . ഇവർ ധ്വാന ശീലരും സ്ഥിരോൽസാഹികളുമാണ് ഇവരിൽ ഭൂരിപക്ഷത്തിനും നാളിതുവരെ യാതൊരവിധ ധനസഹായമോ പ്രോൽസാഹനമോ സർക്കാരിൽ നിന്ന് ലഭിക്കുന്നില്ല . സർക്കാരിന്റെ പലപദ്ധതികളും രാഷ്ട്രീയതിപ്രസരം കൊണ്ടും മറ്റു സങ്കുചിത താല്പര്യം കൊണ്ടും മറ്റ് പലരും തട്ടിയെടുക്കുന്ന രപവണതയും ഉണ്ട് . ഇവർ രണ്ടും മൂന്നും പേർ കൂടി പാട്ടത്തിന് കരപ്പാടങ്ങൾ മറ്റങ്ങൾ വിളവും ൂര്യപ്രകാശവും ലഭിക്കുന്ന പ്രദേശങ്ങൾ വാടകക്കെടുത്തും സ്വന്തം ഭൂമിയിലും കൃഷി ചെയ്തുവരുന്നു. ഏത്തവാഴ , പാവൽ , പടവലം , പയർ , വഴുതന , ചീര , കോവൽ തുടങ്ങിയവയാണ് പ്രധാന ഇനങ്ങൾ . അത്യുല്പാദനശേഷിയുള്ള വിത്തിനിങ്ങൾ സമീപ പ്രദേശങ്ങളിൽ നിന്നും സംഭരിച്ചും സ്വന്തമായി ഉൽപാദിപ്പിച്ചും കൃഷി ചെയ്തു വരുന്നു. സർക്കാരിന്റെ വിവിധ കിറ്റു പദ്ധതികളോട് ഈ കൃഷിക്കാർക്ക് വെറുപ്പാണെന്ന് തോന്നുന്നു . ഇതിനു മുടക്കുന്ന തുക യഥാർത്ഥ കർഷകർക്ക് കൊടുത്താൽ വിപ്ലവകരമായ മാറ്റ മാണ് ഈ രംഗത്ത് ഉണ്ടാക്കാൻ കഴിയുന്നത് . അടുക്കളതോട്ടങ്ങളും ചെറിയ കൃഷിരീതികളും അപൂർവ്വമായി വീട്ടുവളപ്പിൽ കാണുന്നു. ചീനി ,പയർ, മത്തൻ, വെണ്ട , ചീര തുടങ്ങിയ വിളകൾ കാണുന്നുണ്ട് . ജലലഭ്യതക്കുറവും സ്വന്തമായുള്ള ഭൂമിയുടെ വലിപ്പക്കുറവുമുള്ള പഞ്ചായത്തായതുകൊണ്ടും ഓരോ വീട്ടിലും ആവശ്യമുള്ള പച്ചക്കറിഉല്പാദനം എന്ന പരിപാടി പ്രായേഗികമായി നടക്കാൻ ബുദ്ധിമുട്ടുള്ളതായിചൂണ്ടിക്കാ

ണിക്കുന്നു .

പ്രധാന പ്രശ്നങ്ങൾ

1. ജലസേചനത്തെ ആശ്രയിച്ചാണ് എല്ലാ വിളകളും പ്ലാൻ ചെയ്യുന്നത്

2. ജനുവരി - ഫെബ്രുവരി മാസത്തോടെ കരപ്പാടങ്ങൾ വരണ്ട് ഉണങ്ങുന്നതു മൂലം ഫെബ്രുവരി മാസത്തിനു ശേഷം കൃഷി നടക്കുന്നില്ല .

3. വെള്ളക്കെട്ട് ഉണ്ടാകുന്നതു മൂലം ജൂൺ - ജൂലൈ മാസങ്ങളിലും കൃഷി നടക്കുന്നില്ല

4. സാമ്പത്തിക പിന്നോക്ക അവസ്ഥ മൂലം പ്രാഥമിക സൗകര്യങ്ങൾ സംഘടിപ്പിക്കുന്നതിനും അമിത പലിശ കൊടുത്ത് കടം വാങ്ങേണ്ടി വരുന്നു .

5. പ്രതികൂലകാലാവസ്ഥ മൂലം പരിഹാരം കണാനാവാത്ത കീടങ്ങൾ വരെയുണ്ടായി ഉല്പാദനം പെട്ടെന്ന് നിലയ്ക്കുന്നു

6 . നനച്ച് മാത്രം കൃഷിചെയ്യുന്ന ഏത്തവാഴകൾ മാർച്ചമുതൽ ജൂൺ വരെ സംരക്ഷിക്കുവാൻ കഴിയുന്നില്ല .

7. കൃഷി നാശം സംഭവിച്ച കർഷകർക്കു യാതൊരുവിധ ധനസഹായവും ലഭിക്കാറില്ല .

8. കാലവർഷത്തോടനുബന്ധിച്ചുണ്ടാകുന്ന വെള്ളപ്പൊക്കത്തിലും കാറ്റിലും ഏത്തവാഴ കൃഷി നശിച്ചാൽ സഹായധനമായി ചെറിയൊരുതുകയാണ് ലഭിക്കുന്നത് .

സാദ്ധ്യതകൾ

1. അടിയന്തര ജലസേചനം സാദ്ധ്യമാക്കാൻ തരത്തിൽ കരപ്പാടങ്ങളിലേക്കുള്ള നീർച്ചാലുകൾ വീതികൂട്ടിയും ആഴം വർദ്ധിപ്പിച്ചും ജല സ്രോതസ്സ് ഉറപ്പ് വരുത്തുക

2. ഉറവകൾ നിലക്കുന്നതിനുമുമ്പ് ജല സാമീപ്യം ഉറപ്പുവരുന്ന ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായും സ്ഥാപിച്ച് നീർച്ചാലുകളിൽ വെള്ളമെത്തിക്കുകയും സ്പിൽവെകളും പമ്പുകളും സ്ഥാപിക്കുക.

3. നീർചാലുകൾക്ക് അവസാനം ചെരുവുകൾ തുടങ്ങുന്നതിനു മുമ്പ് ഓടകൾ കുഴിച്ച് ജലസംരക്ഷണം ഉറപ്പുവരുത്തുക.

4. മുഴുവൻ സമയ പച്ചക്കറി കൃഷിക്കാർക്ക് പമ്പു സെറ്റുകൾ (ഡീസൽ, പെടോ്രൾ) സ്പെയർ മുതലായവയ്ക്കുള്ള തുക മുഴുവൻ സബ്സിഡി കൊടുക്കുക.

5. പ്രവർത്തന മൂലധന സഹായമായും കൃഷിയുപകരണങ്ങൾ വാങ്ങാനായി സബ്സിഡിയോടുകൂടി വായ്പാ സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

6. പച്ചക്കറി കൃഷിക്കാരുടെ ചെറു ഗ്രൂപ്പുകൾക്ക് ജലസേചന സൗകര്യത്തിനായി ആവശ്യമായി തുകയിൽ 50 ശതമാനം സബ്സിഡി DRDA, K.H.D.P ഏജൻസികളിൽ നിന്നും വാങ്ങി നിൽക്കുക. ആയതിന്റെ സുതാര്യത ഉറപ്പുവരുത്തുക.
7. പ്രധാന ഇൻപുട്ടുകളായ വിത്ത്, വളം, കീടനാശിനികൾക്കു വില കുറയ്ക്കുക.

8. മാർക്കറ്റിംഗ് നടത്തുവാൻ ഇന്ന് ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് നൽകുന്ന ട്രാക്ടറുകൾ, ട്രില്ലറുകൾ മുതലായവ പച്ചക്കറി കൃഷി ഗ്രൂപ്പുകൾക്കു കൂടി നൽകുക.

9. ഒരു തവണയെങ്കിലും പച്ചക്കറി കൃഷി നടത്തത്തക്ക രീതിയിൽ കരപ്പാടങ്ങളിൽ ഒരു പൂവ് കൃഷി സമ്പ്രദായം നടപ്പിലാക്കുക.

പുരയിടക്കൃഷി

മൊത്തം പുരയിട ഭൂവിസ്ത്രതിയുടെ 5 ശതമാനം പുരയിടക്കൃഷി ശാസ്ത്രീയമായി നടത്തുന്നതിന് അനുയോജ്യമായ പ്രദേശങ്ങളാണ് . 6 മാസം മഴയും 6 മാസം വരൾച്ചയും മൂലം പുരയിങ്ങളെല്ലാം ഉഷ്ണമേഖലാ പ്രദശേങ്ങൾ പോലെ വരണ്ടുണങ്ങിക്കിടക്കുന്നു . സ്ഥല ജല മാനേജ്മെന്റ് ഉറപ്പാക്കിയില്ലാതെ ഈ മേഖലയെ രക്ഷപ്പെടുത്താനാവില്ല . സസ്യാവരണം ഈ പ്രദേശങ്ങളിൽ തീരെയില്ലാതെ മണ്ണ് എളുപ്പം ഉണങ്ങുകയും മണ്ണൊലിപ്പു മൂലം കല്ല് തെളിയുകയും ഫല ഭൂയിഷ്ടത കുറഞ്ഞു വരുന്നതും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ് . വാഴ , കപ്പ , ചേന , ചേമ്പ് , കാച്ചിൽ , കിഴങ്ങ് തുടങ്ങിയവിളകൾ മിക്കപുരയിടങ്ങളിലും കൃഷി ചെയ്യുന്നുണ്ട് . ഏപ്രിൽ മെയ് മാസങ്ങളിൽ ആണ് കൃഷിയിറക്കുന്നത് . റബ്ബറിന്റെ മേൽക്കൈ വർദ്ധിച്ചുവരുന്നതോടുകൂടി കപ്പയും വാഴയും എല്ലാ പുരയുടങ്ങളിൽ നിന്നും അപ്രത്യക്ഷമായി . കഴിഞ്ഞ 10 വർഷമായി ഈ രീതി തകൃതിയായി നടന്നതുനിമിത്തം ചേന പോലും കൃഷിചെയ്യുന്നവർ പഞ്ചായത്തിൽ 1/5 ആയി ചുരുങ്ങിയിട്ടുണ്ട് . പലവാഴകൾ മിക്കവീടുകളിലും നാമാവശേഷമായിക്കൊണ്ടിരിക്കയാണ് . 10 സെന്റ് ഉള്ളവർ പോലും റബ്ബർ കൃഷി ചെയ്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് .

ചില പ്രശ്നങ്ങൾ

1. പുരയിടങ്ങളിലെ കിണറുകൾ ജനുവരി - ഫെബ്രുവരിയോടെ 90 ശതമാനവും വറ്റി വരളുന്നു .

2. ബാക്കി 5 ശതമാനം മാർച്ച് ഏപ്രിൽ മാസങ്ങളിലും വറ്റി വരളുന്നു .

3. ചെറിയ പ്ലോട്ടുകളിൽ പോലും റബ്ബർ കൃഷി വ്യാപകമാകുന്നു.

4 . കിയികാദ്ധ്വാനത്തോട് വിരക്തി മനുഷ്യരിൽ വളരുന്നു . T.V ഇതിനൊരു കാരണമാണ് .

ജല സ്രോതസ്സ് കുന്നിൻ മുകളിൽ വരാവുന്ന വിധത്തിള്ള ഭൂപ്രകൃതിയുണ്ടെങ്കിലും ആയത് സാദ്ധ്യമാക്കുന്ന ജലസംരക്ഷണ പദ്ധതിയും ജലസേചനവും ഉറപ്പുവരുത്തി മേൽ സൂചിപ്പിച്ച പ്രശ്നം പരിഹരിക്കാവുന്നതാണ് . C.C.D.P പോലുള്ള Group Irigation ഓരോ വാർഡിലും നടപ്പിലാക്കണം . ഓരോ തോടുകളിലും തടയണകൾ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കാവുന്നതാണ് . എലികളെ നശിപ്പിക്കാൻ കലാകാലങ്ങളിൽ പഞ്ചായത്തിൽ നിന്നും കാമ്പയിനുകൾ സംഘടപ്പിക്കണം .

ജലസേചനം

നീണ്ടൂർ പഞ്ചായത്തിൽ പത്ത് വാർഡുകളിലായി 33 കൈത്തോടുകൾ ഏതാണ്ട് 12 :കി. മീറ്റർ നീളം വരും . എന്നാൽ ജലസേചനത്തിന് വളരെയധികം ഉപകരിക്കുന്ന ഈ തോടുകളിടെ ഇന്നത്തെസ് ഥിതി വളരെ ശോചനീയമാണ് . ഈ തോടുകളിൽ ഭൂരിഭാഗവും ഇരുവശങ്ങളും വ്യക്തികൾ കൈയ്യേറിയും ഉപയോഗ ശൂന്യമായ ചപ്പുചവറുകളും മറ്റ് മാലിന്യങ്ങൾ നിക്ഷേപിച്ചും പ്രയോജനരഹിതമായിട്ടുണ്ട് . ചിലസ്ഥലങ്ങളിൽ മണ്ണിടിഞ്ഞു വീണ് നികന്നിട്ടുമുണ്ട് . നീണ്ടൂർ പഞ്ചായത്തിന്റെ അതിർത്തി ചുറ്റി P.W.D ഇറിഗേഷൻ തോടുകൾക്ക് 11625 മീറ്റർ നീളമുണ്ട് . ഈ തോടുകളുടെയും മിക്ക ഭാഗങ്ങളും സ്വകാര്യ വ്യക്തികൾ കൈയടക്കിയിട്ടുണ്ട് . അതിരമ്പുഴയിൽ നിന്നാരംഭിക്കുന്ന് പ്രധാന തോട് നമ്മുടെ പഞ്ചായത്തിന്റെ കിഴക്ക് - തെക്ക് അതിരുകൾ കടന്ന് പടിഞ്ഞാറോട്ട് വന്നു വടക്കോട്ട് തിരിഞ്ഞ് ഏകദേശം മദ്ധ്യഭാഗത്തെത്തി വടക്കോട്ടും പടിഞ്ഞറോട്ടുമായി തിരിഞ്ഞ് പോകുന്നു പ്രസ്തുത തോട് ഈ പഞ്ചായത്തിന്റെ ഭൂരിഭാഗം വരുന്ന കൃഷിക്കും കൈത്തോടുകൾക്കും ആവശ്യ



മായ ജലസമ്പത്ത് നൽകുന്നു . നീണ്ടൂർ പഞ്ചായത്തിന്റെ പകുതിയിലധികം ഏക്കർ സ്ഥലത്ത് ജലസേചനത്തിനുള്ള സൗകര്യം ഇപ്പോൾ ലഭിക്കുന്നുണ്ട് . എന്നാൽ വേനൽക്കാലത്ത് തണ്ണീർമുക്കം ബണ്ട് തുറക്കുന്നതു മൂലം ഓരു ജലം ടി തോടുകളിൽ നിറയുന്നതിനാൽ അടുത്തവർഷകാലം വരെ വെള്ളം മോശമാകുന്നു . തെങ്ങുകൃഷിക്കുമാത്രം പ്രയോചനം ചെയ്യുന്ന ഈ ഉപ്പുവെള്ളം മറ്റ് കൃഷികൾക്കെല്ലാം ദോഷം ചെയ്യുന്നു .

കൂടാതെ കരിക്കുളം , കാരിമറ്റം , വേലൻകുളം , അരവിന്ദവേലിക്കുളം , ചാത്തക്കുളം , നരിച്ചിറക്കുളം , കള്ളിയടിക്കുളം , കണ്ണാടിക്കുളം , കൊറ്റംകോട്കുളം , കളരിക്കുളം , എന്നീ പഞ്ചായത്തുവക കുളങ്ങളും സ്വകാര്യവ്യക്തികളുടെ വക വിവധ ഭാഗത്തായി പാറമട പോലുള്ള 16 ഓളം ജല സ്രോതസ്സുകളുണ്ട് . ജലസേചനത്തിനായി കൃഷിഭവനിൽ നിന്നും കുഴിപ്പിച്ച 85 പൊതുകിണറുകൾ ചില വ്യക്തികൾ സ്വന്തമായി ഉപയോഗിക്കുന്നുണ്ട് . ഇത്രയൊക്കെ ജല സ്രോതസ്സുകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും വേനൽ ക്കാലത്ത് മിക്കതും വറ്റിവരണ്ടുപോകുന്നതുകാരണം കൃഷിക്ക് ആവശ്യമായ ജലം ലഭിക്കാത്ത അവസ്ഥയാണുള്ളത് . പഞ്ചായത്തിന്റെ

ഉയർന്ന പ്രദേശത്തേക്ക് വെള്ളം അടിച്ചുകയറ്റുന്ന C.C. D. P പോലുള്ള പദ്ധതികൾ മാത്രമാണ് വേനൽക്കാലകൃഷിക്ക് ആശാവഹമായിട്ടുള്ളത് . ആവശ്യമായ ജലസേചന സൗകര്യം ഉറപ്പുവരുത്തിയാൽ കരകൃഷിയടക്കമുള്ള കൃഷികളുടെ ഉൽപാദനം വർദ്ധിച്ച് സാമ്പത്തിക നേട്ടം കൈവരിക്കാനും കഴിയുമെന്ന യാഥാർത്ഥ്യം മുന്നിൽ കണ്ടുള്ള പ്രവർത്തനം അനിവാര്യമെന്നു ഒരു പഠനവും പ്രായോഗികപരിഹാര പദ്ധതികളും അനിവാര്യമാണ് .

പ്രശ്നങ്ങൾ

1 . പ്രധാനതോടുകളും കൈത്തോടുകളും കൈയ്യേറുന്ന പ്രവണത.

2. കൈത്തോടുകൾ മണ്ണിടിച്ചിൽ മൂലം നികന്നു വരുന്നു .

3. യഥാസമയം വേണ്ട സംരക്ഷണ ജോലികൾ ചെയ്യാത്തതിന്റെ അഭാവം .

4. പമ്പിംഗ് സൗകര്യങ്ങളുടെ അഭാ വം .

5. ജലസേചനത്തിന് തോടുകൾക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ചു വേണ്ട അവ ബോധം ഇല്ല.

6 .പൊതുക്കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രദ്ധക്കുറവ് .

സാദ്ധ്യതകൾ

1. പ്രധാന തോടുകളും കൈത്തോടുകളും വ്യക്തികൾ കയ്യേറുന്ന പ്രവണത കർശനമായി തടയുക .

2. മണ്ണിടിച്ചിൽ മൂലം ആഴം കുറഞ്ഞുവരുന്ന കൈത്തോടുകളുടെ വശങ്ങൾ കല്ലുകെട്ടിയും ആഴം വർദ്ധിപ്പിച്ചും കഴിയുന്നത്ര വീതികൂട്ടിയും ഉപയോഗപ്പെടുത്തുക .

3. കൈത്തോടുകൾ യഥാസമയം വേവണ്ടത്ര സംരക്ഷണ ജോലികൾ നടത്തി ഉപയോഗ്യമാക്കുക.

4 .ജലലഭ്യയുള്ള സ്ഥലങ്ങളിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ച് ഉയർന്ന പ്രദേശങ്ങളിൽ ടങ്ക് കെട്ടി ജലം ശേഖരിച്ച് പറമ്പ് നനക്കുന്നതിന് സൗകര്യം ഉണ്ടാക്കുക .

5. ജലസേചനത്തിന്റെയും ആയതിനു സഹായകമായിട്ടുള്ള തോടുകളുടെ ആവശ്യകതയെയും കുറിച്ച് ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക.

6. ഉപയോഗ ശൂന്യമായിക്കിടക്കുന്ന പൊതുക്കുളങ്ങൾ കല്ലു കെട്ടി ബലപ്പെടുത്തിയും; ആഴം കൂട്ടി നിർമ്മിച്ചു പമ്പുസെറ്റുകൾ സ്ഥാപിക്കുക

7. സ്വകാര്യവ്യക്തികളുടെ കൈവശത്തിലിരിക്കുന്ന ഉപയോഗശൂന്യമായതും അല്ലാത്തതും ആയ കുളങ്ങൾ കിണറുകൾ എന്നിവ ജലശേഖരണത്തുനുതകും വിധം സംരക്ഷിക്കുന്നതിനു വേണ്ട പ്രേരണ ചെലുത്തുക .

8. മൈനർ ഇറിഗേഷൻ പദ്ധതികൾ പഞ്ചായത്തിന്റെ അധീനതയിലാക്കുക .

9. പായലും കളകളും കയറി മൂടിക്കിടക്കുന്ന കൈത്തോടുകൾ സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തി ശുചീകരണം നടത്തുക.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

കേരളപിറവിക്കുശേഷം ഇന്നു വരെ ദേശീയാസൂത്രണപദ്ധതികളുടെ പൊതുവായ ചട്ടക്കൂടിനകത്തു നിന്നു കൊണ്ടുതന്നെ അനുവർദ്ധിച്ച വികസനതന്ത്രമാണ് നാം സ്വീകരിച്ച് പോന്നിരുന്നത്. പല രംഗങ്ങളിലും നമ്മുടെ സംസ്ഥാനം ഏറെ മുന്നിലുമാണ്. ജീവിത ഗുണനിലവാരത്തിന്റെ കാര്യത്തിൽ കേരളത്തെ യൂറോപ്പിലെ വികസിത രാജ്യങ്ങളോടാണ് താരതമ്യം ചെയ്യുന്നത്. സാമൂഹ്യനീതി കൈവരിക്കുക എന്ന ലക്ഷ്യത്തിലൂന്നിയായിരുന്നു നമ്മുടെ പ്രവർത്തനം.

ഇതു ചിത്രത്തിന്റെ ഒരു വശം മാത്രം. വികസനത്തിനനുസൃതമായി ഉൽപാദന രംഗങ്ങളിൽ വർദ്ധനവ് നേടാൻ കഴിഞ്ഞില്ല. തന്മൂലം വാർഷിക വരുമാന വളർച്ചാനിരക്ക് വളരെ നേരിയതായി. ഉല്പാദനരംഗങ്ങളിൽ ത്വരിതഗതിയിലുള്ള വികസനം വഴി നമ്മുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയണമെങ്കിൽ ഉൽപാദന മേഖലയിലെ വികസനത്തിന് ആക്കം കൂട്ടണം. ഉൽപാദനവും വരുമാനവും തൊഴിൽ സാദ്ധ്യതയും ഴിയുന്നത്ര വേഗതയിൽ വർദ്ധിപ്പിക്കുവാൻ കഴിയുന്ന ഒരു വികസന തന്ത്രമാണ് ഇന്നത്തെ ആവശ്യമെന്ന് ബോദ്ധ്യമായിക്കഴിഞ്ഞു. ജനകീയാസൂത്രണപദ്ധതി പ്രാവർത്തികമാക്കിയാ ഇത് സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കാം.

കാർഷിക
വ്യവസായിക രംഗങ്ങളിലൂടെ മാത്രം കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാനാവില്ല. ഈ സാഹചര്യത്തിൽ ഗ്രാമങ്ങളിലെ ചെറുതായാലും തൊഴിലും വർദ്ധിപ്പിക്കുന്നതിനുതകുന്ന മേഖലകൾ കണ്ടെത്തുക എന്ന വികസനതന്ത്രത്തിന് പ്രസക്തിയേറുന്നു.



കാർഷിക വ്യവസായിക രംഗങ്ങളിലൂടെ മാത്രം കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാനാവില്ല. ഈ സാഹചര്യത്തിൽ ഗ്രാമങ്ങളിലെ വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നുതിന് സഹായകരമായ മേഖലകൾ കണ്ടെത്തുക എന്ന വികസനതന്ത്രത്തിന് പ്രസക്തിയേറുന്നു.

നമ്മുടെ പഞ്ചായത്തിലെ 85% ആളുകളുടെ കൈവശഭൂമിയുടെ വിസ്തൃതി 25 സെന്റിൽ കൂടില്ല. 5 പേർക്ക് മാത്രമാണ് ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവർ. അൽപമായ ഭൂമി മാത്രമുള്ള മഹാഭൂരിപക്ഷം വരുന്ന കർഷകരുടെ വരുമാനവും തൊഴിലും വർദ്ധിപ്പിക്കുവാൻ സഹായിക്കുന്ന മേഖല യിലേക്ക് നമ്മുടെ രശദ്ധതിരിയണമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇക്കൂട്ടരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായാലെ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറുകയുള്ളു. ഇതിന് ഏറ്റവും അനുയോജ്യമായത് ക്ഷീരവികസനവും മൃഗസംരക്ഷണ വുമാണ്. ഗ്രാമീണ സമ്പത്ഘടന വളരെ വേഗം അഭിവൃദ്ധിപ്പെടുത്താൻ കഴിയുന്ന രംഗങ്ങളാണിവ.

കേരളത്തിൽ 48 ലക്ഷം ഗ്രാമീണ കർഷക ഭവനങ്ങൾ ഉണ്ടന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇതിന്റെ 30 ശതമാനം വരുന്ന 14.5 ലക്ഷവും പാലുല്പാദകരാണ്. 17 ലക്ഷം കന്നുകാലികളും 1.25 ലക്ഷം എരുമകളും കേരളത്തിൽ വളർത്തുന്നതായി ലാക്കുന്നു. 2000ത്തിലതികം സഹകരണ

സംഘങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. പട്ടണങ്ങളിൽ 160 ഗ്രഗാം എന്ന തോതിലും രഗാമങ്ങളിൽ 80 ഗ്രാം എന്ന തോതിലുമാണ് ഉപഭോഗം എന്ന് കാണുന്നു. സമീകൃതാഹാരമായ പാലിന്റെ ഉപഭോഗം ഗ്രാമീണ തലത്തിൽ വർദ്ധിപ്പിക്കേണ്ടതും ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ 3 ആനകളും സങ്കര വർഗത്തിൽപ്പെട്ട 1580 പശുക്കളും ഉല്പാദനശേഷി കുറഞ്ഞ 676 നാടൻ പശുക്കളും 5 എരുമകളുമുണ്ടെന്ന് സർവ്വെയിൽ കണ്ടു. നിരവധി വീടുകളിൽ കന്നുകാലിവളർത്തലില്ലെന്നു കൂടിപറയട്ടെ. പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളിലും പശുവളർത്താനുള്ള താല്പര്യം വളർത്തിയെടുക്കണം.

കന്നുകാലികൃഷിക്കാരിൽ അധികം പേർക്കും ശുചിത്വമുള്ള തൊഴുത്തില്ലാത്തതിനാൽ മാരകമായരോഗങ്ങൾ കന്നുകാലികൾക്ക് ഉണ്ടാകുന്നുണ്ട്. കാലിത്തൊഴുത്ത് നിർമ്മാണത്തിന് മതിയായ ധനസഹായം നൽകേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ കൈപ്പുഴ, നീണ്ടൂർ, കുറുമുള്ളൂർ, എന്നീ മേഖലകളിൽ മൂന്നു ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ ഗ്രാമ പഞ്ചായത്തിൽ ആകെ 2256 പശുക്കളുണ്ട്. അതിൽ 70 ശതമാനം സങ്കരവർഗത്തിൽപ്പെട്ടതും ബാക്കി നാടൻ ഇനങ്ങളുമാണ് . ഇവയെ കൂടാതെ 5 എരുമകളുമുണ്ട്. മേൽപറഞ്ഞ മൂന്ന് സഹകരണ സംഘങ്ങളിലായി 1995 - 96 വർഷം 161188 ലിറ്റർ പാൽ സംഭരിക്കയും 662048 പ്രാദേശികമായി വില്പന നടത്തുകയും 99139 ലിറ്റർ പാൽ ഡയറിയിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു.

> **നമ്മുടെ ഉൽപാദകർ നേരിടുന്ന വലിയ പ്രശ്നം കാലിത്തീറ്റയുടേതാണ്. മിതമായ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കാൻ സാധിക്കണം. ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റ കൊണ്ട് പ്രശ്ന പരിഹാരമാവില്ല. ഇതിന് പരിഹാരമായി നിർദ്ദേശിക്കാനുള്ളത് തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കയെന്നതാണ്.**

സംഘങ്ങൾ സംഭരിയ്ക്കുന്ന പാലിന് ശരാശരി ലിറ്റർ ഒന്നിന് 7.65 രൂപാ വിലയാകുന്നുണ്ട് : ഈ വിലയാണ് കൃഷിക്കാർക്ക് ലഭിക്കുന്നത്. ഈ വില തീരെ അപര്യാപ്തമാണ്. ഉല്പാദക ചെലവിന് അനുസൃതമായി വില ലഭിക്കേണ്ടത് ന്യായമായ ഒരാവശ്യമാണ്. ഇതിനു സംഘങ്ങളെ മാത്രം പഴിചാരേണ്ടതില്ല. സംഘങ്ങൾ ഡയറിയിലേക്ക് അയയ്ക്കുന്ന പാലിന് സംഭരണ വിലയിൽ നിന്നും 15 അഥവാ 20 പൈസ മാത്രമാണ് ലിറ്റർ ഒന്നിന് മാർജിനായിക്കിട്ടുന്നതെന്നു കൂടി ഓർക്കണം. ഈ സ്ഥിതിയിൽ ഉല്പാദകരുടെ ന്യായമായ താല്പര്യം സംരക്ഷിക്കുവാൻ സർക്കാരിനും മിൽമായ്ക്കും ബാദ്ധ്യതയുണ്ട്. സംഘങ്ങളിൽ സംഭരിയ്ക്കുന്ന പാലിന് ലിറ്റർ ഒന്നിന് ഒരു രൂപ കണക്കാക്കി ഇൻസെന്റീവ് കൊടുക്കണമെന്ന ഭിപ്രായത്തിനും ആവശ്യത്തിനു സ്രക്തി ഏറെയുണ്ട്.

രുചികരങ്ങളായ നിരവധി ഉൽപന്നങ്ങൾ പാലിൽ നിന്നും ഉല്പാദിപ്പിക്കാവുന്നതാണ്. പനീർ (ഛണ), മിൽക് കട്‌ലെറ്റ്, മിൽക് ചോക്ക്‌ലറ്റ്, പേഡ, രസഗുള, ഹൽവ എന്നിവ ഇവയിൽ ചിലത് മാത്രം . ശ്രദ്ധയോടും കരുതലോടും ശരിയായ നേതൃത്വത്തോടും കൂടി പ്രവർത്തിച്ചാൽ ത്രീകൾക്ക് തൊഴിൽ സാദ്ധ്യതയും വരുമാനവർദ്ധനവും ഉണ്ടാകുന്നു. കാലിവളർത്തൽ ഒരു ഉപതൊഴിലായോ മുഖ്യതൊഴിലായോ സ്വീകരിച്ച് തൊഴിലില്ലായ്മ പ്രശ്നവും പരിഹരിക്കാൻ സഹായിക്കുമെന്നു പറയേണ്ടതില്ലല്ലോ ?

ക്ഷീരവികസനം

വേണ്ടത്ര ശ്രദ്ധനൽകിയാൽ നമ്മുടെ നാട്ടിൽ ഏറ്റവും വലിയ വരുമാന സ്രോതസ്സായി മാറ്റാൻ കഴിയുന്ന രംഗമാണ് ക്ഷീരവികസനം. റബ്ബർ കൃഷിയിൽ നിന്നും 650 കോടി രൂപയാണ് പ്രതിവർഷവരുമാനമായി കണക്കായിട്ടുള്ളത്. നാളികേരത്തിൽ നിന്നും 950 കോടിയുമാണ്. അതേസമയം ക്ഷീരോല്പാദനത്തിലൂടെ 5,750 കോടി രൂപാ വരുമാനമുണ്ട്. 25.5 ടൺ പാൽ നാം ഇവിടെ ഉല്പാദിപ്പിക്കുന്നു. ഇനിയും ഉല്പാദനം വർദ്ധിപ്പിച്ച് വരുമാനം കൂട്ടേണ്ടതുണ്ട്. രപധാനമായും ഉൽപാദനക്ഷമത വർദ്ധിപ്പിച്ച് ഇത് സാദ്ധ്യമാക്കാവുന്നതാണ്. കേരളത്തിൽ ഏതാണ്ട് 70 ശതമാനം സങ്കരവർഗത്തിൽപ്പെടുന്ന പശുക്കളാണ്. ഇവയുടെ ശരാശരി ഉല്പാദനം 5 ലിറ്റർ ആണ്. അതെസമയം നാടൽ പശുക്കളുടേത് 1.6 ലിറ്ററു മാണ്. അതുകൊണ്ട് മുഴുവൻ പശുക്കളേയും സങ്കരവർഗ്ഗത്തിൽപ്പെട്ടവയാക്കി കഴിഞ്ഞാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

പശുവളർത്തൽ ഇന്നും നല്ലൊരു വിഭാഗത്തെ നയിക്കുന്നത് പരമ്പരാഗത ധാരണകളാണ്. നമ്മുടെ ഉൽപാദകർ നേരിടുന്ന വലിയ പ്രശ്നം കാലിത്തീറ്റയുടേതാണ്. മിതമായ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കാൻ സാധിക്കണം. ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റ കൊണ്ട് പ്രശ്നപരിഹാരമാവില്ല. ഇതിന് പരിഹാരമായി നിർദ്ദേശിക്കാനുള്ളത് തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കയെന്നതാണ്. നമ്മുടെ പഞ്ചായത്തിൽ തീറ്റപ്പുൽകൃഷി മിൽമയുടെയും ക്ഷീരവികസന വകുപ്പിന്റെയും സഹായത്തോടെ വിപുലമാക്കാൻ കഴിയണം. ക്ഷീര സഹകരണസംഘങ്ങൾ, രാഷ്ട്രീയ ബഹുജന സംഘടനകൾ, ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്ത നേതൃത്വമാണിതിന് ആവശ്യം. പുൽകൃഷി വികസനം ഗ്രാമതല സൂത്രണത്തിലെ ഒരു ഘടകമായിരിക്കണം. പോഷകമൂല്യം കൂടിയതും ഏറെനാൾ കരുതി വെയ്ക്കാവുന്നതുമായ സൈലേജ് നിർമ്മാണം വ്യാപകമാക്കി പഞ്ചായത്തിൽ രണ്ടുമൂന്നു ദ്രേങ്ങളിലായി ഏതാണ്ട് 150 ടൺ കാലിത്തീറ്റയും സൈലേജും ഉണ്ടാക്കുക ആയിരുക്കണം ലക്ഷ്യമാക്കേണ്ടത്.

മൃഗചികിത്സാ സൗകര്യം കുറെക്കൂടി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വെറ്റിനറി ഡോക്ടർ ആഴ്ചയിൽ ഒരു തവണ സംഘങ്ങളിൽ വന്ന് മൃഗങ്ങളെ പരിശോധിച്ച് സൗജന്യമായി മരുന്ന് നൽകുന്ന സംവിധാനം ഏറെ പ്രയോജനപ്പെടുമെന്നു കരുതുന്നു. സംഘം ജീവനക്കാരിൽ ഒരാൾക്ക് ഇൻസിമിനേഷൻ പരിശീലനം കൊടുക്കുന്നതും ഉചിതമായിരിക്കും. കൂടാതെ പുല്ലരി, വളം, മിനറൽസ്, ഫ്രൈവാക്സ് എന്നിവയും കുറഞ്ഞനിരക്കിൽ ലഭ്യമാക്കാൻ കഴിഞ്ഞാൽ ഉല്പാദകർക്ക് ഒരു പ്രോത്സാഹനമായിരിക്കും.

കൂടാതെ ഇറച്ചിക്കോഴി വളർത്തലും ആദായകരമായ ഒരു തൊഴിലാണ്. അങ്ങിങ്ങായി പഞ്ചായത്തിൽ ചില യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നെങ്കിലും ചിലത് നിർത്തലാക്കിയിട്ടുമുണ്ട്. രോഗബാധയും തൽസമയ ചികിത്സയുടെ അപര്യാപ്തതയുമാണിതിന് പ്രേരണയായിട്ടുള്ളതെന്ന് അറിയാൻ കഴിഞ്ഞു. ഈ രംഗത്തുള്ള പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ ഗ്രാമപഞ്ചായത്തിന് കഴിയണമെന്നാണ് പറയാനുള്ളത്. കോഴി വളർത്തലിനു പുറമെ പന്നി, മുയൽ എന്നീ മൃഗങ്ങളെ വ്യവസായീകാടിസ്ഥാനത്തിൽ വളർത്താനുള്ള ശ്രമം ആരംഭിക്കണം. മുട്ട, മാംസം, പാല്, എന്നീ ഭക്ഷ്യ പദാർത്ഥങ്ങൾ ഇപ്പോൾ നമ്മുടെ ആവശ്യത്തിന് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈ ഭക്ഷ്യവസ്തുക്കൾ ആവശ്യത്തിന് ഇവിടെ തന്നെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ വരുമാനവും തൊഴിൽവർദ്ധനയുമുണ്ടാകു മെന്നതിൽ രണ്ടു പക്ഷമുണ്ടാവില്ല.

നീണ്ടൂർ പഞ്ചായത്തിൽ ഏതാണ്ട് 10,000 ത്തോളം താറാവുകളെ കാർഷികാടി സ്ഥാനത്തിൽ വളർത്തുന്നുണ്ട്. കഴിഞ്ഞ ഒരു ദശാബ്ധക്കാലമായി മാരകമായ രോഗം ബാധിച്ച് കൂട്ടത്തോടെ താറാവുകൾ ചത്തുകൊണ്ടിരിക്കുന്ന ദുഃസ്ഥിതിയുമുണ്ട്. നാളിതുവരെ ഈ രോഗബാധക്ക്

ശാശ്വതപരിഹാരം കാണാൻ കഴിയാത്തതുതന്നെ വെറ്റിനറി ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യകത എടുത്തു കാണിക്കുന്നു. പല താറാവുകർഷകരും ഇന്ന് ഭീമമായ കടത്തിലും നിരാശയിലുമാണ്. ചിലർ ഈ തൊഴിൽ തന്നെ ഉപേക്ഷിച്ചിട്ടുമുണ്ടന്ന് സർവ്വെയിൽ മനസ്സിലായി. ഇതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കൂട്ടായ ആലോചനയിലൂടെ കണ്ടെത്തണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അറവുശാലകളുടെ നില ശോചനീയമാണ്. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴി വെയ്ക്കുന്ന ഈ ശാലകൾ നിലവിലുള്ള നിയമങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തണം.

രോഗമില്ലാത്ത ഉരുക്കളുടെ മാംസമാണ് വില്ക്കുന്നതെന്നും ഉറപ്പുവരുത്താൻ സംവിധാനം ഉണ്ടാക്കണം. മൃഗങ്ങൾക്ക് ഉണ്ടാകുന്നതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ മാരകമായ രോഗങ്ങളുടെ കാരണങ്ങളും ഉറവിടവും യഥാസമയത്ത് കണ്ടെത്തി നിവാരണമാർഗം നിർദ്ദേശിക്കുന്നതിനായി കേരളത്തിൽ ഒരു "വെറ്റിനറി ഗവേഷണ കേന്ദ്രം" സ്ഥാപിക്കുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കുന്നതിന് ഗവൺമെന്റിൽ ഏറെ സമ്മർദ്ദം ചെലുത്തണമെന്ന് താല്പര്യ പൂർവ്വം നിർദ്ദേശിച്ചു കൊള്ളട്ടെ.

ഈ പരിപാടികൾ പ്രാവർത്തിക മാക്കുന്നതിന് വിഭവശേഷി പ്രതിബന്ധമാവില്ല. ധനകാര്യ സ്ഥാപനങ്ങളുടെ സഹായം പരമാവധി ഉപയോജനപ്പെടുത്താവുന്നതാണ്.

തൊഴിലിനോടുള്ള പുതിയൊരു സമീപനവും രാഷ്ട്രീയ സംസ്കാരവും ഗ്രാമതലത്തിൽ തന്നെ വളർത്തിയെടുക്കണം. ഇതിനെല്ലാം അനുയോജ്യമായ മേഖലയാണ് ക്ഷീരവികസനവും മൃഗസംരക്ഷണവും. അടുത്ത പദ്ധതി കാലഘട്ടത്തിൽ ഈ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിച്ച് വിജയകരമായി നടപ്പാക്കിയാൽ നമ്മുടെ പ്രതിശീർഷ വരുമാനത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാകുമെന്ന് മാത്രമല്ല നമ്മുടെ പഞ്ചായത്തിൽ മാത്രം നൂറു കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഗ്രാമീണ തലത്തിൽ ഗുണപരമായ മാറ്റമുണ്ടാകുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതുമില്ല.

സർവ്വെ വേളയിൽ ഈ മേഖലയിൽ ഉയർന്നുകേട്ട ചില പ്രശ്നങ്ങളും അവയ്ക്കുള്ള നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. ഉൽപാദന ക്ഷമതയില്ലാത്ത ഉരുക്കളെ വളർത്തൽ.
2. തീറ്റപ്പുല്ല് കൃഷി ചെയ്യാനുള്ള ഭൂമിയുടെ കുറവ്.
3. കാലിത്തീറ്റയുടെ വിലവർദ്ധനവ്.
4. രോഗ നിർണയവും കാരണവും മുൻകൂട്ടി മനസ്സിലാക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത.
5. ഉൽപാദന ചെലവിന് ആനുപാതികമായുള്ള വില കിട്ടാത്ത സ്ഥിതി.
6. ചത്ത ഉരുക്കളെ വരെ വെട്ടി ഇറച്ചി കൊടുത്ത് ജനസമൂഹത്തെ ദ്രോഹിക്കുന്ന പ്രവണത ചിലരിൽ കാണുന്നു.
7. താറാവ്, കോഴി, കാട വളർത്തൽ പ്രോത്സാഹിക്കപ്പെടുന്നില്ല.

നിർദ്ദേശങ്ങൾ

1. കൃത്രിമ ബീജസങ്കലന സൗകര്യം വിപുലീകരിക്കുക.

2. പഞ്ചായത്തിൽ രണ്ട് വെറ്ററിനറി കേന്ദ്രം സ്ഥാപിക്കുക.

3. മൃഗ സംരക്ഷണത്തിലെ സാങ്കേതിക ജ്ഞാനം കർഷകരിൽ എത്തിക്കാൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക

4. പ്രസവങ്ങൾ തമ്മിലുള്ള കാലവിടവ് പരമാവധി കുറയ്ക്കുക.

5. രോഗ പ്രതിരോധ മുൻകരുതലുകൾ സ്വീകരിക്കുക.

6. അഞ്ച് പശുക്കളുള്ള ഒരു മോഡൽ ഡയറി യൂണിറ്റ് ആരംഭിക്കുന്നതിന് 2500 രൂപാ ധനസഹായം അനുവദിക്കുക.

7. കാലിത്തൊഴുത്ത് നിർമ്മാണത്തിന് 2500 രൂപാ സബ്സിഡിയായി നൽകുക.

8. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഒരു മിക്സിംഗ് യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുക.

9. പത്ത് സെന്റിൽ പുൽകൃഷി ചെയ്യുന്നതിന് 1000രൂപാ സബ്സിഡി നൽകുക.

10. കേരളത്തിൽ ഒരു "വെറ്ററിനറി ഗവേഷണ കേന്ദ്രം" സ്ഥാപിക്കുക.

11. കാഫ് സബ്സിഡി വർഷം തോറും കൊടുക്കുക.

12. ക്ഷീരസംഘം ജീവനക്കാരിൽ ഒരാൾക്ക് ഇൻസിമിനേഷൽ ട്രെയിനിംഗ് നൽകുക.

13. വെറ്ററിനറി ഡോക്ടർ ആഴ്ചയിൽ ഒരു പ്രാവശ്യം ക്ഷീരസംഘങ്ങളിൽ എത്തി കാലികളെ പരിശോധിച്ച് ചികിത്സിക്കുന്നതിനും മരുന്നുകൾ സൗജന്യമായി നൽകുകയും ചെയ്യുക.

14. പാലുല്പന്ന നിർമ്മാണത്തിനും വിപണനത്തിനും വേണ്ട സൗകര്യം ഉണ്ടാക്കുക.

15. അറവുശാലകളിൽ നിന്നും മാടുകളുടെ എല്ല് മുതലായ അവശിഷ്ടങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നത് ഇപ്പോൾ പൊതുജനങ്ങൾക്ക് ഉപദ്രവകര മായിരിക്കുന്നു. ആയത് ആരോഗ്യത്തെയും മറ്റും ബാധിക്കാത്ത വിധത്തിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

16. നെയ്യ് ഉരുക്കുന്നതുമൂലം അയൽവാസികൾക്ക് പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

17. പഞ്ചായത്തിൽ നിന്നും ഒന്നോ രണ്ടോ അറവുശാലകൾ ശാസ്ത്രീയ രീതിയിൽ നിർമ്മിക്കുക. ഒപ്പം നിലവിലുള്ള അറവുശാലകൾ കൂടുതൽ ശുചിത്വമു ള്ളതാക്കി മാറ്റുക. ഉപയോഗശൂന്യമായ മാലിന്യങ്ങൾ ദോഷകരമല്ലാത്ത വിധം മറവു ചെയ്യുക.

18. മാതൃക താറാവ്, കോഴി, കാട കൃഷി യൂണിറ്റുകൾ സ്ഥാപിക്കുക.

19. ബ്രോയിലർ ആടുകൃഷി യൂണിറ്റുകൾ സ്ഥാപിക്കുക.



നീണ്ടൂർ ഗ്രാമ പഞ്ചായത്ത് വികസനരേഖ

മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ പുഴകളും കുളങ്ങളും നെൽപാടങ്ങളും മാത്രമാണ് മത്സ്യ സ്രോതസ്സായി ഉള്ളത്. നീണ്ടൂർ പഞ്ചായത്തിൽ കൈകൈപ്പുഴ-നീണ്ടൂർ കരകളിലായി പരമ്പരാഗത മത്സ്യത്തൊഴിലാളികളായി ധീവര സമുദായം മൊത്തത്തിലും ഇതര സമുദായങ്ങളിൽപ്പെട്ട നിരവധി കുടുംബങ്ങളും ഉണ്ട്. 70 വർഷം മുമ്പ് ഒരു പരസ്പരസഹായ സഹകരണ സംഘം രൂപീകരിച്ച്, കൈപ്പുഴ നീണ്ടൂർ നിവാസികളായ ധീവരന്മാർ സ്ത്രീ പുരുഷ ഭേദമെന്യെ മത്സ്യതൊഴിലുമായി ബന്ധപ്പെട്ടു ജീവിച്ച് രപവർത്തിക്കുന്നവർ മുഴുവനും അംഗങ്ങളായിരുന്നു. വർഷങ്ങൾക്ക് ശേഷം കൈപ്പുഴയിലും നീണ്ടൂരിലുമായി രണ്ട് വിഭാഗങ്ങളായി ഇവർ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ഈ സംഘം രപവർത്തന രഹിതമാണ്. പുരുഷൻമാർ മത്സ്യബന്ധനത്തിലും സ്ത്രീകൾ വില്പനയിലും ഏർപ്പെട്ട് ജീവിച്ച് പോരുന്നു. മുൻകാലങ്ങളിൽ നമ്മുടെ പാടശേഖരങ്ങൾ ഒന്നിടവിട്ട വർഷങ്ങളിൽ മാത്രമെ കൃഷി ചെയ്തിരുന്നുള്ളു. തൻമൂലം വർഷം മുഴുവൻ മീൻ പിടുത്തത്തിന് സാഹചര്യം ഉണ്ടായിരുന്നു. വരാൽ, കാരി, ചേറുമീൻ, കരിമീൻ, പരൽ, തുടങ്ങിയ മത്സ്യങ്ങൾ ധാരാളമായി കിട്ടിക്കൊണ്ടിരുന്നു. പിന്നീട് ഇരുപ്പൂവ് കൃഷി ആരംഭിച്ചതോടെ വർഷത്തിൽ ഏതാനും മാസങ്ങൾ മാത്രമെ മത്സ്യം പിടിക്കാൻ കഴിഞ്ഞിരുന്നുള്ളു. നെൽക്കൃഷിക്കുള്ള കീടനാശിനി പ്രയോഗം മത്സ്യങ്ങളുടെ വംശനാശത്തിനും ഇടയാക്കി. കൂട്ടത്തോടെയുള്ള രോഗ ബാധയും കൂടിയായപ്പോൾ മത്സ്യബന്ധന മേഖലയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾ അർദ്ധപട്ടിണിയിലുമായി.



പെരുവല, വടിവല, എന്നീ വലകളാണ് മുൻകാലങ്ങളിൽ ഇവർ ഉപയോഗിച്ചിരുന്നത്. ഇവ ഉപയോഗിച്ചുള്ള മത്സ്യബന്ധനമാകട്ടെ, രാത്രികാലങ്ങളിലും, വർഷകാലങ്ങളിൽ പെരുവെള്ളത്തിലും, അല്ലാത്തപ്പോൾ മഞ്ഞും തണുപ്പും സഹിച്ചും ആണ് മീൻ പിടിച്ചിരുന്നത്. പരമ്പരാഗത തൊഴിലാളികളെ കൂടാതെ, തെറ്റാലി, കച്ചാവല, വീശുവല, എന്നിവ ഉപയോഗിച്ച് മറ്റു സമുദായങ്ങളിലുള്ളവരും മത്സ്യബന്ധനം നടത്തി ഉപജീവനം കഴിഞ്ഞ് വരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ മത്സ്യ തൊഴിലാളികളുടെ തൊഴിൽ തന്നെ ഭാഗീകമായി കുറഞ്ഞിരിക്കുന്നു എന്ന് പറയാം. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് തൊഴിൽ അവസരങ്ങൾ

സൃഷ്ടിക്കുന്നതിന് വേണ്ട പരിപാടികൾ സൂത്രണം ചെയ്യേണ്ടതാണ്. പഞ്ചായ ത്തിൽ മത്സ്യബന്ധനം മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ള വർക്ക് വേണ്ടി കൃഷിയിറ ക്കാത്ത പാടശേഖരങ്ങൾ കണ്ടുപിടിച്ച് അവിടെ വിവിധ തരം മത്സ്യങ്ങളെ വളർത്തി പിടിക്കാനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനേക്കുറിച്ച് ആലോചിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ഒന്നോ ഒന്നിലധികമോ മത്സ്യ മാർക്കറ്റ് ഉണ്ടാക്കുന്നതി നെക്കുറിച്ചും ആലോചന നടത്തണം. നാഷണൽ ഹൈവേയുടെ പണിപൂർത്തി യാക്കുന്ന തോടുകൂടി ആലപ്പുഴ, ചേർത്തല, എറണാകുളം, എന്നീ മേഖലകളിൽ നിന്നും പിടിക്കുന്ന മത്സ്യങ്ങളെ എളുപ്പത്തിൽ നീണ്ടൂരിൽ എത്തിക്കാനുള്ള സൗകര്യം ഏറെയുണ്ട് . ആവശ്യമുള്ള സാങ്കേതികജ്ഞാനം ഈ രംഗത്തെ വിദഗ്ധരോട് ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യാവു ന്നതാണ്. നമ്മുടെ നാടിന്റെ സമ്പദ്ഘടനയിലും മാറ്റമു ണ്ടാകുമെന്നാണ് കരുതുന്നത് .

മത്സ്യബന്ധന ഉപകരണങ്ങളുടെ വിലവർദ്ധനയും തൊഴിൽ അവസരങ്ങളുടെ ഗണ്യമായ കുറവും മൂലം പലരും ഈ രംഗത്ത് പണിയെടുക്കുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഏതു രീതിയിലുള്ള സഹായം ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം .

പഞ്ചായത്തിലെ 10 -ാം വാർഡിൽ തൊടുകയിൽ ശ്രീ ലൂക്കോസിന്റെ വക 12 ഏക്കർ വിസ്തൃതിയുള്ള സ്ഥലത്ത് മത്സ്യം വളർത്തി വരുന്നുണ്ട്. അടുത്തകാല ത്താണാരംഭിച്ച തെങ്കിലും ഇപ്പോൾ വരെ അഭിവൃദ്ധി യുള്ളതായി ഫാം ഉടമതന്നെ സർവ്വേ നടത്തിയവേളയിൽ പ്രസ്താവിച്ചത് പ്രാത്സാഹ ജനകമായി തോന്നുന്നു. മത്സ്യകൃഷിക്ക് തൽപരരായി വരുന്നവർക്ക് ആവശ്യമായ സഹായസഹകരണങ്ങളും ഉപദേശ നിർദേശങ്ങളും അനായാസം ലഭ്യമാക്കേണ്ട സാഹചര്യം സൃഷ്ടിക്കേ ണ്ടതുണ്ട്. ഇത്തരത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നതും ന്വരാഗത- ഉൾനാടൻ മത്സ്യതൊഴിലാളികൾ പിടി ക്കുന്നതുമായ മത്സ്യങ്ങളും വിറ്റഴിക്കുന്നതിന് പഞ്ചായ ത്തിൽ 2 - 3 കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതും ആലോ ചനാ വിഷയമാക്കാവു ന്നതാണ . മത്സ്യതൊഴിലാളി കളുടെ ക്ഷേമത്തോടൊപ്പം പഞ്ചായത്തിന്റെ സമ്പദ് ഘടനയിലും മാറ്റം ദൃശ്യമാകും വിധമുള്ള നടത്തിപ്പിന് ഉതകും വിധം പദ്ധതി വിഭാവനം ചെയ്യണമെന്നാണ് ഇതിലൂടെ ആവശ്യപ്പെടുന്നത്.

ചില നിർദ്ദേശങ്ങൾ .

(1)മത്സ്യബന്ധനോപകരണങ്ങൾ വള്ളം ഉൾപ്പെടെ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുക.

(2) മത്സ്യകൃഷിഫാമുകൾ സ്ഥാപിക്കുന്നത് രശദ്ധിക്കുക.

(3) മത്സ്യ വിപണനത്തിന് വേണ്ട കേന്ദ്രങ്ങൾ സ്ഥാപിക്കുക .

(4) കൃഷിയിറക്കാത്ത നില ങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കുക .

(5) മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കാൻ തക്കവിധം പഞ്ചായത്തിൽതന്നെ മത്സ്യ നേഴ്സറി സ്ഥാപിക്കുക .

സാങ്കേതിക ജ്ഞാനവും പരിശീലനവും ഇല്ലാതിരുന്ന കാലത്ത് ഉദ്ദേശം രണ്ട് വ്യാഴവട്ടക്കാലത്തിനു മുമ്പ് ഈ സഹകരണ സ്ഥാപന ത്തിന് മത്സ്യബന്ധന ത്തിനായി ഒരു ഫിഷിംഗ് ബോട്ട് നൽകിയത് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാ തിരുന്നതുകൊണ്ട് പ്രസ്തുത ബോട്ട് സർക്കാർ തിരികെ

ഏറ്റെടുക്കുകയും ചെയ്തു.

ചില പ്രശ്നങ്ങൾ

1.മത്സ്യതൊഴിലാളിക്കാവശ്യമുള്ള മത്സ്യ ബന്ധനോ പകരണങ്ങളുടെ അപര്യാപ്തത.

2. മത്സ്യകൃഷി ഫാമുകളുടെ അഭാവം .

3.മത്സ്യ വിപണനത്തിനുള്ള കേന്ദ്രങ്ങളില്ല.

4.കൃഷിയില്ലാത്ത നിലങ്ങളിൽ മത്സ്യ കൃഷിയ്ക്കുള്ള സാദ്ധ്യത ഉപയോഗ പ്പെടുത്തുന്നില്ല.

5. മത്സ്യകുഞ്ഞുങ്ങളെ ലഭി യ്ക്കാനുള്ള സാദ്ധ്യത പഞ്ചായത്തിലില്ല.

6. രോഗബാധ തടയുന്നതി നുള്ള ഫലപ്രദമായ നടപടി കളുടെ അഭാവം.

(6) തോടുകൾ കൈയ്യേറു ന്നതും പാടങ്ങൾ നികത്തു ന്നതും മത്സ്യ ബന്ധനത്തെ പ്രതികൂല മായി ബാധിക്കുന്ന ഒരു പ്രശ്നമാണ്. ആയതിനാൽ അത്തരം നടപടികൾ നിരുത്സാഹ പ്പെടുത്തണം .

(7) മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗബാധ തടയുന്നതിന് ആവശ്യമായ മാർഗങ്ങൾ ആരായേണ്ടതും നടപ്പിലാ ക്കേണ്ടതുമാണ്.



വ്യവസായം

അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച്, ഉല്പന്നങ്ങൾ പുതതായി സൃഷ്ടിക്കുന്ന പ്രകിയയാണ് വ്യവസായം. നമ്മുടെ പഞ്ചായത്തിന്റെ പ്രകൃതി, നസ്രാന്ദത എന്നിവ പരിശോധിച്ചാൽ ഇവിടെ വൻകിട വ്യവസായങ്ങൾക്കുള്ള സാദ്ധ്യത എറെ ഇല്ലെന്നുതന്നെ പറയാം.

കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ കാർഷീകോൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ ങ്ങൾക്കാണ് സാദ്ധ്യതയെന്നു കാണാം.

കേരളമാകെ പരമ്പരാഗത വ്യവസായങ്ങൾ ഉൾപ്പെടെയുള്ള വ്യവസായങ്ങൾ തകർന്നു കൊണ്ടിരിക്കുന്നത്. "വ്യവസായം എന്നായാലും പ്രശ്നമില്ല കിട്ടാവുന്നതെല്ലാം പോരട്ടെയെന്ന നിലപാടാണ് വ്യവസായ വൽക്കരണം. ഗ്രഹിക്കുന്ന മുഴുവൻ ജനങ്ങളും പറഞ്ഞുകേൾക്കുന്നത്. ഒരു പണ്ഡിതൻ സരസമായി മുമ്പൊരിക്കൽ ചൂണ്ടിക്കാണിച്ചതുപോലെ കഴുമര നിർമ്മാണ വ്യവസായമായാലും ശരി ഞങ്ങളുടെ നാടിനും വേണം ഒരെണ്ണം എന്ന അതിലെളിതമായ യുക്തിയാണ് നമ്മുടെ വ്യവസായം .

യന്ത്രസഹായം കൂടാതെ മനുഷ്യപ്രയത്നം കൊണ്ട് മ്രാതം ചെയ്യാവുന്ന ഓല മെടച്ചിൽ, പായ് നെയ്ത്ത്, ഫർണിച്ചർ നിർമ്മാണം എന്നീ കുടിൽ വ്യവസായങ്ങൾക്ക് അനുകൂലമാണ്. മറ്റൊന്ന് കയർ, കൈത്തറി, കരകൗശല വസ്തു നിർമ്മാണം അതായത് രൂപങ്ങൾ, ബിംബങ്ങൾ, എംബ്രോയിഡറി വേലകൾ എന്നീ പരമ്പരാഗത വ്യവസായങ്ങൾക്കും സാദ്ധ്യതയുണ്ട്. ഖാദി രഗാമ വ്യവസായത്തിൽപ്പെടുന്ന തീപ്പെട്ടി, സോപ്പ്, കടലാസ്സ്, തേൻ തുടങ്ങിയവയും തുടങ്ങാൻ അനുകൂല സാഹചര്യം ഉണ്ടെന്നു വിശ്വസിക്കാം. മേൽപറഞ്ഞ തരത്തിലുള്ള ഏതെങ്കിലും വ്യവസായങ്ങൾ ആരംഭിച്ച് തൊഴിലും വരുമാനവും വർദ്ധിപ്പിക്കാൻ



കഴിയുന്ന ഒരു സംസ്ക്കാരം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

ഭൂമി, കെട്ടിടം എന്നിവയ്ക്കുള്ള വിലക്കൂടുതൽ, ആവശ്യത്തിനു ള്ളതുകൊണ്ട് കിട്ടാനില്ലാത്ത അവസ്ഥ, വ്യവസായ സംസ്ക്കാരത്തിന്റെ അഭാവം ഇവയെല്ലാമാണ് ഇതിനു വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ. ഇതിനായി പഞ്ചായത്തു തലത്തിൽ തന്നെ മുൻകൈയ്യെടുത്ത് പ്രതിവിധി കണ്ടെത്തി വ്യവസായ സംരംഭകരെ പ്രോൽസാ ഹിപ്പിക്കുന്ന ഒരു സാഹചര്യം ഉണ്ടാവണം. സംരംഭകർക്ക് മുടക്കു മുതൽ കുറയ്ക്കുന്നതിനു സഹായിക്കണം. നമുക്ക് ലഭിക്കുന്ന റബ്ബറിന്റെ 10% മ്രാതമാണ് ഇവിടെ ഉപയോഗ പ്പെടുത്തുന്നത്. റബ്ബർ ഉപയോഗിച്ച് ചെരുപ്പ്, ഉറകൾ, ഇലാസ്റ്റിക് ത്രഡ്, ഗ്ലൗസ്, റബ്ബർ ബാന്റ്, പന്ത്, പശ, ഫോം തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കാ വുന്നതാണ്. അതുപോലെ തന്നെ മുഖ്യ കൃഷിയായ കേരോല്പന്നങ്ങളെ അടിസ്ഥാനമാക്കി ക്രൊപ, എണ്ണ, തെങ്ങിൻ തടി ഉപയോഗിച്ച് ഫർണിച്ചറുകളും മറ്റ് ഉരുപ്പടികളും, കയർ,കൗതുകവസ്തുക്കൾ, കയറ്റ്പായ്, ചവിട്ടുമെത്ത, ചകിരിചോറു കൊണ്ട് വളം എന്നിവയും വ്യവസായികമായി ആരംഭിക്കാവുന്നതാണ്. കൂടാതെ മുഖ്യവിളയായ നെല്ല് , കപ്പ , മലഞ്ചരക്കുകൾ എന്നിവയൊക്കെ പ്രയോജനപ്പെടുത്തി വ്യവസായങ്ങൾ ആരംഭിക്കുന്നതാണ് ഇതിനാവശ്യമുള്ള സാമ്പത്തിക ലഭ്യതയ്ക്കായി " ഒരു വ്യവസായ വികസന സഹകരണ ബാങ്ക് " ആരംഭിക്കേണ്ടതും ആവശ്യമാണ് . നിലവിൽ S.S.L.C പരീക്ഷ ഏഴുതിയ ഒരാൾക്ക് ഒരുലക്ഷം രൂപ വ്യവസായ വായ്പയായി P.M.R.Y (Prime Ministers Roscar Yogana) സ്കീം അനുസരിച്ച് ലഭ്യമാക്കുന്ന കാര്യം എടുത്തു പറയട്ടെ .

ജനസ്രാന്ദത കൂടിയ ഒരു പ്രദേശമാണ് നീണ്ടൂർ പഞ്ചായത്ത് . 5 അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിന്റെ ശരാശരി കൈവശഭൂമി 25 സെൻറിൽ അധികമില്ല . നമ്മുടെ നാട് വ്യവസായികമായി പിന്നോക്കം നിൽക്കുാനുള്ള ഒരു കാരണം അതിനുള്ള അനുകൂല സാഹചര്യം ഇല്ലായെന്നുള്ളതാണ്. കേരളമാകെ പരമ്പരാഗത വ്യവസായങ്ങൾ ഉൾപ്പെടെയുള്ള വ്യവസായങ്ങൾ തകർന്നു രിക്കുന്നത്. "വ്യവസായം എന്നാ യാലും രപശ്നമില്ല കിട്ടാവുന്നതെല്ലാം പോരട്ടെയെന്ന നിലപാടാണ് വ്യവസായ വൽക്കരണം. ഗ്രഹിക്കുന്ന മുഴുവൻ ജനങ്ങളും പറഞ്ഞുകേൾക്കുന്നത്. ഒരു പണ്ഡിതൻ സരസമായി മുമ്പൊരിക്കൽ ചൂണ്ടിക്കാണി ച്ചതുപോലെ കഴുമര നിർമ്മാണ വ്യവസായമായാലും ശരി ഞങ്ങളുടെ നാടിനും വേണം ഒരെണ്ണം എന്ന അതിലെളിതമായ യുക്തിയാണ് നമ്മുടെ വ്യവസായം .

ഏത് തരത്തിലുള്ള വ്യവസായമാണ് നമുക്കനുയോജ്യമെന്ന് ആലോചിക്കാതെ പഠിക്കാതെ ഇതിനുത്തരം പറയുക രപയാസമാണ് . എങ്കിലും നമ്മുക്ക് വേണ്ടത് നമ്മുടെ നാട്ടിലെ വിഭവങ്ങൾക്കും ജനങ്ങളുടെ ആവശ്യങ്ങൾക്കും താത്പര്യങ്ങൾക്കും അനുഗുണമായ നാട്ടിനു ചേർന്ന ഒരു വ്യവസായ വികസന പദ്ധതിയാണ് . ഇത്തരം ഒരു പഠിപേക്ഷ്യം കരുപ്പിടിപ്പിക്കേണ്ടിയിരിക്കുന്നു . ഇതിനു ശ്രമിക്കുന്നതിനു മുമ്പ് അതിനുള്ള സ്വാത്രന്ത്യത്തിന്റെ പരിമിതികളെക്കുറിച്ച് ാഗ്രതപ്പെടുത്തിക്കൊള്ളട്ടെ. ഗവൺമെന്റു കളുടെ നികുതി ഘടന ചില ലൈസൻസിംഗ് രരജിസ് ട്രേഷൻ നയം, ലക്ട്രിസിറ്റി ലഭ്യതക്കുള്ള ബുദ്ധിമുട്ട് , മൂലധനത്തിന്റെ അഭാവം ഇവയൊക്കെ നമ്മുടെ പഞ്ചായത്തിലും പലതരത്തിൽ സടന്ന പരിശമങ്ങളെ പിന്നോക പായിച്ചിട്ടുണ്ട് .

ആദ്യമായി ഈ പഞ്ചായത്തിൽ വ്യവസായ സംരംഭവുമായിസ കടന്നുവന്നത് വിജാകിരി, കുറ്റി , കൊളുത്ത് , ആണി മറ്റുവീട്ടു സാമഗ്രികൾ നിർമ്മിക്കുന്ന ഒരു S.S.I രജിസേറ്റഡ് കമ്പനിയായിരുന്നു.

ആദ്യമായി ഈ പഞ്ചായത്തിൽ വ്യവസായ സംരംഭവുമായി കടന്നുവന്നത് വിജാകിരി, കുറ്റി , കൊളുത്ത് , ആണി മറ്റുവീട്ടു സാമഗ്രികൾ നിർമ്മിക്കുന്ന ഒരു S.S.I രജിസേറ്റഡ് കമ്പനിയായിരുന്നു . അതോടൊപ്പം ചിലകൈത്തറി നെയ്ത്ത് യൂണിറ്റുകളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ചിരുന്നു . അവ പിന്നീട് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ അംഗത്വമെടുത്ത് വികസിക്കയും ക്ഷയിക്കുകയുംനശിക്കയും ചെയ്തിട്ടുണ്ട് . നൂല് കിട്ടാനില്ലയ്മ , വരുമാനക്കുറവ് , ചരക്കിനു പ്രിയക്കുറവ് ഒക്കെ ഇവയെ തളർത്തിയിട്ടുണ്ട്. അതോടൊപ്പം കൈത്തൊഴിൽ ശാലകളായി ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ തടി അറപ്പുമില്ലുകൾ ഏഴു നെല്ലു കുത്തു മില്ലുകൾ എന്നിവ പല സമയങ്ങിളിലായി ഉയർന്നു വന്നിട്ടുണ്ട് . പായ്ക്കിംഗ് കേയിസ്സു നിർമ്മാണം ഈ മില്ലുകളോടനുബന്ധിച്ച് വളർന്നു വരികയും ചെയ്തു . കുമ്മായ ചൂളകൾ പള്ളിത്താഴെയും പ്രാവട്ടത്തും സ്ഥാപിക്കയും പിന്നീട് പൂട്ടപ്പെടുകയും ചെയ്തു. ഇന്ന് സ്ഥായിയായി നിലനൽക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ വിരലിലെണ്ണാ വുന്നവ ാത്രമാണ്. രജിസ്റ്റർ ചെയ്തതാവട്ടെ വ്യവസായവകുപ്പിലെ കണക്കുകൾ പ്രകാരം നൂറിൽ പരം വരും . പക്ഷെ ഇവയെ അന്വേഷിച്ചുള്ള പഠനനടത്തം വെറും പാഴ് വേലയായി പരിണമിച്ചു . ഇന്ന് S.S.I രജിസറ്റ ട്രേഷനോടു കൂടി നമ്മുടെ നാട്ടിൽ രപവർത്തിക്കുന്ന യൂണിറ്റുകൾ താഴെ പറയുന്നവയാണ് .

1. സാമ്രാട്ട് റബ്ബേഴ്സ് (ഫോം , റബ്ബർ ബാൻറ്, കൈയ്യുറകൾ)

2. നീണ്ടൂർ സർവ്വീസ്സ് സഹകരണ ബാങ്ക് ഉടമസ്ഥതതയിലുള്ള നെല്ല് സംഭരണ സംസ്കരണ കേന്ദ്രം .

3. നീണ്ടൂർ സർവ്വീസ്സ് സഹകരണ ബാങ്ക് ഉടമസ്ഥതയിലുള്ള നാളി കേര സംഭരണ സംസ്കരണ കേന്ദ്രം .

4. തടി കൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന യന്ത്രവൽകൃത യൂണിറ്റുകൾ . നാലെണ്ണം പഞ്ചായത്തിന്റെ വിവിധ

ഭാഗങ്ങളിലുണ്ട് .

നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെതും സംരംഭങ്ങളുടെയും പട്ടിക ചുവടെ ചേർക്കുന്നു.

നമ്മുടെ നാട്ടിലെ മുഖ്യ കാർഷിക വിളയായ നെല്ലിന്റെ ഉൽപാദന തോതിനനുസൃതമായി സ്ഥാപിക്ക പ്പെട്ടിരിക്കുന്ന നീണ്ടൂർ സർവ്വീസ്സ് സഹകരണ ബാങ്ക് ഉടമസ്ഥതയിലുള്ള നെല്ല് സംഭരണ സംസ്കരണമാണ് ഈ നാട്ടിലെ എടുത്തുപറയാവുന്ന ഒരു വ്യവസായ ശാല . നാടിനു ചേർന്ന സാങ്കേതിക വിദ്യയുപയോഗിച്ച് നെല്ലു പുഴുക്കും ഉണക്കും അതിന്റെ സജീകരണ മുപയോഗിച്ച നെല്ലു കുത്തും ഇവിടെ ലാഭകരമായി നടന്നു വരുന്നു കർഷകർക്ക് ന്യായമായ വില രൊക്കമായി നൽകുന്നതോടൊപ്പം ഉപഭോഗിതാക്കൾക്ക് വില കുറച്ച് ഗുണമേന്മയുള്ള അരിയും നൽകിവരന്നു.

അതുപേലെ ഈ നാട്ടിലെ രണ്ടാമത്തെ മുഖ്യ നാണ്യവിളയായ നാളികേരവും നീണ്ടൂർ സർവ്വിസ്സ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നു. ഈ നാട്ടിലെ നാളികേരം തികയാതെ വരുന്നതുകൊണ്ട് സമീപസ്ഥലങ്ങളിൽ നിന്നും നാളികേരം സംഭരിച്ച് സംസ്കരിച്ച് വരുന്നു.

നൂറോളും കുടുംബങ്ങളിൽ വ്യവസായും പോലെ യാതൊരു രജിസ് ട്രേഷനുമില്ലാതെ ചെറുകിട പലഹാര നിർമ്മാണ യൂണിറ്റുകൾ വിജയകരമായും ലാഭകരമായും പ്രവർത്തിച്ചു വരുന്നു . ഇവരുണ്ടാക്കുന്ന വിവിധയിനം എണ്ണപലഹാരങ്ങൾ മറ്റു ജില്ലകളിലേക്കു വരെ കയറ്റി പോകുന്നുണ്ട് . നൂറുകണക്കിന് തൊഴിലാളികൾക്ക് പണിനൽകുന്ന ഈ സംരംഭം വളരെ ആകർഷകമായി ലാഭകരമായി മുന്നേറുന്നു.

പ്രധാന പ്രശ്നങ്ങൾ

1. മൂലധനത്തിന്റെ അഭാവം
2. സാങ്കേതിക പരിജ്ഞാനക്കുറവ് .
3. വ്യവസായത്തിന് അനുയോജ്യമായ സ്ഥലത്തിന്റെയും ജലത്തിന്റെയും അഭാവം.
4. ഇലകട്രിസിറ്റി കൂടുതൽ പവർ കിട്ടാനില്ല.
5. ആവശ്യമായ മാർഗനിർദ്ദേശങ്ങളും പരിശീലനങ്ങളും ലഭ്യമല്ല .
6. സംരംഭകർ മുന്നോട്ടു വരുന്നില്ല.
7. തൊഴിൽ പരിചയം ലഭിച്ച വനിതകൾക്ക് (ഉദാ: :തയ്യൽ) വ്യവസായികമായി നീങ്ങാൻ കഴിയുന്നില്ല.
8. മനുഷ്യ വിഭാഗം വേണ്ടുവോളമുണ്ടെങ്കിലും അനുകൂല സാഹചര്യമില്ല. (ഉദാ::കൈത്തൊഴിലുകാർ, പരമ്പരാഗതം)
9. അഭ്യസ്ഥ വിദ്യരായ മഹിളകൾ നേതൃത്വം കൊടുക്കുന്ന മഹിളാ സംഘടനകൾ രൂപപ്പെട്ടെങ്കിലും അവരെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ തക്കസാഹചര്യം ഇവർക്കില്ല.
10. മഹിളാ സംഘടനകൾ സ്ഥാപിച്ച ചില യൂണിറ്റുകൾ കൂടുതൽ കൂടുതൽ അദ്ധ്വാനിച്ചിട്ടും മൂലധനക്കുറവുകൊണ്ട് വളരുന്നില്ല.

സാദ്ധ്യതകളും പരിഹാര നിർദേശങ്ങളും.

1. നെല്ലിന്റെ ഉപോൽപ്പന്നങ്ങളായ ടൺ കണക്കിനു വൈക്കോൽ വ്യവസായികാടിസ്ഥാനത്തിലുള്ള ഉപയോഗം കണ്ടുപിടിക്കേണ്ടതാണ്.
2. മഹിളാ സംഘടനകളെ കൊണ്ട് വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച്, പലഹാര യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

3. നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ വ്യവസായ യൂണിറ്റിൽ നിന്നും പുറത്തു വരുന്ന ഉപോൽപ്പന്നങ്ങളായ തവിടും പിണ്ണാക്കും ഉപയോഗിച്ച് ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കാവുന്നതാണ്.
4. പച്ചപ്പുല്ലും, കാലത്തീറ്റയും ആവശ്യത്തിന്

ലഭ്യമാക്കി രണ്ട് മൂന്ന് വലിയ ഡയറി യൂണിറ്റുകൾ സ്ഥാപിച്ച് അനുബന്ധ പാലുല്പന്നങ്ങൾ നിർമ്മിക്കാവുന്നതാണ്.

5. റബ്ബർ ഉല്പാദക സംഘം സ്ഥാപിച്ച് ബലൂൺ, കൈയ്യുറ തുടങ്ങിയവ നിർമ്മിക്കാവുന്നതാണ്.

6. പഞ്ചായത്തതൃത്തിയിലുള്ള പാറമടകൾ കേന്ദ്രീകരിച്ച് ഉരുപ്പടി നിർമ്മാണം ആരംഭിക്കാവുന്നതാണ്.

7. കൈത്തറി വ്യവസായം പുനസംഘടിപ്പിച്ച് തൊഴിൽ മേഖല പുഷ്ടിപ്പെടുത്താ വുന്നതാണ്.

8. K.F.C., സിഡ്കെ മുതലായ സ്ഥാപനങ്ങൾക്ക് ഗവ: മുടക്കുന്ന തുക നേരിട്ട് പഞ്ചായത്തുകൾക്ക് കൈമാറി ഓരോ പഞ്ചായത്തിലും വ്യവസായങ്ങൾ കുരുപ്പിടിപ്പിക്കുക.

9. സിമൻറ് ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നത് കാര്യക്ഷമമാക്കുക.

10. പൊതു ഉടമയിൽ സ്ഥലം എടുക്കുക. തന്മൂലം സംരംഭകർക്ക് മുടക്കു മുതൽ കുറയുന്നു. ഇത് തവണകളായി തിരിച്ചു പിടിക്കുകയും ചെയ്യാം.

11. ഇവിടെയുള്ള പണം ഇവിടെ തന്നെ വിനിയോഗിക്കാൻ പ്രേരിപ്പിക്കുക.

12. ഉടമയക്കും തൊഴിലാളികൾക്കും സ്ഥാപനത്തോട് പ്രതിബദ്ധത ഉണ്ടായിരിക്കണം.

13. ഇന്നത്തെ വിദ്യഭ്യാസ സമ്പ്രദായം കാലാനുസൃതമായി പരിഷ്കരിച്ച്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ ഊന്നൽ നൽകണം.

14. വൈദ്യുതി, ഗതാഗതാസൗകര്യം, ശുദ്ധജല ലഭ്യത എന്നിവ ഉറപ്പുവരുത്തുക.

15. വ്യവസായ സംരംഭകർക്ക് വിവിധ ഏജൻസികളിൽ നിന്നും ലഭിക്കാവുന്ന ധനസഹായം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് മുൻ കൈയ്യെടുക്കുക.

16. വ്യവസായ സംരംഭകർക്ക് ആവശ്യം വേണ്ട ബോധവൽക്കരണവും പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് സൗകര്യം ഏർപ്പെടുത്തുക.

17. കേരളത്തിൽ ഒരു " വ്യവസായ വികസന സഹകരണ ബാങ്ക് " സ്ഥാപിക്കുന്നതിനും നടപടി ഉണ്ടാവണം.

ഗതാഗതം

ഗതാഗതം

നീണ്ടൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഗതാഗതമാർഗം റോഡാണ് . 50 വർഷങ്ങൾക്ക് മുമ്പ് ബോട്ട് സർവ്വീസ്സും കമ്പനി വള്ളവും ജലഗതാഗതത്തിന് ഉപയോഗിച്ചിരുന്നു. ഈ ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി ശോചനീയമാണ്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 111.454 കിലോമീറ്ററാണ് . ഇതിൽ 19.കി.മീറ്റർ P.W.D വക ടാർ റോഡാണ്. 12.446 കി. മീറ്റർ പഞ്ചായത്ത് ടാർ റോഡും ബാക്കിയുള്ളവ മൺ റോഡുമാണ്. റോഡുകളുടെ എണ്ണവും നീളവും മെച്ചപ്പെട്ടതാണെങ്കിലും സ്ഥിതി വളരെ മോശമാണ് . പഞ്ചായത്തിൽ 8.180 കി. മീറ്റർ നീളത്തിൽ വീതികുറഞ്ഞ നടവഴികളുമുണ്ട് . ജലഗതാഗതത്തെ ആശ്രയിക്കേണ്ട അവസ്ഥയില്ലെങ്കിലും ചെലവുകുറഞ്ഞ ഗതാഗതമാർഗ്ഗമെന്നനിലക്ക് ആലപ്പുഴ , തണ്ണീർമുക്കം , കണ്ണങ്കര , വൈക്കം തുടങ്ങിയ കായലോരപ്രദേശങ്ങളിലേക്ക് ബോട്ട് സർവ്വീസ്സ് നടത്തേണ്ടതാണ്. P.W.D. വക റോഡുകളിൽ ആവശ്യത്തിന് സ്വകര്യബസ്സുകൾ സർവ്വീസ്സ് നടത്തുന്നുണ്ടെങ്കിലും അതിരാവിലെയും രാത്രിയിലും യാത്രാക്ലേശം അനുഭവപ്പെടുന്ന സ്ഥിതിയാണുള്ളത് . ദേശസാൽകൃത റൂട്ടുകളായ കല്ലറ-കൈതക്കനാൽ റോഡും , ഏറ്റുമാനൂർ --കൈപ്പുഴ റോഡും ഇന്ന് സ്വകാര്യ ബസ്സുകളാണ് സർവ്വീസ്സ് നടത്തിക്കൊണ്ടിരിക്കുന്നത് . 3 വർഷം മുമ്പുവരെ ഈ റൂട്ടുകളിൽ K.S.R.T.C വക 7 ബസ്സുകൾ സർവ്വീസ്സ് നടത്തിയിരുന്നു. ഈ സർവീസ്സുകളുതയും ക്യാൻസൽ ചെയ്തതിനാൽ ഗ്രാതാക്ലേശം രൂക്ഷമാവുകയും സാമ്പത്തികനഷ്ടം ജനങ്ങൾക്ക് സംഭവിക്കുകയും ചെയ്യുന്നുണ്ട് . പഞ്ചായത്തിൽപ്പെട്ട ഓണം തുരുത്ത് പ്രദേശത്ത് ഗ്രാതാക്ലേശം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്

പരിഹരിക്കേണ്ടതാണ് . ഓണം തുരുത്തിൽ നിന്നും ഏറ്റുമാനൂർ വഴി കോട്ടയത്തേയ്ക്ക് ഒരു ബസ്സും കുറുമുള്ളൂർ നിന്നും ഏറ്റുമാനൂർ വഴി പാലായിലേയ്ക്കും കൈപ്പുഴ നിന്നും പ്രാവട്ട-ഏറ്റുമാനൂർ വഴി പാലായിലേക്കും ഓരോ K.S.R.T.C ബസ്സ് ഇപ്പോൾ സർവ്വീസ്സ് സടത്തുന്നുണ്ട്. എന്നാൽ കൈപ്പുഴയിൽ സ്റ്റേ ചെയ്യേണ്ട കൈപ്പുഴ - പാലാ ബസ്സ് അതൊഴിവാക്കിയിരിക്കുന്നതിനാൽ രാത്രിയിൽ ഏറ്റുമാനൂരിൽ നിന്നും കൈപ്പുഴക്കും അതിരാവിലെ കൈപ്പുഴയിൽ നിന്നും ഏറ്റുമാനൂരിലേക്കും രാത്ര ചെയ്യേണ്ടവർ ക്ലേശിക്കുന്നു. തന്മൂലം ഒട്ടോറിക്ഷ മുതലായ വാടക വണ്ടികളെ ആശ്രയിക്കേണ്ടിവരുന്നതുകൊണ്ട് സാമ്പത്തികനഷ്ടത്തിനും ഇടയാകുന്നുണ്ട്. ഈ ദേശസാൽകൃത റൂട്ടുകളിലെ K.S.R.T.C സർവ്വീസ്സുകൾ നിർത്തലാക്കിയതിനാൽ നാട്ടുകാർക്ക് അമർഷമുണ്ട് . സ്വകാര്യബസ്സുകൾ അനവധിയുണ്ടെങ്കിലും രാവിലെയും ഉച്ചക്കും, രാത്രിയിലും സടിപ്പുകൾ മുടക്കുന്നതുമൂലം യാത്രാദുരിതം അനുഭവപ്പെടുന്നുണ്ട് .

> ***P.W.D. വക റോഡുകളിൽ ആവശ്യത്തിന് സ്വകര്യ ബസ്സുകൾ സർവ്വീസ്സ് നടത്തുന്നുണ്ടെങ്കിലും അതിരാവിലെയും രാത്രിയിലും യാത്രാക്ലേശം അനുഭവപ്പെടുന്ന സ്ഥിതിയാണുള്ളത്. കല്ലറ കൈതക്കനാൽ റോഡും , ഏറ്റുമാനൂർ--കൈപ്പുഴ റോഡും ഇന്ന് സ്വകാര്യ ബസ്സുകളാണ് സർവ്വീസ്സ് നടത്തിക്കൊണ്ടിരിക്കുന്നത്.***

ബസ്സ്സ്റ്റാൻഡ് , ഓട്ടോറിക്ഷാസ്റ്റാൻഡ് , ടാക്സി സ്റ്റാൻഡ് തുടങ്ങിയവ നിലവിലില്ലാത്ത കവലകളാണ് . ഈ പഞ്ചായത്തിലുള്ളത് . പ്രധാന കവലകളായ പ്രാവട്ടം , ശാസ്താങ്കൽ , പള്ളിത്താഴെ എന്നിവിടങ്ങളിൽ ജനത്തിരക്കും ബിസിനസ്സും , ഏറെ വരുന്നത് ശ്രദ്ധേയമാണ് . മാർക്കറ്റും സ്റ്റാൻറഡുകളും ശാസ്ത്രീയമായി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. സമീപകാലത്തായി പ്രാവട്ടം ,പള്ളിത്താഴെ ,ശാസ്താങ്കൽ , വില്ലേജുഹാൾ തുടങ്ങിയ കവലകളിൽ വെയിറ്റിംഗ് ഷെഡുകൾ പല സംഘടനകളുടെയും നേതൃത്വത്തിൽ നിർമ്മിച്ചിട്ടുള്ളതും പൊതുജനങ്ങൾക്ക് പകാരപ്രദമാണ് . കഴിഞ്ഞ 5 വർഷം കൊണ്ട് റോഡുകളുടെ പുർനിമ്മാണ്രപവർത്തനങ്ങളിലും പുതിയ റോഡുകളിൽ പാലങ്ങളുടെ നിർമ്മാപ്രവർത്തനങ്ങളിലും സന്നദ്ധപവർത്തനം ഒരു മാതൃകയായിട്ടുണ്ട് . നീണ്ടൂർ മെഡിക്കൽകോളേജ് റോഡ് വീതികൂട്ടുന്ന യജ്ഞം ഫാ. തോമസ്സ് വിരുത്തിയിൽ (വഴിയച്ചൻ) അവർകളുടെ നേതൃത്വത്തിൽ നടന്നത് ആകർഷകമായിരുന്നു. കുറച്ചുപേർ ഇപ്പോഴും സ്ഥലം വട്ടുകൊടുക്കാതെ ഈ പ്രവർത്തങ്ങളോട് മുഖം തിരിച്ച് നിൽക്കുന്നുണ്ട് . കൃത്യമായ വീതിയുള്ള റോഡെന്ന പറയുവാൻ പ്രാവട്ടം ഏറ്റുമാനൂർ റോഡുമ്രാതമാണുള്ളത് . ഈയിടെ തറയിൽ കടവിൽനിന്നും മാക്കോത്തറ പാടശേഖരത്തിന്റെ മദ്ധ്യകൂടി കുറുകപ്പാത്തേയ്ക്ക് എത്തും വിധം 8 മീറ്റർ വീതിയും കൃഷിവകുപ്പിന്റെ ധനസഹാത്താൽ നിർ

മ്മിച്ച ഫാം റോഡ് കർഷകർക്ക് വളരെയേറെ ഉ പകരിക്കുന്നുണ്ട് . അതുപോലെ നാട്ടുകരുടെയും കർഷകരുടെയും മറ്റുഗുണഭോഗ്കതാക്കളുടെയും പരിശ്രമം കൊണ്ട് തൊട്ടിയിൽ (പാറമല) ഭാഗത്തുനിന്നും കൂട്ടുകരിക്കടവിലേക്ക് നിർമ്മിച്ച റോഡും പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നടന്ന ഒരു പ്രവർത്തനമാണ് .ഈ റോഡുകൾ ഒരു ഫാം റോഡിയായി കണക്കാക്കി കൃഷിവകുപ്പ് ഏറ്റെടുക്കുന്നത് ഉചിതമായിരിക്കും . വഴിവെട്ട് മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒരു സ്ഥരം പ്രശ്നമേഖലയാണെങ്കിൽ കൂടി വഴിതുറക്കുന്നതോടെ അതിന്റെ ഗുണം അനുഭവിക്കന്നവർ എല്ലാവരും വീണ്ടും സൗഹൃതത്തിലാകുന്ന കാഴ്ച വളരെ അഭിലഷണീയമാണ്

പ്രശ്നങ്ങൾ.

1. റോഡ് കൈയ്യേറ്റം .
2. സഞ്ചാരയോഗ്യമല്ലാത്ത P.W.D റോഡുകളും പഞ്ചായത്തു റോഡുകളും അവയുടെ ടാറിംഗ്, അറ്റകുറ്റപണി .

3. പാടശേഖരങ്ങളിൽ ചെറുപാലങ്ങളുടെ അപര്യാപ്തത.

4. ഫാം റോഡുകളുടെ കുറവ്.

5. K.S.R.T.C ബസ്സുകൾ നിർത്തലാക്കിയ നടപടി.

6. ശാസ്ത്രീയ സമയ്രകമവും ബസ്സുകളുടെ ട്രിപ്പുമുടക്കലും .

7. രാത്രികാല - പ്രഭാത സർവ്വീസ്സുകളുടെ അപര്യാപ്തത.

8. പാർക്കിംഗ് സൗകര്യക്കുറവ്.

9. വീതികൂട്ടുന്ന മുറക്ക് തന്നെ വൈദ്യുതി-ടെലഫോൺ പോസ്റ്റുകൾ മാറ്റിസ്ഥപിക്കുന്നതിനുള്ള കാലതാമസം.

10. തോട് അനധികൃതമായി കൈയ്യേറുന്നത് സംബന്ധിച്ചുണ്ടാകുന്ന പ്രശ്നങ്ങൾ.

സാദ്ധ്യതകൾ

1. അനധികൃതമായ റോഡു കൈയ്യേറുന്ന് പ്രവണത നിരുത്സാഹപ്പെടുത്തുകയും തടയുകയും ചെയ്യുക .

2. സമയാസമയങ്ങളിൽ റോഡുകളുടെ ടാറിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപണികൾ നടത്തി സഞ്ചാരയോഗ്യമാക്കുക .

3. പാടശേഖരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിലവിലുള്ള പാലങ്ങൾ പുതുക്കി പണിയുകയും പുതിയവ വേണ്ടിടത്ത് അടിന്തിരമായി നിർമ്മിക്കുകയും ചെയ്യുക.
4. ഫാം റോഡുകൾ ആവശ്യാനുസരണം നിർമ്മിക്കുക .

5. ദേശസാൽകൃത റൂട്ടുകളിൽ ഓടിക്കൊണ്ടിരിക്കുന്ന K.S.R.T.C ബസ്സ് സർവ്വീസ്സുകൾ പുനരാരംഭിക്കുക . M.C. റോഡിലുള്ള ഗാന്ധിനഗർ , മെഡിക്കൽ കോളജ് , മാന്നാനം , കൈപ്പുഴ , നീണ്ടൂർ വഴി സർവ്വീസ്സുകൾ ആരംഭിക്കുക.

6. യ്രാതക്കാർക്ക് ഉപകരിക്കും വിധം സമയക്രമം പാലിച്ച് , ട്രിപ്പു മുടക്കുന്ന് പ്രവണത കർശനമായി നിയ്രന്തിക്കുകയും രാത്രികാല-പ്രഭാത സർവ്വീസ്സ് കൃത്യമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക .

7. വാഹനങ്ങൾക്ക് പാർക്കുചെയ്യുന്നതിന് ആവശ്യമുള്ളടത്തെല്ലാം പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക .



8. റോഡുകളുടെ വീതി കൂട്ടുന്ന മുറക്ക് ഗ്രാമീണ ഗതാഗതത്തിന് തടസ്സം നിൽക്കുന്ന വൈദ്യുതി-ടെലഫോൺ പോസ്റ്റുകൾ യഥാസമയം മാറ്റിസ്ഥാപിക്കുക .

9. അനധികൃതമായ തോട് കൈയ്യേറ്റം തടയുകയും ഗതാഗതം സുഗമമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കുക .

10. കുട്ടോമ്പുറം പാലം അടിയന്തിരമായി നിർമ്മിച്ച് യാത്രാസൗകര്യം വർദ്ധിപ്പിക്കുക .

11. മംഗലം - മാന്നാനം റോഡും മാർക്കറ്റ് റോഡും വീതികൂട്ടി ടാർ ചെയ്യുക.

12. നീണ്ടൂർ - ആലപ്പുഴ ബോട്ട് സർവ്വീസ് പുനരാരംഭിക്കുക.

13. പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാംബുകൾ സ്ഥാപിക്കുക.

14. കുട്ടോമ്പുറം പിള്ളക്കവലയിൽ നിന്നാരംഭിക്കുന്ന റോഡ് എട്ട് മീറ്റർ വീതിയിൽ കൈപ്പുഴ ചർച്ച് റോഡിൽ ബന്ധിപ്പിക്കുക.

15. മാന്നാനത്തുനിന്നും കുട്ടോമ്പുറം വഴി കണ്ണങ്കര, തണ്ണീമുക്കം എന്നിവിട ങ്ങളിലേക്കുള്ള ബോട്ട് സർവ്വീസ്സ് പുനഃ സ്ഥപിച്ച് കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

16. എല്ലാ പഞ്ചായത്തു റോഡുകളും അടിയന്തരാമയി ടാർചെയ്യുക.



ഊർജ്ജം

മനുഷ്യൻ പ്രകൃതിയെ രൂപാന്തരപ്പെടുത്തുന്നു . മനുഷ്യജീവിതത്തിന്റെ സത് സത്ത തന്നെ അതാണ് . ഓരോ രൂപാന്തരീകരണത്തിനും ഊർജ്ജം ഒന്നുകിൽ പുറത്തു വിടുന്നു. അല്ലെങ്കിൽ ഉപഭോഗിക്കപ്പെടുന്നൂ. കൂടുതലും രണ്ടാമത്തെ തരത്തിൽ പ്പെട്ടതാണ് . എണ്ണ , കൽക്കരി , പ്രകൃതി വാതകങ്ങൾ , വിറക് മുതലായവ കത്തിച്ചും വെള്ളത്തിന്റെയും വായുവിന്റെയും ഗതിവിഗതികളെ രൂപാന്തരപ്പെടുത്തിയും ഇവയ്ക്കാവശ്യമായ ഊർജ്ജം നമുക്ക് ലഭിക്കുന്നു. താപഊർജ്ജവും പ്രാന്തികോർജ്ജവും നേരിട്ടും അല്ലാതെ വൈദ്യുതോർജ്ജമായി രൂപാന്തരപ്പെടുത്തിയും രണ്ട് വിധത്തിൽ ഉപയോഗിക്കപ്പെടുന്നു. ഇവയ്ക്ക് പുറമെ മനുഷ്യന്റെയും മൃഗങ്ങളുടെയും അദ്ധ്വാനം നൽകുന്ന ശാരീരികോർജ്ജം കൂടിയുണ്ട്

മണ്ണെണ്ണ , പെ ട്രോൾ, ഡീസൽ പോലുള്ള പെ ട്രോളിയം ഉൽപന്നങ്ങളിൽ മണ്ണെണ്ണ ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. സ്വന്തമായി വാഹനങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം കഴിഞ്ഞ 5 വർഷങ്ങളിൽ 4 മടങ്ങായി വർദ്ധിച്ചിട്ടുണ്ട്.

വീട്ടാവശ്യങ്ങൾ , ശ്രോത, വ്യവസായം , വിനോദം എന്നു വേണ്ട എല്ലാ കാര്യങ്ങൾക്കും ഊർജ്ജം വേണം. ഒന്നുകിൽ താപരൂപത്തിൽ, അല്ലങ്കിൽ വൈദ്യുത രൂപത്തിൽ. രണ്ടിനെയും പ്രാന്തികോർജ്ജമാക്കി മാറ്റിയും ഉപയോഗിക്കുന്നു . താപത്തെ വേറൊരു ഊർജ്ജ മാക്കുമ്പോൾ ദക്ഷത കുറവായി വരുന്നു . താപ രൂപത്തിലുള്ള ഊർജ്ജമാണ് നമ്മുടെ പഞ്ചായത്തിൽ കൂടിതലായി ഉപയോഗിക്കുന്നത്. വിറകാണ് മുഖ്യ ഉറവിടം 90 ശതമാനവും ഭക്ഷണം പാകം ചെയ്യുന്നതിനാണ് ഉപയോഗിക്കുന്നത്. വൈദ്യുതി ഉപയോഗത്തിൽ 70 ശതമാനവും ഗാർഹികാവശ്യത്തിനുപയോഗിക്കുന്നു. 20 ശതമാനം കാർഷികാവശ്യത്തിനും 10 ശതമാനം വ്യാവസായികാവശ്യത്തിനും ഉപയോഗിക്കുന്നു.

മണ്ണെണ്ണ , പെ ട്രോൾ, ഡീസൽ പോലുള്ള പെ ട്രോളിയം ഉൽപന്നങ്ങളിൽ മണ്ണെണ്ണ ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. സ്വന്തമായി വാഹനങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം കഴിഞ്ഞ 5 വർഷങ്ങളിൽ 4 മടങ്ങായി വർദ്ധിച്ചിട്ടുണ്ട്. 95 ശതമാനം വീടുകളും വൈദ്യുതീകരിച്ച് കഴിഞ്ഞിട്ടുണ്ട് . അടുക്കളാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം കണക്കുകളിലില്ല . ധാരാളമായി വൈദ്യുതി ദുരുപയോഗം ഉണ്ട് . ഇത് വോൾട്ടേജ് ക്ഷാമത്തെ ഒരളവുവരെ ബാധിക്കുന്നുണ്ട് . 90 ശതമാനം വീടുകളും പൂർണ്ണമായും വിറകടുപ്പുകളെയാണ് ആശ്രയിക്കുന്നത് . 10 ശതമാനം വീടുകളിൽ ഗ്യാസും മണ്ണെണ്ണയും ഉപയോഗിക്കുന്നു . വിറകടുപ്പുകളിൽ 5 ശതമാനം പുകയില്ലാത്ത-ശാസ്ത്രസാഹിത്യപരിഷത്തി അടുപ്പുകളാണ് . ഏഴ് സോമില്ലുകളിൽ നിന്നും ലഭ്യമാകുന്ന വിറകും അറക്കപ്പൊടിയും തെങ്ങിൽ നിന്നും ലഭിക്കുന്ന വറകുകുമാണ് പ്രധാനമായിട്ടുള്ളത് . നാട്ടിലെ മരങ്ങൾ വെട്ടിയും ചപ്പ് - ചവറുകൾ സമാഹരിച്ചും ബാക്കി ഉപഭോഗം നിർവ്വഹിക്കുന്നു. 25- 30 ശതമാനം വരെ ദക്ഷതകൂടിയ അടുപ്പുകൾ വീട്ടമ്മമാരുടെ ആരോഗ്യം വരെ സംരക്ഷിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. സ

ബ്സീഡിനിരക്കിൽ ശാസ്ത്രസാഹിത്യ പരിക്ഷത്തിന്റെ പ്രവർത്തകർ നിർമ്മിച്ചതാണ് ഇതിൽ ഭൂരിഭാഗവും . വോൾട്ടേജ് ക്ഷാമം എല്ലാവാർഡിലേയും പരാതിയാണ് . സന്ധ്യാസമയത്ത് തീക്കനൽ പോലെ ബൾബ് കത്തുന്നു. കറണ്ട് ലഭിക്കാത്തവീടുകളിലെ ഭൂരിഭാഗവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് . ഇവരിൽ ഭൂരിപക്ഷവും പട്ടികജാതി - പട്ടികവർഗ്ഗ മറ്റുപിന്നോക്ക ജനവിഭാഗങ്ങളുമാണ് . ജനസ്രാദതകൂട്രിപദേശമായതിനാൽ വൻകിടവ്യവസായ ശാലകൾ ഒന്നും ഇല്ല . അതുകൊണ്ട് തന്നെ L .T ഉപയോഗത്തിലുള്ള അറപ്പുമില്ലുകളും നെല്ലുകുത്ത് മില്ലുകളും കാർഷികോൽപ്പന്ന സംസ്കരണ ശാലകളും മ്രാതമേയുള്ളൂ ഉയർന്ന തുക കെട്ടിവയ്ക്കാനുള്ള സാമ്പത്തിക കുറവാണ് വൈദ്യുതീകരിക്കാനുള്ള ഒരു തടസ്സമായി നിൽക്കുന്നത് .

കൂടുതൽ വാഹനങ്ങൾ ഉണ്ടെങ്കിലും ഒരു പെട്രോൾ ബങ്ക് ഈ പഞ്ചായത്തിലില്ല . ഗ്യാസ്സ് വിതരണ ഏജൻസിയുമില്ലെന്നതോ പോകട്ടെ , ഈ മേഖലയെ തൊട്ടടുത്ത് 6 കി. മീറ്റർ ഏറ്റുമാനൂർ ഏജൻസിയുടെ കീഴിലും പെടുത്തിയിട്ടില്ല . ഇന്ന് ഗ്യാസിനു സൗകര്യമുള്ളത് വിദേശത്ത് ജോലിയുള്ളവർക്കും ഉയർന്ന ഉദ്യോഗസ്ഥർക്കും മറ്റ് സാമ്പന്ന വിഭാഗക്കാർക്കുമാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ഒരു സബ്സ്റ്റേഷൻ സൗകര്യത്തോടുകൂടി ഒരു മേജർ സെക്ഷൻ ആരംഭിക്കേണ്ടതാണ് . കുമരകം ലൈനിൽ നിന്നും വരുന്ന 11 K.V . അര കി. മീറ്റർ അകലേ വന്നിരിക്കുന്ന നമ്മുടെ 11 K.V. ലൈനുമായി ബന്ധിപ്പിക്കേണ്ടതാണ്. കോട്ടയം മെഡിക്കൽകോളേജിൽ നിന്നും പഞ്ചായത്തിന്റെ 10 -ാം വാർഡിൽ (കൂട്ടോമ്പുറത്ത്) വന്നിരിക്കുന്ന ലൈൻ പഞ്ചായത്തിലെ 11 K.V. ലൈനുമായി ബന്ധിപ്പിച്ചും വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ് . 72000 രൂപാ പ്രതിവർഷം കറണ്ട് ചാർജ് ഇനത്തിൽ പഞ്ചായത്ത് വൈദ്യുതബോർഡിനു കൊടുക്കുന്നുണ്ട് . തെളിയാത്ത വഴിവിളക്കുകൾ കത്തിക്കാൻ അടിയന്തിരനടപടി സ്വീകരക്കണം . പ്രധാനവലകളിൽ സോഡിയം വേപ്പർ ലാംബ് സ്ഥാപിച്ച് രാത്രികാലം മുഴുവൻ കത്തിക്കണം . ദക്ഷത കൂടിയ അടുപ്പുകൾ എല്ലാവീടുകളിലും സ്ഥാപിക്കുന്നതിന് നടപടിയേടുക്കണം .



വഴിവിളക്കുകളുടെ കാര്യമെടുത്താൽ, ട്യൂബ് ലൈറ്റുകൾ 26 ഉം , ബൾബുകൾ 553 ഉം ഉണ്ടെങ്കിലും കത്തുന്നത് വിരലിലെണ്ണാവുന്നത് മാത്രമാണ്. സ്ഥിരം തെളിക്കാത്ത ലൈനുകൾ വരെയുണ്ടെന്ന് ഒരാഴ്ചത്തെ പഠനം വ്യക്തമാക്കുന്നു . പ്രധാനകവലകളിൽ മ്രാതമെ വഴിവിളക്കിന്റെ പ്രയോജനം കിട്ടുന്നുള്ളൂ.

വൈദ്യുതിബോർഡിന്റെ സ്ലാബ് സമ്പ്രദായം നിലവിലുള്ള ഈ മേഖലയിൽ 50 വീടിന്റെസർവ്വെ തരുന്ന റിപ്പോർട്ട് ബോർഡിന്റെ രജിസ്റ്ററുകളിൽ കാണുന്ന ലോഡും കണക്ടഡ്ലോഡും തമ്മിൽ ഒരു ബന്ധവുമില്ലാ എന്നാണ് . 25 ശതമാനം വീടുകളിൽ മോട്ടോറുക അഡീഷണൽ ലോഡുകൾ ഉള്ളതായി കാണാൻ സാധിച്ചു. പുഞ്ചപ്പാടശേഖരങ്ങളിൽക്കൂടിപോകുന്ന 11 K.V. പോസ്റ്റുകൾ ഉൾപ്പെടെ അടിയന്തിരമായി വിളവെടുപ്പനു ശേഷം ഉറപ്പിക്കേണ്ട ആവശ്യകത 10 പോസ്റ്റുകൾ പരിശോധിച്ചപ്പോൾ സ്റ്റേവയറുകളിലും വലിച്ച കമ്പികളിലും തൂങ്ങിക്കിടക്കുന്ന 5 പോസ്റ്റുകൾ ശ്രദ്ധയിൽ പെട്ടു . ഒരു കാമ്പയിൻ തന്നെ സംഘടിപ്പിച്ച് പുതിയ

പോസ്റ്റുകൾ കോൺക്രീറ്റു ചെയ്ത് ഉറപ്പിക്കേണ്ടതാണ്. കാലാവസ്ഥ മാറി മഴക്കാലമാകുമ്പോൾ പുഞ്ച ലൈനിലെ തകരാറികൾ കാരണം ദിവസങ്ങളോളം കറണ്ട് മുടങ്ങുന്നത് പരിഹരിക്കണം .

പ്രധാന ഊർജ്ജ സ്രോതസുകളും അവയുടെ ഉപയോഗങ്ങളും കാണിക്കുന്ന ഒരു പട്ടിക ചുവടെ ചേർക്കുന്നു .

ഊർജ്ജ സ്രോതസ്സുകൾ

ജൈവദ്രവ്യം	ഖനിജങ്ങൾ	പാരമ്പര്യേതരം
വിറക്, ചാണകം	പെ ട്രോളിയം	വെള്ളച്ചാട്ടം, കാറ്റ്
ചപ്പുചവറുകൾ	കൽക്കരി	തിരമാല
തെങ്ങുല്പന്നങ്ങൾ		ബയോഗ്യാസ്

ഉപയോഗങ്ങൾ

വാണിജ്യം	വ്യവസായം	ഗാർഹികം	കാർഷീകം
ഹോട്ടൽ	പരമ്പരാഗതം	വൈദ്യുതി	എണ്ണ
ആശുപ്രതി	ആധുനികം	മണ്ണെണ്ണ	കറണ്ട്
വ്യവസായ		ഗ്യാസ് ,വിറക്	
സ്ഥാപനം.			

നീണ്ടൂർ ഗ്രാമ പഞ്ചായത്തിലെ വഴിവിളക്കുകളുടെ വിവരണങ്ങൾ.

ദക്ഷത	കത്തേണ്ട മണിക്കൂർ	എണ്ണം
25 watts	4 മണിക്കൂർ	376
40 watts	4 മണിക്കൂർ	139
60 watts	4 മണിക്കൂർ	15
100 watts	12 മണിക്കൂർ	3
2x40 ട്യൂബ്	12 മണിക്കൂർ	26

കഴിഞ്ഞ വർഷം പഞ്ചായത്തിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിൽ വഴിവിളക്കുകൾ കത്തിക്കുന്നതിനു വേണ്ടി അടച്ച തുക 72000-ൽ പരം ആണ്. ഈ വിളക്കുകൾ മുഴുവനും യഥാസമയം കത്തിക്കുന്നില്ല. നിരവധി എണ്ണം ഫ്യൂസ്സായി കത്താതിരിക്കുന്നവ മാറി പകരം പുതിയവ ഇടുന്നില്ല. ഇത് വൈദ്യുതി ബോർഡിന്റെ ഭാഗത്തുനിന്നുള്ള അക്ഷ്യന്തവുമായ അനാസ്ഥയാണ്.

ഇക്കാര്യത്തിൽ പൊതു ജനങ്ങൾക്കാകെ അമർഷവും പരാതിയുമുണ്ട്. നമ്മുടെ പഞ്ചായത്തിലെ ട്രാൻസ്ഫോമറുകളുടെ എണ്ണം ഇപ്പോൾ 42 ആണ്. 100 K.V.A കപ്പാസിറ്റിയുള്ള 26 എണ്ണവും 250 K.V.A. കപ്പാസിറ്റിയുള്ള രണ്ടെണ്ണവും 160 K.V.A കപ്പാസിറ്റിയുള്ള 14 എണ്ണവുമുണ്ട്.

പ്രശ്നങ്ങൾ

1. വഴി വിളക്കുകൾ തൊണ്ണൂറ് ശതമാനവും കത്തുന്നില്ല.
2. പ്രധാന കവലകളിൽ വെളിച്ചം കൂടിയ ഹാലജൻ ലൈറ്റുകളൊ മെർക്കുറി ബൾബുകളൊ സ്ഥാപിച്ചിട്ടില്ല.
3. 15 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ തകരാറിലാണ്.
4. പുഞ്ച H.K.V. ലൈനിൽ പോസറ്റുകൾ മറിഞ്ഞു വീണ് രണ്ടും മൂന്നും ദിവസം തുടർച്ചയായി കറണ്ട് കിട്ടാതെ വരുന്നു.
5. വിറകിന്റെ വില വർദ്ധനവും ലഭ്യതക്കുറവും ജനങ്ങളെ സാരമായി ബാധിക്കുന്നു.
6. ഗ്യാസ്സ് കണക്ഷൻ ഈ പഞ്ചായത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. പേട്രോൾ 6 k.m. ചുറ്റുപാടിനപ്പുറമാണ്.
8. പുകയില്ലാത്ത അടുപ്പുകൾ കുറവാണ്.
9. വൈദ്യുതി പ്രസരണ നഷ്ടം സംഭവിക്കുന്നു.
10. കാലഹരണപ്പെട്ട കമ്പിയും പോസ്റ്ററുകളും മറ്റേണ്ടതാണ്.

സാദ്ധ്യതകൾ

1. കൈപ്പുഴകരി ട്രാൻസ്ഫോർമറിലേക്കുള്ള 4 പോസ്റ്റ് (11 k.v.) ഉടൻ മാറ്റി പുഞ്ച ലൈൻ കാര്യക്ഷമമാക്കുക.

2. പാട ശേഖരങ്ങളിലേക്ക് പോസ്റ്റുകൾ, ട്രാൻസ്ഫോമറുകൾ മറ്റും എത്തിക്കുന്നതിന് അഡീഷനൽ ധനസഹായം നൽകുക.

3. കര പ്രദേശങ്ങളിൽ നടക്കുന്ന വൈദ്യുതി ജോലികൾക്കുള്ള എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുക.

4. 18 k.m. കറങ്ങി ശാസ്താങ്കൽ ഭാഗത്ത് എത്തുന്ന 11 k.v. യിൽ നഷ്ടം വരുന്ന വോൾട്ടേജ് കമ്മി പരിഹരിക്കുവാൻ, മണിയാപറമ്പിൽ നിന്നും 7 k.m. അകലെമായി കുറച്ച് 7 k.v. ലൈൻ വലിച്ച് ശാസ്താങ്കൽ എത്തിക്കാവുന്നതാണ്.

5. ട്രാൻസ് ഫോർമേഷൻ സ്റ്റേഷനുകൾ പുതുക്കിപണിയുക.

6. ലൈനുകളിലെ കണക്ടഡ് ലോഡ് ഒരേ പോലെ ആക്കിയും മീറ്റർ പ്രവർത്തിക്കാത്ത വീടുകളിലെ ഹീറ്റർ പോലുള്ള അഡീഷനൽ ലോഡുകൾ നിരോധിച്ചും വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

7. വർഷകാലത്തിനു മുമ്പ് പാടശേഖരങ്ങളിലെ പോസ്റ്റുകൾ ബലപ്പെടുത്തുക.

8. നീണ്ടൂർ പഞ്ചായത്തിൽ ഇന്ത്യൻ ഓയിൽ കമ്പിനിയുടെ ഒരു ഗ്യാസ് ഏജൻസി സ്ഥാപിച്ച് അതിന്റെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

9. ഒരു പേട്രോൾ ബാങ്ക് സ്ഥാപിക്കുക.

10. വിറക് കണ്ടെത്താനുള്ള സങ്കേതങ്ങൾ നിർമ്മിക്കണം.

11. കോം പാക്ട് ബൾബുകൾ വീടുകളിൽ ഫിറ്റ് ചെയ്ത് ലോഡുകൾ കുറച്ച് വോൾട്ടേഡ് ക്ഷാമം പരിഹരിക്കാവുന്നതാണ്.

12. ലൈനുകൾക്ക് മുകളിലേക്ക് കിടക്കുന്ന മരച്ചില്ലകൾ വെട്ടി മാറ്റി പ്രസരണ നഷ്ടം പരപരിഹരിക്കുക.

മാർക്കറ്റ്

ഏതൊരു പ്രദേശത്തിന്റെയും വികസന പ്രവർത്തനം സുഗമമായി നടക്കണമെങ്കിൽ തദനുസരണമായി മാർക്കറ്റിംഗ് സൗകര്യം അത്യന്താപേക്ഷിതമാണ് . വികസനത്തിനും സാമ്പത്തികനേട്ടത്തിനുമായി ആരംഭിച്ചിട്ടുള്ള ലപ്രസ്ഥാനങ്ങളും വിപണന കേന്ദ്രങ്ങളുടെ അഭാവത്താൽ അടച്ചു പൂട്ടേണ്ടി വന്നിട്ടുണ്ട് . നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ നമ്മുടെ :ആവശ്യത്തിനു ലഭ്യമാക്കാനും മിച്ചമുള്ളവ വിറ്റഴിക്കാനും ഇന്നു വളരെ അസൗകര്യമാണ്ടാക്കുന്ന വസ്തുത വിസ്മരിക്കാവുന്നതല്ല.

വിപണനകേന്ദ്രങ്ങളുടെ അഭാവം ഉല്പാദകരെ ഇടനിലക്കാർ ചൂഷണം ചെയ്യുന്ന ദുഃസ്ഥതിയാണിന്നുള്ളത്. ഈ ചൂഷണത്തിൽനിന്നു മോചനം ഉണ്ടായതല്ലാതെ കൃഷിക്കാർക്കും മറ്റ് ഉൽപാദകർക്കും നേട്ടം കൈവരിക്കാനാവില്ല. പല നിത്യോപയോഗ സാധനങ്ങളും ഇന്നു നമ്മുടെ പഞ്ചാത്തിലെ ജനങ്ങൾ മറ്റ് സ്ഥലങ്ങളിലെ മാർക്കറ്റിനെയാണ് ആശ്രയിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ കൈപ്പുഴ, പള്ളിത്താഴെ പ്രദേശം ഏതാണ്ട് 50 വർഷത്തിനു മുമ്പ് വരെ ശ്രദ്ധേയമായ ഒരു മാർക്കറ്റിംഗ് സെൻറർ ആയിരുന്നു. നമ്മുടെ ശ്രദ്ധക്കുറവുകൊണ്ടായിരിക്കണം ഇന്ന് പ്രസ്തുത കേന്ദ്രം ഒരോർമ്മ മാത്രമായിരിക്കുന്നൂ.

ഇവിടെ നിലവിലുള്ള മാർക്കറ്റ് ശരിയായ വിധത്തിൽ വിനിയോഗിക്കാൻ നമുക്ക് കഴിയുന്നില്ല. ഒരേകീകൃതസംവിധാനം ഇതിനാവശ്യമുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള വിപണനകേന്ദ്രങ്ങൾ ഫലപ്രദമാം വണ്ണം വിനിയോഗിക്കുന്നതിനും പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും വേണ്ട ശ്രമങ്ങൾ നടത്തേണ്ടതാണ്. യാതൊരു നിയന്ത്രണവുമില്ലാതെ വഴിയോരങ്ങളിൽ കച്ചവടം നടത്തുന്നതുമൂലം ഗതാഗത തടസ്സവും സൃഷ്ടിക്കുന്നുണ്ട് കൂടാതെ പരിസരമലിനീകരണത്തിനും ഇതിടയി ക്കുന്നു. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ാസ്ത്രീയമായ രീതിയിൽ മാർക്കറ്റ് സ്ഥാപിച്ച് വിപണന സൗകര്യം സൃഷ്ടിക്കേണ്ടതുണ്ട് . ഇതുവഴി ജനങ്ങൾക്കും പഞ്ചായത്തിനും ഏറെ നേട്ടങ്ങൾ ഉണ്ടാക്കാവുന്നതാണെന്ന് പറയേണ്ടതില്ലല്ലോ

പ്രശ്നങ്ങൾ

1. കൃഷിക്കാർക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സങ്കേതമില്ല .
2. ഇടനിലക്കാരുടെ ചൂഷണം.
3. നിലവിലുള്ള സൗകര്യം വേണ്ടരീതിയിൽ ഉപയോഗിക്കാനുള്ള വിമുഖത.
4. മാർക്കറ്റിന്റെ അഭാവം മൂലം വഴിയോരകച്ചവടം സൃഷ്ടിക്കുന്ന മലിനീകരണം.

സാദ്ധ്യതകൾ

1. ഉല്പാദകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണനകേന്ദ്രങ്ങൾ വിവിധഭാഗങ്ങളിൽ ആരംഭിക്കുക.
2. കർഷകരുടെ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ഉല്പന്നങ്ങൾ വാങ്ങിയും ഇടനിലക്കാരെ ഒഴിവാക്കിയും കർഷകരെ ചൂഷണത്തിൽ നിന്നും രക്ഷപെടുത്തി , ന്യായമായ വിലക്ക് സാധനങ്ങൾ നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക.
3. നിലവിലുള്ള വിപണനകേന്ദ്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ പ്രേരണ ചെലുത്തുക .
4. പഞ്ചായത്തിന്റെ വിവിധമേഖലകളിൽ ആവശ്യാനുസരണം മാർക്കറ്റുകൾ സ്ഥാപിച്ച്, വഴിയോരകച്ചവടം നിയന്ത്രിക്കുകയും മലനീകരണം തടയുകയും ചെയ്യുക .

വിദ്യാഭ്യാസം

ആത്മസംപ്തിയുടെ സാക്ഷാത്കാരമാണ് വിദ്യാഭ്യാസം (Education) കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് പ്രസിദ്ധനായ ഒരു വിദ്യാഭ്യാസ വിചക്ഷണൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത് സമർത്ഥവുമാണ്. എജ്യുക്കേറ്റോ എന്ന ഗ്രീക്കുപദത്തിൽനിന്നാണ് എജ്യൂക്കേഷൻ എന്ന വാക്കുതന്നെ ഉണ്ടായിട്ടുള്ളത്. എജ്യുക്കേറ്റോ എന്നാൽ പുറത്തേയ്ക്കെടുക്കുക (To (To Bring out) എന്നാണ്. ഓരോ വ്യക്തിയിലും അന്തർലീനമായിരിക്കുന്ന നൈസർഗീകമായ വാസനാ വിശേഷങ്ങളെ പരിപോഷിപ്പിക്കുകയാണ് ഈ പ്രകിയയിലൂടെ സാദ്ധ്യമായിക്കൊണ്ടിരിക്കുന്നത്. അങ്ങനെ തന്റെ വ്യക്തിത്വ വികസനത്തിലൂടെ തനിക്കും കുടുംബത്തിനും സമൂഹത്തിനും സർവ്വോപരി രാഷ്ട്രത്തിനും ഒരു മുതൽക്കൂട്ടായിവിദ്യാഭ്യാസം സിദ്ധിച്ചവരെ കാണണം. നമ്മുടെ പഞ്ചായത്തിൽ നൂറുവർഷങ്ങൾക്കപ്പുറം തന്നെ വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ചെന്ന് ശ്രീതം സാക്ഷ്യപ്പെടുത്തുന്നു. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവർ ഉണ്ടെങ്കിലും വിദ്യാഭ്യാസവിചക്ഷണന്മാർ ഇല്ലെന്നുതന്നെ പറയാം. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സാഹചര്യമേ നമ്മുടെ പഞ്ചായത്തിലുള്ളു എന്നത് ഒരു യാഥാർത്ഥ്യവുമാണ്. ഉപരി വിദ്യാഭ്യാസത്തിനായി പഞ്ചായത്തിന് പുറത്ത് കലാശാലകൾ രപവർത്തിക്കുന്നുണ്ടെന്നുള്ളത് ആശാവഹമാണ്. നമ്മുടെ പഞ്ചായത്തിലെവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആരംഭത്തിന്റെ പശ്ചാത്തലം എങ്ങനെയെന്ന് പരിശോധിക്കാം.

ഭാരതത്തിനു സ്വാത്രന്ത്യം ലഭിക്കുന്നതിന് ഏതാണ്ട് 50 വർഷത്തിനപ്പുറം രാജഭരണ കാലത്ത് നീണ്ടൂർ പഞ്ചായത്തിൽ കുട്ടികൾക്ക് അക്ഷരാഭ്യാസത്തിനുള്ള അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിച്ചതായി തെളിവുകളുണ്ട്. കൊല്ലവർഷം 1040-ംമാണ്ടോടടുത്തകാലങ്ങളിൽ ഒരു ശതമാനം ആളുകൾക്ക് പോലും വിദ്യാഭ്യാസം ഉണ്ടായിരി

ക്കാനിടയില്ല. അക്കാലത്ത് കൈപ്പുഴ ശാസ്താവ് കവലയ്ക്ക് സമീപം കളരികെട്ടി ആശാന്മാർ കുട്ടികളെ കൊണ്ട് എഴുതിച്ചിരുന്നു. അക്ഷരം പഠിപ്പിക്കുന്നതിന് ശരിയായ കെട്ടിടം ഇല്ലാതിരുന്നതിനാലും പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടം ഉണ്ടായിരിക്കണമെന്ന്, വാരാപ്പുഴ മെത്രാനിൽ നിന്നും നിഷ്ക്കർഷിച്ചിരുന്നതിനാലും മേൽപറഞ്ഞ ശാസ്താവുകവലക്ക്വടക്കായിതറയിൽ കുടുംബം വക മുട്ടത്തുമാലിൽ പുരയിടത്തിൽ തറയിൽക്കാരും പള്ളിക്കാരും ചേർന്ന് രണ്ട് കൊമ്പായി ഒരു കെട്ടിടം പണിയിച്ചു. അവിടെ കപ്യാരാശാൻ, അപ്പി ആശാൻ, ചെങ്ങളം മണി ആശാൻ, വട്ടപ്പറമ്പിൽ ചാക്കോ ആശാൻ തുടങ്ങിയവർ എഴുതിച്ചിരുന്നതായി രേഖകൾ ഉണ്ട്. വട്ടപ്പറമ്പിൽ ആശാന്റെ കാലത്ത് 1065-ൽ കുട്ടികളുടെഎണ്ണം വർദ്ധിക്കുകയാൽ നായത്ത് രാമൻ ആശാൻ, വേലുപിള്ള എന്ന് രണ്ട് പേർ കൂടി അവിടെ പഠിച്ചിരുന്നു.

1065-മാണ്ടോട് കൂടി വഴിയിൽ ഈഴം കുട്ടന്റെ വകസ്ഥലത്ത് ആർപ്പൂക്കര ചന്ദ്രത്തിൽ രാമൻ പിള്ള ഒരു പള്ളിക്കുടം ഏർപ്പെടുത്തി. ഈ സ്ഥാപനത്തിന് 4 രൂപ സർക്കാർ ഗ്രാന്റ് അനുവദിച്ചിരുന്നു. ഈഴ ഗ്രാന്റ് എന്നാണിതിന് പേരു പറഞ്ഞിരുന്നത്. ഈഴ ഗ്രാന്റ് പള്ളിക്കുടം 1067 വൃശ്ചികമാസത്തിൽ മേൽപറഞ്ഞ രാമൻ പിള്ളയുടെ പക്കൽ നിന്നും ഗ്രാന്റോടുകൂടി ഈ സ്ഥാപനം കോയിക്കൽ നാരായണപിള്ളക്ക് ലഭിച്ചു. ആ വർഷം ഈ സ്ക്കൂൾ മുട്ടത്തുമ്യാലിലുള്ള കെട്ടിടത്തിലേക്ക് മാറ്റി. 1072 വരെ നാരായണപിള്ള പ്രധാന അദ്ധ്യാപകനായും മാനേജരായും സ്ക്കൂൾ നടത്തിവന്നു.

നീണ്ടൂർ, ഓണംതുരുത്ത്, ശ്രീകണ്ഠമംഗലം മുതലായ സമീപ പ്രദേശങ്ങളിൽ കുട്ടികൾക്ക് പഠിക്കുന്നതിന് ശരിയായ ഒരു പള്ളിക്കുടം ഇല്ലാതിരുന്നതിനാൽ ടി സ്ഥലങ്ങൾക്കും കൈപ്പുഴക്കും മദ്ധ്യയുള്ള കൈപ്പുഴ പള്ളിയുടെ മുൻ ഭാഗത്ത് പണിതിരുന്ന കെട്ടിടത്തിലേക്ക് 1072-ൽ ഈ സ്ക്കൂൾ മാറ്റി പ്രവർത്തനം തുടരുന്നു.

1073-ൽ കൂടുതൽ ഗ്രാന്റിന് അപേക്ഷിച്ചു. ബഹു: സർക്കാരിൽനിന്നും ഗ്രാന്റ് 6 രൂപയായി ഉയർത്തി. ആ ആണ്ടിൽ തന്നെ കോട്ടയം രൂപതയുടെ മെത്രാനായ അഭിവന്ദ്യ മാത്യുപിതാവിന്റെ നിർദ്ദേശാനുസരണം അദ്ദേഹത്തിന്റെ സഹോദരനും കൈപ്പുഴ പള്ളിയുടെ അന്നത്തെ വികാരിയുമായിരുന്ന റവ: മോൺ ജോസഫ് മാക്കീൽ അവർകൾ മാസ്റ്റർ നാരായണപിള്ളയുടെ പക്കൽനിന്നും മാനേജുമെന്റ് ഏറ്റുവാങ്ങി. 1074-ൽ സ്ക്കൂളിനു കൈവന്ന അഭിവൃദ്ധിയുടെ ഫലമായി പത്ത് രൂപാ ഗ്രാന്റ് കിട്ടി. തുടർന്ന് തെക്കും കോയിക്കൽ മാസ്റ്റർ ശങ്കരപിള്ളയെ അദ്ധ്യാപകനായും കളമ്പുകാട്ട് നാരായണപിള്ളയെ പ്രധാന അദ്ധ്യാപകനായും നിയമിച്ചു. 1076 കന്നിമാസം 4-ാം തീയതി മുതൽ പള്ളിക്കുടത്തിന്റെ പേരു മാറ്റുന്നതിന് ബ: ഗവൺമെന്റിൽനിന്നും അനുവാദം ലഭിച്ചതനുസരിച്ച് അഭിവന്ദ്യ മാക്കീൽ പിതാവിന്റെ നാമഹേതുകനായ വിശുദ്ധന്റെ നാമധേയം (സെന്റ് മാത്യൂസ്) സ്വീകരിച്ചു പ്രവർത്തനം തുടർന്നുപോന്നു. 1077-ൽ നാലു ക്ലാസ്സിനും കൂടി പതിനഞ്ചര രൂപാ ഗ്രാന്റായിലഭിച്ചു. തുടർന്ന് അഞ്ചും ആറും ക്ലാസ്സുകൾ കൂടി ചേർത്ത് അപ്പർ പ്രൈമറി സ്ക്കൂളായി ഉയർത്തി. 1080-ൽ ഹൈസ്ക്കൂൾ ക്ലാസ്സുകൾ ഏർപ്പെടുത്തി. ഇരഞ്ഞിയേൽ ശങ്കരപിള്ളയെ ഹെഡ്മാസ്റ്ററായും നിയമിച്ചു. തന്നാണ്ടിൽ മീനമാസം എട്ടിന് ഈ ക്ലാസ്സുകൾക്ക് ഗവൺമെന്റ് അംഗീകാരം ലഭിച്ചെങ്കിലും ഗ്രാന്റ് അനുവദിച്ചില്ല. എന്നാൽ 1081

1065- മാണ്ടോട് കൂടി വഴിയിൽ ഈഴം കുട്ടന്റെ വകസ്ഥലത്ത് ആർപ്പൂക്കര ചന്ദ്രത്തിൽ രാമൻപിള്ള ഒരു പള്ളിക്കുടം ഏർപ്പെടുത്തി. ഈ സ്ഥാപനത്തിന് 4 രൂപ സർക്കാർ ഗ്രാന്റ് അനുവദിച്ചിരുന്നു. ഈഴ ഗ്രാന്റ് എന്നാണിതിന് പേരു പറഞ്ഞിരുന്നത്.

മകരമാസം 29-ന് ഇരുപത്തിയാറര രൂപാ ഗ്രാന്റനുവദിച്ച് ഉത്തരവായി.

പുതിയ വിദ്യാഭ്യാസ ഡയറക്ടർ മിച്ചൽ സായിപ്പന്റെ വിദ്യാഭ്യാസ പരിഷ്കരണമനുസരിച്ച് ഈ പള്ളിക്കൂടവും ഏഴ് ക്ലാസ്സുകളാക്കി ഹയർ എലിമെന്ററി സ്ക്കൂളായി നടത്തുന്നതിന് ഉൽസാഹിച്ചു. പുതിയ വിദ്യാഭ്യാസ കോഡനുസരിച്ച് ഗ്രാന്റിന് അപേക്ഷിച്ചെങ്കിലും അനുവദിക്കാതിരുന്നതിനാൽ ഉയർന്ന ക്ലാസ്സുകൾ നിർത്തേണ്ടിവന്നു. 1081 ധനുമാസം 17-ന് നാല് ക്ലാസ്സിനും കൂടി 30 രൂപാ വീതം പ്രതിമാസ രഗാന്റ് അനുവദിച്ചു. ഇതാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സെന്റ് മാത്യൂസ് L.P. സ്ക്കൂളിന്റെ ചരിത്രം.

മദ്ധ്യ തിരുവതാംകൂറിലെ ആദ്യത്തെ പെൺ പള്ളിക്കുടമാണ് കൈപ്പുഴ സെന്റ് മാർഗരറ്റ്സ് U.P. സ്ക്കൂൾ. 1892 ജൂൺ മാസം 20 ന് ചങ്ങനാശേരി അപ്പസ്തോലിക്ക ആയിരുന്ന അഭിവന്ദ്യ ചാൾസ് ലവീഞ്ഞ് മെത്രാൻ കൈപ്പുഴയിൽ "വിസിറ്റേഷൻ സന്യാസിനി സഭ"എന്ന പേരിൽ ഒരു സന്യാസ സമൂഹത്തിന് ആരംഭം കുറിച്ചു. തുടർന്ന് അതേ വർഷം ജൂൺ 27-ന് വിശുദ്ധ മാർഗരറ്റ് മേരിയുടെ നാമത്തിൽ ഒരു പെൺ പള്ളിക്കുടവും ഉടലെടുത്തു. കുടിപള്ളിക്കുടം അഥവാ കളരി എന്ന രീതിയിലായിരുന്നു തുടക്കം. മഠത്തിനും സ്ക്കൂളിനും വേണ്ടിയുള്ള സ്ഥലം അന്നത്തെ വികാരി ജനറൽ ബ: മാക്കീൽ മത്തായി അച്ചനും മാക്കീൽ ബ: ലൂക്കാച്ചനും തറയിൽ തെക്കേതിൽ തൊമ്മിയും കണ്ടാരപ്പള്ളിൽ തൊമ്മിയും കൂടി ദാനമായി നൽകി.



വിസിറ്റേഷൻ സഭയിലെ ആദ്യ കകന്യാസ്ത്രീകളായിരുന്നു സ്ക്കൂളിലെ ആദ്യകാല അദ്ധ്യാപികമാർ ഓലയിൽ എഴുത്ത്, വായന, കണക്ക്, തയ്യൽ, മറ്റ് കൈ വേലകൾ എന്നിവ പെൺകുട്ടികളെ പഠിപ്പിച്ചിരുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന്റെ ആവശ്യകത മനസ്സിലാക്കി തൊടുപുഴ, ആലപ്പുഴ, മുതലായ വിദൂര സ്ഥലങ്ങളിൽ നിന്നുപോലും പെൺകുട്ടികൾ ഈ മഠത്തിലെ ബോർഡിംഗിൽ താമസിച്ച് വിദ്യാഭ്യസം നടത്തിയിരുന്നു.

ഈ സ്ക്കൂൾ പുരോഗതിയുടെ പാതയിലൂടെ സഞ്ചരിച്ച് മലയാളം ഏഴാം ക്ലാസ്സ് വരെ എത്തി. അന്ന് കുട്ടികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റ് "വെർണാകുലർ സ്ക്കൂൾ ലിവിംഗ് ഫിക്കറ്റ്" എന്ന പേരിലായിരുന്നു. ഇവിടത്തെ മെച്ചപ്പെട്ട അദ്ധ്യാപന രീതിയും പ്രശസ്തമായ പരീക്ഷാ ഫലവും കണക്കിലെടുത്ത് തിരുവതാംകൂർ രാജകുടുംബത്തിൽ നിന്നും പാരിതോഷികങ്ങൾ ലഭിച്ചതായി രേഖകളിൽ കാണുന്നുണ്ട്. പിന്നീട് മാറിവന്ന വിദ്യാഭ്യാസ രീതി അനുസരിച്ച്, പെൺകുട്ടികളുടെ U.P. സ്ക്കൂളായി ഇന്നത്തെ നിലയിൽ രൂപാന്തരപ്പെട്ട് പ്രവർത്തിച്ചു വരുന്നത്.

ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഭരണത്തിൻ കീഴിൽ തിരുവതാംകൂറും വന്നതോടുകൂടി ഇംഗ്ലീഷ് വിദ്യാഭ്യസത്തിന്റെ പ്രാധാന്യം മനസിലാക്കിയ നീണ്ടൂർ പഞ്ചായത്തിലെ കൈപ്പുഴ പള്ളി ഇടവക്കാരും നാട്ടുകാരും ചേർന്ന് ഇവിടെ ഒരു ഇംഗ്ലീഷ് സ്ക്കൂൾ ആരംഭിക്കുന്നതിന് ശ്രമിക്കുകയ1926 മെയ് മാസം 17-ാം തീയതി പ്രിപ്പറേറ്ററി ക്ലാസ്സോടുകൂടി 26 കുട്ടികളെ ചേർത്ത് കൈപ്പുഴ പാറേപ്പള്ളിയിൽ കോട്ടയം രൂപതാദ്ധ്യക്ഷനായ ഡോ: അലക്സാന്ഡർ ചൂളപ്പറമ്പിൽ തിരുജനിയുടെ മാനേജ് മെൻറിൽ ഒരു മിഡിൽ സ്ക്കൂൾ ആരംഭിച്ചു. പ്രഥമ അദ്ധ്യാപകനായി ശ്രീ. ചാക്കോ മാന്തുരുത്തിലിനെ നിയമിച്ചു.

ആർപ്പൂക്കര, കൈപ്പുഴ, നീണ്ടൂർ, മാഞ്ഞൂർ, കല്ലറ, ഓണംതുരുത്ത് തുടങ്ങി സമീപ പ്രദേശങ്ങളിലെ കുട്ടികൾ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഈ സ്ക്കൂളിനെയാണ് ആശ്രയിച്ചിരിക്കുന്നത്. ഗവൺമെൻറ് പ്ലാൻ അനുസരിച്ച് പണി തീർത്ത കെട്ടിടത്തിലേക്ക് സ്ക്കൂൾ അടുത്തവർഷം മാറ്റി സ്ഥാപിക്കുകയും ക്രമേണ വളർന്ന് ഒരു പൂർണ മിഡിൽ സ്ക്കൂളായി തീരുകയും ചെയ്തു.

പഞ്ചായത്തു ഭരണം നിലവിൽ വന്നു കൊണ്ടിരുന്ന ആ കാല ഘട്ടത്തിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം സാധാരണക്കാർക്കുപോലും അത്യന്താപേക്ഷിതമാണെന്ന ബോദ്ധ്യത്താൽ പ്രരിതരായി ഇവിടത്തെ ഇടവകക്കാരും നാട്ടുകാരും ഇതിനെ ഒരു ഹൈസ്ക്കൂൾ ആക്കി ഉയർത്തുവാൻ ത്രീവ്രശ്രമം ആരംഭിച്ചു. അപ്രതീക്ഷിതമായി ഈ ഹൈസ്ക്കൂളിന് 1948 സെപ്തംബർ 12-ാം തീയതി സർക്കാരിൽ നിന്നും അനുമതി ലഭിച്ചു. 1949 മെയ് മാസം 30-ാം തീയതി കോട്ടയം രൂപതയുടെ സഹായ മെത്രാനും കൈപ്പുഴ നിവാസിയും

വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന റെ: റവ: ഡോ: തോമ്മസ് തറയിൽ തിരുമനസ്സു കൊണ്ട് ഈ സ്ക്കൂളിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നടത്തുകയും ചെയ്തു. ഈ സ്ക്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്ററായി പണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനുമായ റവ: ഫാ: ഡോ: കുര്യാക്കോസ് മ്യാലിൽ നിയമിതനായി. ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ടും സാമൂഹ്യ പ്രവർത്തകനുമായിരുന്ന മോൺ: ജോസഫ് കങ്ങാരപ്പള്ളിൽ ഈ സ്ക്കൂളിന്റെ ഹെഡ്മാസ്റ്റർ പദവി ദീർഘകാലം അലങ്കരിക്കുകയും ഈ സ്ഥാപനത്തിന്റെ പുരോഗതിയിൽ അതീവ താല്പര്യവും ശ്രദ്ധയും ചെലുത്തി യിട്ടുമുണ്ട്.

1917-ൽ നാലു ക്ലാസ്സോടുകൂടി ശ്രീകൃഷ്ണ വിലാസം ലോവർ പ്രൈമറി സ്ക്കൂൾ സ്ഥാപിച്ചത് നീണ്ടൂർ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഹൈന്ദവ സംഘമാണ്. സ്ക്കൂൾ നടത്തുന്നതിന് ആവശ്യമായ നൂറടി നീളത്തിലുള്ള ഷെഡും ഒരേക്കർ 24 സെന്റ് സ്ഥലവും കൂടി ടി സംഘം സർക്കാരിനെ ഏൽപിച്ചു. ഏതാനും വർഷങ്ങൾക്കുശേഷം സർക്കാർ 1064-ാം നമ്പർ ഹൈന്ദവ സംഘത്തിനെ ഏൽപ്പിക്കുകയുണ്ടായി. അപ്പോൾ പഴയ നാലാം ക്ലാസ്സുവരെ അദ്ധ്യായനം നടത്തുന്നതിനുള്ള സൗകര്യമേ ഉണ്ടായിരുന്നുള്ളു. ശ്രീ. M.N.N. നമ്പൂതിരിപ്പാട് മാനേജർ ആയിരുന്ന



കാലത്താണ് ഏഴാം ക്ലാസ്സുവരെ പഠനം പൂർത്തിയാക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയത്. ഇന്നാട്ടിലെ മുഴുവൻ ഹൈന്ദവരുടെയും സഹകരണവും കൂട്ടായ പ്രവർത്തനവും അക്കാലത്ത് ഇതിന് പിന്നിലുണ്ടായിട്ടുണ്ടെന്നുള്ള വസ്തുത പ്രത്യേകം സ്മരണീയമാണ്. കടുത്ത സാമ്പത്തിക പരാധീന മൂലം 1948-ൽ ഹൈന്ദവ സംഘം ഈ സ്ക്കൂൾ സർക്കാരിന് വിട്ടുകൊടുത്തു. അക്കാലം മുതൽ ഇതൊരു ഹൈസ്ക്കൂളാക്കി ഉയർത്തുവാൻ നാട്ടുകാർ നിരന്തര സമ്മർദ്ദം ചെലുത്തിയിട്ടും 1979-ൽ മാത്രമാണ് ഹൈസ്ക്കൂളാക്കി കൊണ്ടുള്ള ഉത്തരവുണ്ടായത്. ഈ ഹൈസ്ക്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ. ഇ.ജെ. കുര്യൻ അവർകൾ ആയിരുന്നു. ഈ സർക്കാർ സ്ക്കൂൾ ഉന്നതനില വാരത്തിൽ തന്നെ പ്രവർത്തിച്ചുവരുന്നു.

സെന്റ് ത്രേസ്യാസ്സ് L.P. സ്ക്കൂൾ പാലത്തുരുത്ത് എന്ന വിദ്യാഭ്യാസ സ്ഥാപനം 1915-ൽ കോട്ടയം രൂപതയുടെ കീഴിൽ സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനത്തിന് ആവശ്യമായ സ്ഥലം കൈപ്പുഴ കരയിൽ പാലത്തുരുത്ത് തൊമ്മിയും സ്ക്കൂൾ കെട്ടിടം തറയിൽ കുടുംബം വകയായും നിർമ്മിച്ചു നൽകുകയും ചെയ്തു.

നീണ്ടൂർ സെന്റ് മൈക്കിൾസ് L.P. സ്ക്കൂൾ 1916-ൽ സ്ഥാപിച്ചു. ഒന്നാമത്തെ ഹെഡ്മാസ്റ്റർ ശ്രീ. എം.ജോസഫ് മാപ്പിളതുണ്ടത്തിൽ ആയിരുന്നു. സ്ക്കൂളിന്റെ രണ്ടാമത്തെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. ജോസഫ് ചാത്തമ്പടത്തിലിന്റെ ഏക മകളുടെ മക്കളായ ഡോ: C.L.ജോസഫ്, ഡോ: C.L.ഫിലിപ്പ് എന്നിവർ ചേർന്ന് എട്ടേമുക്കാൽ ലക്ഷം രൂപാ ചെലവു ചെയ്ത് ഒരു രണ്ടുനില കെട്ടിടം പണിത് തങ്ങളുടെ മാതാമഹന്റെ സമരണ നിലനിർത്തുന്നതിന് സ്ക്കൂളിന് നൽകുകയും 1996 ഡിസംബർ 30-മുതൽ പുതിയ കെട്ടിടത്തിലേക്ക് സ്ക്കൂൾ പ്രവർത്തനം മാറ്റിയിട്ടുമുണ്ട്.

കൈപ്പുഴ മേക്കാവ് L.P. സ്ക്കൂൾ കൊല്ലവർഷം 1107-

ൽ 470-ാം നമ്പർ കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ രണ്ട് ക്ലാസ്സുകളോടുകൂടി പ്രവർത്തനം ആരംഭിക്കുകയുണ്ടായി. സ്ക്കൂളിനാവശ്യമായ ഒരേക്കറിലധികം ഭൂമി ആദം പള്ളിൽ ശ്രീ. കൃഷ്ണപിള്ള അവർകൾ ദാനമായി നൽകിയിട്ടുള്ളതാണ്. ഇപ്പോൾ ഈ സ്ക്കൂളിൽ നാലു ക്ലാസ്സുകൾ നടത്തിവരുന്നു. 1948-ൽ ഈ സ്ക്കൂൾ സർക്കാരിൽനിന്നും വിട്ടുകൊടുക്കുകയുണ്ടായി.

ഈ പഞ്ചായത്തിലുൾപ്പെട്ട ഓണതുരുത്ത് പ്രദേശത്ത് ഒരു L.P.സ്ക്കൂൾ സർക്കാർ ഉടമയിൽ പ്രവർത്തിച്ചുവരുന്നു. ആ പ്രദേശത്തെ കുട്ടികളുടെ സൗകര്യം പരിഗണിച്ച് ഇതൊരു U.P. സ്ക്കൂളായി അപ് ഗ്രേഡ് ചെയ്ത് ഉയർത്തേണ്ടത് അത്യാവശ്യമായിരിക്കുന്നു.

യാതൊരു വിധ വിദ്യാഭ്യാസ സൗകര്യങ്ങളും ഇല്ലാതിരുന്ന നീണ്ടൂർ പഞ്ചായത്തിന്റെ ഒന്നാം വാർഡായ കുറുമുള്ളൂർ കരയിൽ കറത്തേടത്തു മനയ്ക്കൽ ശ്രീ. വാസുദേവൻ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് സംഭാവന ചെയ്ത 50 സെന്റ് സ്ഥലത്ത് സർക്കാരിന്റെ L.D. സ്ക്കീമിൽ സ്ക്കൂളിനനുയോജ്യമായ കെട്ടിടം നിർമ്മിക്കുകയും തുടർന്ന് 50 സെന്റ് സ്ഥലം കൂടി സ്ക്കൂളിന് വേണ്ടി പഞ്ചായത്ത് പൊന്നും വിലയ്ക്ക് എടുത്തിട്ടുണ്ട്. 1960 മുതൽ സ്ക്കൂളിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

പ്രശ്നങ്ങൾ:

1. മതിയായ പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ കുറവ്.
2. ലൈബ്രറി - ലാബറട്ടറി എന്നിവയുടെ അപര്യപ്തത.
3. നീണ്ടൂർ S.K.V. ഗവ: ഹൈസ്ക്കൂളിന്റെ സ്ഥല പരിമതിയും കായികപരിശീലനത്തിനു വേണ്ട സൗകര്യങ്ങളുടെ കുറവും.
4. സർവ്വീസ് അവസാനിക്കാറായവരെ പ്രധാന അദ്ധ്യപകരായി നിയമിക്കുന്ന കീഴ് വഴക്കം.
5. പഠനോപകരണങ്ങളുടെയും ഫർണിച്ചറുകളുടെയും കുറവ് .
6. മൂത്രപ്പുര,ഡൈനിംഗ് റൂം, അസംബ്ലിഹാൾ എന്നിവയുടെ അഭാവം.
7. വിദ്യാഭ്യാസ നിലവാരത്തിന്റെ തകർച്ച.

ചില പരിഹാര നിർദ്ദേശങ്ങൾ

1. അദ്ധ്യപക പരിശീലനത്തിന് പുറമെ ഇൻസർവ്വീസ് കോഴ്സ്, കമ്പ്യൂട്ടർ നിയ്രന്തണം മുതലായവ കാര്യങ്ങളിൽ പരിജ്ഞാനമുള്ള അദ്ധ്യാപകരെ നിയമിക്കുക.
2. സ്ക്കൂളുകളിൽ വിശിഷ്യാ ഗവൺമെൻറ് സ്ക്കൂളുകളിൽ ആവശ്യമായ ലൈബ്രറി-ലാബറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. ആവശ്യമായ സ്ഥലവിസ്തീർണ്ണം ഇല്ലാത്ത സ്ക്കൂളുകൾക്ക് വിശിഷ്യാ ഗവ: S.K.V. H.S. നീണ്ടൂർന് നിയമാനുസൃതം ആവശ്യമായ സ്ഥലം ലഭ്യമാക്കുക.
4. കുറഞ്ഞത് 3 വർഷമെങ്കിലും സർവ്വീസ് ബാക്കിയുള്ള വരെ മാത്രം ഹെഡ്മാസ്റ്റർമാരായി നിയമിക്കുക.
5. പഠനനിലവാരം ഉയർത്തുക.
6. മൂത്രപ്പുര, കക്കൂസ്സ്, ഡൈനിംഗ് റൂം, അസംബ്ലിഹാൾ എന്നിവ നിർമ്മിക്കുക.
7. പാഠ്യപദ്ധതി പരിഷ്കരിച്ച് കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപടി എടുക്കുക.
8. ഓൾ പ്രമോഷൻ സമ്പ്രദായം നിർത്തലാക്കുക.
9. ഗവ: H.S. നീണ്ടൂർ, കൈപ്പുഴ, H.S. ഈ വിദ്യാലയങ്ങളിൽ +2 ഏർപ്പെടുത്തുക.
10. വിദ്യാഭ്യാസ നിലവാരം കുറഞ്ഞ കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് കൊടുക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.
11. ലൈബ്രറി പുസ്തകങ്ങൾ കൃത്യമായി വിതരണം ചെയ്ത് എല്ലാ കുട്ടികളുടെയും വായനാ ശീലവും വിജ്ഞാനവും പരിപോഷിപ്പിക്കുക.
12. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എല്ലാ ഹൈസ്ക്കൂളുകളിലും നിർബന്ധമായും സാർവ്വത്രികമായും നടപ്പാക്കി കർമ്മരംഗത്ത് വിദ്യാർത്ഥികളെ പ്രാപ്തരും ആഭിമുഖ്യമുള്ളവരും ആക്കുക.
13. ഓണംതുരുത്ത് ഗവ: L.P. സ്ക്കൂൾ, പാലത്തുരുത്ത് L.P. സ്ക്കൂൾ എന്നിവ U.P. സ്ക്കൂളുകളാക്കി ഉയർത്തുക.
14. സ്ക്കൂളുകളിൽ മുമ്പുണ്ടായിരുന്ന E.C.A. (Extra Curricular Activities) പുനഃസ്ഥാപിക്കുക.

9.5. അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര്----------

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					SSLC വിജയശതമാനം				
		30% താഴെ കുട്ടികൾ	30 - 40 മാർക്ക് നേടുന്നവർ	40 - 50 ശതമാനം നേടുന്നവർ	50 - 60 ശതമാനം നേടുന്നവർ	60% ത്തിൽ ശതമാനം നേടുന്നവർ	91 - 92 കൂടുതൽ നേടുന്നവർ	92 - 93	93 - 94	94 - 95	95 - 96
1	2	3	4	5	6	7	8	9	10	11	12
3	245	41	58	31	33	82		S.K.V. Govt	H.S. Neendoor		
4	25 9	24	52	37	37	109	845	754	775	85	80
5	25 9	29	86	45	38	61	-	-	-	-	-
6	264	30	91	63	36	44	-	-	-	-	-
7	268	22	98	58	39	51	-	St. George's	H.S. Kapiuzha.		
8	313	42	89	84	64	34	-	81	82	72	75
9	294	41	90	70	56	37	-	-	-	-	-
10	289	63	70	81	36	29	-	-	-	-	-
SSLC പരീക്ഷ എഴുതിയവർ											

- ഇടക്കല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.
- ഓരോ സ്ക്കൂളിനും പ്രത്യേകം ഫോറം ഉപയോഗിക്കുക. ക്രോഡികരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.

നീണ്ടൂർ ഗ്രാമ പഞ്ചായത്ത് 9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്		ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ SC/ST കുട്ടികൾ മറ്റുള്ളവർ						പഠനം നിർത്തിയവർ SC/ST കുട്ടികൾ മറ്റുള്ളവർ						പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
		ഉടമസ്ഥത	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22
1.	St. George's H.S. Kaipuzha	എയ്ഡഡ്	355	179	534	20	10	30	1	-	1	7	6	13	-	-	-	5	1	6	6
2.	S.K.V. Govt. H.S. Neendoor	സർക്കാർ	610	580	1190	48	52	100	12	2	14	71	16	87	1	-	1	26	16	42	43
3.	St. Margrate's U.P.S. Kaipuzha	എയ്ഡഡ്	-	312	312	-	14	14	-	1	1	-	19	19	-	1	1	-	1	1	2
4.	St. Thresasa's L.P.S. Kaipuzha	എയ്ഡഡ്	72	63	135	3	3	6	-	-	-	4	4	8	-	-	-	-	-	-	-
5.	S.K.V. L.P.S. Kaipuzha	സർക്കാർ	36	38	74	9	12	21	-	-	-	4	1	5	-	-	-	-	-	-	-
6.	St. Michale's L.P.S. Neendoor	എയ്ഡഡ്	72	62	134	1	-	-	-	-	-	-	-	-	-	-	-	-	-	-	-
7.	Panchayath L.P.S. Neendoor	എയ്ഡഡ്	40	31	71	5	4	9	1	1	2	-	-	-	-	-	-	2	1	3	3
8.	St. Mathew's L.P.S. Kaipuzha	എയ്ഡഡ്	145	-	145	9	-	9	1	-	1	5	-	5	-	-	-	-	-	-	-
9.	Govt. L.P.S. Onamthuruth	സർക്കാർ	39	36	75	1	-	1	-	-	-	1	1	2	-	-	-	-	-	-	-
			1369	1301	2670	96	95	191	15	4	19	92	47	139	1	1	2	33	19	52	54

9.6 കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

സ്ക്കൂളിന്റെ പേര്	ഇന വിവരം	ജില്ലാതലത്തിൽ			സംസ്ഥാതലത്തിൽ			ദേശിയതലത്തിൽ		
		ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ
1	2	3	4	5	6	7	8	9	10	11
St. Georges H.S.	Sports	6	-	6	-	-	-	-	-	-
Kapiuzha	Football	11	-	11	-	-	-	-	-	-
S.K.V. Govt. H.S.	Vollyball	-	-	-	-	-	-	1	-	1
Neendoor	Shorput	1	-	1	-	-	-	-	-	-
	Discus	1	-	1	-	-	-	-	-	-
	High Jump	1	-	1	-	-	-	-	-	-
Govt. LP.S. Onamthuruth	Sports	1	1	2	-	-	-	-	-	-

ഗ്രാമപഞ്ചായത്ത്

9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമനമ്പർ	സ്ക്കൂളിന്റെ പേര്	മെറിറ് സ്കോളർഷിപ്പ്	ലംസം ഗ്രാൻറ്	മുസ്ളീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്ക്കോളർഷിപ്പ്	ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം	ബിഡിതൊഴിലാളിസ്ക്കോളർഷിപ്പ്	മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ്	മറ്റുള്ളവ (വ്യക്തമാക്കുക) U.S.S
1	2	3	4	5	6	7	8	9	10
	St. Georges H.S. Kaipuzha	5	104	-	6	-	-	1	3
	S.K.V. Govt. H.S. Neendoor	U.SS-1 L.SS-1	-	-	-	-	-	-	-
	St. Margrets U.P.S Kaipuzha	L.SS-1	68	-	-	4	-	-	-
	St. Thresias L.P.S. Kaipuzha	-	11	-	-	-	-	7	-
	S.K.V. Govt. L.P.S. Kaipuzha	-	28	-	-	-	-	-	-
	St. Michaels L.P.S Neendoor	-	1	-	-	-	-	-	-
	Panchyath L.P.S. Neendoor	-	4	-	-	-	-	-	-
	St. Mathews L.P.S. Kaipuzha	-	38	-	-	-	-	-	-
	Govt. L.P.S. Onamthuruth	-	1	-	-	-	-	-	-

കുടിവെള്ളം പൊതുജനാരോഗ്യം.



ജീവനുള്ള ജനത്തിന്റെ ജീവനായത് ജീവനം എന്നാണല്ലോ ചൊല്ല്. ജീവന്റെ ഉൽപത്തിതന്നെ വെള്ളത്തൽനലന്നാണ് എന്നാണല്ലോ സ്രുതവിശ്വാസം മനുഷ്യസംസ്കാരം ഉടലെടുത്തതു തന്നെ നദീതടങ്ങളിലാണല്ലോ . എവിടെയെല്ലാം ജല സ്രോതസ്സുകൾ വരണ്ടുപോയോ അവിടെയെല്ലാം മനുഷ്യ സംസ്കാരങ്ങൾക്കും നാശം സംഭവിച്ചുവെന്നു കാണാം. മനുഷ്യന്റെ അനസ്യൂതമായ പുരോഗതിക്ക് വെള്ളമില്ലാതെ സാദ്ധ്യമല്ല തന്നെ.

നമ്മുടെ പഞ്ചായത്ത് ജലവിഭവത്തിന്റെ കാര്യത്തിൽ സമ്പന്നമാണ് . മൊത്തം ഭൂ വിസ്തൃതിയുടെ പകുതിയോളം ഭാഗം മുദനിരപ്പിൽ വടക്കൻ കുട്ടനാട് എന്നറിയപ്പെടുന്ന പാട ശേഖരങ്ങളും അവയോട് ബന്ധപ്പെട്ടു കിടക്കുന്ന അല്പം ഉയർന്ന കരപ്പാട രപദേശങ്ങളുമാണ് . ബാക്കി പകുതിയോളം വരുന്ന മനുഷ്യവാസ്സമുള്ള ഭൂവിഭാഗങ്ങളിൽ 10 ശതമാനം പാടശേഖരങ്ങളുടെ സമീപം സ്ഥിതിചെയ്യുന്ന തീരസമതലങ്ങളുമാണ് . പാടശേഖരങ്ങളും സമതലങ്ങളും കഴിഞ്ഞാൽ ബാക്കി വരുന്ന 40 ശതമാനം ഭൂവിഭാഗവും ചെരിവും കുന്നും ഉൾപ്പെട്ട മൂന്നുമാസം മുതൽ 6 മാസം വരെ ജല ദൗർലഭ്യം അനുഭവപ്പെടുന്ന രപദേശങ്ങളുമാണ്.

കേരളത്തിൽ ശരാശരി പെയ്യുന്ന മഴയുടെ നമ്മുടെ പഞ്ചായത്തിലും മഴ ലഭിക്കുന്നുണ്ട് . മൊത്തം 23.2 കി. മീറ്ററിലധികം നീളം വരുന്ന അഞ്ചു മീറ്ററിൽ ക്കൂടുതൽ വീതിയുള്ള തോടുകളും , 12 കി . മീറ്റർ 5 മീറ്റർ മുതൽ 2.5 മീറ്റർ വരെ വീതിയുള്ള കൈചാണകൾ വരെയുള്ള തോടുകളുമുണ്ട് . അര മീറ്റർ വീതിയുള്ള

നീണ്ടൂർ ഗ്രാമ പഞ്ചായത്ത് വികസന രേഖ

കൈചാണയുടെ ഉത്ഭവം കുന്നിൻചെരുവുകളിൽ നിന്നുമാണ് . ഈ ചാണകൾ ഡിസമ്പർ ജനുവരി മാസങ്ങളിൽ തന്നെ വറ്റിവരണ്ടു തുടങ്ങുന്നു. അതോടെ ചരുവുകളിലും താഴ് വരകളിലുമുള്ള കിണറുകളും വറ്റിതുടങ്ങുന്ന സ്ഥിതിയാണ് .

ഭൂമി ശാസ്തൃപരമായി പരിശോധിച്ചാൽ കടൽതീരസമതലങ്ങളിൽ കാണുന്ന വെളുത്ത മണൽ കലർന്ന ചെമ്മണ്ണ് , പശിമരാശി മണ്ണ് , ചുവന്ന വെട്ടുകല്ല് മണ്ണ് , ചരൽ കലർന്ന ചുവന്ന വെട്ടുകൽമണ്ണ് , ചരൽ കലർന്ന കറുത്ത മണ്ണ് , മണൽ കലർന്ന കറുത്ത മണ്ണ് , പുഞ്ചപ്പാടങ്ങളിൽ കറുത്ത കരിയുടെ അംശമുള്ള ചെളി, മണൽ കലർന്ന കറുത്ത ചെളി എന്നീ മൺ തരങ്ങളാണുള്ളത് .

ശ്രപദേശങ്ങളിൽ ഭൂരി ഭാഗവും വെട്ടുകല്ലും 5 ശതമാനം വരെ ഉരുളൻ പാറയും പാറക്കൂട്ടവും വരെ ഈ രപദേത്തിന്റെ സവിശേഷതയാണ്.

കുന്നും ചെരിവും സമതലവും കഴിഞ്ഞ് ഒഴികി പോകുന്ന മഴവെള്ളം എളുപ്പം കരപ്പാടങ്ങളിലൂടെ ഒഴുകി ജലനഷ്ടം ഉണ്ടാകുന്ന അവസ്ഥയാണ ജലദൗർലഭ്യത്തിന് പ്രധാന കാരണമായിചൂണ്ടിക്കാണിക്കാനുള്ളത്

കുന്നും ചെരിവും സമതലവും കഴിഞ്ഞ് ഒഴികി പോകുന്ന മഴവെള്ളം എളുപ്പം കരപ്പാടങ്ങളിലൂടെ ഒഴുകി ജലനഷ്ടം ഉണ്ടാകുന്ന അവസ്ഥയാണ് ജലദൗർലഭ്യത്തിന് രപദാന കാരണമായി ചൂണ്ടിക്കാണിക്കാനുള്ളത് . ചാണകളും തോടുകളും മണ്ണ് വന്ന് നിറയകയും സമീപത്തുള്ള ഭൂഉടമകൾ കൈയേറിയതു മുഖേനയും വീതി കുറഞ്ഞ് കുറഞ്ഞ് ഇല്ലാതായിരിക്കുന്നു. കരപ്പാടങ്ങളിലെ പല തോടുകളിലും മഴക്കാലത്ത് മുങ്ങിക്കുളിച്ചിരുന്ന ജനത്തിന്റെ ഓർമ്മ ഇന്ന് മുട്ടറ്റം ജലത്തിൽ എത്തിനിൽക്കുന്നു. എളുപ്പം വരൾച്ച ബാധിക്കുന്ന കുന്നിലും ചെരുവിലുമുള്ള മിക്ക പുരയിടങ്ങൾക്കും ഇടക്കയ്യാലകളില്ലാതെ മണ്ണ് പൂർണ്ണമായും ഒലച്ചുപോയി കല്ല് തെളിഞ്ഞു നിൽക്കുന്ന അവസ്ഥ മിക്ക സ്ഥലങ്ങളിലും കാണാവുന്നതാണ് . ഏറ്റവും ഉയരം കൂടിയ കുന്നിൽ മുകളിലെ കല്ലുവെട്ടുകഴിക്കു സമീപമുള്ള രണ്ട് കിണറുകളിൽ കഴിഞ്ഞ വർഷത്തെ വരൾച്ചക്കു പോലും വെള്ളം വറ്റിയില്ലെന്ന കണ്ടു പിടുത്തം പഠനപര്യടനത്തിൽ പങ്കെടുത്ത വിദഗ്ധർക്ക് കൗതുകം പകർന്നു .

നീർ തട പദ്ധതയിൽ എന്തുകൊണ്ട് നമ്മുടെ പഞ്ചായത്ത് ഉൾപ്പെടാതെ പോയി എന്ന ചോദ്യം തലങ്ങും വിലങ്ങും നടത്തിയ പഠന പര്യടനം കഴിഞ്ഞപ്പോൾ എല്ലാ വദഗ്ധരും ഏകസ്വരത്തിൽ ചോദിച്ചു.

ഒരു കി. മീറ്റർ ദൂരം സഞ്ചരിച്ച് കുടങ്ങളിൽ വെള്ളം കൊണ്ടുവരുന്ന ഏഴ് പ്രദേശങ്ങൾ മൊത്തമുണ്ട് . ഇവരിൽ 6 മാസം വരെ വെള്ളം ചുമക്കുന്ന മുന്നൂറോളം കുടുംബങ്ങളുണ്ട് . 4 മാസം വെള്ളം ചുമക്കുന്ന 620 കുടുംബങ്ങളുമുണ്ട് . മൂന്ന് മാസവും അതിൽ താഴെയുള്ള കുടുംബങ്ങൾ ആയിരത്തോളം വരും . 1/2 K.M . മുതൽ 50 മീ. വരെയുള്ള വരുടെ എണ്ണവും ഏതാണ്ടിതേപോലെ തന്നെയാണ്.

ജനസംഖ്യയിൽ 75 ശതമാനം ജനങ്ങളും കുടിവെള്ളത്തിന് 6 മുതൽ 3 മാസം വരെ കഷ്ടതയനുഭവിക്കുന്നുണ്ട് ബാക്കിയുള്ള 25 ശതമാനത്തിൽ 20 ശതമാനത്തിനും ജല ലഭ്യതയുണ്ടെങ്കിലും പുഞ്ചപ്പാടശേഖങ്ങളിൽ ഓര് കയറുന്നതു മൂലം കുടി വെള്ളത്തിന് ഒരു കി.മീറ്ററിൽ കൂടുതൽ വള്ളത്തിലും വണ്ടിയിലും സഞ്ചരിച്ച് ജലം സംഭരിക്കുന്നവരാണ് . 5 ശതമാനത്തിൽ താഴെ കരപ്പാടങ്ങളുടെ ചെരുവിൽ താമസിക്കുന്നവർക്ക് മ്രാതമാണ് ജല ലഭ്യതയുള്ളത് . തോടുകളുടെ സ്ഥിതിയും മണ്ണൊലിപ്പും ത്വരിതഗതിയിലുള്ള ജലനിർഗമനവും ക്കൂടി ക്കൂടി വരുന്നതോടുക്കൂടി അതും നിൽക്കുമെന്നാണ് കഴിഞ്ഞ 10 കൊല്ലങ്ങളിലെ പഠനം കാണിക്കുന്നത്. ഇത് തന്നെ 2 മാസത്തോളും ഉപയോഗശൂന്യമല്ലാതെയും വരുന്നുണ്ട് .

താത്ക്കാലിക ശമനത്തിനായി പല സർക്കാർ പദ്ധതികളും കൊണ്ടുവന്നത് താഴെചേർക്കുന്നു.

1.പഞ്ചായത്തുതലത്തിൽ കുഴച്ച പൊതു കിണറുകളുടെ എണ്ണം ----------52

2.കുഴൽകിണറുകളുടെ എണ്ണം----------11

3.കുളങ്ങളുടെ എണ്ണം ----------10

വെള്ളമില്ലാത്ത പ്രദേശങ്ങളിലാണ് വകുപ്പ് പ്രഥമശ്രദ്ധ നടത്തിയതെന്നത് ശ്രദ്ധേയമാണ്. ആദ്യത്തെ പഞ്ചായത്തു കാലത്തു കൊണ്ടുവന്ന ഏക ചെറുകിട കുടിവെള്ള പദ്ധതി പ്രാതമാണ് ടാപ്പിൽ നിന്നും ജലമെടുക്കുവാൻ സൗകര്യപ്പെട്ടതായിട്ടുള്ളത് . അതിന് P.H.E.D യുടെ ഭരണത്തിൽ കീഴിലാണ് ഈ പദ്ധതി 7-ാം വാർഡിലും 8-ാം വാർഡിലുമായി സ്ഥിതിചെയ്യുന്നു. അതിന്റെ മൂന്ന് ടാപ്പുകളിൽ നിന്ന് പ്രാതമാണ് ഭാഗീകമായി വെള്ളം ലഭിക്കുന്നത് . പൈപ്പിന്റെ അടച്ച് ബാക്കിയുള്ള ടാപ്പുകൾ ഉപയോഗ ശൂന്യമാണ് . ഫ്രബ്രുവരി മുതൽ ജൂൺ മാസം വരെ പദ്ധതിക്ക് വെള്ളം പമ്പുചെയ്യുന്ന കിണർ വറ്റുന്നതുകൊണ്ട് രപവർത്തിക്കുന്നുമില്ല. കിണർ സ്ഥിതിചെയ്യുന്ന കരപ്പാടശേഖരത്തേക്കുവരുന്ന ചാണ തോടും പാടശേഖരവും അതിന്റെ തെക്കും വടക്കും കുന്നിൻ ചെരുവുകളിൽ നിന്ന് ഒലിച്ചിറങ്ങിയ മണ്ണടിഞ്ഞ് പൊങ്ങി എളുപ്പം ഉണങ്ങി വരളുന്നതാണ് കിണർ വറ്റുന്നതിനു കാരണമായി ചൂണ്ടിക്കാണിക്കാനുള്ളത് . ഇതിന്റെ ഉപയോഗം 10-15 കുടുംബങ്ങൾക്കുപ്രാതം ഭാഗീകമായി ചുരുങ്ങിയിരിക്കുന്നു.

1.പഞ്ചായത്തിലെമൊത്തംകിണർ----3050

2. കിണറില്ലാത്ത കുടുംബങ്ങൾ --- 2275

3. വറ്റുന്ന കിണറുകൾ---------- 1824

4. വറ്റാത്ത കിണറുകൾ---------- 1226

5. പൊതുക്കുളങ്ങൾ ---------- 10

6. സ്വകാര്യകുളങ്ങൾ ---------- 16

മൊത്തം 5 ജലസേചനപദ്ധതികൾ ഉള്ള ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് രണ്ടായി ചുരുങ്ങിയിരിക്കുന്നു. ജലസേചനസ്വകര്യമുള്ള സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിച്ചതായിക്കാണുന്നു. മൊത്തം കുടുംബങ്ങളുടെ എണ്ണവും കിണറുകളുടെ എണ്ണവും പരിശോധിച്ചാൽ ഉള്ള കിണറുകളിൽ വെള്ളം എത്താനുള്ള ആസൂത്രണമാണാവശ്യമെന്നു കാണാം.



മൊത്തമുള്ള പത്ത് വാർഡുകളിൽ 9 വാർഡുകളിലും കുടിവെള്ളക്ഷാമം അതീവ രൂക്ഷമാണ്. ഗ്രാമസഭകളിൽ 40 പ്രദേശങ്ങൾ കൂടി വെള്ളക്ഷാമം ഉള്ളതായി ചൂണ്ടി കാണിച്ചിരിക്കുന്നത്. മൊത്തമുള്ള പത്താം വാർഡിൽ കുന്നപള്ളി പ്രദേശം മ്രാതമാണ് കുടിവെള്ള ക്ഷാമം ഉള്ളതായി ചൂണ്ടി കാണിച്ചിരിക്കുന്നത്. പ്രസ്തുത പ്രദേശത്ത് C.C.D.P പദ്ധത്രിപകാരം ജലസേചന സൗകര്യമുണ്ടെങ്കിലും ഗാർഹികാവശ്യത്തിനുള്ള ജലത്തിനു ക്ഷാമം ഉണ്ട് . കുഴൽ കിണറുകളിലെ വെള്ളം തുരുമ്പ് ചുവ കാരണം ഉപയോഗയോഗ്യമല്ല. കുടിവെള്ളം 6 മാസത്തോളം കിട്ടാനില്ലാത്ത പ്രദേശങ്ങളിൽ കന്നുകാലിവളർത്തൽ നിർത്തിയിരിക്കുന്നതായി കാണാൻ കഴിയും .

സാദ്ധ്യതകൾ - പരിഹാര നിർദ്ദേശങ്ങൾ

1. പട്ടർ മാം പദ്ധതി അടിയന്തിരമായും കാര്യക്ഷമമായും യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുക .

2. മീനച്ചിൽ - മൂവാറ്റുപുഴ നദീതട പദ്ധതികൾ ഈ പഞ്ചായത്തിലുള്ള തോടുകളിലൂടെ ഒഴുക്കി കായലിലേക്ക് വിടുകയും ഓരുവെള്ളം കയറാതെയുള്ള മുൻ കരുതലുകൾ സ്വീകരിക്കുകയും ചെയ്യുക .

3. യഥോചിതമായ ജലസംരക്ഷണ പദ്ധതികളും ജലനിർഗമന മാർഗ്ഗങ്ങളും ചെരുവുകളോടും , സമതലങ്ങളോടും ചേർന്നുകിടക്കുന്ന കരപ്പാട ശേഖരങ്ങളിൽ ശാശ്വതമായി നടപ്പിലാക്കുക.

4. കരപ്പാട ശേഖരങ്ങളിലുള്ള ചാണകൾ ഒന്നര മീറ്റർ വീതിയിൽ ജനുവരിയിലെ ജലവിതാനത്തിൽ നിന്നും ഒരു മീറ്റർ കൂടി താഴ്ത്തി ആഴം വർദ്ധിപ്പിച്ചും അതിരുകൾ സംരക്ഷിച്ചും ബലപ്പെടുത്തുക .

5. പ്രധാന 5 ജല നിർഗമനസ്ഥലങ്ങളിൽ

A.) മാനാടി തോടിന്റെ ആരംഭം

B) മനക്കൽ തോടിന്റെ സ്പിൽവെ ഭാഗം

C) പൂണിത്തറ പാലത്തിന്റെ സമീപം

D) മുണ്ടമറ്റം പാലത്തിനും കാരിക്കൽ ചാണക്കും തുടക്കത്തിൽ .

E) വഞ്ചിപ്പാടം സമാരംഭിക്കുന്നിടത്തു നിന്നും

F) പുളിക്കൽ തോട് ആരംഭിക്കുന്നതിൽ നിന്നും

തടയിണകെട്ടി വെട്ടിയും പറയും ഉപയോഗിച്ച് ഡീസൽ എഞ്ചിൻ ഉപയോഗിച്ചുള്ള ജലസംരകഷണം ഇതിൽ മനക്കൽതാഴെ തോടിന്റെ സ്പിൽവെ കാണക്കാരി പഞ്ചായത്തുമായി യോജിച്ച് നടത്തേണ്ടതാണ് .

6. കള്ളിയടിക്കുളം 5 മീറ്റർ ചതുരത്തിൽ 5 മീറ്റർ ക്കൂടി താഴ്ത്തി ആഴം വർദ്ധിപ്പിച്ച് എളുപ്പം വറ്റിപോകുന്ന കരപ്പാടങ്ങളായ കള്ളിയടിപാടത്തും ചെത്തുകുഴി ഭാഗത്തും വെള്ളം പൈപ്പുവഴി എത്തിക്കുക. നനവുവിടാതെ സംരക്ഷിക്കുക . അടഞ്ഞുപോയ കൈത്തോട് തുറക്കുകയും ചെയ്യുക .

7. 5-ാം വാർഡ് ഒഴികെയുള്ള 9 വാർഡുകളിലും ഏറ്റവും ഉയർന്ന പ്രദേശത്ത് പുതുതായി ഓരോ ടാങ്ക് നിർമ്മിച്ച് 15 H.P യിൽ കുറയാത്ത ഡീസൽ എഞ്ചിൻ ഉപയോഗിച്ച് ജലസംഭരണസ്ഥലത്ത് കിണർകുഴിച്ച് വെള്ളമടിച്ച് ടാപ്പ് വെക്കുക.

8. 4-ാം വാർഡിലും 6-ാം വാർഡിലും 7-ാം വാർഡിലും സ്ഥാപിക്കുന്ന ടാങ്കിൽ നിന്നും പടിഞ്ഞാറൻ പ്രദേശങ്ങളുൾപ്പെട്ട 5 ,8 വാർഡുകളിലേക്ക് ആവശ്യമുള്ള ടാപ്പുകൾ സ്ഥാപിക്കുക. അതിനാവശ്യമുള്ള ശക്തിയുള്ള ാട്ടോറുകൾ സ്ഥാപിക്കുക .

9. P.H.E.D യുടെ വാട്ടർസപ്ലൈ സ്കീം പൈപ്പുകൾ

മാറ്റിമൈലാട്ടുംപാറ, കൈപ്പുഴ കവല, കല്ലിങ്കൽ പറമ്പ് ഭാഗത്തേക്ക് നീട്ടുകയും കരികുളത്തിൽ നിന്നും നിലവിലുള്ള P.H.E.D ടാങ്കിലേക്ക് ഒരു മോട്ടോർ സംവിധാനം കൂടി ഏർപ്പെടുത്തുകയും കുന്നിൻ മുകളിലെ ടാപ്പുകളുടെ എണ്ണം വർദ്ധിക്കുക.

10. നിലവിൽ പൂർത്തീകരിക്കാതെ സാങ്കേതിക തടസ്സത്തിൽ കിടക്കുന്ന വട്ടതൊട്ടി , കളരിക്കൽ , കണിയാം കുന്ന് , എന്നിവ മുൻഗണന ക്രമം നൽകി പരിഹരിക്കുക .

11. മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി കനിഞ്ഞിറക്കു കൂട്ടി ഭൂഗർഭജലലഭ്യത വർദ്ധിപ് പിക്കുക കോണ്ട്രൂകീറ്റ് കോണ്ട്രൂടാക്ടർ കെട്ടുപാടിൽ നിന്നും രക്ഷനേടാനും കഴിയും .

12. എല്ലാ ഗ്രാമസഭകളും ഉയർത്തിയ നാടിന്റെ പ്രശ്നം കുടിവെള്ളക്ഷാമം ആണെന്നുതന്നെപറയാം. പഞ്ചായത്തിൻറെ 40 പ്രദേശങ്ങളിൽ കുടിവെള്ളം ഇല്ലെന്നു ചൂണ്ടിക്കാണിച്ചത്

ശാശ്വതമായി പരിഹരിക്കുകയെന്ന ശ്യത്തോടെയുള്ള പഠനങ്ങൾകുടിവെള്ളക്ഷാമം പരിഹരിക്കുന്നതോടൊപ്പം കൃഷിയും മൃഗപരിപാലനവും വർദ്ധിപ്പക്കുമെന്ന് നിസംശയം പറയാം.

13. മാനാടി തോടിന്റെ കൈവഴി മുണ്ടമറ്റം കുളത്തിന്റെ ഭാഗത്തേക്ക് വീതികൂട്ടി ആഴം വർദ്ധിപ്പിക്കുക .

14. മാനാടി തോടിന്റെ കളരിക്കൽകുളം ത്തേക്കുള്ള ചാണ വീതികൂട്ടി ആഴം വർദ്ധി പ്പിക്കുക

15. ചാലായി ഭാഗത്തിന്റെ ഭാഗത്ത

നീണ്ടൂർ ഗ്രാമ പഞ്ചായത്ത് വികസന രേഖ



പൊതുജനാരോഗ്യം

നീണ്ടൂർ, ഓണം തുരുത്ത്, കുറുമള്ളൂർ, കൈപ്പുഴ എന്നീ 4 കരകളും 10 വാർഡുകളും ഉൾപ്പെട്ട ഈ പഞ്ചായത്തിൽ ഗവൺമെന്റെറു വക മുന്നു ആരോഗ്യ ക്രന്ദേങ്ങൾ മൂന്ന് കരകളിലായി പ്രവർത്തിക്കുന്നു. അലോപ്പതിയുടെ ഒരാധുനിക ആരോഗ്യ ക്രന്ദേം ഓണം തുരുത്തിലും ഹോമിയൊ വകുപ്പിന്റെറ രാശുപ്രതി കുറുമള്ളൂരും യുർവ്വേദാശുപ്രതി നീണ്ടൂരിലും രപവർത്തിച്ചുവരുന്നുണ്ട്. നാല് ഹോമിയൊ ക്ലിനിക്കുകൾ കൈപ്പുഴ നിണ്ടൂർ A.R. ക്ലിനിക്കും രപവർത്തിക്കുന്നുണ്ട്. നാല് ഹോമിയൊ ക്ലിനിക്കുകൾ കൈപ്പുഴ നീണ്ടൂർ, ഓണം തുരുത്ത് എന്നീ പ്രദേശങ്ങളിൽ സ്ഥാപിച്ച് രപവർത്തിക്കുന്നു. ആയുർവ്വേദ വൈദ്യൻമാരുടെ നാല് സ്ഥാപനങ്ങൾ നീണ്ടൂരും കൈപ്പുഴ ശാസ്താങ്കൽ S.D. ഫാർമസിയുടെ ഒരു ഏജൻസിയും പ്രവർത്തിച്ചുവരുന്നു. ആഴ്ചയിൽ ഒരു തവണ ഡോക്ടർ ഈ ന്ദ്രേത്തിൽ രോഗികളെ പരിശോധിച്ച് ചികത്സിച്ചു വരുന്നുണ്ട്.

അലോപ്പതി വിഭാഗം പട്ടിക.

വാർഡ്	ആശുപ്രതിയുടെ പേര്	ഡോക്ടറും സേവന സമയവും	സ്റ്റാഫ്	കിടക്കകൾ
II	ഗവ: P.H. സെൻറർ ഓണം തുരുത്ത്	M.B.B.S. ഡോക്ടർ I 5 മണിക്കൂർ സേവനം	8	ഇല്ല
VII	H.D.P. ആശുപ്രതി കൈപ്പുഴ	M.B.B.S. ഡോക്ടർ I 24 മണിക്കൂർ സേവനം	10	30
V	A.R. ക്ലിനിക്ക് നീണ്ടൂർ	M.B.B.S. ഡോക്ടർ 2 24 മണിക്കൂർ സേവനം	3	5

ഹോമിയോ വിഭാഗം പട്ടിക.

വാർഡ്	ആശുപ്രതി	ഡോക്ടർ	സ്റ്റാഫ്	കിടക്കകൾ
II	ഗവ: ഹോമിയോ ആശുപ്രതി കുറുമള്ളൂർ	D.H.M.S. 6	3	ഇല്ല
III	പനജ്ജലി ഹോമിയോ സെൻറർ	D.H.M.S I	ഇല്ല	ഇല്ല
IV	ശ്രീഹരി ഹോമിയോ പ്പതിക് സെൻറർ നീണ്ടൂർ	B.H.M.S I	ഇല്ല	ഇല്ല
x	ശ്രീഹരി ഹോമിയൊ ആശുപ്രതി കൈപ്പുഴ	D.H.M.S I B.H.M.S I	ഇല്ല	ഇല്ല

ആയുർവ്വേദ വിഭാഗം പട്ടിക

വാർഡ്	ചികിത്സാലയങ്ങൾ	ഡോക്ടർ	സ്റ്റാഫ്	കിടക്ക
IV	ഗവ: ആയുർവേ ബ ദാശുപ്രതി നീണ്ടൂർ	B.AM. I 6മണിക്കൂർ	3	ഇല്ല
IV	പാഞ്ചേരി ആയുർ വേദാചികത്സാലയം	പാരമ്പര്യ ചികത്സ 24 മണിക്കൂർ	1	-
IV	വല്ലഭശേരി ആയുർ വേദാശുപ്രതി	B.A.M. I 10 മണിക്കൂർ	-	-
IV	ചേല മുട്ടിൽ ചികിത്സാലയം	പാരമ്പര്യ ചികിത്സ 24 മണിക്കൂർ	-	-
VI	പണിക്കേഴ്സ് ഫാർമസി	B.A.M. I 2 മണിക്കൂർ	1	-
IX	A.S.A. ചികിത്സാലയം കൈപ്പുഴ	പാരമ്പര്യ ചികിത്സ	-	-
X	S.D. ഫാർമസി കൈപ്പുഴ	B.A.M. I	1	-
X	A.S.A. വൈദ്യശാല കൈപ്പുഴ	പാരമ്പര്യ ചികിത്സ	-	-

അവികസിത പ്രദേശങ്ങൾ, കോളനികൾ, പാട ശേഖരങ്ങളിൽ സ്ഥിതി ചെയ്യുന്ന തുരുത്തുകൾ, ചിറകൾ തുടങ്ങിയ പ്രദേശങ്ങൾ ഒട്ടനവധിയുള്ള ഈ പഞ്ചായത്തിൽ പണമുണ്ടെങ്കിൽ മാത്രം ചികിത്സ സാദ്ധ്യമാകൂ എന്ന സ്ഥിതിയാണിന്ന്. മെഡിക്കൽ കോളേജ് ആശുപത്രി എട്ട് കിലോ മീറ്റർ ദൂരെ സ്ഥിതി ചെയ്യുന്നതുകൊണ്ട് മാത്രമാണ് അത്യാഹിത ചികത്സയും പ്രസവം പോലുള്ള കർമ്മങ്ങളും സാധാരണക്കാർക്ക് സാദ്ധ്യമാകുന്നത്. ധർമ്മാശുപത്രി എന്ന സ്ഥിതി മാറി ഓരോ ഫീസ്സും കുറെ സ്റ്റാഫും എന്ന നിലയിലാണ് ഇവിടുത്തെ P.H. സെൻററുകൾ പ്രവർത്തിക്കുന്നത്. ഗവ: ആയുർവ്വേദാശുപത്രി വില്ലേജ് യുണിയന്റെ കാലത്ത് സ്ഥാപിതമായതാണെങ്കിലും രോഗികളെ കടത്തി ചികിത്സിക്കുന്ന സ്ഥിതിയിൽ ഈ ആശുപത്രിയെ ഉയർത്തിയെടുക്കാൻ സാധിച്ചിട്ടില്ല. ഈ ആശുപത്രിയിലെ ഉപദേശക സമിതി അംഗങ്ങൾ പുറത്തു നിന്നുള്ള രാഷ്ട്രീയ ചായ് വുള്ള ആളുകളായതിനാൽ നാട്ടുകാർക്ക് നിലവിലുള്ള ഗവ: പദ്ധതികൾ അറിയുവാൻ കഴിയുന്നില്ല. പ്രായം ചെന്ന നൂറുകണക്കിനാളുകൾക്ക് ഇന്നും ഒരഭയക്രന്ദേമാണ് ഈ ആശുപ്രതി. കുറമുള്ളൂരിൽ പ്രവർത്തിക്കുന്ന ഹോമിയൊ ശുപത്രിയിൽ നിരവധി രോഗികൾ ചികിത്സ തേടിയെത്തുന്നുണ്ടെങ്കിലും മരുന്നുകളുടെ അഭാവം ഇതിന്റെ പ്രവർത്തനത്തെ സാരമായി ബാധിപ്പിക്കുന്നുണ്ട്. സന്നദ്ധ പ്രവർത്തകരുടെയും ഉദാര മതികളുടെയും സഹായം ഈ ആശുപത്രതിയെ ഒരു പരിധിവരെ താങ്ങി നിർത്തുന്നു. ഒരു ഡോക്ടർ മാത്രമുള്ള, ക്രിസ്ത്യൻ മിഷനറിമാർ നിയന്ത്രിക്കുന്ന കൈപ്പുഴ H.D.P. ആശുപ്രതി 24 മണിക്കൂറും സ്തുത്യർഹമായി പ്രവർത്തിക്കുന്നുണ്ട്. അത്യാഹിതമായി ഓടിയെത്തുന്നവർക്ക് പ്രാഥമിക ശുശ്രൂഷ ലഭ്യമാക്കുന്ന കാര്യത്തിൽ നീണ്ടൂരിലുള്ള A.R. ക്ലിനിക്കും രോഗികൾക്ക് സഹായകമാണ്. പാരമ്പര്യ ചികത്സാ രംഗത്ത് [illegible]

നീണ്ടൂർ ഗ്രാമ പഞ്ചായത്ത് വികസന രേഖ

പവർത്തിക്കുന്ന പാഞ്ചേരിൽ ആയുർവ്വേദ ചികിത്സാലയവും ചേല മുട്ടിൽ ചികിത്സാലയവും കൈപ്പുഴ വഞ്ചിയിൽ ഗോപാലൻ വൈദ്യരും കണിയാംപറമ്പിൽ ശ്രീധരൻ വൈദ്യരും ഈ രംഗത്തെ പാരമ്പര്യ ചികിത്സാകരാണ്. കുടുംബക്ഷേമ രപവർത്തനവും രോഗ പ്രതിരോധ നടപടിയും ഈ പഞ്ചായത്തിൽ ഇനിയും സ്ഥായിയായി നടത്തേണ്ടതുണ്ട്. പോളിയോ നിർമ്മാജന യജ്ഞം പോലുള്ള കാമ്പയിനങ്ങൾ P.H. സെൻററുകളിലെ ജീവനക്കാർ ഭംഗിയായി നിർവ്വഹിക്കാറുണ്ടെങ്കിലും രോഗികളോടുള്ള സമീപനം തൃപ്തികരമല്ലെന്നാണറിയാൻ കഴിഞ്ഞത്.

ഇടത്തരക്കാരും താഴെത്തട്ടിലുള്ളവരും ഇന്നും തുറന്ന സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ചെയ്യുന്നണ്ട്. തന്മൂലം സാം ക്രമീക രോഗ പ്രതിരോധ നടപടി അസാദ്ധ്യമായി വരുന്നു. കുട്ടികൾക്കും പ്രായം ചെന്നവർക്കും പല വിധ രോഗങ്ങളും എളുപ്പം പിടിപെടുന്നതായി കാണാം. ശുദ്ധജല ദൗർലഭ്യം പല മാരകരോഗങ്ങൾക്കും കാരണമാകുന്നു. കോളറ, മഞ്ഞപിത്തം, തുടങ്ങിയ പകർച്ച വ്യാധികൾ ഇതര രോഗങ്ങൾ മുതലായവ ഇതുമൂലം വ്യാപകമായി കണ്ടു വരുന്നു. പകർച്ച വ്യാധികൾ വ്യാപകമായി പെരുകുന്നത് ഈച്ച, കൊതുക് എന്നിവയിൽ കൂടിയാണ്. മത്ത്, മലമ്പനി മുതലായ കൊതുക് പരത്തുന്ന രോഗങ്ങൾ ഈ പ്രദേശത്ത് കുറവാണെങ്കിലും അതിൻെറ സാദ്ധ്യത തള്ളിക്കളയാനാവില്ല. കൂടാതെ ഈ അടുത്ത കാലത്ത് സുപ്രസിദ്ധമായ ജപ്പാൻ ജ്വരവും പ്ലേഗ് മുതലായ രോഗങ്ങളും അതിവേഗം പകരുന്നവയാണ്. പാടശേഖരങ്ങൾ കൂടുതലുള്ളതിനാൽ കൊതുകു ശല്യം വളരെ കൂടുതലാണ്. കൊതുക് ശല്യം ലഘൂകരിക്കുന്നതിന് ജൈവികനിയ്രന്തണം അത്യന്താപേക്ഷിതമാണ്.

മാനവ പുരോഗതിക്ക് എന്നും വെല്ലുവിളി ഉയർത്തുന്ന ഒരു പ്രതിഭാസമാണ് മദ്യപാന ശീലം. ഇത് ദ്രര്രിദർ കൂടുതൽ നിവസിക്കുന്ന നീണ്ടൂർ രഗാമ പഞ്ചായത്തിൻെറ പുരോഗതിക്ക് തടസ്സമാണ്. അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം മുഴുവനും മദ്യഷാപ്പുകളിൽ നൽകി വീട്ടിലെത്തുന്ന പിതാക്കൻമാരും വിദ്യാലയങ്ങളിൽ പോകുന്ന വിദ്യാർത്ഥികളിൽ ഒരു നല്ല പങ്കും മദ്യപാന ശീലമുള്ളവരായതുമൂലം കുടുംബത്തിലെ സൈാര്യവും ഭ്രദതയും നഷ്ടപ്പെടുകയും ദാര്രിദ്യം രൂക്ഷമാവുകയും അക്രമവാസികൾ സമൂഹത്തിൽ പെരുകുകയും ചെയ്യുന്നു. സ്ത്രീകൾ പ്രത്യേകിച്ച് കുടുംബനികൾ തന്മൂലം മാനസീകമായി സംഘർഷമുള്ളതായി തീരുകയും ആത്മഹത്യാ പ്രവണതയ്ക്ക് പ്രേരിതരാവുകയും ചെയ്യുന്നു. പുകവലി, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ വ്യാപകമായുണ്ട്. ശ്വാസകോശ രോഗങ്ങൾ, ക്യാൻസർ, ക്ഷയം മുതലായവ നിശ്ചയമായും പുകവലി മൂലം ഉണ്ടാകുന്നതാണ്. ഇത് മനുഷ്യ ശരീരത്തിന് ഹാനികരമാണന്നതിലുപരി കടുത്ത സാമ്പത്തിക നഷ്ടത്തിനുമടിയാക്കും. മയക്കു മരുന്ന് ഉപയോഗം മുതിർന്നവരിലും സ്ക്കൂൾ-കോളേജ് വിദ്യാർത്ഥികളുടെ പഠനത്തെയും കുടുംബസൈാര്യത്തെയും ആരോഗ്യത്തെയും തകർക്കുന്ന ഈ ശീലം സാമൂഹ്യവിപത്തായി കണക്കാക്കി നീങ്ങണ്ടതാണ്.

പ്രശ്നങ്ങൾ.

1. ശുദ്ധജലത്തിൻെറ ദൗർലഭ്യം.

2. കൊതുക്, ഈച്ച, എലി നശീകരണ നടപടികളുടെ അപര്യാപ്തത.

3. കക്കൂസ്സില്ലാത്ത കുടുംബങ്ങളുടെ വർദ്ധന.

4. ജൈവിക നിയ്രന്തണം പാടശേഖരങ്ങളിൽ നടക്കുന്നില്ല.

5. അമിത കീടനാശിനി പ്രയോഗം

അന്തരീക്ഷമലിനീകരണം.

6. രക്തദാനം പോലുള്ള സന്നദ്ധാ പ്രവർത്തന ത്തോടുള്ള വീമുഖത.
7. മദ്യപാനാസക്തിയുടെ പെരുപ്പം.
8. പുകവലി, മയക്കുമരുന്ന് എന്നിവയുടെ ഉപ യോഗം ഏറി വരുന്നു.
9. ബോധവൽക്കരണത്തിന്റെ അഭാവം.
10. പരിസര ശുചികരണം ശരിയായ രീതിയിൽ നടക്കുന്നില്ല.
11. പുകയില്ലാത്ത അടുപ്പുകളുടെ കുറവ്.
12. നിലവിലുള്ള ആശുപ്രതികൾ അതിന്റെ സേ വനം പൂർണ്ണമായി നിറവേറ്റുന്നില്ല.
13. ആരോഗ്യ ക്രന്ദേങ്ങൾക്ക് ആവശ്യമായ സൗക ര്യങ്ങളുടെ കുറവ്.

സാദ്ധ്യതകൾ.

1. കുടിവെള്ളത്തിനും മറ്റ് വീട്ടാവശ്യങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനും കെട്ടി കിടക്കുന്ന മലിനജലത്തിൽ പെറ്റുപെരുകുന്ന കൂത്താടികളെ നശിപ്പിക്കുന്നതിനും പഞ്ചായത്തു തലത്തിൽ നടപടി സ്വീകരിക്കുക.

2. പകർച്ച വ്യാധികൾ പരത്തുന്ന കൊതുക്, ഈച്ച, എലി. മുതലായ ക്ഷുദ്രജീവികളെ നശിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുക.

3. സ്വന്തമായി കക്കൂസില്ലാത്ത കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചു വരികയും തുറസ്സായ സ്ഥലങ്ങളിൽ മല മൂത്ര വിസർജ്ജനം ചെയ്യുന്നതു കൊണ്ട് സങ്കീർണ്ണമാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തരമായി കക്കൂസ്സുകൾ നിർമ്മിച്ചു കൊടുക്കുന്നതിന് ധനസഹായം ചെയ്യുക.

4. തവളപിടുത്തം നിയ്രന്തിക്കുകയും ചേര മുതലായ വിഷമില്ലാത്ത പാമ്പുകളെ കൊല്ലാതിരിക്കയും മണ്ണിരകളെ പൂർണമായി നശിപ്പിക്കാതെ നിലനിർത്തുകയും ചെയ്തു മണ്ണിന്റെ ജൈവാംശം നിലനിർത്താൻ സഹായിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

5. അമിതമായ കീടനാശിനി പ്രയോഗത്തെ നിരുത്സാഹപ്പെടുത്തി, അന്തീരീക്ഷത്തിലെയും ജലത്തിലെയും വിഷാംശത്തിന്റെ അളവ് കുറയ്ക്കാൻ പ്രേരിപ്പിക്കുക.

6. രക്തദാന ക്യാമ്പ്, ന്രതേദാന ക്യാമ്പ് എന്നിവ നടത്തി ആയതിന്റെ അതിവാര്യതെ ജനങ്ങളെ ബോദ്ധ്യപ്പെടും വിധം വേണ്ടത് ചെയ്യുക.

7. വർദ്ധിച്ചുവരുന്ന മദ്യപാനശീലം നിരുത്സാഹപ്പെടുത്തി സാമൂഹ്യ പുരോഗതിക്കു ഉതകും വിധം വളർത്തിയെടുക്കുക.

8. പകുവലി, മയക്കുമരുന്നിന്റെ ഉപയോഗം സാദ്ധ്യമാം വിധം നിയ്രന്തിക്കുകയും നിരോധിക്കുകയും ചെയ്യുക.

9. ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് കാലാകാലാങ്ങളിൽ ആവശ്യമായ ബോധവൽക്കരണ സെമിനാറുകൾ അതത് വിഷയങ്ങളിലെ വിദഗ്ദരെ പങ്കെടുപ്പിച്ച് നടത്തുക.

10. ശുചിത്വ ബോധത്തിന്റെ കുറവുകൊണ്ട് പരിസരം മലിനമാക്കുന്ന പ്രവണത നിരുത്സാഹിപ്പിക്കുക.

11. പുകയില്യത്ത അടുപ്പുകൾ ഉപയോഗിക്കുന്നത് വ്യാപകമായും ആവശ്യമാം വരുന്ന ധനസഹായം അനുവധിക്കുകയും ചെയ്യുക.

12. ആതുരാലയങ്ങൾ അവയുടെ സേവനങ്ങൾ തൃപ്തികരമായ രീതിയിൽ നടത്തുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയും ചെയ്യുന്നതായി ഉറപ്പുവരുത്തുക.

13. നിലവിലുള്ള ആയൂർവേദാശുപത്രിക്ക് 15 കിടക്കകളുള്ള വാർഡ് പണിത് രോഗികളെ കിടത്തി ചികത്സിക്കാനുള്ള സ്ഥാപനമായി ഉയർത്തുന്നതിനും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വികരിക്കുക.

14. കുറുമള്ളൂരിൽ പ്രവർത്തിക്കുന്ന ഹോമിയൊ ആശുപ്രതിക്ക്, കറണ്ട്, മറ്റ് പ്രാഥമീക സൗകര്യങ്ങൾ എന്നിവ അനുവദിക്കുക.

15. പാവപ്പെട്ട രോഗികൾക്ക് ചികത്സ ചെലവ് കുറയ്ക്കാൻ കൈപ്പുഴ H.D.P. ആശുപ്രതിയിൽ ഒരു Free Ward പഞ്ചായത്തിൽ നിന്നും നിർമ്മിച്ചു നൽകുന്നതിനുള്ള ആലോചനകൾ നടത്തുക.

16. ഓണംതുരുത്ത് പ്രാധമികാരോഖ്യകേന്ദ്ര ത്തിൽ രേഗികളെ കിടത്തി ചികിത്സിക്കാവുന്ന തരത്തിൽ കെട്ടിടം അടിയന്തിരമായി നിർമ്മിക്കു ക. ആവശ്യമായ ഡോക്ടറെയും സ്റ്റാഫിനെയും കൊടുക്കുക .

വനിതാ ക്ഷേമം

എല്ലാറ്റിന്റെറയും ഉല്പാദനോപാദിയാണല്ലോ ഭൂമി. ഭൂമിയുടെ ഒരു പര്യായപദമാണ് സ്ത്രീ എന്നും നമുക്കറിയാം. അതുകൊണ്ടുതന്നെ സമൂഹത്തിൽ സ്ത്രീക്ക് അർഹമായ പരിഗണനയും അംഗീകാരവും നൽകേണ്ടത് സംസ്ക്കാരമുള്ള ഒരു ജനതയുടെ കടമ മാത്രമാണ്. എന്നാൽ നമ്മുടെ സമൂഹത്തിൽ ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ കണ്ടില്ലെന്നു ഭാവിക്കരുത്. സസ്ത്രീ എന്ന നിലയിൽ അനുഭവിച്ചു കൊണ്ടിരിക്കുന്ന പീഡനങ്ങളും അവഹേളനങ്ങളും സഹിച്ച് നിർവികാരരായി വീടുകളിൽ ഒതുങ്ങികഴിഞ്ഞു കൂടുകയാണ്. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയോളം വരുന്ന വനിതകൾ അവർക്കായുള്ള വിമോചന പ്രസ്ഥാനങ്ങളുടെ ്പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകാതെ മുഖം തിരിച്ചിരിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ജനസംഖ്യയുടെ പകുതി തന്നെ വരുന്ന ഈ സ്ത്രീ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ടല്ലാതെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ കഴിയില്ല.

സാമൂഹ്യ സംസ്ക്കാരിക രാഷ്ട്രീയ രംഗങ്ങളിലെല്ലാം മുമ്പെന്നപോലെ തന്നെ ഇന്നും ്ത്രീകൾ അവഗണിക്കപ്പെടുന്നു. തുല്യ പങ്കാളിത്തമുള്ള കുടുംബ ഭരണത്തിൽ പോലും സ്സ്ത്രീകളെ അകറ്റി നിർത്തുന്നു. നമ്മുടെ പഞ്ചായത്തിൽ 10958 സ്ത്രീകളും 10959 പുരുഷൻമാരുണ്ട്. ഇവരിൽ അഭ്യസ്ഥവിദ്യരും തൊഴിലുള്ളവരും ഏറെയില്ല. ഒരു ഉപഭോഗ വസ്തുവായി മാത്രം സ്ത്രീകളെ കാണുന്ന പരമ്പരാഗതമായ ഒരു ധാരണ ഇന്നും നമ്മുടെ സമൂഹത്തിൽ ഉണ്ട്. സ്സ്ത്രീകൾക്ക് എതിരായി നിൽക്കുന്ന ശക്തികളെ പരാജയപ്പെടുത്തി കൊണ്ട് സ്ത്രീകളെ എല്ലാ നിലയിലും ശക്തരാക്കി സാമൂഹ്യ ഭദ്രത കൈവരിക്കാൻ തക്കമുള്ള ഒരു സാമൂഹ്യ പരിഷ്കരണമാണാവശ്യം.

സമൂഹത്തിന്റെ പ്രാഥമീക ഘടകം കുടുംബമാണ് അത് ്ത്രീയുടെ നേരിട്ടുള്ള നനിയന്ത്രണത്തിന്റെയും പരിരക്ഷയുടെയും അടിസ്ഥാനത്തിൽ ആണെന്നത് വിസ്മരിച്ചു കൂടാ. ഭാവി തലമുറയുടെ നന്മ സ്ത്രീകളെ ആആശ്രയിച്ചായിരിക്കണം. ഇതുതന്നെ സാദ്ധ്യമാവണമെങ്കിൽ സ്ത്രീ ജനങ്ങൾ ബോധമുള്ളവരാകണം.

എല്ലാ സ്ത്രീ ജനങ്ങളും ഏതെങ്കിലും തരത്തിലുമുള്ള വനിതാ സമാജങ്ങളിൽ

അംഗമാകണം. ഇതിനായി കൂടുതൽ സമാജങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ ചില സംഘടനകൾ ഉണ്ടെങ്കിലും പ്രവർത്തനങ്ങൾ ആശാവഹമായ രീതിയിലല്ല. നേതൃത്വ പരമായ ഉത്തരവാദിത്വം വഹിക്കുന്നതിൽ സ്ത്രീകൾ പൊതുവെ വിമുഖരാണ്. പുരുഷൻമാരുടെ സമീപനവും ഇതിന് അനുകൂലമല്ല. ഈ സാഹചര്യത്തിൽ ഇതൊരു വെല്ലുവിളിയായി സ്വീകരിക്കാൻ സ്ത്രീകൾക്കു തന്നെ കഴിയണം. വേണ്ട പ്രരണയും പ്രചോദനവും നൽകേണ്ടത് അത്യാവശ്യമാണ്. പുരുഷൻന്മാർക്ക് ഉള്ളതുപോലെ തന്നെ ബുദ്ധിയും സാമർത്ഥ്യവും, തങ്ങളും ആർജ്ജിച്ചിട്ടുണ്ടെന്നും അത് പ്രകടിപ്പിക്കാനുള്ള ഇച്ഛാശക്തി തങ്ങൾക്കുമുണ്ടെന്നും സ്ത്രീകൾ തെളിയിക്കേണ്ടിയിരിക്കുന്നു. പുരുഷന്മാരുടെ മേധാവിത്വം സ്സ്ത്രീകൾക്ക് ഒരു പ്രശ്നമാണ്. മദ്യപിച്ചെത്തുന്ന പുരുഷൻമാരുടെ ശല്യം അതിലും ഭയാനകമാണ്. സ്ത്രീ ക്ഷേമ പ്രസ്താനങ്ങളുടെ പ്രവർത്തനങ്ങൾ നിലവിലുണ്ടെങ്കിലും തങ്ങളുടെ പ്രശ്നങ്ങൾ ഈ സംഘടനയുടെ രശദ്ധയിൽ പ്പെടുത്താൻ അറിവുള്ള സ്ത്രീകൾ പോലും വിമുഖത പ്രകടിപ്പിക്കുന്നത് അത്ഭുതാവഹമാണ്. ഭാവി കുടുംബ ജീവിതത്തിൽ കൂടുതൽ വിള്ളലുകൾ ഉണ്ടായേക്കാമെന്ന ഭയമോ കെണ്ടാവണം ഇങ്ങനെ സംഭവിക്കുന്നത്. ചില സന്ദർഭങ്ങളിൽ വനിതാ പ്രസ്ഥാനക്കാർ പ്രശ്നം അന്വേഷിച്ചറിഞ്ഞ് എത്തുമ്പോൾ പോലും മുഖം തിരിഞ്ഞ് നിൽക്കാനല്ലാതെ, അവരോടു സഹകരിക്കാൻ പലരും തയ്യാറാകാത്തത് ഖേദകരവുമാണ്. നമ്മുടെ സംസ്ഥാനത്ത് സ്ത്രീ ധനത്തിന്റെ പേരിലുള്ള സ്ത്രീ പീഡനം മൂലം വ്യാപകമായ മരണങ്ങൾ തന്നെ നടക്കുന്നത് നിത്യ സംഭവമായിരിക്കുന്നു. കുറ്റവാളികൾ പലപ്പോഴും രക്ഷപെടുന്നത്, നിയമത്തിന്റെ പിഴവായി കാണാൻ തരമില്ല. മറിച്ച് നാനവിധ പീഡനത്തിനിരയാകുന്ന സ്ത്രീകൾ ഇത് എല്ലാവരിൽനിന്നും മറച്ചു വെയ്ക്കാനാണ് രശമിക്കുന്നത്. ഭയത്തേക്കാളുപരി അജ്ഞതയാവാം ഇതിനു കാരണം.

ഒറ്റയ്ക്കോ സഹകരണടിസ്ഥാനത്തിലൊ സ്ത്രീകൾ ചെയ്യാവുന്ന തൊഴിൽ മേഖലയിലേയ്ക്ക് അവരെ കൈപിടിച്ച് ആനയിക്കേണ്ടത് പുരുഷൻമാരുടെ കൂടി ചുമതലയായി കണക്കിലെടുത്ത് വേണ്ട ബോധ വൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. അങ്ങനെ സ്വയം പര്യാപ്തതയിലേക്ക് നീങ്ങുമ്പോൾ സ്ത്രീകൾ കൂടുതൽ ഇച്ഛാശക്തിയും ലക്ഷ്യബോധവും ഉള്ളവരായിതീരും.

സമസ്തജീവിത മേഖലകളിലും സസ്ത്രീ പുരുഷ സമത്വം എന്ന സന്ദേശത്തിന് ഊന്നൽ നൽകിയുള്ള പ്രചരണ പ്രവർത്തനങ്ങളും ബോധവൽക്കരണ ക്യാമ്പുകളും മറ്റും നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്. ഇങ്ങനെ വനിതകളുടെ സാമൂഹ്യ സ്ഥിതി മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്.

പ്രശ്നങ്ങൾ.

(1) സാമൂഹ്യ പ്രവർത്തനത്തിലുള്ള വേദിയുടെ അപര്യാപ്തത.

(2) വനിതാ തൊഴിൽ സംരംഭങ്ങളുടെ കുറവ്.

(3) സ്ത്രീകളെ അപമാനിക്കത്തക്ക വിധം അശ്ലീല പരസ്യങ്ങളുടെ കടന്നു കയറ്റം.

(4) സ്ത്രീ പീഡനങ്ങളുടെ വർദ്ധന.

(5) സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും നിയന്ത്രണ ത്തിലും ചുമതലയിലും നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങളിൽ നിന്നും സ്ത്രീകളെ അകറ്റി നിർത്തുന്ന പ്രവണത.

(6) സ്വയം തൊഴിൽ സംരംഭങ്ങളുടെയും സഹകരണ പ്രസ്ഥാനങ്ങളുടെയും കുറവ്.

(7) ബാലവാടി, അംഗനവാടി, മഹിളാസമാജം, ഡെകെയർ സെൻറർ, ക്രഷ് എന്നിവയുടെ അപര്യാപ്തത.

(8) കമ്മ്യൂണിറ്റി ഹാളുകളുടെ അഭാവം.

(9) പഞ്ചായത്ത് തലത്തിൽ ഒറ്റക്കെട്ടായി രപവർത്തിക്കാനുള്ള പൊതുവേദികളുടെ അഭാവം.

(10) വിദ്യാഭ്യാസം ഇടയ്ക്കുവെച്ച് നിറുത്തി പോകുന്നതുമൂലം ഉണ്ടാകുന്ന സാമൂഹ്യ കുടുംബ പ്രശ്നങ്ങൾ.

(11) കുടുംബ ഭരണത്തിൻ വിശിഷ്യാ പാചക കാര്യങ്ങളിൽ ലഭ്യമായ ഉയർന്ന സാങ്കേതിക വിദ്യകളുടെ അഭാവം മൂലമുള്ള ആരോഗ്യ രപശ്നങ്ങൾ.

(12) മദ്യം, മയക്കുമരുന്ന് മുതലായ ലഹരി പദാർത്ഥങ്ങളുടെ സ്വാദീനം മൂലം വഴിതെറ്റി പോകുന്ന പുരുഷൻമാർ സൃഷ്ടിക്കുന്ന രപശ്നങ്ങൾ.

നിർദ്ദേശങ്ങൾ.

(1) എല്ലാ വാർഡിലും ഓരോ മഹിളാ സംഘടന രൂപികരിക്കുക.

(2) ഒറ്റയ്ക്കൊ കൂട്ടായോ സാദ്ധ്യമാകുന്ന തൊഴിലുകൾ (തയ്യൽ, പായ്നെയ്ത്ത്, പലഹാര നിർമ്മാണം) ആരംഭിക്കുന്നതിന് പ്രേരണയും സഹായവും നൽകുക.

(3) മാദ്ധ്യമങ്ങളിൽ ത്രീകളുടെ നഗ്നചിത്രങ്ങൾ ചേർത്ത് വരുന്ന പരസ്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

(4) സ്ത്രീ പീഡനങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുക.

(5) സർക്കാരും വിവിധ ഏജൻസികളും നടത്തുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് ത്രീകൾക്ക് വേണ്ട അറിവ് നൽകുക.

(6) സ്വയം തൊഴിൽ സംരംഭങ്ങൾ ത്രീകൾക്കായി ആരംഭിക്കുക.

സ്ത്രീകൾക്ക് എതിരായി നിൽക്കുന്ന ശക്തികളെ പരാജയപ്പെടുത്തി കൊണ്ട് സ്ത്രീകളെ എല്ലാ നിലയിലും ശക്തരാക്കി സാമൂഹ്യ ഭദ്രത കൈവരിക്കാൻ തക്കമുള്ള ഒരു സാമൂഹ്യ പരിഷ്കരണമാണാവശ്യം

സഹകരണാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിൽ പരിശീലന പരിപാടികൾ ആരംഭിക്കുകയും പുഷ്ടി പ്പെടുത്തുകയും ചെയ്യുക.

(7) ബാലവാടികൾ, അംഗനവാടികൾ, കുട്ടികൾക്കായുള്ള ഡെകയർ സെൻറുകൾ അവ ഇല്ലാത്ത വാർഡുകളിൽ സ്ഥാപിക്കുക.

(8) സ്ത്രീകൾക്ക് വ്യവസായ യൂണിറ്റുകൾ നടത്തുന്നതിന് ആവശ്യമായ സാങ്കേതിക പരിശീലനവും മതിയായ ധനസഹായവും ലഭ്യമാക്കുക.

(9) ഓരോ വാർഡിലും രൂപികരിക്കുന്ന മഹിളാ സമാജങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമതി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

(10) S.S.L.C., P.D.C പരീക്ഷകളിൽ തോറ്റ് പഠനം നിർത്തിയ പെൺകുട്ടികൾക്ക് വീണ്ടും പരീക്ഷ എഴുതുവാനുള്ള പ്രരണയും ധനസഹായവും നൽകുക.

(11) പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുക.

(12) നമ്മുടെ പഞ്ചായത്തിൽ രപവർത്തിച്ചുവരുന്ന മദ്യനിരോധന സമതിക്ക് വേണ്ട പിന്തുണ നൽകുകയും പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോദന ഘട്ടം ഘട്ടമായി ഏർപ്പെടുത്തുന്നതിന് പ്രേരണ നൽകുകയും ചെയ്യുക.

പാർപ്പിടം സാമൂഹ്യക്ഷേമം

നമ്മുടെ സമൂഹത്തിന്റെ മൂലഘടകമായ കുടുംബത്തിന്റെ അടിസ്ഥാന ആവശ്യമാണ് പാർപ്പിടം. സുരിക്ഷിതത്വം നൽകുന്ന ഒരു സങ്കേതം എന്നതിലുപരി വ്യക്തികളുടെ മാനസീകവും വൈകാരികവുമായ വളർച്ചക്ക് നിദാനമായ ഒരു സാഹചര്യം എന്ന നിലയ്ക്കാണ് പാർപ്പിടത്തിന്റെ പ്രാധാന്യം. വൃത്തിയും സൗകര്യവും ഉള്ള പാർപ്പിടത്തിന്റെ അപര്യാപ്തത കുടുംബങ്ങളുടെ ആരോഗ്യത്തെ മ്രാതമല്ല വ്യക്തിബന്ധങ്ങളെയും സാമൂഹിക സമീപചത്തെയും രപതികൂലമായി ബാധിക്കുന്നു. സമൂഹത്തിലെ കുറ്റ വാസനകൾ വലിയ ഒരളവിൽ കുടുംബ സാഹചര്യത്തിലെ ഇത്തരം തകരാറുകൾ മൂലം ഉടലെടുക്കുന്നവയാണ്. അതുകൊണ്ട് തന്നെ പാർപ്പിട പ്രശ്നം ഒരു സാമൂഹ്യ പ്രശ്നമായി
വിവക്ഷിക്കപ്പെടുന്നു.

വർദ്ധിച്ച മൂലധന മുടക്ക്, പ്രയത്നം, നിർമ്മാണ വസ്തുക്കളുടെ വില സാങ്കേതിക കഴിവുകളുടെ കുറവ് എന്നിവ ദ്രിദ്ര വിഭാഗങ്ങൾക്ക് കൈയ്യെത്താത്ത ഒരു പ്രശ്നമായി തീർന്നിരിക്കുന്നു. വസ്തുവിന്റെ തീപിടിച്ച വിലയും ചെറിയ പ്ലോട്ടുകളുടെ ലഭ്യതക്കുറവുമാണ് അടുത്ത രപശ്നമായി ചൂണ്ടിക്കാണിക്കുന്നത്. സ്വകാര്യത തീരെയില്ലാത്ത ഒറ്റ മുറികളിൽ കഴിയുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. മനുഷ്യവാസയോഗ്യമല്ലാത്ത കൂരകളിൽ കഴിയുന്ന കുടുംബങ്ങൾ നിസ്സഹായവസ്ഥയുടെ രപതിരൂപങ്ങൾ മ്രാതമാണ്.

പാർപ്പിടക്ഷാമം ദാരിദ്ര രേഖക്ക് താഴെയുള്ളവരുടെ മ്രാതം പ്രതിഭാസമല്ലെന്ന് നമ്മുടെ പഞ്ചായത്തിലെ ചില പഠനങ്ങൾ കാണിക്കുന്നു. രണ്ടും മൂന്നും കുടുംബങ്ങൾ, ഓടിട്ടെതെങ്കിലും ഒന്നും രണ്ടും മുറികളുള്ള വീടുകളിൽ പ്രശ്നങ്ങളോടുകൂടി താമസിക്കുന്ന കാഴ്ചയാണ് ഏറെ ദയനീയമായിട്ടുള്ളത്. വഴക്കുകൾ ഒരു നിത്യസംതവമായി ചൂണ്ടികാണിക്കുന്നു.

വാർഡ്	വീട് ആവശ്യമുള്ളവർ	പട്ടികജാതി ജനറൽ	വിധവകൾ	വാർഡ്	വീട് ആവശ്യമുള്ളവർ	പട്ടിക ജാതി ജനറൽ	വിധവകൾ
I	31	7	32	VI	35	4	28
II	27	2	36	VII	36	3	41
III	26	3	41	VIII	20	2	33
IV	27	8	29	IX	14	2	42
V	22	2	37	X	32	3	58

ഇവിടത്തെ 10 ശതമാനത്തോളം കുടുംബങ്ങൾക്ക്, താമസിക്കാൻ വീടുണ്ടെങ്കിലും വാസയോഗ്യമല്ലാത്ത അവസ്ഥയിലും പൊളിച്ചു പണിയടക്കം മെയിൻറൻസ് ആവശ്യമുള്ളവയാണ്. ഇക്കൂട്ടരുടെ ഒരു ജീവിതാഭിലാഷമാണ് വാസയോഗ്യമായ ഒരു ഭാവനം എന്നത്. ഈ അഭിലാഷപൂർത്തിക്ക് പ്രയത്നിക്കാൻ തയ്യാറാണവർ. ഇതിനുവേണ്ടി വരുന്ന പണം ഒറ്റയടിക്ക് കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്ന ഇവർക്ക് ഒരളവുവരെ സഹകരണബാങ്കുകൾ ആശ്വാസം പകരുന്നുണ്ട്.

പ്രഥമ വിവരക്കണക്കനുസരിച്ച് അമ്മുടെ പഞ്ചായത്തിലുള്ള മൊത്തം കുടുഗബങ്ങളുടെ എണ്ണം ആണ് ഇതിൽ അടിയന്തരമായി വീടുകൾ പണിതുകൊടുക്കേണ്ട നിരാലംബരും അവശതയനുഭവിക്കുന്നവരുമാണ് 323 കുടുംബങ്ങൾ. ഇതിൽ 36 കുടുംബങ്ങൾ പട്ടിക ജാതി / വർഗ്ഗ കുടുംബങ്ങളാണ്. നിലാലംബരും വിധവകളുമായ 12 കുടുംബങ്ങൾ വേറെയുമുണ്ട്. ഇവരിൽ 25 കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ലാത്തവരാണ്.

നിലവിലുള്ള I.R.D.P. സർവ്വപെകാരം ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം താഴെ കൊടുക്കുന്നു.

വാർഡ്	കണ്ടെത്തിയ ആകെ കുടുംബങ്ങൾ	SC/ST	സാമ്പത്തിക സഹായം ലഭിച്ചവർ	ഇതിൽ SC/ST
I	206	29	82	27
II	187	23	68	22
III	227	28	108	27
IV	202	25	106	24
V	145	18	70	18
VI	211	36	104	36
VII	285	21	102	21
VIII	289	18	103	18
IX	274	30	100	30
X	307	26	108	26

നിലവിൽ ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ 14 വീടുകളുടെ പണി നടക്കുന്നുണ്ട്. 17 എണ്ണം സാംക്ഷനായെങ്കിലും 3പേർർക്ക് നേരത്തെ സഹായം ലഭിച്ചതിന്റെ പേരിൽ കൊടുത്തിട്ടില്ല.

കോളനികൾ.

കോളനി സ്രമ്പദായം ഫല്രപദമല്ല. സാംസ്കാരികമായും സാമൂഹ്യമായും വീണ്ടും പിന്നോക്കം പോകുന്നു. പുറത്തും നിന്നും ചെല്ലുന്നവർ പ്രശ്നങ്ങളുണ്ടാക്കുന്നു.കോളനിവാസികൾ പാവങ്ങളും നിരാലംബരും അപഹർഷതാബോധവുമുള്ളവരായിരിക്കുന്നു. പട്ടികജാതി / വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയും കോളനികളിൽ രപത്യേകമായി താമസിപ്പിക്കുന്നതും അപഹർഷാബോധത്തിന് ആക്കം വർദ്ധിപ്പിക്കാതെ ഉതകൂ എന്ന് ചിന്തിക്കുന്നു. ഹരിജൻ ഹോസ്റ്റലുകളും ഈ ഗണത്തിൽ ഉൾപ്പെടുത്താം. ളാക്കൂർ സമൂഹത്തിലുള്ള എല്ലാ വിഭാഗം ജനങ്ങളുമായി ഇടപഴകി താമസിക്കുന്നതാണ് അഭികാമ്യം എന്ന് കരുതുന്നു. നമ്മുടെ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 6 കോളനികൾ നിലവിലുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു.

വാർഡ്	കോളനികളുടെ പേര്	വീടുകളുടെ എണ്ണം
I	തച്ചേട്ടുപറമ്പ് കോളനി	46
VII	കല്ലുങ്കത്തറ കോളനി	20
VIII	മിഷ്യൻപറമ്പ് കോളനി	8
IX	ഹരിജൻ കോളനി	27
X	അംബദ്കർ കോളനി	18
	കുര്യാറ്റുകുന്ന് ലക്ഷം വീട് കോളനി	35



നീണ്ടൂർ ഗ്രാമ പഞ്ചായത്ത് വികസന രേഖ

വീടുനിർമ്മാണത്തിന് ധന സഹകയം ലഭിച്ചിട്ടും വീടുപണി പൂർത്തിയാകാത്തവരുടെ എണ്ണവും നമുക്ക് ലജ്ജാകര മാണ്. കൂട്ടുകുടുംബവ്യവസ്ഥ യിൽ കഴിഞ്ഞ വീടുകളിൽ രണ്ട് അടുപ്പുകൾ പുകയുന്ന അന്ത രീക്ഷമാണുള്ളത്. ഇവരുടെ ലി സ്റ്റുകൾ പ്രത്യേക പരിഗണന നൽകി പ്രഥമ വിവരത്തിനായി എടുത്തിട്ടുണ്ട്. ഭവന നിർമ്മാ ണത്തിന് സർക്കാർ ധനസഹാ യം നൽകുന്നത് ഘട്ടം ഘട്ടമാ യിട്ടാണ്. തറയുടെ പണി പൂർ ത്തിയായാൽ മ്രാതമെ അതി നുള്ള തുട അനുവദിക്കൂ. ഒരു നിവൃത്തിയുമില്ലാത്തവർക്ക് എങ്ങനെ തറ പണിയാൻ സാ ധിക്കും. എവിടെന്നെങ്കിലും കടം വാങ്ങി തറ പണി സാധി ച്ചാൽ തന്നെ അനുവധിക്കുന്ന തുകയുടെ അപര്യാപ്തത ഏറെ കഷ്ടം സൃഷ്ടിക്കുന്നു. വിവിധ വിഭാഗത്തിൽപെട്ട ജനങ്ങളെ ഒരേ രീതിയിൽ പരിഗണിക്കാ തെ അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ സാഹചര്യം കണക്കിലെടുക്കേണ്ടത് ശ്രദ്ധി ക്കാതെ പോകുന്നു. ഈ പ്രതി ബദ്ധതയിൽ നിന്നും വാർഡ് മെമ്പറോടെപ്പം സന്നദ്ധ സം ഘടനകൾ ഉൾപ്പെട്ട ബഹുജന ങ്ങളുടെ അഭ്രിപായവും പരിഗ ണിക്കപ്പെടുന്നില്ല. ജനസംഖ്യാ വർദ്ധനവും ചെറു കുടുംബങ്ങ ളുടെ ആവിർ ഭാവവും മൂലം രണ്ടായിരാമാണ്ടിൽ ഇന്നത്തെ ആയിരം കുടുംബങ്ങളുടെ സ് ഥാനത്ത് 120 കുടുംബങ്ങൾ കൂടി അധികമായി ഓരോ വർ ഷവും ഉണ്ടാകുന്ന വർദ്ധനവി ന്റെ കണക്കു പരിശോധിച്ചാൽ കാണാവുന്നതാണ്. അടുത്ത ഓരോ വർഷങ്ങളിലും ഓരോ ആയിരം പാർർപ്പികങ്ങൾ വീത മെങ്കിലും സാദ്ധ്യമായാലെ രാ ണ്ടായിരാമാണ്ടിൽ അന്നത്തെ കമ്മി മാച്ച് കളയാനാകൂ. നീ ണ്ടൂർ ഗ്രാമ പഞ്ചായത്തിലെ ആയിരം വീടുകൾക്ക് 30 വീടു കൾ വീതം ഓരോ വർഷവും നിർമ്മിച്ച് ഒട്ടാകെയുള്ള പാർ പ്പിട നിർമ്മാണം സാധിതമാക്കി യാൽ ഓരോ 15 മീറ്റർ സമച തുരത്തിലും ഓരോ വീട് എന്ന സ്ഥിതി വരും. സമ്മുടെ കര ഭൂ മിയുടെ ആകെ വസ്തീർണ്ണവും ഇപ്പോഴുള്ള കുടുംബങ്ങളും യഥാർത്ഥ കമ്മിയും അടുത്ത 4 വർഷത്തെ ആവശ്യവും കണ ക്ക് കൂട്ടിയാലുള്ള ച്രിതമാണ് മേൽ കാണിച്ചത്. ഭാവിയിൽ 25 വർഷങ്ങൾക്കപ്പുറം ഭൂമിയുടെ കമ്മി ടെറസ്സ് വീടുകൾ കെട്ടി രണ്ടും മൂന്നും കുടുംബങ്ങൾ കഴിയേണ്ട സാഹചര്യം ഉണ്ടാ ക്കുമെന്ന് ഇപ്പോഴത്തെ ജന ച്രന്ദത കണക്കുകൂട്ടിയാൽ പറ യുവാൻ സാധിക്കും.

ഇന്ന് വലിയ കോൺ്രൽകീറ്റ് ടെറസ്സുകളുടെ നിർർമ്മാണം സ്വകാര്യ കോൺ്രടാക്ടർമാർ പണിയുടെ നിരക്കിലും മൊ ത്തം നിരക്കിലും ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. പരമ്പരാ ഗത കൈത്തശാഴിലിൻ ഏർപ്പെ ട്ടിരിക്കുന്ന വിശ്വകർമ്മ സമുദാ യത്തിൽപ്പെട്ട വിദഗ്ധ തൊഴി ലാളികൾ വളരെയധികം നിർ മ്മാണ പ്രവർത്തനങ്ങൾ തകൃ തിയായി നടക്കുന്ന ഒരു പ്രദേശ മായി നമ്മുടെ പഞ്ചായത്ത് മാ റിയിരിക്കുന്നു. ഇവിടെ ഉപയോ ഗപ്പെടുത്തുന്ന സിമൻറ്, മണ ൽ, കരിങ്കല്ല് തുടങ്ങിയ മറ്റ് നിർ മ്മാണ സാമ്രഗികളുടെ കണക്ക് പരിശോധിച്ചാൽ വ്യക്തമാക്കാ വുന്നതാണ്. സ്ഥല ദൗർലഭ്യം നിമിത്തവും ചുരുക്കം ചിലർ സൗകര്യവുമുള്ളവർ കൃഷി യോഗ്യമായവ നികത്തി വീട് പണിയുന്നതിന് നിലരുത്സാ ഹപ്പെടുത്തേണ്ടതും നിയമം മൂ ലം കർർശനമായി തടയേണ്ട താണ്. വൻകിട ടെറസ്സ് വീടുകൾ അധികവും നിർമ്മിച്ചു കൊണ്ടി രിക്കുന്നത് വിദേശ രാജ്യങ്ങ ളിൽ തൊഴിൽ ചെയ്യുന്ന വരുടെ കുടുംബങ്ങളാണ്.

നിർമ്മാണ ചെലവ് കുറയ്ക്കുന്ന നിർദ്ദേശങ്ങൾ ആരും പാലിക്കുന്നില്ലെന്നു കാ ണാം. ഹോളോ ബ്രിക്സ് നിർ മ്മാണ രംഗത്തേക്ക് 5 വ്യക്തി കൾ കടന്നു വന്നിട്ടുണ്ട്. വെട്ടു കല്ല് ലഭ്യമായ പുരയിടങ്ങൾ ഏറെയുണ്ടെങ്കിലും ചുടുകട്ട, സിമൻറ് ഇഷ്ടിക എന്നിവയാണ് ഭൂരിപക്ഷവും ഉപയോഗിക്കുന്ന ത്. മരപ്പണി, മേൽക്കുര, തേപ്പു പണി തുടങ്ങിയ ചെലവേറിയ ഘടകങ്ങളിൽ ചെലവു കുറയ് ക്കാൻ ഇടയായിട്ടുണ്ട്. ഭംഗിയേ ക്കാളേറെ സൗകര്യമുള്ള വീടു കൾ നിർമ്മിക്കാൻ മിക്കവരും രശദ്ധിക്കാറില്ല. ഭംഗിക്കുവേണ്ടി ഉപയോഗമില്ലാത്ത ഭാഗങ്ങൾ കെട്ടിയുയർത്തുവാനാണ് മിക്ക വരുടെയും ശ്രദ്ധയും താല്പര്യവും.

മൗലീകാവശ്യമുള്ള ഉപഭോഗവസ്തു എന്ന നിലക്ക് പാർപ്പിട ലഭ്യത വ്രതീകമാക്കണം.ഈ രംഗത്ത് നമ്മുടെ പരമ്പരാഗത സങ്കേതങ്ങൾ നില നിർത്തുവാൻ ശ്രദ്ധിക്കുന്നത് ആശാസ്യമായിരിക്കും. നവീകരണം സാദ്ധ്യമാക്കുന്ന ഗവേഷണവും സാങ്കേതിക പരിശീലനവും മാനേജുമെൻറും ത്രഗമായി സംയോജിപ്പിക്കാനുള്ള ചില പ്രശ്നങ്ങളും സാദ്ധ്യതകളും ഇവിടെ ചൂണ്ടി കാണിക്കട്ടെ.

പ്രശ്നങ്ങൾ.

1. കെട്ടിടം പണിയുന്നതിനുള്ള ഭൂമിയടെ ലഭ്യതക്കുറവ്.

2. നിർമ്മാണ സാമ്രഗികളുടെ വില വർദ്ധനവ്.

3. ദുർബല വിഭാഗങ്ങഎങളുടെ സാമ്പത്തിക ശേഷിക്കുറവ്.

4. വായ്പാ സംവിധാനത്തിലെ പലിശ കൂടുതലും സാങ്കേതിക തടസ്സങ്ങളെ കൊണ്ടുള്ള ബുദ്ധിമുട്ടുകളും.

5. ലക്ഷം വീടുകളുടെ നവീകരണം.

6. ആർഭാടത്തോടുകൂടിയുള്ള കെട്ടിട നിർമ്മാണത്തോടുള്ള ഭ്രമം.

7. വീടില്ലാത്ത ദുർബല വിഭാഗങ്ങൾക്ക് അനുവദിക്കുന്ന തുകയുടെയും സബ്സിഡിയുടെയും അപര്യാപ്തത.

സാദ്ധ്യതകളും പരിഹാര നിർദ്ദേശങ്ങളും.

1. ദുർബല വിഭഗത്തിൽപ്പെട്ട ട്ടികജാതി/വർഗ്ഗക്കാരായ മുഴുവൻ ആളുകൾക്കും സൗജന്യമായി വീടുവെച്ച് നൽകുക. കൂടാതെ ദാരിദ്ര്യരേഖയക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്കും അർഹമായ സാമ്പത്തികസഹായം വീടു വെയ്ക്കുന്നതിന് നൽകുക.

2. വീടുവെയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കാൻ മതിയായ സഹായം നൽകുക.

3. ഹൗസിംഗ് കോളനികൾ നാല് വീടുകളിൽ അധികരിക്കാതെ നോക്കേണ്ടതാണ്

4. കോളനികളിൽ കക്കൂസ്സ്, കിണർ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.

5. കെട്ടിട നാർമ്മാണ സാമ്രഗികളുടെ നിശ്ചിത വിലക്കുള്ള ലഭ്യത ഉറപ്പുവരുത്തുക.

6. നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും മെയ്ൻറൻസിനും നിർമ്മാണത്തിനും അവരെ ഉപയോഗിക്കുകയും നിർമ്മിതിയുടെ ഒരു ക്രരന്ദം സ്ഥാപിക്കുകയും ചെയ്യുക.

7. ഹൗസിംഗ് ബോർഡ് നിർമ്മിച്ചിരിക്കുന്ന വീടുകൾ സർവ്വീസ് സഹകരണ ബാങ്കിൽ കൂടി വീടട് നിർമ്മാണത്തിനുള്ള ഹഡ്ക്കോ പോലുള്ള ഏജൻസികളെ ക്കൊണ്ട് നടത്തിക്കുക.

8. ദുർബല വിഭാഗങ്ങൾക്ക് ഗവൺമെൻറിൽ നിന്നോ പഞ്ചായത്തിൽ നിന്നോ വീടു പണിയുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്ന ഇന്നത്തെ രീതി മാറ്റി പകരം വീടുപണി പൂർത്തിയാക്കുന്നതിനാവശ്യമുള്ള തുക നൽകുകയും അറ്റകുറ്റ പണികൾക്കായി ആണ്ടു തോറും സഹായം നൽകുന്ന സ്രമ്പദായം അവസാനിപ്പിക്കുകയും ചെയ്യുക. ഇത് ഗുണഭോക്താവിന് ഏറെ പ്രയോജനകരവും ധനസഹായ ഏജൻസിക്ക് സാമ്പത്തീക ലാഭവും ഉറപ്പാക്കുന്നു.

9. ചെലവേറിയ വീടുകൾ നിർമ്മിക്കുന്നതിൻറെ യഥാർത്ഥ ചെലവ് വസ്തു നിഷ്ഠമായി കണക്കാക്കി, നിയമം അനുശാസിക്കും വിധം കെട്ടിട നികുതി നിർണ്ണയം നടത്താൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കായോ മറ്റ് യുക്തമായതും കുറ്റമറ്റതുമായ സംവിധാനം ഏർപ്പെടുത്തി നികുതി വെട്ടുപ്പുകാരെ നിയ്രന്തിക്കുക.



സാമൂഹ്യ ക്ഷേമം.

സാമൂഹ്യ വികസനത്തെ വ്യക്തമായി നിർവ്വചിക്കുക പ്രയാസമാണ്. ഇതിന്റെ അന്ത:സത്തക്ക് ലോകത്തൊരിടത്തും മാറ്റമില്ലെങ്കിലും അത് ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വിഭന്ന മാർഗ്ഗങ്ങൾ അതാതിടങ്ങളിലെ ശ്രിത പശ്ചാത്തലവും വ്യത്യസ്ഥ പരിത:സ്ഥിതികളും പരിഗണിക്കേണ്ടതായിട്ടുണ്ട്. സ്ഥല കാലങ്ങൾക്ക് അനുസൃതമായി അതിന്റെ പ്രവർത്തനങ്ങളിൽ ചില അംശങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതായിട്ടുണ്ട്. നമുക്ക് ഗ്രാമോന്നമനം, നിർമ്മാണ പ്രവർത്തനം, വികസനം എന്നിവയൊക്കെയാണ് ഈ അംശങ്ങൾ. ജവഹർലാൽ നെഹ്റു ഈ പ്രസ്ഥാനത്തെപ്പറ്റി ഒരിക്കൽ ഇങ്ങനെ പറഞ്ഞു. " ചുറ്റിലും തങ്ങി നിൽക്കുന്ന ഇരുട്ടിലേക്ക് കൂടുതൽ കൂടുതൽ പ്രകാശം പരത്തുന്നതിനായി കൊളുത്തപ്പെട്ട ദീപങ്ങൾ എന്ന പോലെ മനുഷ്യന്റെ കർമ്മശക്തിയുടെ പ്രതീകങ്ങളായ ക്രന്ദേങ്ങൾ ഭാരതത്തിന്റെ പല ഭാഗങ്ങളിലും നമുക്കുണ്ട്. ഈ ദീപങ്ങൾ നാടിന്റെ എല്ലാ ഭാഗങ്ങളിലും പ്രകാശം എത്തുന്നതുവരെ വളരേണ്ടതുണ്ട്."

ഈ പഞ്ചായത്തിൽ "കൈപ്പുഴ സെൻറ്റ് തോമസ്സ് അസൈലം" എന്ന പേരിൽ വികലാംഗരും മന്ദബുദ്ധുക്കൾക്കും വേണ്ടി ഒരനാഥാലയം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ബുക്ക് ബൈയൻറിംഗ് പ്രൻറിംഗ് പ്രസ്സ്, തയ്യൽ പരീശീലനം നല്ല നിലയിൽ നടത്തിവരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഏക സ്ഥാപനമാണിതെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ഈ സ്ഥാപനത്തിൽ ഇപ്പോൾ രപിൻറിംഗ് ടെക്നോളജി സ്ക്കൂളും നടത്തിവരുന്നു. അംഗഭംഗ മൂലം ജീവിതം ക്ലേശകരമായി തീരുന്ന സ്ത്രീ ജനങ്ങളെ സഹായിക്കുന്നതിനും ഒന്നിച്ചു വസിച്ചും ജീവിതം കൂടുതൽ പ്രത്യാശ പൂർണ്ണമാക്കുന്നതിനു വേണ്ടി നീണ്ടൂർ പൂതത്തിൽ ബഹു:തൊമ്മിയച്ചന്റെ നേതൃത്വത്തിൽ സ്ഥാപിതമായതാണ് ഈ അസൈലം. 1908-ൽ മാർ. മത്തായി മാക്കീൽ പിതാവിന്റെ അനുമതിയോടെ പല സ്ഥലങ്ങളിലെ നാനാജാതി മതസ്ഥരിൽ നിന്നും ഈ സ്ഥാപനം പടുത്തുയർത്തുവാൻ അദ്ദേഹം ധനസഹായം സ്വീകരിച്ചിട്ടുണ്ട്. കൈപ്പുഴ പള്ളി വക കുറെ സ്ഥലം കെട്ടിട നിർമ്മതിക്കായി ഏല്പിച്ചു. അഭിവന്ദ്യ മാക്കീൽ പിതാവ് കെട്ടിടത്തിനു ശിലാ സ്ഥാപനം നടത്തുകയും 1925 മെയ് 3-ാം തീയതി അഭിവന്ദ്യ ചൂളപറമ്പിൽ പിതാവ് ഈ സ്ഥാപനം വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സെൻറ് ജോസഫ്സ് കോഗ്രഗിഷന്റെ ഉത്തരവാദിത്വത്തിലും ചുമതലയിലുമായണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഓരോ വിധത്തിൽ അംഗവൈകല്യമുള്ള 60-ൽ അധികം അന്തേവാസികളുമുണ്ട്. ഇപ്പോൾ നടത്തിവരുന്ന നോട്ടുബുക്ക് നിർമ്മാണത്തിന് ഈ സ്ഥാപനത്തെ സർക്കാർ അംഗീകരിച്ച് രഗാൻറ് നൽകിവരുന്നു. സാമൂ

ഹ്യ ക്ഷേമ വകുപ്പ് നടത്തിവ രുന്ന വികലാംഗ ദിനാഘോഷ പരിപാടികളിൽ പങ്കെടുത്ത് ഇ വിടുത്തെ അംഗങ്ങൾ നിലവധി സമ്മാനങ്ങൾ കരസ്ഥ മാക്കിയിട്ടുണ്ട്.

എല്ലാ ഗ്രാമസഭാ റിപ്പോർ ട്ടുകളും പഠനങ്ങളും ചർച്ചക ളും ചൂണ്ടി കാട്ടിയ ചില അഭ്രി പായങ്ങൾ താഴെ കൊടുക്കുന്നു.

1. എല്ലാ വിഷയ ഗ്രൂപ്പുകളിലു മുള്ള സർവ്വതോന്മുഖമായ അ ഭിവൃദ്ധി അതിന്റെ ഫലമായു ണ്ടാകുന്ന വരുമാന വർദ്ധന വും ജീവിതത്തിന്റെ ഉയർച്ച ഉ ണ്ടാകാനുള്ള സാദ്ധ്യതകൾ ആ രായണം.

2. മനുഷ്യന്റെ പൂർണമായ വ ളർച്ച ഉറപ്പു വരുത്തികൊണ്ട് എല്ലാ വിധ പ്രശ്നങ്ങൾക്കും മ്രഗവും ഏകോപിതവുമായി ഒ രു സമീപനം ഉണ്ടാവണം.

3. ഇപ്പോൾ നടന്നുകൊണ്ടിരി ക്കുന്നതും ഗവൺമെൻറ് തല ത്തിൽ ആസൂത്രണം ചെയ്തു കൊണ്ടിരിക്കുന്നതുമായ എല്ലാ പദ്ധതികളുടെയും പൂർത്തീകര ണം സാധിക്കണം.

4. ജനങ്ങൾ ഈ ഗ്രാമത്തിലെ അഭിവാജ്യ ഘടകമാണെന്ന തോന്നൽ വരത്തക്ക വണ്ണം അ വരെ പങ്കെടുപ്പിച്ചുകൊണ്ടും പ രിശോധിക്കാനവസരം സൽകി ക്കൊണ്ടുമുള്ള സുതാര്യമായ രപവർത്തന ശൈലി പ്രയോഗ ത്തിൽ വരുത്തണം.

സ

6 ചില പ്രദേശങ്ങൾ നഗരവൽ ക്കരിക്കപ്പെടുകയും വരുമാന ത്തിൽ വർദ്ധനവുണ്ടാക്കുക യും ചെയ്യുമ്പോൾ പ്രദേശത്തി ന്റെ സ്ഥാനം കൊണ്ടും പ്ര ത്യേകതകൾ കൊണ്ടും നമ്മു ടെ നാട് പിന്നോക്കം പോകു ന്നുണ്ട്. ഇത് പരിഹരിക്കാനുള്ള പ്രിശമങ്ങൾജനപ്രിതിനിധിക ളൽ നിന്നും ുണ്ടാക്കിയെടുക്കണം.

സാമൂഹ്യ വികസനം എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യ മായി എത്തപ്പെടുന്നുണ്ടോ യെന്ന് പരിശോധിക്കണമെന്ന ഭ്രിപായം പൊങ്ങി വന്നിട്ടുണ്ട്. ഉദാ: പട്ീകജാതി വർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ ഇപ്പോഴും പൂർത്തികരിക്കാതെ കിടക്കു ന്നു. സാമൂഹളയ നീതിക്കെതി രായി കാർഷിക സഹായങ്ങൾ വലിയ കൃഷികാർക്ക് മ്രാതം എ ത്തിപ്പെടുന്ന സാഹചര്യം ചൂ ണ്ടി കാണിച്ചിട്ടുണ്ട്.

8. D. മുതൽ ബ്ലോക്കു തലം തൊട്ട് ഗ്രാമതലത്തിലെ ഗ്രാമ സേവന്റെയും സേവികമാരു ടെയും പ്രവർത്തനം ഗ്രാമ പ ഞ്ചായത്തിനു മുകളിൽ നാടി ന്റെ പ്രശ്നങ്ങളുമായി ബന്ധ പ്പെടാതെ നിലനിൽക്കുന്നു. അ തുമൂലം പല ഫണ്ടുകളും ലാപ് സാവുകയോ വിതരണം ചെയ്യ പ്പെടാതെയോ പോകുന്നു.

9. അംഗനവാടികൾ നഷ്ക്കിയ വും രാഷ്ട്രീയ മൽസര വേദിക ളുമായി മാറിയിരിക്കുന്നു. സ്ഥിതി വിവരങ്ങൾ പോലും ലഭ്യമല്ല.

10. C.C.D.P പോലുള്ള ചെറുകിട ജലസേചന പദ്ധതികൾക്ക് അ നുവദിക്കാൻ കിടക്കുന്ന സബ് സിഡികൾ പോലും ലാപ്സായി പോകുന്നു.

സാദ്ധ്യതകൾ.

1. എല്ലാ വിഷയങ്ങളിലുള്ള പ്ര ശ്നങ്ങളിലെ സംയോജനം രഗാമ പഞ്ചായത്ത് അടിസ്ഥാ നത്തിൽ നടത്തണം.

2. നിർവ്വഹണത്തിലെ സാങ്കേ തിക ബുദ്ധിമുട്ടും പരിശോധന യിലെ സുതാര്യതക്കുറവും ഇട ത്തട്ടിലെ എസ്റ്റാബ്ലിഷ് മെന്റ് റിലെ ദുർചിലവും ഇല്ലാതാക്കി മുകളിൽ നിന്നും അനുവദി ക്കുന്ന ഈ ഹെഡിലെ മുഴു വൻ തുകയും ഗ്രാമവികസന ത്തിന്റെ യഥാർത്ഥ സ്പിരി റ്റിൽ ആളോഹരി കണക്കു കൂട്ടി തുല്യമായി വീതിക്കുക.

3. ബ്ലോക്ക് സ്രമ്പദായം നിർത്ത ലാക്കി ബ്ലോക്കിലെ ഉദ്യോഗസ്ഥ രെ ഗ്രാമ പഞ്ചായത്തിലെ വി വിധ വിഷയങ്ങളിലെ വിദഗ്ധരാക്കുക.

4. പ്രന്തണ്ട് വിഷയ ഗ്രൂപ്പുകളെ യും സംയോജിപ്പിക്കാൻ ചുമത ലയുള്ള ഉദ്യോഗസ്ഥൻമാരായി ബ്ലോക്കുകളിലെ ഉദ്യോഗസ്ഥ രെ നിയമിക്കാവുന്നതാണ്.

5. നശിച്ചു പൊയിക്കൊണ്ടിരി ക്കുന്ന കൈത്തറി കുലവൃത്തി എന്ന നിലയിൽ പരമ്പര്യമായി തലമുറകളായി നിർവ്വഹിച്ചു വ രുന്ന കൈത്തൊഴിലുകൾ - ഉദാ

ഹരണമായി: ഇരുമ്പുപണി, മരപ്പണി, ഗ്രാമഇണ പ്രയത്ന വിനിയോഗ പരിപാടികൾ ശക്തിപ്പെടുത്തുക.

6. മണ്ണൊലിപ്പ്, നിവാരണം, ജലസേചന പദ്ധതികൾക്ക് നേതൃത്വവും പഠനവും ഈ വകുപ്പിൽപ്പെടുത്തുക.

7. ക്രന്ദേ സാമൂഹ്യബോർഡ്, പട്ടിക ജാതി/വർഗ്ഗ വികസന വകുപ്പ് എന്നിവയിൽ നിന്നും ലഭിക്കുന്ന പ്രത്യേക സഹായങ്ങൾ യഥാസമയം വാങ്ങി വിതരണം ചെയ്യുക.

8. പട്ടികജാതി/വർഗ്ഗ ക്ഷേമ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ പ്രൊജക്ടറുകൾ നാട്ടിലെ സാദ്ധ്യതകൾക്കനുസരിച്ച് ചിട്ടപ്പെടുത്തുക. കാർഷിക മേഖലയിലെ അവർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഉദാ: ചെൻഷൻ ലഭിക്കേണ്ട വരെ കണ്ടെത്തി പഞ്ചായത്തിന് റിപ്പോർട്ട് ചെയ്യുക.

9. സാമൂഹ്യബോധം, സേവന തൽപരത, കൂട്ടായി പ്രവർത്തിക്കാനുള്ള സന്നദ്ധത, ദേശിയ ബോദം എന്നീ സാമൂഹ്യ വിദ്യാഭ്യാസ പദ്ധതി സിനിമ, സെമിനാറുകൾ, തുടങ്ങിവയിലൂടെ അവതരിപ്പിച്ച് പൗരബോധം വളർത്തിയെടുക്കുക. പഠനക്കളരികൾ (വിവിധ വിഷയങ്ങളെപ്പറ്റി ഓരോ ക്രന്ദേങ്ങളിലും തുടങ്ങുക.

10. അംഗനവാടികൾ കൃത്യമായ കണക്കോ, പ്രവർത്തനമൊ ഇല്ലാതെ രാഷ്ട്രീയ അത്രിപസരം കൊണ്ടും നശിച്ചു പോവാതിരിക്കാനുള്ള ചുമതലക്കാരമായി ഈ വകുപ്പിനെ മാറ്റുക.

11. അമ്മമാരുടെയും കുട്ടുകളുടെയും ആരോഗ്യവും പോഷകാഹാരവും ഉറപ്പുവരുത്തുക.

12. വനിതാക്ഷേമം അവരുടെ തൊഴിൽ ലഭ്യതയ്ക്ക് അനുസരിച്ച് കൈത്തൊഴിലുകൾ രൂപപ്പെടുത്തുക.

13. ക്ഷീര വ്യവസായത്തിന് സാദ്ധ്യതയുള്ള സ്ഥലമായതിനാൽ വനിതകളെയും തൊഴിലില്ലാത്തവരെയും ഈ രംഗത്തേക്ക് ആകർഷിപ്പിക്കണം. സസ്യവാരണം കൂടുതലുള്ള പാടശേഖരങ്ങളും മിച്ചമുള്ള വൈക്കോലും തീര സമതലങ്ങൾ ഉപയോഗിച്ച്, ശാസ്ത്രീയമായ മൃഗ-പരിപാലന പദ്ധതി ബാങ്കുകളുടെ സഹായത്തോടെ ആരംഭിക്കുക.

14. മഹിളകൾക്ക് കൈപ്പുഴയിലും, നീണ്ടൂരും, ഓണം തുരുത്തിലും, കുറുമള്ളൂരിലും 4 സംഘങ്ങൾ കൂടി ഉണ്ടാക്കി ആവശ്യനുസരണ സ്ഥല സൗകര്യങ്ങൾ
ഏർപ്പെടുത്താവുന്നതാണ്.

15. സ്ത്രീ പുരുഷ ഭേദമെന്യെ അവിവാഹിതരായിട്ടുള്ള 60 വയസ്സിൻമേൽ പ്രായമുള്ളവരും സാമ്പത്തികമായി പിന്നോക്ക വസ്ഥയിലുമുള്ളവരുമായ വ്യക്തികൾക്ക് ധനകഹായം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക.

16. പഞ്ചായത്തിൽ വിവധ മേഖലകളിൽ കമ്മ്യൂണിറ്റി ഹാളുകൾ, വായന ശാലകൾ, എന്നിവ സ്ഥാപിച്ച് സാമൂഹ്യ പ്രവർത്തനങ്ങൾ ക്രന്ദേീകത രീതിയിൽ നടത്തുവാൻ രശദ്ധിക്കുക.

17. കൈപ്പുഴയിൽ പ്രവർത്തിക്കുന്ന സെൻറ് തോമസ്സ് അസൈലം പോലുള്ള സ്ഥാപനങ്ങൾ, പഞ്ചായത്തിന്റെ വിവധ മേഖലകളിൽ ആരംഭിക്കുന്നതിന് നടപടികൾ കൈക്കൊള്ളുക.

സഹകരണം.

ഓരോരുത്തരും എല്ലാവർക്കുവേണ്ടിയും എല്ലാ പേരും ഓരോരുത്തർക്കുവേണ്ടിയും പ്രവർത്തിക്കുക എന്ന മൗലിക തത്വം ഉൾക്കൊണ്ടുകൊണ്ടാണ് സഹകരണ പ്രസ്ഥാനങ്ങളുടെ ആവിർ ഭാവം. ലോകത്തിൽ ആദ്യമായി ഇപ്രകാരം ഒരു രപസ്ഥാനം ഉടലെടുത്ത് ജർമ്മനിയിലാണ്. അവിടത്തെ കൃഷിക്കാർ സ്വകാര്യ വ്യക്തികളുടെ ചൂഷണത്തിൽ നിന്നും രക്ഷനേടുന്നതിന്, വളരെ കാലത്തെ ആലോചനയുടെ പരിണിത ഫലമായി രൂപം കൊണ്ടാതാണത്. ഇതിന്റെ അനുഭവ ഗുണങ്ങൾ മനസ്സിലാക്കി, ലോകത്തിന്റെ ഇതരഭാഗങ്ങളിലേക്ക് സഹകരണ പ്രസ്ഥാനം വ്യാപിക്കുകയുണ്ടായി. ഇന്നു നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സഹകരണ രംഗം സ്വാധീനം ചെലുത്തി വരുന്നു. മനുഷ്യ സമൂഹത്തിന്റെ സമ്രഗ പുരോഗതി തന്നെ സഹകരണ മേഖലകളുടെ സേവനത്തെ ശ്രയിച്ചാണിരിക്കുന്നത് എന്ന വസ്തുത അവസ്മരണീയമാണ്. ഇനിയും ഈ രംഗം കുറ്റമറ്റതായി മനുഷ്യജീവിതാവശ്യങ്ങളുമായി താദാത്മ്യം പ്രാപിച്ച് മുന്നേറേണ്ട ആവശ്യകത ഊന്നി പറഞ്ഞുകൊള്ളട്ടെ. നമ്മുടെ പഞ്ചായത്തിൽ വിവധ രംഗങ്ങളിൽ രപവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ വളർച്ചയും പുരോഗതിയും നമ്മുടെ ജീവിതലക്ഷ്യങ്ങളിൽ അപ്രധാനമായി പരിഗണിക്കരുതെന്ന് സൂചിപ്പിക്കുന്നു.

സ്വന്തം സാമ്പത്തിക താലപര്യങ്ങളുടെ ഉന്നമനത്തിനായി സമത്വത്തിന്റെ അടിസ്ഥാനത്തിൽ സ്വമേധയാ ജനങ്ങൾ ഒരുമിച്ചു ചേർന്ന് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് നമ്മുടെ നാട്ടിലെ സഹകരണ സംഘങ്ങൾ. ഒരുമിച്ച് ചേർന്നവരിൽ അധികം വേണ്ട സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരാണ്. ചില സാമ്പത്തിക താല്പര്യങ്ങൾ അവർക്ക് പൊതുവായുണ്ട്. എന്നാൽ അവ കൈവരിക്കാൻ വ്യക്തി പരമായ പ്രയത്നം കൊണ്ട് അവർക്ക് കഴിയുന്നില്ല്. അവർ കർഷകർ, കർഷക തൊഴിലാളികൾ, കൈത്തൊഴിലുകാർ, സർക്കാർ ജീവനക്കാർ, വിദ്യാസമ്പന്നരായ തൊഴിൽ രഹിതർ, പരമ്പരാഗത തൊഴിലാളികൾ,

വ്യവസായ തൊഴിലാളികൾ എന്നിങ്ങനെ വിവിധ മേഖലകളിൽ വ്യാപരിക്കുന്നവരും രപവർത്തിക്കുന്നവരുമാണ്. വ്യക്തി പവമായ ദൗർബല്യത്തെ, വിഭവങ്ങളുടെ സമാഹരണം ഇല്ലാതാക്കുമെന്ന തത്വം അവർ പ്രവർത്തിയിൽ കൊണ്ടുവരുന്നു. ഇതവരുടെ ധാർമ്മീകമായ താല്പരൈക്യത്തിന് ശക്തി ഉണ്ടാക്കുന്നു.

ഗ്രാമോദ്ധാരണ സമിതിയുടെ കാലത്താണ് മഠത്തിൽ മനയ്ക്കൽ രശീമാൻ M.N. M.N. നീല കണ്ഠൻ നമ്പൂതിരിപ്പാട് ആദ്യമെമ്പറായി 23-3-1947-ൽ നീണ്ടൂരിൽ, രജിസ്റ്റർ ചെയ്ത ഒരു സഹകരണ സംഘം സ്ഥാപിച്ചത്. ഈ സംഘത്തിന്റെ ആദ്യത്തെ സെക്രട്ടറി കൊല്ലപറമ്പിൽ ശ്രീ. ശിവരാമൻ നായർ ആയിരുന്നു. 27-5-1947-ൽ ഈ സംഘം നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2641 ആയി ഉയരുകയും ചെയ്തു. തുടർന്ന് കൈപ്പുഴയിൽ 28-7-1955-ൽ രജിസ്റ്റർ ചെയ്ത് ശ്രീ. ഇട്ടിക്കുഞ്ഞ് മാന്തുരുത്തിൽ ഒന്നാമത്തെ പ്രസിഡണ്ടായും ശ്രീ. C.K. ചുമ്മാർ ചാമക്കാലയിൽ സെക്രട്ടറിയായും ഒരു പരസ്പര സഹായ സഹകരണ സംഘം നിലവിൽ വരികയും 7-8-1955-ൽ അതിന്റെ രപവർത്തനം ആരംഭിക്കുകയും ചെയ്തു. ആയത് 1964-ൽ ഒരു സർവ്വീസ് സഹകരണ സംഘമായി ഉയരുകയും പിന്നീട് 6-5-1980-ൽ ഈ സ്ഥാപനം സഹകരണ ബാങ്കായി നമ്പർ3793 3793 തീരുകയുമാണുണ്ടായത്.



എല്ലായിടത്തെയും പോലെ പൊതുവായ ചില താല്പര്യങ്ങളിൽനിന്നാണ് ഇവിടെയും സഹകരണ സ്ഥാപനങ്ങൾ ഉണ്ടായെതെന്നു കാണാം. പരമ്പരാഗത മത്സ്യതൊഴിലാളികൾ സംഘടിച്ച് കൈപ്പുഴയിൽ സ്ഥാപിച്ച മത്സ്യ വ്യവസായ സഹകരണ സംഘമാണ് ഉണ്ടായത്. തുടർന്നു നീണ്ടൂരിലും കൈപ്പുഴയിലും കുറുമള്ളൂരും ഓരോ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിച്ചു രപവർത്തനം നടത്തി വരുന്നു. കൂടുതെ വർഷങ്ങൾക്കു മുമ്പ് കൈപ്പുഴ ന്ദ്രേമാക്കി ഒരു കയർ വ്യവസായ സഹകരണ സംഘം രപവർത്തിച്ചിരുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവു മൂലം ഏതാനും വർഷങ്ങൾക്കു മുമ്പ് പ്രസ്തുത സംഘം ലിക്വഡേറ്റ് ചെയ്യപ്പെടുകയുമുണ്ടായി. പിന്നീട് ഉണ്ടായത് നീണ്ടൂർ പട്ടികജാതി/വർഗ്ഗ സഹകരണ സംഘം ക്ലിപ്തം നമ്പർ 735 ആണ്.

കാർഷീകാദിവൃദ്ധി സംഘടിത വിപണനമാർഗ്ഗത്തിലൂടെയുള്ള ഉന്നമനം വ്യവസായികമേഖലകളുടെ പോഷണം ഉപഭോക്തൃ താല്പര്യങ്ങൾ തുടങ്ങി സഹകരണം ലക്ഷ്യമാക്കുന്ന മിക്ക മേഖലകളിലും ഇവിടുത്തെ സംഘങ്ങൾ രപവർത്തിക്കുന്നുണ്ടെന്ന് കാണാം.

ക്രമ നമ്പർ	സ്ഥാപിച്ച വർഷം	സ്ഥാപനങ്ങളുടെ പേരും നമ്പരും	അംഗങ്ങളുടെ എണ്ണം	പ്രവർത്തനങ്ങൾ	നിക്ഷേപ വായ്പ %
1.	23.3.1947	നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2641	8214	1. ബാങ്കിംഗ് 2. വായ്പാ സൗകര്യം 3. നെല്ല് സംഭരണം സംസ്ക്കരണം 4. നാളികേര സംഭരണം സംസ്ക്കരണം 5. ചിട്ടികൾ 6. വിത്ത്, വളം, കീട നാശിനി വില്പന 7. നിത്യോപയോഗ സാധന വില്പന 8. ജൗളി വ്യാപാരം	80 %
2.	28.7.1955	കൈപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3793	4526	1. ബാങ്കിംഗ് 2. വായ്പാ സൗകര്യം 3. നെല്ല് സംഭരണം 4. ചിട്ടികൾ 5. വളം, കീടനാശിനി, വിത്ത് വില്പ ന	75 %
3.	1985	നീണ്ടൂർ പട്ടികജാതി വർഗ്ഗ സർവ്വീസ് സഹകരണ സംഘം	525	1. വായ്പാ സൗകര്യം 2. ബുക്ക് ബയൻറിംഗ് 3. ബാങ്കിംഗ് 4. പവർ ടില്ലർ വാടകക്ക് നൽകുന്നു.	
4.	6.4.1984	ക്ഷീരോല്പാദക സഹകരണം സംഘം നമ്പർ K.82 D. APCOS നീണ്ടൂർ	261	1. പാൽ സംഭരണം വിതരണം 2. ക്ഷീരോൽപന്ന നിർമ്മാണവും	
5.	30.5.1986	കൈപ്പുഴ ക്ഷീരോല്പാദക സഹകരണം സംഘം നമ്പർ K.108 D. APCOS	247	1. പാൽ സംഭരണം വിതരണം 2. കാലിത്തീറ്റ വിതരണം	
6	13.1.1991	ക്ഷീരോല്പാദക സഹകരണ സംഘം K. 135 D. APCOS കുറുമള്ളൂർ	178	1. പാൽ സംഭരണം വിതരണം 2. കാലിത്തീറ്റ വിതരണം	

നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്.

1947-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിന് 50 വർഷം പിന്നിടുമ്പോൾ 8214 അംഗങ്ങളും 30 ലക്ഷം രൂപയുടെ ഓഹരി മൂലധനവും 6.5 കോടി രൂപാ നിക്ഷേവമുണ്ട്. സഹകരണ മേഖലയ്ക്ക് കടന്നു ചെല്ലാവുന്ന എല്ലാ രംഗങ്ങളിലും മുൻപന്തിയിൽ നിന്ന് ഈ ബാങ്ക് ഇന്നു പ്രവർത്തിക്കുന്നണ്ട്. ഈ അടുത്ത കാലത്തായി സംസ്ഥാന നിലവാരത്തിലുള്ള രണ്ട് ട്രോഫികളും ജില്ലാടിസ്ഥാനത്തിൽ ഒരു ട്രാഫിയും ബാങ്കിന്റെ ഇതര പ്രത്തനങ്ങൾക്കായി ലഭിച്ചിട്ടുണ്ട്. വായ്പാ മേഖലയെ പോലെ തന്നെ ഈ പ്രദേശത്തെ പ്രധാന കാർഷിക വിളകളായി നെല്ല്, നാളികേരം മുതലായവയുടെ സംഭരണവും സംസ്ക്കരണവും വിപണനവും ലാഭകരമായി ഈ ബാങ്ക് നടത്തി വരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഏറ്റവും നല്ല സഹകരണ മാവേലി സ്റ്റോറിനുള്ള സംസ്ഥാന ഗവൺമെൻറിന്റെ ട്രോഫി ഈ സ്റ്റോർ നേടിയിട്ടുണ്ട്. നീണ്ടൂർ പഞ്ചായത്തിലെ 7 വാർഡുകൾ ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വരും. എല്ലാ കുടുംബങ്ങളും ഈ ബാങ്കിൽ അംഗത്വമുള്ളവരാണ്.

കൈപ്പുഴ സർവ്വീസ്സ് സഹകരണ ബാങ്ക്

1955 - ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിന് 4526 അംഗങ്ങളും 15 ലക്ഷം രൂപയുടെ ഓഹരി മൂലധനവും രണ്ട് കോടി 40 ലക്ഷം രൂപയുടെ നിക്ഷേപവുമുണ്ട് . എല്ലാവിധ ബാങ്കിംഗ് മേഖലയിലും മുമ്പന്തിയിൽ നിന്ന് പ്രവർത്തിക്കുന്നു. ഈ ഇടെയായി നെല്ല് സംഭരണവും വിപണനവും ആരംഭിച്ചത് നെൽ കൃഷിക്കാർക്ക് ഗുണകരമായിട്ടുണ്ട് . ഈ മാതൃക മറ്റ് കാർഷികമേഖലകളിലേക്ക് കൂടി വ്യാപിപ്പിച്ച് കർഷകരെ ഉദ്ധരിക്കേണ്ടത് ബാങ്കിന്റെ ധാർമ്മിക കടമയായി ഏറ്റെടുക്കുമെന്ന് രപതീക്ഷിക്കാം. . എല്ലാം കുടുംബങ്ങളും ഈ ബാങ്കിൽ അംഗത്വമുള്ളവരാണ് . ബാങ്കിന്റെ രശമഫലമായി - ബാങ്ക് മുൻ കൈയ്യെടുത്ത് സിവിൽ സപ്ലെയിസ് കോർപ്പറേഷൻ വക ഒരു മാവേലി സേറ്റാർ ബാങ്ക് കെട്ടിടത്തിൽ നല്ലരീതിയിൽ രപവർത്തിക്കുന്നു. I.R.D.P മേളയിൽ ഈ ബാങ്ക് പങ്കെടുത്ത് മാതൃകാപരമായ ഒരു പ്ലോട്ടവതരിപ്പിച്ചതിനും ശരിയായ രീതിയിൽ വായ്പാവിതരണം നടത്തിയതിനുമായി ഒരു ട്രഫി ബ്ലോക്കിന്റെ വകയായി ലഭിച്ചിട്ടുള്ളതു സ്മരണീയമാണ് . കൂടാതെ 1990 -91 കാലഘട്ടത്തിൽ ജില്ലയിൽ ഏറ്റവും കൂടുതൽ നിക്ഷേപ സമാഹരണം നടത്തിയതിന് മറ്റൊരു ട്രഫിയും ബാങ്കിനു ലഭിച്ചിട്ടുണ്ട് . സാമൂഹ്യസേവന രംഗത്തുകൂടി ബാങ്കിന്റെ സേവനം വിപുലപ്പെടുത്തി നാടിന് സസമഗ്രമായ പുരോഗതിക്ക് അടിസ്ഥാനമിടുമെന്നു പ്രദീക്ഷിക്കാം .

I.R.D.P മേളയിൽ ഈ ബാങ്ക് പങ്കെടുത്ത് മാതൃകാപരമായ ഒരു പ്ലോട്ടവതരിപ്പിച്ചതിനും ശരിയായ രീതിയിൽ വായ്പാവിതരണം നടത്തിയതിനുമായി ഒരു ട്രോഫി ബ്ലോക്കിന്റെ വകയായി ലഭിച്ചിട്ടുള്ളതു സ്മരണീയമാണ് . കൂടാതെ 1990 -91 കാലഘട്ടത്തിൽ ജില്ലയിൽ ഏറ്റവും കൂടുതൽ നിക്ഷേപ സമാഹരണം നടത്തിയതിന് മറ്റൊരും ട്രോഫിയും ബാങ്കിനു ലഭിച്ചിട്ടുണ്ട് .

ക്ഷീരോല്പാദക സഹകരണസംഘങ്ങൾ.

നമ്മുടെ പഞ്ചായത്തിൽ നീണ്ടൂർ , കൈപ്പുഴ , കുറുമള്ളൂർ എന്നീ മേഖലകളിലായി മൂന്ന് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ രപവർത്തിച്ചുവരുന്നു .മൂന്നു സംഘങ്ങളിലുമായി 686 അംഗങ്ങളുണ്ട് . രപതിദിനം 445 ലിറ്റർ പാൽ സംഭരണവും 165 ലിറ്റർ പ്രദേശികാവശ്യക്കാർക്ക് വിതരണം ചെയ്യുകയും നീണ്ടൂർ നീണ്ടൂർ സംഘത്തിൽ ആരംഭിച്ചിരിക്കുന്ന ക്ഷീരോൽപന്ന നിർമ്മാണത്തിന് 5 . ലിറ്റർ പാൽ എടുത്ത ശേഷം ബാക്കി വരുന്ന പാൽ നിത്യവും ഡയറിയിലേക്ക് കയറ്റി അയക്കുകയും ചെയ്യുന്നുണ്ട് . ഡയറിയിലേക്ക് അയക്കുന്ന പാലന്റെ വില സംഭരണ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ നാമമ്രാതമായ പൈസയുടെ വ്യത്യാസമെ വരുന്നുള്ളൂ . ഇത് സംഘങ്ങളുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുന്നു. ഉല്പാദകർക്ക് തങ്ങളുടെ പാൽ വിറ്റഴിക്കുന്നതിന് ശ്രയിക്കാവുന്ന ഒരു ക്രന്ദേം സംഘങ്ങളാണന്ന വസ്തുത നാം വിസ്മരിക്കരുത് ഈ സ്ഥാപനങ്ങളെ നിലനിർത്തി നല്ല രീതിയിൽപവർത്തിപ്പിക്കന്നതിന് അംഗങ്ങളും മറ്റ് അഭ്യുദയ കാംക്ഷികളും തല്പരരായിരിക്കണം . രപവർത്തനമൂലധനത്തിന്റെ കുറവും ഒരു രപശ്നമായി തോന്നുന്നു.

നീണ്ടൂർ പട്ടികജാതി - വർഗ്ഗ സഹകരണസംഘം

1985 - ൽ രജിസ്റ്റർ ചെയ്ത് K.735 -ാം നമ്പരായി പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന് 525 അംഗങ്ങളും 5250 രൂപയുടെ പ്രവർത്തന മൂലധനവും ഉണ്ട് . ബുക്ക് ബയൻറിംഗ് , കർഷകർക്ക് നിലം ഉഴുന്നതിന് പവർട്രില്ലർ വാടകയ്ക്ക് കൊടുക്കുക , എന്നിവ ഈ സംഘത്തിന്റെ രപവർത്തനങ്ങളിൽ പ്പെടുന്നു. ഈ സംഘം കാര്യക്ഷമമായി പ്രവർത്തിച്ച് പട്ടിക ജാതി - വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ഉറപ്പാക്കേണ്ടതാണ് .

പ്രശനങ്ങൾ

1. ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് , ഡയറിയിൽ നിന്നും കിട്ടുന്ന വില അപര്യാപ്തമാണ് .
2. പ്രവർത്തന മൂലധനത്തിന്റെ അഭാവം
3. ഫുഡ് ഇൻസ്പെക്ടറുടെ പരിശോധനക്കായി സംഘത്തിൽ നിന്നും നേരിട്ട് സാമ്പിൾ എടിക്കുന്നത് .
4. പട്ടികജാതി സഹകരണസംഘങ്ങൾക്ക ഗവൺമെന്റിൽ നിന്നും സഹായം ലഭക്കുന്നില്ല.
5. സാങ്കേതിക നവീകരണത്തിന്റെ അഭാവം.
6. വൻകിട ബാങ്കുകളുടെ പിടി മുറുക്കം.
7. നബാർഡ് , കാർഷിക മേഖലക്കുള്ള വായ്പകൾ നിർത്തിയിരിക്കുന്നു.
8. പട്ടികജാതി - വർഗ്ഗ സംഘത്തിന് പുതിയ രപവർത്തന മേഖലകൾ കണ്ടെത്തുവാൻ സാധിക്കുന്നില്ല.

സാദ്ധ്യതകൾ.

1. പട്ടികജാതി - വർഗ്ഗ സഹകരണ സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി സൂക്ഷമമായി പരിശോധിച്ച് പ്രവർത്തനം മെച്ചപ്പെടുത്തണം.
2. നബാർഡിന്റെ വായ്പാ പദ്ധതികൾ ലഭ്യമാക്കാൻ സത്വര നടപടികൾ കൈക്കൊള്ളണം.

3. അപ്പക്സ് സംഘങ്ങളുടെ പ്രാദേശിക സംഘങ്ങളുടെ മേലുള്ള അനാവശ്യ നിയ്രന്തണം ഒഴിവാക്കണം.
4. നീണ്ടൂ സർവ്വീസ്സ് സഹകരണ ബാങ്കിന് പ്രാവട്ടത്ത് ഒരു പ്രഭാത - സായാഹ്ന കൗണ്ടർ തുടങ്ങണം.
5. ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് ആവശ്യമായ മാർജിൻ മണി സഹായിക്കണം.
6. മിൽമയുടെ വിൽപന വിലയോടടുപ്പിച്ച് , സൊസൈറ്റികൾക്ക് വില നൽകുകയും ക്ഷീരോൽപാദകർക്ക് മെച്ചപ്പെട്ട വില ഉറപ്പു വരുത്തി , ക്ഷീരോൽപാദനവും , ക്ഷീരകൃഷിയും വികസിപ്പിക്കണം.
7. ക്ഷീരോൽപാദന രംഗത്തെ സാദ്ധ്യതകൾ (മൃഗപരിപാലനം പ്രോൽസാഹിപ്പിക്കാനുള്ളത്) രപയോജനപ്പെടുത്തണം .

8. ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ലിറ്ററിന് ഒരു രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടികൾ ഉണ്ടാക്കണം .
9. കൈപ്പുഴ സർവ്വീസ്സ് സഹകരണ ബാങ്കിന് , ആശുപ്രതി കവലയിൽ സ്വന്തമായി ഓഫീസ്സ് കെട്ടിടം പണിയണം .
10 നീണ്ടൂർ സർവ്വീസ്സ് സഹകരണ ബാങ്കിന് , നെല്ല- നാളികേര സംഭരണ സംസ്കരണത്തിന് കൃഷിവകുപ്പിൽ നിന്നും മെതിയ്രന്തം , ജനറേറ്റർ , ഉണക്ക് യ്രന്തങ്ങൾ , ഗോഡൗൺ സൗകര്യങ്ങൾ ലഭ്യമാക്കണം .

11. സ്രതീകളെ സംഘടിപ്പിച്ച് സഹകരണ മേഖലയിൽ തൊഴിൽ സാദ്ധ്യതകൾ ലഭിക്കുന്നതിനുള്ള പദ്ധതികൾ അടിയന്തിരമായി നടപ്പിലാക്കണം .
12. N.C.D.C ധനസഹായം പട്ടികജാതി -വർഗ്ഗ സഹകരണ ബാങ്കുകൾക്കും ക്ഷീരസംഘങ്ങൾക്കും ലഭ്യമാക്കണം .
13. സഹകരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഉദ്യോഗ നിയമനത്തിൽ കണ്ടുവരുന്ന പാകപ്പിഴകൾ ഒഴിവാക്കി , നിയമനങ്ങൾ P.S.C മുഖാന്തിരം നടത്തുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി പരാതികൾ ഒഴിവാക്കുക.

14. ഇതുപോലുള്ള സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും കര്യക്ഷമമാക്കുന്നതിനുമായി രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കുക.
15. കൈപ്പുഴ സർവ്വീസ്സ് സഹകരണ ബാങ്കിന് ഒരു മെതിയ്രന്തവും , ഗോഡൗണിനുള്ള ധനസഹായവും കൃഷിവകുപ്പിൽ നിന്നും അനുവദിക്കുക.

സംസ്ക്കാരം

സംസ്ക്കാരം എന്ന വാക്കിന് ഒരു നിർവചനം അസാദ്ധ്യമാണ്. ഇംഗ്ലീഷ് പദങ്ങൾ പരിശോധിച്ചപ്പോൾ ആയിരം വാക്കുകളിൽ മൂന്ന് നാലെണ്ണത്തിന് വ്യക്തമായ ഒരു നിർവചനം അസാദ്ധ്യമാണന്നും അതിൽപ്പെടുന്ന ഒരു പദമാണ് കൾച്ചർ അഥവാ സംസ്ക്കാരം എന്ന് ഒരു ഇംഗ്ലീഷ് ഭാഷപണ്ഡിതൻ രേഖപ്പെടുത്തിയിട്ടുള്ള കാര്യം സാന്ദർഭീകമായി ഇവിടെ സൂചിപ്പിക്കട്ടെ.

നമ്മുടെ നാടിന്റെ സംസ്ക്കാരിക നിലയെപ്പറ്റി ചിന്തിക്കുന്നതിന് മുമ്പ് അതിന്റെ സംസ്ക്കാരിക അടിത്തറ എങ്ങനെയാണ് രൂപപ്പെട്ടതെന്ന് രശദ്ധിക്കേണ്ടിയിരിക്കുന്നു.

ഉൽക്കർഷതയിലേക്കുള്ള വഴിയായി സംസ്ക്കാരത്തെ പൊതുവെ വിശേഷിപ്പിക്കാം. പൂർണ്ണതയാണ് സംസ്ക്കാരമെന്നതിന്റെ ക്രന്ദേബിന്ദു. അതിന് അടിസ്ഥാനപരമായി ചില മാർഗ്ഗങ്ങൾ ഉണ്ട്. അത് സാമൂഹീക പരിഷ്കർത്താക്കളായ ആചാര്യന്മാർ രൂപപ്പെടുത്തിയിരിക്കുന്ന ആചാരാനുഷ്ടാനം വഴിയും വിദ്യാഭ്യാസ രീതിക്കും അനുസൃതമാണ്. ഒരു നാടിന്റെ സംസ്ക്കാരിക വികസനത്തിനായി ഒരുക്കിയിരിക്കുന്ന അടിസ്ഥാന ശില വിദ്യാഭ്യാസം, സാഹിത്യം, കല, കായീകരംഗം എന്നിവയിലാണന്ന് കാണാം. വിദൂരമായ ഭൂതകാലങ്ങളിൽ പലപ്പോഴായി രൂപപ്പെട്ട, അവയെ ഓരോന്നും വിശദമായി രപതിപാദിക്കയെന്നത് ഏറെ രശമകരമാണന്നുള്ളതുകൊണ്ട് നമ്മുടെ

നാടിന്റെ ചരിത്രപരമായ പശ്ചാത്തലം അന്വേഷിച്ച് പ്രശ്നങ്ങളും സാദ്ധ്യതകളുമായി ഇവിടെ സൂചിപ്പിക്കുന്നു. ആർജ്ജിച്ച നേട്ടങ്ങൾ പരിമിതമാണെന്ന് നമുക്കുള്ളതെങ്കിലും അതിനായി രൂപപ്പെടുത്തിയിരിക്കുന്ന ശക്തമായ അടിത്തറ നമുക്കുണ്ടെന്നുള്ളത് ആശാവഹമാണ്.

വിദ്യാഭ്യാസരംഗം

ഗുരുകുല വിദ്യാഭ്യാസ രീതി മാറിയപ്പോൾ മുതൽ വിദ്യയുടെ രംഗത്ത് പാഠശാലകളെയും പിന്നീട് വയോജന വിദ്യാഭ്യാസത്തെയും സ്വീകരിച്ചപ്പോൾ ഏതാണ്ട് നൂറ് വർഷത്തോളം പഴക്കമുള്ള സ്ക്കൂളുകൾ നമ്മുടെ നാട്ടിലും കാണാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി രണ്ട് ഹൈസ്ക്കൂളുകളും ഒരു U.P. സ്ക്കൂളും 5 L.P. സ്ക്കൂളുകളും ഉണ്ട്. പ്രാഥമിക വിദ്യാഭ്യാസം മുതൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം വരെയുള്ള സൗകര്യം നമുക്ക് നാട്ടിൽ തന്നെയുള്ളതിനാൽ നമ്മുടെ ജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഉപരിപഠനത്തിന് സഹായകമായിട്ടുണ്ട്. ഇക്കാരണങ്ങളാൽ വിദ്യാഭ്യാസ രംഗം വഴി നമുക്ക് ആർജ്ജിക്കാവുന്ന സംസ്ക്കാരിക വികസനത്തിനാവശ്യമായ ശക്തമായ ഒരടിത്തറ നമുക്കുണ്ട്.

അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ 50 വർഷം പഴക്കമുള്ള നീണ്ടൂർ പബ്ലിക് ലൈബ്രറി ഉൾപ്പെടെ A. ഗ്രേഡിൽ പ്രവർത്തിപ്പിക്കുന്ന രണ്ട് വായന ശാല ലൈബ്രറിയും മറ്റു വിവിധ ഗ്രഡുകളിലായി 6. വായന ശാലകളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അക്ഷരാഭ്യാസത്തിന് വായനശാലകളിൽ പോകാൻ കഴിയാത്ത സാധാരണക്കാരെ കൂടി അറിവിന്റെയും സംസ്ക്കാരത്തിന്റെയും ലോകത്തിലേക്ക് കൊണ്ടുവരാൻ ഈ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. സർക്കാർ തലത്തിൽ ലഭ്യമാകുന്ന നാമമ്രാതമായ സഹായങ്ങളുടെപരധിയിൽ ഉയർ ച്ചയുടെ വഴിയടഞ്ഞ ഈ സംരംഭങ്ങൾ അവഗണിക്കപ്പെന്നു എന്നതും ഗൗരവതരമായ കൂത്

ഗ്രന്ഥശാലകൾ

പേര്	ഗ്രേഡ്	വാർഡ്
A.V.G.M ലൈബ്രറി & റീഡിംഗ് റൂം, കുറുമള്ളൂർ		
പബ്ലിക് ലൈബ്രറി ഓണം തുരുത്ത്		2
ഗ്രാമീണ വായന ശകല കുറുമള്ളൂർ		2
നീണ്ടൂർ പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം	A	5
ലിയോ തെർട്ടീയത്ത് ലൈബ്രറി & റീഡിംഗ് റൂം കൈപ്പുഴ	A	7
P.T. മൈക്കിൾ മെമ്മോറിയൽ ലൈബ്രറി & റീഡിംഗ് റൂം നീണ്ടൂർ		5

ഗ്രന്ഥശാലകളും വായനശാലകൾക്കുമൊപ്പം നമ്മുടെ സംസ്ക്കാരിക രംഗത്ത് വർഷങ്ങളായി രപവർത്തിച്ചുവരുന്ന സാമൂഹിക ക്ഷേമ രംഗത്തെ സംരംഭങ്ങളായ ഇന്ദിരാ മഹിളാ സമാജം നീണ്ടൂർ മഹിളാസമാജം ഓണംതുരുത്ത് എന്നിങ്ങനെ വനിതകളുടെ വിദ്യാഭ്യാസപരവും സംസ്ക്കാരീകപരവുമായ ഉയർച്ചയെ കരുതി രപവർത്തിക്കുന്ന സ്ഥാപനങ്ങൾ നമുക്കുണ്ട്ര

കലാ വിഭാഗം.

എല്ലാ നാട്ടിലും എന്തെങ്കിലും ഒന്ന് എന്നതിലുപരി ഈ രംഗത്ത് വളരെ ശ്രദ്ധേയമായ ഒരടിത്തറയും അതിലൂടെയുള്ള നേട്ടവും നമ്മുടെ നാടിനുണ്ട്. നാടൻ കലാരൂപങ്ങളുടെയും അനുഷ്ഠാന കലകളുടെയും ഒരു ശേഖരം തന്നെ നമുക്കുണ്ട്. അവയൊക്കെ അഭ്യസിപ്പിക്കുന്ന ഗുരുക്കൻമാരും കളരികളുമുണ്ട്. കണിയാർകളി അക്കാട്ടത്തിൽ നിന്നുപോയിട്ടുള്ള ഇനമാണ്. മുടിയേറ്റ്,വേലൻപാട്ട് എന്നിവയും ഇപ്പോൾ ഇവിടെ പരിശീലിപ്പിക്കുന്നില്ലാത്തവയാണ്.

നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മുടിയാട്ടം, കടുവാകളി, കാളകളി എന്നിവയും ശ്രമിച്ചാൽ സജീവമാക്കാവുന്നതാണ്. ഗരുഡൻ പറവ, ഓട്ടം തുള്ളലും പരിശീലിപ്പിക്കുന്നതും നിന്നു പോയിട്ടുണ്ടെങ്കിലും അവയും ശ്രദ്ധിച്ചാൽ കുറത്തിയാട്ടവും നമുക്ക് പുനർജീവിപ്പിക്കാൻ കഴിയുന്ന കലാരൂപങ്ങളാണ്. തുള്ളൽ പ്രസ്ഥാനത്തിൽ അറിയപ്പെട്ട രപതിഭകളിൽ പരേതനായ ശ്രീമാൻ ചെറുമുട്ടത്ത് നീലകണ്ഠപിള്ള നമ്മുടെ അഭിമാനഭാജനമാണ്. കളരിക്കൽ ആശാനും അറയ്ക്കൽ നാരായണനാശാനും രൂപപ്പെടുത്തിയ തട്ടേൽ കളി, വേലകളി എന്നിവ തലമുറകൾക്ക് പഠിപ്പിച്ചു കൊടുത്ത പ്ലാത്താനത്ത് ശ്രീ. നീലകണ്ഠപിള്ള, മാർഗ്ഗംകളിയിൽ സംസ്ഥാന സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ് കരസ്ഥമാക്കിയിട്ടുള്ള മരങ്ങാട്ടിൽ ശ്രീ, തൊമ്മൻ ബ്രാഹം, കോലുകളി ആശാൻ പുത്തൻപറമ്പിൽ രശീ.കുഞ്ഞുകുട്ടി അനന്തൻ, കൊച്ചേപ്പാശാൻ തുടങ്ങി പലരും ഈ രംഗത്ത് പ്രവർത്തിക്കുന്നവരാണ്.

തിരുവാതിര കളി, നൃത്തം, സംഗീതം എന്നിവ പരിശീലിപ്പിക്കുന്ന ശ്രദ്ധേയരായ അദ്ധ്യാപികമാരും അദ്ധ്യപകരും നമുക്കുണ്ട്. ഞാറ്റു പാട്ടും കൊയ്ത്തു പാട്ടും പഠിപ്പിക്കുന്ന ശ്രീമതി അന്ന കരിമ്പിൽ പറമ്പിൽ ഈ രംഗത്ത് സംസ്ഥാന തലത്തിൽ നമ്മുടെ കർഷകത്തൊഴിലാളികൾക്ക് അംഗീകാരം ലഭിക്കാൻ തക്ക ഉയർന്ന പരിശീലകയാണ്. കോലുകളി, കോൽമേള, പരിചയമുട്ടുകളി, നാടൻ പാട്ടുകൾ, നാടോടി നൃത്തങ്ങൾ, അമ്മൻ കുടം, ശാസ്താം പാട്ടുകൾ, മുടിയാട്ടം, കോലാട്ടം, കൈകൊട്ടിക്കളി മുതലായ കേരളത്തിന്റെ തനത് കലാരൂപങ്ങളായ ഈ നാടൻ കലകൾക്ക് പുതിയ രൂപവും ഭാവവും നൽകി നമ്മുടെ പഞ്ചായത്തിന്റെ 10-ാം വാർഡിൽ, കേരള സംഗീത നാടക അക്കാഡമിയുടെ അംഗീകാരമുള്ള "ചിരന്തന" എന്ന പേരിൽ ഒരു കലാസമിതി പ്രവർത്തിച്ചു വരുന്നു. സാമൂഹ്യ വിപത്തിനെതിരായും അല്ലാതെയുമുള്ള ബോധ വൽക്കരണ പരിപാടിയുടെ ഭാഗമായി ഈ കലാസമിതി പ്രവർത്തിക്കുന്നുണ്ട്. കരകാട്ടം എന്ന നാടൻ കലയും ഈ പഞ്ചായത്തിൽ രവർത്തിക്ക

കോലുകളി, കോൽമേള, പരിചയമുട്ടുകളി, നാടൻ പാട്ടുകൾ, നാടോടി നൃത്തങ്ങൾ, അമ്മൻ കുടം, ശാസ്താം പാട്ടുകൾ, മുടിയാട്ടം, കോലാട്ടം, കൈകൊട്ടിക്കളി മുതലായ കേരളത്തിന്റെ തനത് കലാരൂപങ്ങളായ ഈ നാടൻ കലകൾക്ക് പുതിയ രൂപവും ഭാവവും നൽകി നമ്മുടെ പഞ്ചായത്തിന്റെ 10-ാം വാർഡിൽ, കേരള സംഗീത നാടക അക്കാഡമിയുടെ അംഗീകാരമുള്ള "ചിരന്തന" എന്ന പേരിൽ ഒരു കലാസമിതി പ്രവർത്തിച്ചു വരുന്നു. സാമൂഹ്യ വിപത്തിനെതിരായും അല്ലാതെയുമുള്ള ബോധ വൽക്കരണ പരിപാടിയുടെ ഭാഗമായി ഈ കലാസമിതി പ്രവർത്തിക്കുന്നുണ്ട്. കരകാട്ടം എന്ന നാടൻ കലയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കരകാട്ടം എന്ന് നാടൻ കലയും ഈ പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ പരീശീലിപ്പിക്കുന്നുണ്ട്. കലാ-കായിക രംഗത്ത് 'സൗപർണിക' എന്ന ആർട്ട് & സ്പോർട്ടസ് ക്ലബ്ബും ഫുട്ബോൾ ക്ലബ്ബായ പഞ്ചമിയും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ രണ്ട് നൃത്ത സമിതകളും ഓണംതുരുത്ത് ന്ദ്രേകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. കലാ-സംസ്ക്കാരിക രംഗത്ത് പ്രോൽസാഹനം നൽകികൊണ്ട് നീണ്ടൂർ ക്രന്ദേമാക്കി ഒരു ഫൈൻ ആർട്സ് സൊസൈറ്റിയും ഒട്ടനവധി ക്ലബുകളും സംസ്ക്കാരിക ഉന്നമനത്തിനായി പ്രവർത്തിച്ചു വരുന്നു.

സാഹിത്യ രംഗം.

വളരെ പുരാതനമായ ഒരു സാഹിത്യ ബന്ധം നമുക്കുണ്ട്. കേരള പാണിനി ശ്രീ. A.R. രാജ രാജവർമ്മ വലിയകോയിത്തമ്പുരാന്റെ ിത്യഗ്രഹം ഈ പഞ്ചായത്തിലെ ഓണം തുരുത്ത് വാറ്റ്ൻ ഇല്ലമാണ്. വിശ്വദീപം, നവകേരളം തുടങ്ങിയ പ്രതങ്ങളുടെ പ്രതാധിപരും പ്രശസ്ത കവിയുമായ ശ്രീ. എം.എൻ. നീലകണ്ഠൻ നമ്പൂതിരിപ്പാട്, ആദ്ധ്യാത്മസൂരി ശ്രീ. പി.ആർ. അച്ചുതൻ (അച്ചുണ്ണി ആശാൻ) നമ്മുടെ നാടിന്റെ യശസ്സ് ഉയർത്തിയ പ്രശസ്ത കവിയും അദ്ധ്യാപകരുമായ വിദ്വാൻ ജോസഫ് മുകളേൽ, നാടക കൃത്തും സംവിധായകനുമായ ശ്രീ. രാജശേഖരൻ, നോവലിസ്റ്റ് കൈപ്പുഴ ജയകുമാർ, സാഹിത്യ അവാർഡ് നേടിയ കൈപ്പുഴ ജയരാജ്, സാഹിത്യകാരനായ ശ്രീ. K.Pനായർ, പ്രസിദ്ധ ആർട്ടിസ്റ്റുമാരായ സർവ്വശ്രീ T.S.കൊച്ചുപിള്ളവേലവർ, പേന്തുരുത്തിൽ ദാമേദര പണിക്കർ, എം.ജെ. രാമകൃഷ്ണൻ മൈലാട്ടുപറ, പുളിക്കകുഴി മാധവൻ തുടങ്ങിയ അനേകം പേർ ഈ രംഗത്തെ വ്യക്തി മുദ പതിപ്പിച്ചവരാണ്. ഖ്യാതാ വിവരണകർത്താവായ ജോസഫ് മണ്ണാർ കാട്ടിൽ, രശ്രീ. പി.സി. ജോസഫ് പ്രാലേൽ, നീണ്ടൂർ ശ്രീനി എന്നവരും സ്മരണീയരാണ്. അപരാഹ്നം, കഴകം തുടങ്ങി-നിർമ്മിച്ച് സംവിധനം ചെയ്തവതരിപ്പിച്ച രണ്ട് സിനിമകളും സംസ്ഥാന അവാർഡ് നേടി ദേശിയ-അന്തർദേശിയ രംഗങ്ങളിൽ രശദ്ധേയനായ ശ്രീ. M.P. സുകുമാരൻ നായരുടെ ജന്മ ഭൂമിയും ഇതാണ്.

കായികരംഗം

വളരെ പരിമിതമായ സൗകര്യങ്ങളുള്ള ഒരു സ്ഥിതിയാണ് ഈ രംഗത്ത് ഈ രഗാമപഞ്ചായത്തിനുള്ളത്. വേണ്ടതുപോലെ രശദ്ധിക്കേണ്ട കായികരംഗം സ്ക്കൂൾ തലത്തിൽ കഴിഞ്ഞാൽ ഇല്ലാത്ത വിധം വളരെ ശുഷ്കമാണ്. കൈപ്പുഴ സെൻറ് ജോർജസ് ഹൈസ്ക്കൂൾ ഉൾപ്പെടുന്ന B.C.M. ഫുട്ബോൾ ടൂർണമെൻറും പഞ്ചമി സ്പോർട്സ് ക്ലബ്ബിന്റെ ഫുട്ബോൾ ടൂർണമെൻറുമാണുള്ളത്. ഗ്രാമ പഞ്ചായത്ത് ഏർപ്പെടുത്തിയ നാമമ്രാതമായ കായിക മത്സരമാണ് പഞ്ചായത്ത് തലത്തിൽ കായികരംഗത്ത് ഏവർക്കും ബന്ധപ്പെടാവുന്ന ഒരു സംരംഭം. പ്രവർത്തനം നിലച്ച കൈപ്പുഴ സെൻറ് ജോർജ്സ് ഹൈസ്ക്കൂളിന്റെ ആഭിമുഖ്യത്തിലുള്ള വള്ളംകളി യുവജ്യോതി മാതൃഭൂമി സ്റ്റഡി സർക്കിൾ സംഘടിപ്പിച്ചിരുന്ന വോളിബോൾ ടൂർണമെൻറ്, നീണ്ടൂർ പ്ലസൻറ് ആർട്സ് ക്ലബ്ബിന്റെ കലാ കായിക വിരുന്നുകളുമൊക്കെ ഈ രംഗത്ത് നിന്നുപോയ സംരംഭങ്ങളാണ്. ഒട്ടനവധിക നേട്ടങ്ങൾ കൈവരിക്കാരുന്ന ഈ രംഗത്തെ ഉണർവ് വളരെ അത്യന്താപേക്ഷിതമാണ്.

മേൽപറഞ്ഞ ചരിത പശ്ചാത്തലത്തിൽ ഇവയുടെ പ്രശ്നങ്ങളുടെ ഏകദേശ രൂപം നമുക്ക് തിരിച്ചറിയാൻ കഴിയുമ്പോൾ അത് പരിഹരിക്കാനുള്ള വഴികൾ കണ്ടെത്തേണ്ടിയിരിക്കുന്നു. വിവിധമേഖലകളിൽ സർക്കാറിന്റെ ശ്രദ്ധ പതിപ്പിച്ച് അവയുടെ നടത്തിപ്പിനുള്ള വിഭവ സമാഹരണവും അതത് രംഗങ്ങളിൽ അഭിരുചിയുള്ളവരുടെ സേവനവും സഹകരണ മനോഭാവവും പ്രായോഗികതലത്തിൽ കൊണ്ടുവരുവാൻ നമുക്ക് കഴിയണം. പുതുതായി വരുന്ന പ്രതിഭാശാലകളെ അതതു രംഗങ്ങളിൽ വളർത്തെയെടുക്കാനും അംഗീകരിക്കാനും അവർക്ക് അർഹിക്കുന്ന പ്രോത്സാഹനങ്ങൾ പരമാവധി എത്തിക്കുവാനും കഴിയണം. കലാ ആസ്വാദന വേദികളും നമുക്കുണ്ടാവണം. സിനിമാശാലകൾ ഇതര വേദികൾ എന്നിവയുമുണ്ടാകണം. സംസ്ക്കാരിക വേദികൾ, കവിയരങ്ങുകൾ, സമ്മേളനങ്ങൾ മുതലായവ

ഭാരിച്ച സാമ്പത്തിക ചെലവുകളും അനാവശ്യമായ ആർഭാടങ്ങൾ ഒഴിവാക്കിയും സൃഷ്ടിപരമായ പഠനങ്ങളുടെ അടിസ്ഥാനത്തിലും സാമൂഹിക പുരോഗതിക്ക് ഉതകുന്ന വിഷയങ്ങൾ ശ്രദ്ധിക്കപ്പെടണം. പൊതുകളിസ്ഥലം, പൊതു ശ്മശാനം, പൊതു വ്രിശ്രമ സ്ഥലം, പൊതു വിപണനത്തിനുതകുന്ന മാർക്കറ്റ് എന്നിവയുമുണ്ടാകണം. ശബ്ദശല്യം നിർബന്ധമായും നിയ്രന്തിക്കണം.

പ്രശ്നങ്ങൾ.

1. കലാ-സംസ്ക്കാരിക സമിതികൾക്കുള്ള സാമ്പത്തിക പരാധീനത.
2. സംസ്ക്കാരിക അവബോധത്തിന്റെ അപര്യാപ്തത.
3. സംസ്ക്കാരിക ക്രന്ദേങ്ങൾക്കു വേണ്ട സ്ഥലവും കെട്ടിടങ്ങളുടെയും ലഭ്യത കുറവ്.
4. വിവിധ മേഖലകളിൽ ഒത്തുചേരലിനുള്ള വേദിയുടെ അഭാവം.

സാദ്ധ്യതകൾ.

1. നിലച്ചു പോയതും കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമായ കലാ-സാംസ്ക്കാരിക രപസ്ഥാനങ്ങളെ പുനർജ്ജീവിപ്പിക്കുക.
2. ആവശ്യമായ സാമ്പത്തിക സഹായവും പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലവും കെട്ടിടങ്ങളും ലഭ്യമാക്കുക.
3. പഞ്ചായത്തിൽ വിവധ മേഖലകളിലായി ആളുകൾക്ക് ഒത്തുകൂടാൻ സൗകര്യപ്രദമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക.
4. ജനങ്ങൾക്ക് വിവധ വിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കത്തക്കവിധം ആവശ്യമായ ബോധവൽക്കരണം നടത്തുക.
5. പഞ്ചായത്തിലുള്ള മിനിസറ്റേഡിയത്തിന്റെ അപര്യാപ്തത കണക്കാക്കി വിസ്തീർണവും പ്രവർത്തന സൗകര്യവും വർദ്ധിപ്പിക്കുക.
6. നീന്തൽ പരിശീലനത്തിനായി ഒരു നീന്തൽ കുളം പഞ്ചായത്തിന്റെ ചുമതലയിൽ ഏർപ്പെടുത്തുക.
7. പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്കു വേണ്ടി കലാ-കായിക മത്സരങ്ങൾ വർഷം തോറും പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ പ്രോൽസാഹിപ്പിക്കയും ചെയ്യുക.
8. കമ്മ്യൂണിറ്റി ഹാളുകൾ ക്രന്ദീകരിച്ച് കാലീക പ്രാധാനമുള്ള വിഷയങ്ങളെ സംബന്ധിച്ച് ചർച്ചാ ക്ലാസ്സുകളും പഠനകളരികളും സംഘടിപ്പിക്കുകയും അതിലേയ്ക്ക് പഞ്ചായത്തിനകത്തും പുറത്തുനിന്നുമുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കുക.
9. ഒന്നിലധികം പൊതുശ്മശാനം പഞ്ചായത്തിൽ സ്ഥാപിക്കുക.

വിഭവ സമാഹരണം.

കാർഷിക പ്രധാനമായ സമ്പദ് വ്യവസ്ഥയുടെയും വിദേശങ്ങളിൽ ജോലി ചെയ്യുന്ന ഏതാനും ജനവിഭാഗങ്ങളുടെയും സമ്പദ് ഘടനയെ ആശ്രയിച്ചു കഴിയുന്ന ഒരു ഇടത്തരം ഗ്രാമ പഞ്ചായത്താണ് നീണ്ടൂർ പഞ്ചായത്ത്. എന്നാൽ ഈ രണ്ട് വിഭാഗവുമായി ബന്ധപ്പെട്ട വിഭവ സമാഹകരണരീതി നിലവിലില്ല. പഞ്ചായത്തിന്റെ ഇന്നുള്ള സാമ്പത്തികസ്ഥിതിക്ക് ആസ്പദമായിട്ടുള്ളത് കെട്ടിട നികുതി, തൊഴിൽ നികുതി, ഭൂമി കൈമാറ്റ നികുതി, വിനോദ നികുതി, അടിസ്ഥാന നികുതിയുടെ വിഹിതം, ഷോപ്പിംഗ് കോപ്ലെക്സ് വാടക, ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന ഗ്രാൻറ്, ലൈസൻസു ഫീസ്സുകൾ, മറ്റു ഫീസുകൾ എന്നിവയാണ്. ഇത് സംബന്ധിച്ച് 1995-96 ലെ കണക്ക് താഴെ ചേർത്തിരിക്കുന്നു.

പട്ടിക. (12-1) വരവ്.

നമ്പർ	ഇനങ്ങൾ	രൂപ	സ:
1.	കെട്ടിടനികുതി	213140	"
2.	തൊഴിൽ നികുതി	105905	"
3.	ഭൂമി കൈമാറ്റ നികുതി	290660	"
4.	സർക്കാർ ഗ്രാൻറ്	534589	"
5.	മറ്റിനങ്ങൾ	182976	"
	ആകെ	1327270	"

പട്ടിക (12-2) ചെലവ്

നമ്പർ	ഇനങ്ങൾ	രൂപാ	സ:
1.	ഭരണപരം	509786	05
2.	മരാമത്ത്	35635	
3.	തെരുവ് വിളക്കുകൾ	75840	00
4.	മറ്റിനങ്ങൾ	319492	00
	ആകെ	940753	00

കെട്ടിട നിർണയത്തിലെ അപാകതകൾ പരിഹരിച്ച് യാഥാർത്ഥ്യമായി ബന്ധപ്പെടുത്തി വസ്തു നിഷ്ഠമായി കണക്കാക്കിയാൽ ആയിനത്തിൽ തന്നെ വമ്പിച്ച ഒരു വരുമാനം പഞ്ചായത്തിനുണ്ടാകുന്നതാണ്. വാടകയുടെ 6% മുതൽ 10% വരെ കെട്ടിട നികുതി ചുമത്താമെന്നിരിക്കെ, അതും യാഥാർത്ഥ്യമായി പൊരുത്തപ്പെടാത്ത രീതിയിലാണ് നികുതി നിർണ്ണയം നടത്തികൊണ്ടിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ നികുതി നിർണ്ണയത്തെപ്പറ്റി കാര്യമായ പരാതികളില്ല. അങ്ങനെ വരവും ചെലവും പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്ത് ഒരു അധ: മർണ്ണ പഞ്ചായത്താണന്ന് കാണാം. ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം മറ്റ് വികസിത പ്രദേശങ്ങളോടൊപ്പം വിഭവ സമാഹരണം അപ്രാപ്യമാണ്.

പുതുതായി ഏർപ്പെടുത്താൻ സാദ്ധ്യതയുള്ള നികുതി, റബ്ബർ തുടങ്ങിയ കാർഷിക വിളകളിന്മേലാ

ണ്. വ്യവസവയീകമായ പിന്നോക്കാവസ്ഥ വിഭവ സമാഹരണത്തിന് കൂടുതൽ സാദ്ധ്യതകൾ ഇല്ലാതാക്കുന്നു. വാണിജ്യ ബാങ്കുകളുമായി ഈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നത് (1) സേറ്റ്റ്റ് ബാങ്ക് ആഫ് ട്രാവൻകൂർ നീണ്ടൂർ ശാഖയും (2) സേറ്റ്റ്റ് ബാങ്ക് ആഫ് ഇന്ത്യാ കൈപ്പുഴ ശാഖയുമാണ്. ഈ ബാങ്കുകളിൽ ശരാശരി വരുന്ന നിക്ഷേപവും വായ്പാ വിതരണവും തമ്മിലുള്ള അനുവാതം പരിശോധിച്ചാൽ സർക്കാരിന്റെറയും റിസർവ്വ് ബാങ്കിന്റെറയും നയങ്ങൾക്ക് കടമ വിരുദ്ധമാണെന്ന് കാണാം. സർക്കാർ രപാമുഖ്യം കൊടുക്കുന്ന തൊഴിൽ ദാന പദ്ധതികൾ, I.R.D.P. പദ്ധതികൾക്കും ഈ ബാങ്കുകളിൽ നിന്നും വായ്പ നൽകുന്നതിന് തടസ്സങ്ങളും വിമുഖതയും അനുഭവപ്പെടുന്നുണ്ട്.

വായ്പാ രംഗത്ത് ഈ പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ, നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്കും കൈപ്പുഴ സർവ്വീസ് സഹകരണ ബാങ്കുമാണ്. ഈ സ്ഥാപനങ്ങൾ എല്ലാ വിധ വായ്പകളും ആവശ്യാനുസരണം നൽകി വരുന്നുണ്ട്. വ്യക്തികൾ നടത്തുന്ന ഒരു ഡസ്സനോളം സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ട്.

മറ്റൊരു മുഖ്യ വിഭവം വിദേശ്യ നാണ്യമാണ്. അമേരിക്ക, ജർമ്മനി തുടങ്ങിയ വികസിത രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം മുന്നൂറിന് മേൽ വരും. ഗൾഫ് നാടുകളിൽ സേവനം ചെയ്യുന്നവരുടെ എണ്ണം ഏകദേശം എഴുന്നൂറോളം വരുമെന്ന് കണക്കാക്കുന്നു. ഇവരുടെ സംരക്ഷണയിൽ നല്ല ശതമാനം കുടുംബങ്ങൾ ഇർന്ന നിലയിൽ ജീവിച്ചുവരുന്നു. ഇക്കൂട്ടരുടെ നിക്ഷേപം ഒരു പ്രധാന വിഭവമായി പരിഗണിച്ച്, പഞ്ചായത്തിന്റെറ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗ പ്പെടുത്താവുന്നതാണ്. ഏതൊരു വികസന രപവർത്തനത്തിലും പണമായിട്ടുള്ള മുടക്കിനു പുറമെ, മനുഷ്യാദ്ധ്വാനം കൂടി ചേർത്ത്, ആ പ്രവർത്തനത്തെ ദ്വിഗുണിഭവിപ്പിക്കുക എന്നത് നകീയാസൂത്രണ പ്രസ്ഥാനത്തിന്റെറ കാതലാണ്.

അഭ്യസ്ത വിദ്യർക്ക് പുറമെ കാർഷിക മേഖലയിൽ സമ്പന്നരായ കർഷകർ, കാർഷികതൊഴിലാളികൾ, തൊഴിൽ രഹിതർ ട്ട്എന്നിവരും ഈ പഞ്ചായത്ത് മേഖലയിൽ വേണ്ടുവോളമുണ്ട്. 1500 ഏക്കർ വിസ്തൃതിയുണ്ടായിരുന്ന ചോഴിയപ്പാറ പാടശേഖരം മൂന്നായി തിരിഞ്ഞ് 5 K.M. നീളം വരുന്ന തോടു നിർമ്മാണ യത്നം കർഷകരുടെയും കർഷകതൊഴിലാളികളിൽ നിന്നും സ്വീകരിച്ച 75 ശതമാനം മനുഷ്യാദ്ധ്വാനം കൊണ്ടും സാമ്പത്തിക മുടക്കു കൊണ്ടുമാണ്. അതു പോലെ കുറുമള്ളൂർ ഗോവണിപ്പാലം ഒരു പൈസാ പോലും സർക്കാർ ധന സഹായമായി വാങ്ങാതെ ഫാദർ. തോമ്മസ്സ് വിരുത്തിയിൽ (വഴിയച്ചൻ) അവർകളുടെ നേതൃത്വത്തിൽ കോൺ ക്രറ്റു പാലമായി നിർമ്മച്ചത് ജന പങ്കാളിത്തത്തോടുകൂടി ആണന്നുള്ളത് നമുക്ക് ആവേശം പകരുന്നതാണ്. മെഡിക്കൽ കോളേജിലേക്ക് നയിക്കുന്ന കല്ലറ-കൈതക്കൽ കനാൽ റോഡ് 8 മീറ്റർ വീതിയുള്ളതാക്കി പണി തീർത്തത് സമ്പൂർണ്ണ ജന പങ്കാളിത്തത്തോടുകൂടി ത്രാതമാണന്നുള്ളതും ഇതിനൊരു ഉദാഹരണമാണ്. ഇതിന്റെറ സാങ്കേതിക നാടിനു ചേർന്നതായിരുന്നു എന്നു കൂടി കാണാവുന്നതാണ്.

പ്രധാന പ്രശ്നങ്ങൾ.

1. പഞ്ചായത്തിന്റെറ വരുമാന സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

2. പ്രാദേശികാവസ്ഥക്കനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കാനുള്ള ബുദ്ധിമുട്ടുകൾ.
3. സന്നദ്ധ പ്രവർത്തനങ്ങളിലുള്ള സ്രാന്ദതക്കുറവ്.
4. സൂതാര്യതക്കുറവ്.

സാദ്ധ്യതകൾ.

1. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാവുന്ന വിധത്തിൽ പുതിയ നികുതികൾ ഏർപ്പെടുത്തി പിരിവു കാര്യക്ഷമമാക്കി നികുതി വെട്ടിപ്പ് കർഷനമായി തടയുക.

2. വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകത്തക്കവിധം പഞ്ചായത്ത് തലത്തിൽ ബാങ്കേഴ്സ് കമ്മിറ്റികൾ രൂപീകരിക്കുകയും വായ്പാ വ്യവസ്ഥകൾ ഉദാരവും ലളിതവും പ്രായോഗികമാക്കുക. നിക്ഷേപത്തിന്റെ അനുപാതമനുസരിച്ച് വായ്പ കൊടുക്കുവാൻ പ്രരിപ്പിക്കുക.

3. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പ്രാദേശിക തലത്തിൽ സ്വീകാര്യമായ വിധം വേണ്ട നടപടി ക്രമങ്ങളും സാമ്പത്തിക വ്യവസ്ഥകളും പാലിക്കുക.

4. പഞ്ചായത്തിന്റെ വികസന രപവർത്തനങ്ങൾ ഉൾപ്പെടെയുള്ള കർമ്മ പരിപാടികൾ സംബന്ധിച്ച് ജനങ്ങൾക്ക് വിശ്വാസവും ബോദ്ധ്യവും വരത്തക്കവിധം എല്ലാ വസ്തുതകളും സുതാര്യതയോടെ വെളിപ്പെടുത്തുക. അങ്ങനെ ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

5. പൊതു ഫണ്ടുകളുടെ ദുർവിനയോഗം ഉഴിവാക്കുകയും പരിപാടികളുടെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുകയും ചെയ്യുക.

6. സർവ്വീസ് സഹകരണ ബാങ്കുകൾക്ക് പഞ്ചായത്തിലെ വികസനോന്മുഖമായ നിർമ്മാണ രപവർത്തനങ്ങളിൽ സഹകരിക്കാനുള്ള അവസരം നൽകുക.

7. വൻകിട കെട്ടിടങ്ങൾക്ക് നിർമ്മാണ സമയത്ത് വർദ്ധിപ്പിച്ച നിരക്കിൽ സെസ്സ് ഏർപ്പെടുത്തുക.

8. വസ്തു കൈമാറ്റം നടക്കുമ്പോൾ യഥാർത്ഥ വിലയേക്കാൾ വളരെ താഴ്ന്ന വില ആധാരങ്ങളിൽ കാട്ടുന്നതു മൂലം പഞ്ചായത്തിന് അനല്പമായ സാമ്പത്തിക നഷ്ടം വന്നു കൊണ്ടിരിക്കുന്നതിനാൽ വസ്തുക്കളുടെ സ്റ്റാൻഡേർഡ് വില നിശ്ചയിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു ലഭിക്കേണ്ടതാണ്.

9. വൻതുക തെരുവുവിളക്കുകൾ കത്തിക്കുന്നതിനു വേണ്ടി ചെലവഴിക്കുന്നുണ്ടെങ്കിലും വിളക്കുകൾ നേരാംവണ്ണം കത്തിക്കയോ ചെയ്യാത്തതു മൂലം ചെലവു പ്രയോജന രഹിതമാകുന്നു. അതിനാൽ തെരുവു വിളക്കുകളുടെ അറ്റകുറ്റ പ്രവർത്തനവും കൈകാര്യം ചെയ്യലും നിയന്ത്രണവും പഞ്ചായത്തിന്റെ ചുമതലയിൽ ആക്കണം.

10. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളെ ആശ്രയിക്കുന്ന ചെറുകിട ബിസിനസുകാർ അമിത പലിശ കൊടുക്കേണ്ടിവരുന്നതിനാൽ അവർ സർവ്വതും നഷ്ടപ്പെടുന്നവരായി മാറ്റുന്നു. ഈ പ്രവണത ദൂരികരിക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധ ലുത്തണം.



പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

ആദി ദ്രാവിഡ വംശ പരമ്പരയിൽ പ്പെടവരാണ് ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ. ഇവർ പുലയൻ, സാംഭവൻ, പരവൻ, വേടൻ, കാക്കാലൻ എന്നീ ജാതികളിൽ പെട്ടവരാണ്. വേടൻ വിഭാഗത്തിൽ ഭൂരിപക്ഷവും മലംപ്രദേശങ്ങളിൽ താമസിച്ചിരുന്ന മലവേടർ ആണെങ്കിലും സെൻസസിൽ പട്ടിക വർഗ്ഗമായി രേഖപ്പെട്ടിട്ടില്ല. സാമൂഹ്യജീവിതത്തിൽ വിദ്യാഭ്യാസ രംഗത്തും സാമ്പത്തിക രംഗത്തും പിന്തള്ളപ്പെട്ട ഈ വിഭാഗത്തിൽ പെട്ടവർ കുറെ ആശ്വാസത്തിന് മത പരിവർത്തനം വരുത്തി. ദളിത് ക്രൈസ്തവ വിഭാഗത്തിൽ പെട്ട അക്കൂട്ടർ പട്ടിക ജാതി വിഭാഗത്തിന്റെ അത്ര തന്നെ സാമൂഹിക രംഗത്ത് തുല്യ ദുഃഖിതരാണ്. ഈ പഞ്ചായത്തിൽ ബഹുഭൂരിപക്ഷം പട്ടികജാതി - വർഗ്ഗ വിഭാഗത്തിൽ പെട്ട കർഷക തെഴിലാളികളാണ്. വർഷങ്ങൾക്കു മുൻപ് ഒരുപ്പൂ നിലങ്ങൾ മാത്രമായിരുന്ന പുഞ്ച നിലങ്ങളെ ശ്രയിക്കേണ്ടിവന്ന അവർ കടുത്ത പട്ടിണിയിൽ പിന്തള്ളപ്പെടുകയും വിദ്യാഭ്യാസ സാമ്പത്തിക രംഗങ്ങളിൽ നിന്ന് അകറ്റപ്പെടുകയും അകലുകയും ചെയ്തു. തന്മൂലം ഇവരിൽ നിരക്ഷരർ ദാരാളമായിരുന്നു. ജാതീയമായ ഉച്ചനീചത്വങ്ങൾ നിലനിന്നപ്പോഴും സവർണ്ണ് വിഭാഗത്തിൽ പെട്ട് നല്ലവരായ ദാരാളം പേരുടെ സഹായവും സഹകരണവും ഈ വിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിന് അവസരമുണ്ടാക്കി. എം. ജെ രാമകൃഷ്ണൻ മൈലാടും പാറ, റ്റി. എസ്. കൊച്ചുപിള്ള വേലൻ, ഇട്ടിപ്പുതുപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി സ്ഥാപിച്ച തിരു - കൊച്ചി ഹരിജൻ വെൽഫെയർ ലീഗിന്റെ പ്രവർത്തന ഫലമായി പഞ്ചായത്തിന്റെ വിവിദ ഭാഗങ്ങളിൽ നിശാ പാഠശാലകൾ നടത്തി കൈപ്പുഴ ഹരിജൻ കേളനി സ്ഥാപിച്ചു. കോളനിക്ക് ഭൂമി നൽകിയ എമ്പ്രഹാം പതിയിൽ, സൈമൺ മുകുളേൽ എന്നിവർ ഈ വിഭാഗത്തിനു നൽകിയ സഹായം സ്മരണീയമാണ്. അക്കാലത്ത് ഈ വിഭാഗത്തിൽ പെട്ടവർ കുടികെടപ്പുകാർ മാത്രമായിരുന്നു. കോട്ടയം ജില്ലയിൽ സ്ഥാപിത മായ രണ്ടാമത്തെ ഹരിജൻ കോളനി ഈ പഞ്ചായത്തിലായിരുന്നു. സ്വന്തമായി ഭൂമിയും അന്തി ഉറങ്ങുന്നതിന് സുരക്ഷിതത്വവും കോളനി നിവാസികൾക്ക് ഉണ്ടായത് ഇതര ഭാഗങ്ങളിലെ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്ക് പ്രചോദനമായി. വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ രംഗങ്ങളിലും ഉണ്ടായ ഉണർവ്വ് പൊതു ശരാശരിയിൽ പിന്നോക്കം തന്നെ ആയിരുന്നു.

പഞ്ചായത്തിലെ കുടുംബങ്ങൾ	387
ജനസംഖ്യ	1328
സ്ത്രീ	680
പുരു	648

മുൻ കാലങ്ങളിൽ പട്ടിക ജാതി വികസന വകുപ്പ് വികസന ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ നിന്നും നേരിട്ട് ലഭിച്ച സഹായത്താൽ ഭവന നിർമ്മാണം കക്കൂസ്, കിണർ തൊഴിൽ സഹായം എന്നിവ ലഭിച്ചു വന്നു. പൊതുവെ ഈ വിഭാഗത്തിന് അലസതയും നിസ്സംഗതയും ബന്ധപ്പെട്ട അധികാരികളുടെ ഃത്മാർത്ഥ പരിഗണനയുടേയും സമയോജിത നടപടികളുടേയും അഭാവത്തിൽ വികസന കാര്യങ്ങൾ പൂർണ്ണതയിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. നടപ്പാക്കുന്ന പദ്ധതികൾ കേവല ചടങ്ങുകളായി പലപ്പോഴും സംഭവിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന് കഴിയായ്കയും, തന്മൂലം "എന്തു കൊടുത്താലും രക്ഷപെടാത്ത് വിഭാഗം" എന്ന് ഇതര വിഭാഗത്തിൽ പെട്ടവർക്ക് ച്രരണത്തിന് അവസരമുണ്ടാക്കി.

സ്വന്ത പരിശ്രമത്താൽ സുരകിതമായ വീടുകൾ ഉണ്ടാക്കിയ കുടുംബം കേവലം 9 മാത്രമാണ്. മറ്റുള്ളവർ ഇതര സഹായത്താൽ മാത്രമാണ് ഭവന നിർമ്മാണം നടത്തിയിട്ടുള്ളത്. തെകഴിൽ രംഗത്തുള്ള സാമ്പത്തിക അരക്ഷിതത്ത്വത്തിനും ഇടവരുത്തിയിട്ടുണ്ട്.

സ്വന്തമായി കൃഷിഭൂമി ഉള്ളവർ 48 കുടുംബങ്ങൾ മാത്രമാണ്. സ്ഥിര വരുമാനക്കാർ കേവലം 46 പേർ മാത്രം വിദ്യാഭ്യാസ രംഗത്തും തന്മൂലം ഉദ്യോഗ രംഗങ്ങളിലും സാമ്പത്തിക രംഗങ്ങളിലും സാമൂഹ്യ രംഗങ്ങളിലും ഉണർവ്വ് ഉണ്ടായെങ്കിലും പൊതു ശരാശരിയിൽ പിന്നോക്കം തന്നെ ആയിരുന്നു. ഈ

പഞ്ചായത്തിൽ ആദ്യത്തെ -

ഉദ്യോഗസ്ഥൻ - എം. സി. കുട്ടപ്പൻ (ടീച്ചർ)
ഡിഗ്രിക്കാരൻ - വി. ജെ വേലായുധൻ (എൻജിനീയർ)
ഡോക്ടർ - വി. കെ രാമൻ കുട്ടി.
വനിതാ ഉദ്യോഗസ്ഥ - റ്റി. യു. ഭാരതി. (ടീച്ചർ)
ജനപ്രതിനിധി - കുഞ്ഞുകുട്ടി ഓണംതുരുത്ത്.

നീണ്ടൂർ പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം ത്രമാണ് ഒരു കൂട്ടായ്മയുടെ ത്രീകമായി വിഭാഗത്തിന് പറയാനുള്ളത്. ബുക്ക ബയന്റിംഗ് പോലുള്ള ജോലികൾ സ്ക്കൂൾ തുറക്കുന്ന അവസരങ്ങളിൽ കുറച്ച് പേർക്ക് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുമായിരുന്നു. കൃഷി വകുപ്പിൽ നിന്നും ലഭിച്ച ഒരു ട്രില്ലറും പ്രവർത്തന ക്ഷമമല്ലാതെ ഇരിക്കുന്നു. പ്രവർത്തന ഫണ്ടിന്റെ അപര്യാപ്തത നിമിത്തം ബുക്ക് ബയൻറിഗും മറ്റ് പ്രവർത്തനങ്ങളും ഇല്ലാതിരിക്കുന്നു. വളരെ പ്രവർത്തന സാദ്ധ്യതകൾ ഉള്ള ഈ സംഘം ഇനിയും നശിക്കാതെ സംരക്ഷിക്കേണ്ടതാണ്.

നിരക്ഷരരായി പഞ്ചായത്തിലുള്ളവരുടെ ലിസ്റ്റിൽ കൂടുതലും ഈ വിഭാഗത്തിൽപ്പെട്ടവരാണ്. പഴയ തലമുറയിൽ പെട്ട പ്രായം ചെന്നവർ ഇവർ സാമ്പത്തിക പിന്നോക്ക അവസ്ഥകൊണ്ട് മാത്രമാണ് നിരക്ഷരരായത് എന്ന അവരിൽ നടത്തിയ പഠനം കാണിച്ചു തരുന്നു. പഞ്ചായത്തിലും സഹകരണ സ്ഥാപനങ്ങളിലും സംവരണ തത്വ പ്രകാരം തെരഞ്ഞെടുത്ത പ്രതിനിധികൾ മാത്രമാണ് ഈ വിഭാഗത്തിൽ ഉള്ളത്. ബഹുജനാ സംഘടനാ നേതൃത്വത്തിൽ നല്ല പ്രാധനത്യം ഈ വിഭാഗത്തിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഇവരുടെ സാമൂഹ്യ പദവി മറ്റുള്ളവർ അംഗീകരിക്കത്തക്ക വ്യക്തിത്വ വികസനം ഉള്ളവരാണ്. ഉച്ച നീചത്വം ഒരു പരിധിവരെ ചിലർ വെച്ചു പുലർത്തുന്നു.

പട്ടിക

പഞ്ചായത്ത് നേരിട്ട് സഹായം നൽകിയ കുടുംബങ്ങൾ
ഭവനനിർമ്മാണം

കിണർ	വീട്	മെയിൻറ	വൈദ്യുതീകരണം	കക്കൂസ്	
89 - 90	10	-	-	-	-
90 - 91	10	-	-	-	-
91 - 92	10	-	-	31	-
92 - 93	11	-	-	-	-
93 - 94	4	22	-	14	6
94 - 95	-	-	-	6	-
95 - 96	-	-	-	-	5
96 - 97	-	-	52	10	-

ഇനിയെങ്കിലും ബഹുജന സംഘടനങ്ങളിൽ പ്രവർത്തിക്കുന്ന കുടുംബങ്ങളിൽ മറ്റു സമുദായക്കാർ ചടങ്ങുകളിൽ പങ്കെടുക്കുകയും സംവാധിക്കുകയും ചെയ്യുന്നുണ്ട്. നടപ്പു പദ്ധതികളുടെ അവലോകനം സ്ഥായിയായ ഒന്നും സൂത്രണം ചെയ്തിരുന്നില്ല. എന്നു കാണാവുന്നതാണ്. കൃഷി വകുപ്പിൽ നിന്നും ലഭിച്ച ചിലത് മാത്രമാണുള്ളത്. ഈ രംഗത്ത് 17 വീടിന്റെ പണിയും 28 കക്കൂസകളുടെ പണികളും നടന്നു വരുന്നു. ഈ വിഭാഗത്തിന്റെ ഒരു സമഗ്ര പരിപാടികൾക്കു വേണ്ടിയുള്ള ചില പ്രശ്നങ്ങളും സാദ്ധ്യതകളും അവതരിപ്പിക്കട്ടെ.

പ്രശ്നങ്ങൾ

1. ഈ വിഭാഗത്തിന്റെ പുരോഗതിക്കായുള്ള സൂത്രണ പ്രക്രിയയും നാളിതുവരെ പട്ടിക ജാതിക്കാരെ പങ്കെടുപ്പിച്ചിരുന്നില്ല.

2. ദാരിദ്രവും ഇന്നും പ്രശ്നങ്ങളാണ്.

3. സാമൂഹ്യമായ ഉച്ച നീചത്വങ്ങൾ നിലനിൽക്കുന്നു.

4. അർഹമായ പദ്ധതി വിഹിതം ലഭിക്കുന്നില്ല. മറ്റു മേഖലകളിലേക്ക് പോകുന്നു.

5. കോളനികൾ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നില്ല.

6. മാറി താമസിക്കേണ്ട കുടുംബങ്ങൾക്ക് ഭൂമി ആവശ്യത്തിനില്ല.

7. തൊഴിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നില്ല.

8.സഹകരണസംഘം നശിച്ചുകൊണ്ടിരിക്കുന്നു.

9. ദളിത് കൈസ്ത്രവരെ പട്ടികജാതിക്കായി പരിഗണിക്കുന്നില്ല.

സാദ്ധ്യതകൾ

1. മാറിത്താമസിക്കേണ്ട കുടുംബങ്ങൾക്ക് 5 സെന്റിൽ കുറയാതെ ഭൂമി ലഭ്യമാക്കുക.

2. എല്ലാ കുടുംബങ്ങൾക്കും അനുയോജ്യമായ വീട് പണിതു നൽകുക

3. അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കിണർ, വൈദ്യുതി എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഉറപ്പാക്കുക.

4. തൊഴിൽ ലഭ്യത ഉറപ്പു വരുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

5. കോഴി, താറാവ്, കാട, മുയൽ, ആട്, പശു വളർത്തൽ, എരുമ വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ സബ്സഡിയോടുകൂടി വായ്പ പദ്ധതി കൊണ്ടുവരിക.

6. തൊഴിൽ ലഭ്യമാകുന്ന പദ്ധതികൾക്കായും വിദഗ്ദമായ പരിശീലനം കൊടുക്കുക.

7. നീണ്ടൂർ പട്ടികജാതി സർവ്വീസ് സഹകാരണ സംഘത്തിന് വ്യവസായികമായും വാണിജ്യ പരമായും തൊഴിൽ പരമായും പ്രവർത്തിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

8. വികസന തന്ത്രത്തിലെ പദ്ധതി വിഹിതം ഉറപ്പു വരുത്തുക.

9. സ്വയം തൊഴിൽ കണ്ടെത്താൻ പറ്റുന്ന ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യവും പ്രവർത്തന മൂലധനവും നൽകുക.

10. ബോധവൽക്കരണവും ട്രെയിനിംഗും

11. ദളിത കൈസ്ത്രവരെ പട്ടിക ജാതിക്കാരായി അംഗീകരിക്കുക.

പദ്ധതി അവലോകനം

നീണ്ടൂർ പഞ്ചായത്തിൽ ഏതാണ്ട് 3/1 പ്രദേശങ്ങൾ വരുന്ന പുഞ്ചപ്പാട ശേഖരങ്ങളിലാണ് പൊതു മേഖലയിൽ നിന്നും സ്വകാര്യ മേഖലയിൽ നിന്നുള്ള മുതൽ മുടക്കമാടുകൂടി വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്.

1970 ന് ശേഷം കെ.എൽ.ഡി.സി. മുഖേന ഏതാണ്ട് 50 ലക്ഷത്തിലധികം മുതൽ മുടക്കി വൈവിധ പാടശേഖരങ്ങളിൽ പുറംബണ്ട്, വച്ചാൽ എഞ്ചിൻ തറ, പറക്കുഴി എന്നിവ നിർമ്മിച്ചു കൊടുക്കുകയുണ്ടായി.

ആയതിനുള്ള മുതലും 6 ശതമാനം പലിശയും ഉൾപ്പെടേ വരുന്ന തുക പദ്ധതിയുടെ പൂർത്തികരണത്തിനു ശേഷം കർഷകർ തിരിച്ചടക്കണമെന്നായിരുന്നു വ്യവസ്ഥ. പദ്ധതി വ്യവസ്ഥ നടപ്പിലാക്കേണ്ടത് പാടശേഖര നോമിനി മുഖേന വേണമെന്നായിരുന്നുവെങ്കിലും സ്വകാര്യ കോൺട്രാക്ടർമാർ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെയും കോൺട്രാക്ടറുടെ ലാഭേച്ഛയും പദ്ധതി പൂർണ്ണ വിജയത്തിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. തുടരെതുടരെയുള്ള കാലവർഷ കെടുതി മൂലം ബണ്ടുകൾ തകർന്ന്: കടം തീരെ അടയ്ക്കാൻ പറ്റാതെ ബുദ്ധിമുട്ടായ കർഷകരുടെ നിരന്തരമുള്ള സമരവും നിവേദനവും കണക്കിലെടുത്ത് കേന്ദ്ര -സംസ്ഥാന സർക്കാരുകൾ ഇടപെട്ട് പ്രസ്തുത കടം എഴുതിതള്ളി കൃഷിക്കാരെ സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും രക്ഷപെടുത്തുകയാണുണ്ടായത്.

എന്നാൽ അതിനു ശേഷം 1973 കാലഘട്ടത്തിൽ ഒന്നര കോടിയിലധികം രൂപാ മുടക്കി പി.എം.പി. പദ്ധതി പാടശേഖരങ്ങളിൽ വിവധ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി. ഇതിന്റെ പരാധീനത 85 ശതമാനം ഗവ: സബ്സിഡിയും 15 ശതമാനം കൃഷിക്കാരുടെ വിഹിതവും ആയിരുന്നു. കൃഷിക്കാരുടെ വിഹിതം ലഭ്യമാകാതെ വന്നതും പി.ഡബ്ലൈയു.ഡി. റേറ്റ് കാലഘട്ടത്തിന് അനുസൃതമല്ലാതെ ഇരുന്നതും പദ്ധതിയുടെ ഉദ്ദേശ്യം പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞില്ല. 100 ശതമാനം സബ്സിഡിയും കാലത്തിന് അനുയോജ്യമായ നിരക്കിൽ എസ്റ്റിമേറ്റും, പ്ലാനും തയ്യാറാക്കിയിരുന്നെങ്കിൽ ഏറെ പ്രയോജനമായിരുന്നു.

1985 ന് ശേഷം കേന്ദ്ര സർക്കാറിന്റെ ധനസഹായത്തോടുകൂടി പഞ്ചായത്തു പ്രദേശങ്ങളിൽ നടപ്പാക്കി ഇരുന്ന പദ്ധതി ആണ് ജെ.ർ.വൈ. ഇതിന്റെ ഘടനയിൽ വന്ന പാളിച്ച മൂലം കേരളത്തിൽ മൊത്തമായും ഒപ്പം നമ്മുടെ പഞ്ചായത്തിലും പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞില്ല. ലേബർ -മെറ്റിരിയൽ അനുപാതവും കൂലിയുടെ ഒരു ഭാഗവുമായി ഭക്ഷ്യധാന്യം കൊടുക്കേണ്ടി വന്നതും തടസ്സമായി വന്നു.

ഈ പദ്ധതി ലോക്കൽ റേറ്റ് അനുസരിച്ച് ലേബർ-മെറ്റീരിയർ അനുപാതമില്ലാതെ നടപ്പാക്കിയിരുന്നെങ്കിൽ ആയത് വളരെ ഗുണപ്രദമാകുമായിരുന്നു. എന്നാൽ ആശ്യാസകരമായി നടപ്പാക്കാൻ കഴിയുന്ന പദ്ധതി ആണ് അൺടൈഡ് പദ്ധതിയുടെ ഘടന. കലാകാലങ്ങളിലുള്ള സാധാരണ കൂലി കൊടുത്തും അപ്പോഴുള്ള വിലയ്ക്കും വാങ്ങി പണികൾ നടത്തുന്നതിനള്ള അംഗീകാരവും തദനുസരണമായി എസ്റ്റിമേറ്റ് തയ്യാറുക്കുന്നതിനുള്ള അനുവാദം പഞ്ചായത്തുകൾക്ക് നലകേണ്ടതാണ്. ജനകീയ ഓടിറ്റും പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിന് അവലംബ മാക്കാവുന്നതാണ്.

പൊതുവായി പറഞ്ഞാൽ അഴിമതി രഹിതമായി വികസന പ്രവർത്തനം നടത്തണമെങ്കിൽ തൊഴിലിന് അർഹമായ കൂലി, സാധനങ്ങൾക്ക് അനുദിനം വരുന്ന വിലയും ഗുണഭോക്താക്കളുടെ സഹകരണം ഉറപ്പായാൽ വിജയകരവും പ്രയോജനകരവും ആയ പദ്ധതികൾ നടപ്പിലാക്കാൻ കഴിയും മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ പരിഹരിക്കുന്നതിന് സർക്കാരും മറ്റ് ഏജൻസികളും തയ്യാറാകേണ്ടതാണ്.

ഉപസംഹാരം

ഗ്രാമവികസനത്തിന്റെ ലക്ഷ്യം എന്തെന്നാൽ സ്വയം പര്യാപ്തമായ ഗ്രാമമാണ്. പദ്ധതി ആസൂത്രണവും വികസന പ്രവർത്തനവും ആയതിനെ ലക്ഷ്യമാക്കിയായിരിക്കണം .

പരസ്പരബന്ധമില്ലാത്ത ആസൂത്രണമായിരുന്നു. ഇതുവരെ നടന്നത് . ഉദ്യോഗസ്തമേധാവിത്വത്തിന്റെ കീഴിലുള്ള കേന്ദ്രീകൃതാസൂത്രണം നമ്മുടെ നാടിനെ എങ്ങും കൊണ്ടെത്തിച്ചില്ല. ലക്ഷ്യപ്രാപ്തിക്കുതകാത്ത ആസൂത്രണരീതി നമ്മുടെ അദ്ധ്വാനശക്തി നശിക്കുകയുമാണ് ഉണ്ടയിട്ടുള്ളത് . ഓരോ പ്രദേശത്തിന്റെയും ആവശ്യം അറിഞ്ഞ് പ്രവർത്തിച്ച് എല്ലായിടത്തും എല്ലാ രംഗത്തുമുള്ള വളർച്ചയും പുരോഗതിയും പഞ്ചായത്തുതല ആസൂത്രണം ലക്ഷ്യമാക്കുന്നു. ഈ ലക്ഷ്യങ്ങൾക്കുവേണ്ടി 1996 ഒക്ടോബറിൽ ഇതിന്റെ പ്രാഥമിക പ്രവർത്തനം ആരംഭിച്ചു. മറ്റു പഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ നിന്നും വ്യത്യസ്ഥമായി വീടുവീടന്തം കയറിയിറങ്ങി മുഴുവൻ സ്ഥിതിവിവര കണക്കുകളും കൃത്യമായി ശേഖരിച്ചാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് . ഈ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള എല്ലാ ബഹുജനങ്ങളോടും വളരെ ത്യാഗപൂർവ്വം പ്രവർത്തിച്ച സന്നദ്ധപ്രവർത്തകരോടും ഓഫീസ്സ് ഉദ്യോഗസ്ഥരോടും പ്രായം ചെന്ന തലമുറയോടും പഞ്ചായത്തുകമ്മറ്റിക്കുള്ള സീമാതീതമായ നന്ദി രേഖപ്പെടുത്തികൊള്ളട്ടെ .

ഒരു പ്രകാരത്തിലുമുള്ള വിഭാഗീയ ചിന്താഗതികൾക്കും അവസരം നൽകാതെ നമ്മുടെ പഞ്ചായത്തിനെ സ്വയം പര്യാപ്തതയിലേക്ക് ഉയർത്തുന്നതിന് ഒറ്റക്കെട്ടായി മുന്നേറുവാൻ ബഹുജനങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട് നിങ്ങൾ ഏവരുടെയും സജീവ ചർച്ചക്കും പരിഗണനക്കുമായി ഈ റിപ്പോർട്ട് നിങ്ങളുടെ മുൻപാകെ സവിനയം അവതരിപ്പിച്ചുകൊള്ളുന്നു.

എന്ന്

നീണ്ടൂർ ഗ്രാമപഞ്ചാത്തു കമ്മറ്റിക്കുവേണ്ടി

റ്റി.കെ. ശിവശങ്കരൻ , തേനാകര

(പ്രസിഡൻറ്)ഒപ്പ്.

4238